GEORGIAN MIRROR
The Journal of Indian Orthodoxy

2013 | JANUARY - MARCH

CONTENTS

Cover FEATURE മഹാസംഗമം

5 ലക്ഷങ്ങൾ അണിചേർന്ന ഓർത്തഡോക്സ് സംഗമം
• പി.എ. അലക്സാണ്ടർ

6 സഭൈക്യം
"അന്യോന്യം ശ്ലോമ്മോ നൽകിൻ...."
• ഫാ. വിൽസൻ മാത്യു

8 സ്മരണാഞ്ജലി
മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ
• ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ

9 അനുസ്മരണം
സ്നേഹത്തിന്റെ തൂവൽസ്പർശം
• ഫാ. കെ.ടി ഫിലിപ്പ്

10 മെൽതൊ
"ലോകത്തിന്റെ പാപത്തെ വഹിക്കുന്ന കുഞ്ഞാട"
• ഫാ. തോംസൺ റോബി

11 പരിസ്ഥിതി
മനുഷ്യൻ അവന്റെ കടമകൾ മറക്കുന്നുവോ?
• ആനി ഡേവിഡ്

12 വിശ്വാസ സത്യങ്ങൾ
വി. കുർബാന: ഒരു പഠനം
കർത്താവിന്റെ രണ്ടാം വരവ്
• പ്രൊഫ. തോമസ് പി വർഗ്ഗീസ്

14 ഓർത്തഡോക്സി
വി. വേദപുസ്തകം: സഭാ വിശ്വാസത്തിനാധാരം
• ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത

17 വചനം
മലങ്കരസഭയ്ക്ക് ഒരു വേദപുസ്തകം?
• ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

19 വഴിവിളക്ക്
തിരുഹൃദയചിത്രങ്ങൾ

20 വിശുദ്ധ പാരമ്പര്യം
ചാവുകടൽ തീരത്തെ ചുരുളുകളും
വി. യോഹന്നാൻ സ്നാപകനും
• ഫാ. പി ഫിലിപ്പോസ്

22 St. Thomas Tradition
CHARITION - BASILIUS
PAPYRUS OF AROUND A.D. 100
• Thattunkal Zachariah Mani

31 mentoring matters
സഭാസേവനം
മെന്ററിങ്ങിലൂടെ സഭയെ ശക്തിപ്പെടുത്തുക
• പ്രൊഫ. ടൈറ്റസ് വർക്കി

32 നസ്രാണി പഠനം
മാർഗ്ഗത്തിന്റെ മറുമൊഴി
• ഡോ. എം. കുര്യൻ തോമസ്

35 Ccpfpw shfn¨ hpw
ഉപരിപ്ലവമായ ആത്മീയത സഭയെ കാർന്ന് തിന്നുന്നു
• ഫാ. ഡോ. ഒ. തോമസ്

36 വേദവിചാരം
ദേവാലയമറ കീറിയപ്പോൾ സംഭവിച്ചത്...
• ^m. tUm. Ipcymt ¡mk X®nt ¡m«

38 താലന്ത്
ലോകപ്രശസ്ത ഗായിക ജെസ്സി ഹില്ലേൽ
മലങ്കരസഭയുടെ വാനമ്പാടി

39 ജാലകം
മലങ്കരസഭയുടെ ചരിത്രം:
മാർത്തോമ്മാ ശ്ലീഹാ മുതൽ
പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ വരെ
• പോൾ മണലിൽ

40 സമകാലീന ചിന്തകൾ
കാതോലിക്കേറ്റ് ശതാബ്ദി പിന്നിട്ടു
അലയടികൾ തുടരും....
• അലക്സ് കുര്യൻ

43 സഭാപിതാക്കന്മാർ
പരിശുദ്ധ ഔഗേൻ ബാവ
കാതോലിക്കേറ്റിന്റെ കാവൽ മാലാഖ
• കെ.വി മാമ്മൻ

46 നിയമം
നിയമവാഴ്ച അട്ടിമറിക്കാൻ അനുവദിക്കരുത്
• ജസ്റ്റിസ് കെ. ജോൺ മാത്യു

47 സഭൈക്യം
ആരാധനാ സ്വാതന്ത്ര്യം
• ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

48 ജീവകാരുണ്യം
കെ.ടി. മാത്യു, എക്സ്. എം.എൽ.സി.
• ജോബ് സ്രായിൽ

50 Letters

കവർ:

2012 നവംബർ 25ന് കൊച്ചിയിൽ നടന്ന
കാതോലിക്കേറ്റ് ശതാബ്ദി ആഘോഷസമാപനത്തിന്റെ ദൃശ്യങ്ങൾ

ജോർജിയൻ മിറർ
മലങ്കരയുടെ സത്യദർശനം
പു. 5 ▪ ലക്കം 1 2013 ജനുവരി– മാർച്ച്

രക്ഷാധികാരി
ഡോ. യാക്കോബ് മാർ ഐറേനിയോസ്
ചീഫ് എഡിറ്റർ
ഫാ. കെ.വൈ. ചാക്കോ
എഡിറ്റർ
സി വി ബഞ്ചമിൻ
മാനേജിംഗ് എഡിറ്റർ
സജു സി ഡാനിയൽ
എക്സിക്യൂട്ടീവ് എഡിറ്റർ
പി എ. അലക്സാണ്ടർ
കോ-ഓർഡിനേറ്റിങ്ങ് എഡിറ്റർ
അഡ്വ. വർഗീസ് പി തോമസ്
പ്രൂഫ് എഡിറ്റർ
സിവി സോളമൻ
ഫോട്ടോ എഡിറ്റർ
ഏബ്രഹാം തരകൻ
മാർക്കറ്റിംഗ് മാനേജർ
പി ഐ. ബാബു
സർക്കുലേഷൻ മാനേജർ
പി എം. പീറ്റർ
ക്യാമ്പെയിൻ മാനേജർ
ജോർജ് വർഗീസ്
ഫൈനാൻസ് മാനേജർ
ജേക്കബ് ഡാനിയേൽ പി
പ്രോഗ്രാം മാനേജർ
അഡ്വ. പി സി ചാക്കോ
എഡിറ്റോറിയൽ ബോർഡ്
ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്,
മാത്യു അലക്സാണ്ടർ,
പ്രൊഫ. തോമസ് പി വർഗീസ്,
പിഎ. ജോർജ്
അഡ്വൈസറി ബോർഡ്
ഫാ. സൈമൺ ജോസഫ്,
ബാബു സി ജോർജ്, ലീലാമ്മ കുര്യൻ,
റേച്ചൽ ലാബി, ഇ.എം. എബ്രഹാം,
ജി ബാബുക്കുട്ടി, കെ.ജെ. ശിവജി
ടെകനിക്കൽ കൺസൾട്ടന്റ്
മാത്യൂ ആൻഡ്രൂസ്

Georgian Mirror is published trimonthly by St. George Orthodox Valiyapally, Palarivattom, Kochi-25.

© All rights reserved. Reproduction in any manner without permission is prohibited.

Printed and Published by:
Mathew Alexander for St. George Orthodox Valiyapally, Palarivattom, Kochi-682 025

Editor : C.V. Benjamin, Responsible for selection of news under the PRB Act

Editorial Office:
Georgian Mirror, St. George Orthodox Valiyapally
Palarivattom, Kochi-682 025. Phone: 0484-2346096
Email: gmirror2009@yahoo.com
Chief Editor: 94470 85545 Email: frchackoky@gmail.com
Editor: 93884 73243
Church Website: www.sgovp.com
Church Office Email: sgovpp@gmail.com

Printed at Viani Printings, Lisie Hospital Road, Kochi-682 018. Phone: 0484-2401635

MISSION STATEMENT

To fight for the MOST HOLY FAITH that God has once for all entrusted to His Saints
(St. Jude 3,20)



വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന്
(വി. യൂദാ 3,20)

എഡിറ്റോറിയൽ

"എന്റെ സഭയ്ക്ക് ഞാൻ എന്തു നൽകും?"

മലങ്കരസഭയുടെ കോട്ടയായ പരി വട്ടശ്ശേരിൽ തിരുമേനിയുടെ 79-ാം ഓർമ്മപ്പെരുന്നാൾ ഭക്ത്യാദരപൂർവ്വം പഴയ സെമിനാരിയിൽ കൊണ്ടാടി പെരുന്നാൾ സമാപനദിവസമായ ഫെബ്രുവരി 23 ന് നടന്ന ആശിർവാദത്തിൽ പരി പൗലോസ് ദ്വിതീയൻ ബാവാ തിരുമേനി ലോകമെങ്ങുമുള്ള സഭാമക്കളോട് സഭാസേവനത്തിനായി സ്വയം അർപ്പിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് കൽപിച്ചു: **"സഭയിൽനിന്ന് എന്തു കിട്ടുമെന്നല്ല, സഭയ്ക്കു വേണ്ടി എന്തു നൽകാൻ കഴിയും എന്നതാണ് ഓരോ വിശ്വാസിയും ചിന്തിക്കേണ്ടത."**

അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ്. കെന്നഡി 1961 ജനുവരി 20ന് ഇതേ ആഹ്വാനം അമേരിക്കയ്ക്ക് നൽകുകയുണ്ടായി അമേരിക്കയിലെ ജനങ്ങൾ അതിനോടു ക്രിയാത്മകമായി പ്രതികരിക്കുകയും തങ്ങളുടെ രാഷ്ട്രത്തെ വിജയപഥത്തിൽ എത്തിക്കുകയും ചെയ്തു.

നമ്മുടെ പിതാക്കന്മാർ നൂറ്റാണ്ടുകളിലൂടെ ജീവൻകൊടുത്ത് വളർത്തിയ സഭയ്ക്ക് നമ്മെക്കൊണ്ട് ആവശ്യമുണ്ട്. പരിശുദ്ധ പിതാവിന്റെ ആഹ്വാനം ഉൾക്കൊണ്ട് ഓരോ വിശ്വാസിയും സ്വയം ചോദിക്കേണ്ട ചോദ്യമാണ്: "ഞാൻ എന്റെ സഭയ്ക്കു വേണ്ടി എന്തു നൽകും?" പ്രാർത്ഥനയോടെ ഓരോ വിശ്വാസിയും ഇതു ചെയ്യുമ്പോഴാണ് ദൈവം സഭയിൽ പ്രവർത്തിക്കുന്നത്. ഇന്നു നാം കെട്ടിപ്പടുക്കുന്ന സഭയിലാണ് നാളെ നമ്മുടെ മക്കൾ വളരുന്നത് എന്ന ബോധ്യം നമുക്കു വേണം.

സഭയുടെ ചരിത്രത്തിൽ സുവർണലിപികളിൽ രേഖപ്പെടുത്തേണ്ട വർഷമാണ് 2012. സഭയുടെ സ്ഥാപനത്തിന്റെ 1960-ാം വാർഷികവും കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 100-ാം വാർഷികവും സഭ പ്രൗഢമായി ആഘോഷിച്ചു.

കഴിഞ്ഞ മൂന്നു വർഷക്കാലം കാതോലിക്കേറ്റിനെപ്പറ്റി ഗൗരവമായ ഒട്ടനവധി പഠനങ്ങൾ ജോർജിയൻ മിറർ പ്രസിദ്ധീകരിക്കുകയുണ്ടായി 2012 നവംബർ 25ന് കൊച്ചിയിൽ നടന്ന സമാപനസമ്മേളനത്തിൽ പങ്കെടുത്ത വിശ്വാസികൾക്ക് ജോർജിയൻ മിറർ ശതാബ്ദി സ്പെഷൽ പതിപ്പ് സൗജന്യമായി വിതരണം ചെയ്തു. 'മാർത്തോമ്മൻ പൈതൃകം' എന്ന കറതീർന്ന ഓർത്തഡോക്സി തന്നെയാണ് ഭാരതസഭകളുടെ ഐക്യത്തിന്റെ മാർഗ്ഗരേഖ എന്നു ജോർജിയൻ മിറർ പ്രത്യേക പതിപ്പിൽ കൂടിപ്രഖ്യാപിച്ചു.

കഴിഞ്ഞ ദശകത്തിൽ സഭ കൈവരിച്ച നേട്ടങ്ങളെപ്പറ്റിയും ഭാവിപദ്ധതികളെപ്പറ്റിയും അലകസ് കുര്യൻ തന്റെ വീക്ഷണം ഇത്തവണത്തെ സമകാലീനചിന്തയിൽ പങ്കുവയ്ക്കുന്നു. 2012 ഒക്ടോബർ-ഡിസംബർ ലക്കത്തിലെ സമകാലീനചിന്തയിൽ അലകസ് കുര്യൻ ഉന്നയിച്ച വിഷയങ്ങൾ സഭയിലെ ഒട്ടുവളരെപ്പേർ ചർച്ച ചെയ്യുകയും ഞങ്ങളെ അറിയിക്കുകയും ചെയ്തു. ഭൗതികമായ നേട്ടങ്ങൾക്കൊപ്പം ആത്മീയ വളർച്ചയെപ്പറ്റിയും നമ്മുടെ വിശ്വാസികൾ ബോധവാന്മാരാണ് എന്നതാണ് ഞങ്ങൾക്കു ലഭിക്കുന്ന ഫീഡ് ബാക്ക്. നമ്മുടെ സഭയുടെ നേതൃത്വം ഈ വിഷയങ്ങൾ പഠിക്കുകയും ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുന്നു എന്നത് ഞങ്ങളെപ്പോലെ തന്നെ വായനക്കാർക്കും സന്തോഷം നൽകുന്ന കാര്യമാണല്ലോ.

സഭയുടെ ഐക്യത്തിനായുള്ള ബഹു. വിൽസൻ അച്ചന്റെ ലേഖനം, സഖറിയാ മാണിയുടെ പഠനം, സഭയെ ശക്തിപ്പെടുത്തുന്നതിൽ മെന്ററിങ്ങിനുള്ള പ്രാധാന്യം, ഡോ. കുര്യൻ തോമസിന്റെ മാർഗ്ഗത്തിന്റെ മറുമൊഴി തുടങ്ങിയവ സഭയിൽ ബൗദ്ധികമായ പുരോഗതിക്ക് നിദാനമാകും. അന്യായമായ അവകാശങ്ങൾ നിരത്തുന്ന യാക്കോബായ നേതാക്കൾക്കുള്ള മറുപടിയാണ് ജസ്റ്റിസ് ജോൺ മാത്യുവിന്റെയും കോനാട്ട് അച്ചന്റെയും ലേഖനങ്ങൾ.

കേരളത്തിൽ ആദ്യമായി അന്ധ-ബധിര-മൂക വിദ്യാലയം സ്ഥാപിച്ചത് കെ.ടി മാത്യു എന്ന ഒരു ഓർത്തഡോക്സ്കാരനായിരുന്നു എന്നതു നമുക്ക് അഭിമാനകരമായ കാര്യമാണ്.

ലോകപ്രസിദ്ധ ഗായികയായി വളർന്നുവരുന്ന ജെസ്സി ഹില്ലേൽ എന്ന ബാലികയെ ഞങ്ങൾ ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നു. ജെസ്സി സഭയുടെ ഭാവിവാഗ്ദാനമാണ്.

ബാവാ തിരുമേനിയുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് സഭയുടെ പുരോഗതിക്കായി ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ ലക്കം സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുയേശുവിൽ നിങ്ങളുടെ

കെ.വൈ. ചാക്കോ അച്ചൻ

ലക്ഷങ്ങൾ അണിചേർന്ന ഓർത്തഡോക്സ് സംഗമം

സ്വതന്ത്രവും ദേശീയവുമായ കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷ സമാപനത്തോടും സഭയുടെ 1960-ാം വാർഷികത്തോടും അനുബന്ധിച്ച് ജനലക്ഷങ്ങൾ അണിചേർന്ന ഓർത്തഡോക്സ് സംഗമ ആഘോഷ പരിപാടികൾ, കൊച്ചി നഗരം ഇന്നോളം കണ്ടിട്ടുള്ളതിലേക്കും ഗംഭീരവും വർണ്ണോജ്ജ്വലവുമായ പൊതുസമ്മേളനത്തോടെ സമാപിച്ചു.

ലക്ഷങ്ങൾ പങ്കെടുത്ത കാൽനട ഘോഷയാത്രകൾ; അണമുറിഞ്ഞൊഴുകിയ ജലപ്രവാഹംപോലെ നഗരവീഥികൾ നിറഞ്ഞുകവിഞ്ഞ് നീങ്ങിയപ്പോൾ അറബിക്കടലിന്റെ റാണിയെന്നു വിശേഷിപ്പിക്കപ്പെടുന്ന കൊച്ചിനഗരം പ്രകമ്പനംകൊണ്ടു.

അച്ചടക്കത്തോടും, ചിട്ടയോടും, ഒത്തൊരുമയോടും നീങ്ങിയ ജനസഹസ്രങ്ങൾക്ക് മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പ്രവർത്തനങ്ങളെയും രക്തസാക്ഷിത്വത്തെയും മനോഹരമായി ചിത്രീകരിക്കുന്ന വലിയ ഫ്ളോട്ടുകൾ സമ്മേളനനഗറിലെ വലിയ സ്ക്രീനിൽ മിന്നിമറഞ്ഞത് ആകർഷകമായി പീതപ്പതാകകളും, കൊടിതോരണങ്ങളും, കമാനങ്ങളും, വിവിധ നിറങ്ങളിലുള്ള ബൾബുകളിലെ വെളിച്ചവും പട്ടണത്തിലെ കൗതുക കാഴ്ചകളായിരുന്നു.

അലങ്കരിച്ച വാഹനങ്ങളിൽ വാദ്യഘോഷങ്ങളോടെ എത്തിയവർ നഗരത്തിന്റെ വീഥികളിലും സമ്മേളനനഗറിന്റെ കവാടങ്ങളിലും ഇറങ്ങിയപ്പോഴേക്കും സമ്മേളനസ്ഥലമാകെ അക്ഷരാർത്ഥത്തിൽ ജനസമുദ്രമായി മാറി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ഗായകസംഘങ്ങളുടെ മധുരഗാനങ്ങൾ നഗരിയിൽ സ്വരമാധുരിപകർന്നു.

സമ്മേളനദിവസം പ്രഭാതം പൊട്ടിവീണപ്പോൾ മുതൽ ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നായി ട്രെയിനുകളിലും, ബസ്സുകളിലും, വിമാനങ്ങളിലുമായി എത്തിയ ഭക്തജനങ്ങൾ കൊച്ചിയിലേക്കു പ്രവഹിക്കുകയായിരുന്നു. സമാപനസമ്മേളനത്തിനു വളരെ മുമ്പുതന്നെ നഗത്തിലെ ഗതാഗതം പാടേ സ്തംഭിച്ചു.

ഭാരതത്തിൽ ക്രൈസ്തവസഭയുടെ ഭദ്രദീപവുമായി എത്തിയ പരിശുദ്ധ തോമാ ശ്ലീഹ രക്തസാക്ഷിത്വം വരിച്ച മൈലാപ്പൂരിൽനിന്നും കൊണ്ടുവന്ന ദീപശിഖയ്ക്കും അദ്ദേഹം സ്ഥാപിച്ച ഏഴരപ്പള്ളികളിൽ ഒന്നായ തിരുവിതാംകോട്ട് നിന്നും മറ്റും ആഘോഷപൂർവ്വം കൊണ്ടുവന്ന പീത പതാകയ്ക്കും പുതുപ്പള്ളിയിൽനിന്നും കൊണ്ടുവന്ന കൊടിമരത്തിനും ആവേശകരമായ സ്വീകരണങ്ങൾ സമാപനദിനത്തിന്റെ തലേദിവസം നൽകിയപ്പോൾ ആകാശത്ത് അമിട്ടുകൾ പൊട്ടിവിതറി കത്തിച്ച മെഴുകുതിരികളും, വാദ്യമേളങ്ങളും, പഞ്ചാരിമേളവും സ്വീകരണത്തെ മോടിപിടിപ്പിച്ചു, മെത്രാപ്പോലീത്തമാരും, വൈദികരും, ശെമ്മാശന്മാരും, കന്യാസ്ത്രീകളും സ്ത്രീപുരുഷന്മാരും, ബാലികാ-ബാലന്മാരും സ്വീകരണ സമ്മേളനത്തിലും കൊടിമരം സ്ഥാപിച്ച ചടങ്ങിലും പങ്കെടുത്തു. അനേകം അടി ഉയരത്തിൽ കാറ്റിൽ നീന്തിക്കളിച്ച വലിയ ബലൂൺ കാണികൾക്ക് ഹരം പകർന്നു.

സമ്മേളനദിവസം കായൽ കരയിലെ ജിസിഡിഎ. ഗ്രൗണ്ടിലെത്തിയ പരസഹസ്രം ജനങ്ങൾക്ക് യൂണിഫോം ധാരികളായ നൂറുകണക്കിന് വോളന്റിയർമാർ ഭക്ഷണവും ശുദ്ധജലവും നൽകിയപ്പോൾ യേശുക്രിസ്തു രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഗലീലാ കടപ്പുറത്ത് വിശ്വാസികളെ ഭക്ഷണം കൊടുത്ത് പരിപോഷിപ്പിച്ച ഓർമ്മകളാണ് ഓളം തല്ലിയത്.

സമ്മേളനനഗറിൽ കാതോലിക്കാ ബാവായെയും, മറ്റു മെത്രാന്മാരെയും, നേതാക്കളെയും വിശിഷ്ടാതിഥികളെയും അലങ്കരിച്ച രഥത്തിൽ എത്തിച്ചപ്പോൾ ഹെലികോപ്ടറുകൾ ആകാശത്ത് വട്ടമിട്ട് പുഷ്പവൃഷ്ടിനടത്തിയത് നയനാനന്ദകരമായിരുന്നു.

ജോർജിയൻ മിററിന്റെ ശതാബ്ദിസംഗമപ്പതിപ്പ് ചിട്ടയോടെ പാലാരിവട്ടം പള്ളിയിലെ വോളണ്ടിയർമാർ എല്ലാ ഭക്തർക്കും വിതരണം ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രം പേറുന്ന സ്പെഷ്യൽ പതിപ്പ് ആകർഷണ പതിപ്പായിരുന്നു.

അനുരഞ്ജനത്തിന്റെ പുതുയുഗ കാഹളമായിത്തീരാൻ മലങ്കരയിൽ സമാധാനവും ഐക്യവും അനിവാര്യമാണെന്ന് പരിശുദ്ധ കാതോലിക്കാ ബാവ പൗലോസ് ദ്വിതീയൻ ആഹ്വാനം ചെയ്തു.

മലങ്കരസഭ നീതിയും ന്യായപാലനവുമാണ് ആഗ്രഹിക്കുന്നതെന്നും നമുക്ക് സമാധാനത്തിലേക്കു ചുവടുവയ്ക്കാമെന്നും പൊറുക്കുവാനും ക്ഷമിക്കുവാനും ഒരുക്കമാണെന്നും ക്രിയാത്മകമായ ആത്മീയ പ്രതികരണം സന്മനസ്സോടെ സ്വാഗതം ചെയ്യുന്നുവെന്നും മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവ പ്രഖ്യാപിച്ചു.

കാതോലിക്കേറ്റിന്റെ പ്രൗഢഗംഭീരവും ഭക്തിനിർഭരവുമായ ശതാബ്ദി ആഘോഷം സംബന്ധിച്ച് കൊച്ചി മറൈൻഡ്രൈവ് നഗറിൽ 2012 നവംബർ 25 ന് ചേർന്ന മഹാസമ്മേളനത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു ബാവ.

ദൈവത്തിന്റെ മഹത്വത്തെ സദാ വർണ്ണിക്കുന്ന നീലാകാശത്തെയും സമീപത്തെ ആഴിപ്പരപ്പിൽനിന്നു നിലയ്ക്കാതെ ഒഴുകിയെത്തി ജനലക്ഷങ്ങൾക്ക് ഹൃദ്യമായ ആത്മീക കുളിരേകിയ സായാഹ്ന സമീരണനെയും സാക്ഷിനിർത്തി സഭാംഗങ്ങൾ കൃതജ്ഞതയുടെയും ആഹ്ലാദത്തിന്റെയും തേരിലേറിയിരുന്ന കാഴ്ച അനുപമ സുന്ദരവും ശരീര മനസ്സുകളെയും ആത്മാക്കളെയും ഇമ്പങ്ങളുടെ പറുദീസ്സയിലേക്കു ഉയർത്തുന്നതിനും തികച്ചും പര്യാപ്തമായിരുന്നു. ഭാരത ദേശീയ സഭയുടെ ആശയും ആഗ്രഹവും പ്രതീക്ഷയും സ്വപ്നങ്ങളും ലക്ഷ്യങ്ങളും ഇതുപോലെ ഒന്നിച്ചു പ്രതിഫലിച്ച മഹാസമ്മേളനം ഇതാദ്യമാണ് നടന്നതെന്നു നിസ്സംശയം പറയാം.

മഹാ തേജസ്വികളെ ആദരിക്കുക എന്നത് നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. ക്രിസ്തുവിന്റെ സഭയുടെ ബലഹീനദാസരായി വിശുദ്ധ മാർത്തോമ്മായുടെ ശ്ലൈഹിക സിംഹാസനത്തിൽ ശുശ്രൂഷിക്കുന്ന നമുക്ക് ഒരേസമയം ഒരു ഭാരവും ഒരു സ്വപ്നവും ഉണ്ട്. അഞ്ഞൂറ് വർഷങ്ങളോളം നീളുന്ന നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രം, അഥവാ നമ്മുടെ സാമൂഹിക ജീവചരിത്രം ശേഷിപ്പിച്ചിരിക്കുന്ന മുറിവുകളാണ് നമ്മെ ഭാരപ്പെടുത്തുന്നത്. ദൈവരാജ്യത്തിന്റെ വലിയ ദർശനത്തോടെ പരിശുദ്ധ സഭയുടെ കെട്ടുപണി നിർവഹിക്കുന്നതിനേക്കാളും സ്വയ പ്രതിരോധത്തിനും സ്വാതന്ത്ര്യ പോരാട്ടത്തിനും നമ്മുടെ ശ്രദ്ധ ഊന്നുന്നതിന് ഒരു പരിധിയോളം നാം നിർബന്ധിക്കപ്പെടുകയായിരുന്നു.

നിശ്ചയമായും അതിബലവത്തായ അധീശത്വങ്ങൾക്കും പ്രതികൂല സാഹചര്യങ്ങൾക്കും നാം ഇരയായിട്ടുണ്ട്. നാം ഒരിക്കലും കലഹങ്ങളും വ്യവഹാരങ്ങളും ആഗ്രഹിക്കുന്നില്ല. അധികാരവും, സമ്പത്തും അന്വേഷിക്കുന്നില്ല, മറിച്ച് നീതിയും ന്യായപാലനവുമാണ് ആഗ്രഹിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള അവിഹിതമായ അവകാശമോ ആനുകൂല്യമോ അല്ല, നമുക്ക് അർഹമായത് മാത്രമാണ് ആവശ്യപ്പെടുന്നത്. മഹത്തായ നമ്മുടെ ജനാധിപത്യവും അതിന്റെ നിയമസംഹിതയും സകല പൗരന്മാർക്കും, എല്ലാ തരത്തിലുള്ള അക്രമങ്ങളിൽനിന്നും ദുരപൂണ്ട ബാഹ്യശക്തികളുടെ കടന്നുകയറ്റത്തിൽനിന്നും നിയമപരമായ സുരക്ഷ വാഗ്ദാനം ചെയ്യുന്നുണ്ട്. നാം അഭ്യർത്ഥിക്കുന്നത്, ഇന്ത്യൻ പൗരന്മാരെന്ന നിലയിലുള്ള നീതിപൂർവ്വകമായ ഈ പരിരക്ഷയാണ്. ഭാരതത്തിന്റെ പരമോന്നത കോടതി നമ്മുടെ നിലപാടുകളെ ആവർത്തിച്ച് ശരിവച്ചിട്ടുണ്ട്.

ഈ രാജ്യത്തിന്റെ നിയമം അനുവദിക്കുന്ന അർഹതപ്പെട്ട നീതി, നിഷേധിക്കപ്പെടാതിരിക്കാനും സമൂഹത്തിലെ ഭിന്നതയെ ദൂരീകരിക്കാനും അകൈതവമായ ധീരതയോടും ഇച്ഛാശക്തിയോടും പ്രവർത്തിക്കണം. സമ്മേളിച്ചിരിക്കുന്നവരും സമീപസ്ഥരും, ഒപ്പം നിൽക്കുന്നവരും വിഘടിച്ചുനിൽക്കുന്നവരും, ഈ ആഹ്വാനം ചെവിക്കൊള്ളണം.

“നാം ഒന്നാണ്. ഒരേ രക്തവും, ഒരേ കുടുംബവും. നമുക്ക് ഒരേ വിശ്വാസവും ഒരേ ആരാധനയും. നമുക്ക് സമാധാനം വേണം. നാം ഒരു കൂടാരത്തിൽ വസിക്കുന്നവരാകണം. ഒരു ശരീരമായി ദൈവത്തെ ആരാധിക്കുന്നവരാകണം. ആരാണ് നമ്മുടെ ഐക്യം തകർത്തതെന്നു നിങ്ങളോരോരുത്തരും സ്വയം ചോദിക്കണം. നമ്മുടെ സമാധാനപരമായ സഹവർത്തിത്വത്തെ ആരു ഭയപ്പെടുന്നു? വിസ്മരിക്കരുത്; ഐക്യത്തിന്റെ മധുരം നാം ഒരിക്കൽ നുകർന്നതാണ്. എത്രയോ അനുഗൃഹീതമായ അനുഭവമായിരുന്നു അത്.

ഞാൻ ഈയിടെ കയ്റോയിലായിരുന്നു. അലക്സാന്ത്രിയൻ പാത്രിയർക്കീസും പോപ്പുമായ തെവാദ്രോസ് രണ്ടാമന്റെ സ്ഥാനാരോഹണത്തിനാണ് എത്തിയത്. ലോകത്തിലെ വിവിധ സഭാ മേല

"അന്യോന്യ ശ്ലോമ്മോ നൽകിൻ...."

■ ഫാ. വിൽസൻ മാത്യു, ബേസിൽ ദയറ

സഭാഗാത്രത്തിലെ പിളർപ്പ് വ്യക്തികളെയും, സമൂഹത്തെയും വേർതിരിക്കുന്ന വേദനാജനകമായ സാഹചര്യത്തിലാണ് പുതിയ നൂറ്റാണ്ടിൽ നമ്മുടെ സഭയും സമൂഹവും എത്തിച്ചേർന്നിരിക്കുന്നത്. മലങ്കരയിലെ ഭിന്നതയുടെ ഒരുനൂറ്റാണ്ട് 'വിജയകരമായി' നാം പിന്നിട്ടു. കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ ആരോപണങ്ങളും, പ്രത്യാരോപണങ്ങളും, കേസും തർക്കവുമായി ഒരു ഘട്ടം നാം പിന്നിട്ടുകഴിഞ്ഞു. മലങ്കര നസ്രാണികൾക്ക് ഒരു നൂറ്റാണ്ടിനിടയിൽ ലഭ്യമാകാമായിരുന്ന പല വളർച്ചകൾക്കും തടസ്സമായി സഭയിലെ ഭിന്നത മാറി 'ഭിന്നതകളുടെ ചരിത്ര'ത്തെപ്പറ്റി അനേകം ഗ്രന്ഥങ്ങളും വിരചിതമായിട്ടുണ്ട്. സാമൂഹ്യ-സാംസ്കാരിക-ആദ്ധ്യാത്മിക മേഖലകളിൽ നാം നേരിടുന്ന ഒറ്റപ്പെടലുകളുടെ മദ്ധ്യത്തിലാണ് 'സഭാസമാധാന'മെന്ന ചിന്താഗതിയുടെ പ്രസക്തി

സഭാസമാധാനമെന്ന ആശയത്തിന് പലരും പല പ്രതിവിധികൾ നിർദ്ദേശിച്ചിട്ടുണ്ട്. എങ്കിലും പരസ്പരം പോരടിക്കുന്നതിനു പകരം വേർപിരിയുകയാണുചിതം എന്ന ചിന്ത സമീപകാലത്ത് പലരുടെയും വാക്കുകളിലും, രചനകളിലും നിഴലിച്ചുകാണുന്നു. ഈ ഒരു സാഹചര്യത്തിൽ, ചരിത്ര-വേദശാസ്ത്ര പശ്ചാത്തലത്തിൽ, സഭാ സമാധാനത്തെ അപഗ്രഥിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

വേർപിരിയലിലൂടെ സഭാസമാധാനം സാധ്യമോ

ഒരേ ആരാധനാപശ്ചാത്തലവും, ചരിത്ര-സംസ്കാര സംസ്കൃതിയും പിന്തുടരുന്നവരാണ് മലങ്കരയിലെ ഇരു വിഭാഗവും. ആരാധനയിലെ രാഗതാളലയങ്ങളൊക്കെ ഇരുവിഭാഗവും ഒരേ തലത്തിൽ പിന്തുടരുന്നു. ഇരുവിഭാഗങ്ങളിലെയും വിശ്വാസികൾ തങ്ങൾ ഒരേ ഉറവിന്റെ അംശികളാണെന്ന സത്യം അംഗീകരിക്കുന്നുമുണ്ട്. ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങളെപ്പറ്റി ശരിയായി അറിയാത്തവരുടെ മുമ്പിൽ, ഇരുവിഭാഗങ്ങളിലെയും വിശ്വാസികൾ തങ്ങളെപ്പറ്റി വിശകലനം ചെയ്യുന്നത് പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടാണ്. എന്നാൽ, ഈ 'ഏകത്വങ്ങളെ'ക്കാൾ 'നാനാത്വങ്ങൾ' വർദ്ധിച്ചിരിക്കുന്നു. 'നാനാത്വത്തിൽ ഏകത്വം' എന്നാണ് ഇന്ത്യൻ ജനതയെപ്പറ്റിപറയുന്നത്. എന്നാൽ, 'ഏകത്വത്തിൽ നാനാത്വം' എന്നു മലങ്കരയിലെ തർക്കങ്ങളെ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

രണ്ടു സ്വതന്ത്ര വിഭാഗങ്ങളായി മാറിനിന്നാൽ ഉചിതമെന്നു ചിന്തിക്കുന്നവരുടെ വാദഗതികൾ താഴെ പ്പറയുന്നവയാണ്.

- കോടതി വ്യവഹാരങ്ങൾ, പള്ളികളിലെ അക്രമങ്ങൾ ഇവയ്ക്ക് പരിഹാരമാകും.
- രണ്ടു വിഭാഗങ്ങളും വളർച്ച പ്രാപിക്കും.
- ഇരുവിഭാഗങ്ങളിലെയും സമാധാനകാംക്ഷികളും, പൊതുസമൂഹവും ഇതിഷ്ടപ്പെടുന്നു.
- ചില മുൻകാല ഉദാഹരണങ്ങൾ സാധൂകരിച്ച്, ഈ മനോഭാവത്തെ പിന്താങ്ങുന്നവർ വിഭജനത്തെ പിന്തുണയ്ക്കുന്നു.

വിഭജിച്ചു പിരിയേണ്ടയെന്നു വാദിക്കുന്നവർക്കും അവരുടെ അഭിപ്രായത്തെ സാധൂകരിക്കുവാനുള്ള വാദഗതികളുണ്ട്.

- കേരളത്തിൽ തന്നെയുള്ള മറ്റു ചില സഭാ വിഭാഗങ്ങളിലെ യോജിപ്പ്. [കൽദായ (തൃശൂർ) ഇവാഞ്ചലിക്കൽ സഭാ വിഭാഗങ്ങളിലെ യോജിപ്പ്]
- പിരിഞ്ഞുപോയെങ്കിലും തുടർന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ (ഇന്ത്യ-പാക്കിസ്ഥാൻ പ്രശ്നങ്ങൾ, വിഭജിച്ചുപോയ ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ പ്രശ്നസങ്കീർണ്ണമായ അന്തരീക്ഷം) വിഭജിച്ചാലും ശത്രുത തീരുന്നില്ല.
- ഇരുവിഭാഗങ്ങളിലെയും സമാധാനകാംക്ഷികൾ
- വർദ്ധിച്ചുവരുന്ന വിവാഹബന്ധങ്ങൾ, കുടുംബ-സാമൂഹ്യബന്ധങ്ങൾ

ദ്ധ്യക്ഷന്മാരോടും അന്ത്യോഖ്യയുടെ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയോടും ഒരുമിച്ച് നാമും പരിശുദ്ധ മദ്ബഹായിൽ ദിവ്യമായ ശുശ്രൂഷയിൽ പങ്കെടുത്തു. നമ്മുടെ കർത്താവ് ഓർമ്മിപ്പിക്കുന്ന പൂർണ്ണ സഹോദര സ്നേഹത്തോടെ നാം പാത്രിയർക്കീസ് ബാവായ്ക്ക് ആശംസകളർപ്പിച്ചു.

മലങ്കര മെത്രാപ്പോലീത്തയുടെയും കാതോലിക്കായുടെയും സിംഹാസനത്തിലെ പരിശുദ്ധരായ പൂർവ്വഗാമികളെപ്പോലെ, സകല മനോവിനയത്തോടും നാം പറയുന്നു; മലങ്കരയിൽ സമാധാനവും ഐക്യവും പുലരുന്നതിന് നാം ആഗ്രഹിക്കുന്നു. നമുക്ക് സമാധാനത്തിലേക്കു ചുവടുവയ്ക്കാം. അനുരഞ്ജനത്തിന്റെയും ക്ഷമയുടെയും സൗഖ്യദാനത്തിന്റെയും പുതുയുഗ കാഹളമായിത്തീരാം. സമാധാന പ്രഭുവായ ക്രിസ്തുവിന്റെ സാക്ഷ്യമുള്ള അനുകാരികളാകാം. പൊറുക്കുവാനും ക്ഷമിക്കുവാനും ഒരുക്കമാണ്. ക്രിയാത്മകമായ ആത്മീയ പ്രതികരണം സന്മനസ്സോടെ സ്വാഗതം ചെയ്യുന്നു.

സഭയുടെ സ്വാതന്ത്ര്യത്തിനും, അഖണ്ഡതയ്ക്കും വേണ്ടി മഹാരഥന്മാരായ പൂർവികന്മാർ ചൊരിഞ്ഞ കണ്ണീർപ്രവാഹങ്ങളോടും നമ്മുടെ ആനപ്പാപ്പി (ആറ്റുപുറം വർക്കി) മലങ്കര വർഗ്ഗീസ് വരെയുള്ള ധീരവീരന്മാരായ സഭാംഗങ്ങളുടെ രക്തസാക്ഷിത്വങ്ങളോടും നമുക്ക് ആത്മീയ ഉത്തരവാദിത്വം ഉണ്ട്."

ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമായിരുന്ന ഇന്ത്യൻ ക്രിസ്തീയ സഭയ്ക്ക് ഒരിക്കലും ഇന്ത്യയിൽ പീഡനം അനുഭവിക്കേണ്ടിവന്നിട്ടില്ലെന്നു പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് സ്വാഗത പ്രസംഗകൻ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് സ്വാഗതപ്രസംഗം ആരംഭിച്ചത്. ഇന്ത്യൻ സംസ്കാരവും ആദർശവും ഉൾക്കൊണ്ട ഏക സഭ ഓർത്തഡോക്സ് സഭയാണെന്ന് സ്വാഗത പ്രസംഗകൻ ചൂണ്ടിക്കാട്ടി ഇന്ത്യയൊക്കെയുടെയും വാതിലാണ് സെന്റ് തോമസ് സ്ഥാപിച്ച ഓർത്തഡോക്സ് സഭ.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് കാതോലിക്കേറ്റെന്ന് സുന്നഹദോസ് സെക്രട്ടറി മാത്യൂസ് മാർ സേവേറിയോസ് പറഞ്ഞു. മാർത്തോമ്മാ ശ്ലീഹയാൽ സ്ഥാപിതമായ പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനാണ് പൗരസ്ത്യ കാതോലിക്കായെന്നു സുന്നഹദോസ് സെക്രട്ടറി വിശദീകരിച്ചു.

നാനാജാതി മതസ്ഥർ ഇന്ത്യയിൽ ഒത്തൊരുമയോടെ കഴിയുന്നത് ലോകത്തിനു മാതൃകയാണെന്ന് ടിബറ്റിന്റെ ആത്മീയനേതാവ് ദലൈലാമ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു. ആത്മീയമായി ഇന്ത്യ ഉന്നത നിലവാരം പുലർത്തുന്നു. ലോകത്ത് ആത്മീയമായി ഏറ്റവും മുന്നിൽ നിൽക്കുന്ന രാഷ്ട്രം ഇന്ത്യയാണെന്ന് ദലൈലാമ ചൂണ്ടിക്കാട്ടി മനഃസമാധാനവും, സ്നേഹവും പുലരുന്നതാണ് ലോകത്ത് സമാധാനം കൊണ്ടുവരാനുള്ള ഏക വഴിയെന്നു ദലൈലാമ തുടർന്നു പറഞ്ഞു.

ആർഷഭാരത സംസ്കാരത്തിലധിഷ്ഠിതമായ നസ്രാണികളുടെ ദേശീയത വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും വിഷയമാണെന്ന് മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാം പറഞ്ഞു. ധാർമിക മൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കണമെന്നും നഷ്ടപ്പെട്ടുപോയ ജീവിതമൂല്യങ്ങൾ പുനഃപ്രതിഷ്ഠിക്കണമെന്നും ഡോ. എ.പി.ജെ. അബ്ദുൽകലാം തുടർന്നു പറഞ്ഞു.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി സുവനീർ പ്രകാശനം ചെയ്തു. കേന്ദ്രമന്ത്രി കെ.വി തോമസ്, മാർ ജോസഫ് പവ്വത്തിൽ, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, കൽദായ ബിഷപ് മാർ അപ്രേം, സിപിഎം. പോളിറ്റ്ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ, എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, ബി.ജെ.പി സംസ്ഥാനപ്രസിഡന്റ് വി മുരളീധരൻ തുടങ്ങിയവരും ശതാബ്ദി ആഘോഷ സമാപനസമ്മേളനത്തിൽ പ്രസംഗിച്ചു.

കാതോലിക്കേറ്റ് ശതാബ്ദി മഹാസംഗമത്തിന്റെ പിന്നിൽ വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ആത്മായ ട്രസ്റ്റി എം.ജി ജോർജ് മുത്തൂറ്റ്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് എന്നിവരാണ് പ്രവർത്തിച്ചത്. ഇത്ര ചിട്ടയോടും, അച്ചടക്കത്തോടും, സമാധാനത്തോടും നടന്ന ഒരു മഹാസമ്മേളനം കൊച്ചിയുടെ ചരിത്രത്തിൽ ഇദംപ്രഥമമാണ്. GM

റിപ്പോർട്ട്: പി.എ. അലക്സാണ്ടർ

- കൂടിവരവിന്റെ ശക്തി
- ഇതരസമൂഹങ്ങളിലും, സഭാ വിഭാഗങ്ങളിലും ഇതുമൂലമുണ്ടാകുന്ന അസ്വസ്ഥതകൾ.
- വേർതിരിവിലെ വേദശാസ്ത്രപരമായ പ്രശ്നങ്ങൾ.

ചുരുക്കത്തിൽ യോജിക്കുവാനും, വേർപെടുവാനും ഭൗതികപരമായ കാരണങ്ങൾ ഉണ്ട്. എങ്കിൽ, യോജിക്കുവാനുള്ള സാധ്യതകൾക്ക് പ്രാധാന്യം നൽകേണ്ടതല്ലെ?

യോജിപ്പിന്റെ വേദശാസ്ത്രം

വിശുദ്ധ ത്രിത്വം എന്ന വിശുദ്ധ ഭാവം വേർപെടുത്താനാവാത്ത ആദ്ധ്യാത്മിക യോജിപ്പിന്റെ പ്രതീകമാണ്. ആദിമ മാതാപിതാക്കളുടെ കാലംതൊട്ട് പരിശോധിച്ചാൽ, യോജിപ്പിന്റെയും, വേർപെടലിന്റെയും ചരിത്രങ്ങൾ ഒരുപാടുണ്ട്. എന്നാൽ, വേർപാടുകൾക്കെല്ലാം വേദനയുടെ പശ്ചാത്തലമുണ്ട്. ജീവനുള്ള ശരീരത്തിൽനിന്നും വേർപെടുത്തപ്പെട്ട മാംസത്തിന്റെ ഗന്ധം, വേദന ആദിയായവയെല്ലാം വേർപാടിലുണ്ട്. ഓരോ വേർപിരിയലിനെയും സ്വാഭാവിക ചുറ്റുപാടിൽനിന്നും പറിച്ചുമാറ്റി നടപ്പെടലിനു വിധേയമാകുന്ന ഒരു ചെടിയോടുപമിക്കാം. തികച്ചും അനുകൂലമായ സാഹചര്യം ലഭിച്ചില്ലെങ്കിൽ ആ ചെടിവളർച്ച മുരടിച്ചുപോകും. നിർഭാഗ്യവശാൽ, നമ്മൾ കണ്ടും, കേട്ടും, അനുഭവിച്ചുമറിഞ്ഞിട്ടുള്ള പല വേർപിരിയലുകളും മുരടിപ്പിന്റെയോ, ശത്രുത്വത്തിന്റെയോ അനുഭവം മാത്രമേ സംവേദിച്ചിട്ടുള്ളു. ഈ ഒരു പശ്ചാത്തലത്തിലാണ് വേദശാസ്ത്രതലത്തിൽ യോജിപ്പിന്റെ സാധ്യതയെപ്പറ്റി നാം ആരായേണ്ടത്. യോജിപ്പും, വേർപിരിയലും കയ്പേറിയതും, പ്രശ്നസങ്കീർണ്ണവുമാണെങ്കിൽ യോജിപ്പിലെ കയ്പും, പ്രതിസന്ധിയും മധുരപൂർണ്ണമാക്കുവാനുള്ള അന്വേഷണമാണ് നമുക്കാവശ്യം.

- "പിതാവേ നീ എന്നിലും, ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ' (വി യോഹ. 17:21) എന്ന, നമ്മുടെ കർത്താവിന്റെ മഹാപുരോഹിത പ്രാർത്ഥന വി ത്രിത്വത്തിലെ യോജിപ്പ്, സഭയിലും, സമൂഹത്തിലുമുണ്ടാകേണ്ടതിന്റെ ആവശ്യകതയെ ഊന്നിപ്പറയുന്നു.
- നീരോട്ടമുള്ള സുന്ദരപ്രദേശം ലോത്തിനു വിട്ടുകൊടുത്ത അബ്രാഹാം (ഉല്പ: 13: 8–11) യോജിപ്പിന്റെ പ്രവാചകനായിരുന്നു. നീരോട്ടമുള്ള പ്രദേശം ലഭ്യമായിട്ടും അതിനു ദൈവീകപ്രവാഹത്താൽ നനയ്ക്കുന്നതിനും, സംരക്ഷിക്കുന്നതിനും ലോത്തിനോ, അവന്റെ ഇടയന്മാർക്കോ സാധിച്ചില്ല. എന്തിനെ പ്രതിയാണോ ഭിന്നതകളും, തർക്കങ്ങളുമുണ്ടാകുന്നത്, അഥവാ അനർഹമായത്, അനർഹമായ വിധത്തിൽ ബലപ്രയോഗത്തോടെ ആരെങ്കിലും നേടിയെടുത്തിട്ടുണ്ടോ അവയ്ക്കെല്ലാം സോദോമിന്റെയും ഗോമോറയുടെയും അനുഭവം മാത്രമേ ഉണ്ടാകൂ. അബ്രഹാമിന് അർഹമായത്, ഭംഗിയും, ശ്രേഷ്ഠതയും നോക്കി മറ്റുള്ളവർ നേടിയെടുത്താലും, അബ്രഹാം നൽകേണ്ട പരിപാലന നൽകാൻ മറ്റുള്ളവർക്ക് സാധ്യമാകില്ലല്ലോ? അധികാരം, വസ്തുവകകൾ ആദിയായവയ്ക്കു വേണ്ടി ബലപ്രയോഗം നടത്തുന്നവർ ഇതു പ്രത്യേകം അനുസ്മരിക്കുന്നത് ഉചിതം.

  1 കൊരിന്ത്യർ: 1:10 "സഹോദരന്മാരെ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും, നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ ഏകമനസ്സിലും, ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം..." എഫേസ്യർ 2:14: "അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി.. വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞത്..." പ്രസ്തുത വാക്യങ്ങളിൽ യോജിപ്പിന്റെ വേദശാസ്ത്രം വി പൗലോസ് സംവേദിപ്പിക്കുന്നു.
- വി യോഹന്നാന്റെ സ്നേഹാധിഷ്ഠിത പ്രബോധനങ്ങളും, നിർദ്ദേശങ്ങളും യോജിപ്പിന്റെ പ്രകട സന്ദേശങ്ങളാകുന്നു.
- "സംശയിക്കുന്നവരായ ചിലരോടു കരുണ ചെയ്വിൻ... ജഡത്താൽ കറപിടിച്ച അങ്കിപോലും പകെച്ചുകൊണ്ടു ചിലർക്ക് ഭയത്തോടെ കരുണ കാണിപ്പിൻ" (യൂദാ. 22, 23 വാക്യങ്ങൾ) എന്ന ശക്തമായ ഉദ്ബോധനം, യോജിപ്പിന് തടസ്സ ശക്തികളോടുള്ള നമ്മുടെ മനോഭാവ രൂപീകരണത്തിനുള്ളതാണ്.

സ്വർഗ്ഗത്തിലും, ഭൂമിയിലുമുള്ളതെല്ലാം ക്രിസ്തുവിൽ ഒന്നായി ചേർക്കുക എന്നത് കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയാണ്. യഥാർത്ഥത്തിൽ, കുത്തഴിഞ്ഞുകിടക്കുന്ന ഭൂമിയിലെ അവസ്ഥകളെ ക്രിസ്തുവിൽ ഒന്നായി ചേർക്കുവാൻ നമുക്കു കടപ്പാടുണ്ട്. അതിനു നമുക്കു സാധിക്കാതെ വന്നാൽ, 'വലിയവ നമ്മളെ എങ്ങനെ ഏൽപ്പിക്കും?' എന്ന കർത്താവിന്റെ ചോദ്യത്തിന് ഉത്തരം പറയാൻ സാധിക്കാതെ വരും.

- വേർപാടു സൃഷ്ടിക്കുകയും, വേർപാടിന്റെ 'പ്രവാചകരായി' സ്വയം അഭിമാനിക്കുകയും ചെയ്യുന്നവരെയാണ് യഥാർത്ഥത്തിൽ ഇടതു ഭാഗത്താക്കി കർത്താവ് ന്യായം വിധിക്കുന്നത്. (വി മത്താ.25:32–42) വേർപിരിഞ്ഞുപോകണമെന്ന് ആഗ്രഹിക്കുന്നവരും, അതിനുവേണ്ടി ഉദ്യമിക്കുന്നവരും പ. സഭാഗാത്രത്തിന് ബാധ്യതയാണ്.

സഭായോജിപ്പിന് ചില മാർഗ്ഗനിർദ്ദേശങ്ങൾ

'സ്വതന്ത്ര വിഭാഗങ്ങളായി നിന്നാലും സഭ വളരും' എന്ന ചിന്ത കേരള കോൺഗ്രസ് രാഷ്ട്രീയത്തിലെ 'വളരുന്തോറും പിളരും, പിളരുന്തോറും വളരും' എന്ന ചിന്താഗതിക്ക് സമാനമാണ്. അഭിപ്രായങ്ങൾ ശക്തമായി ഉന്നയിക്കുന്നവർ അനഭിമതരാണെന്ന ചിന്ത ധിക്കാരപരമാണ്. അത്തരക്കാരെ മാറ്റിനിർത്തിയാൽ സുഗമഗമനം സാധ്യമാകുമെന്ന ചിന്തയും തെറ്റാണ്. ആയതുപോലെ ഭിന്നതകൾ വന്നാൽ ഒഴിവാക്കുക എന്നതിലുപരി ചേർത്തുനിർത്തുവാനുള്ള മാർഗ്ഗങ്ങളാണു നമുക്ക് അന്വേഷിക്കേണ്ടത്. മുൻവിധിയോടും, പക്ഷപാതപരമായുമുള്ള നീക്കങ്ങൾ ഇതിന് യോജ്യമല്ല. കൂടുന്നതിനു മുമ്പെ പിരിയണമെന്ന ഉദ്ദേശ്യത്തോടെ സമ്മേളിക്കുന്നതും പോംവഴിയല്ല. രണ്ടായി പിരിഞ്ഞുപോയാലും, ഒന്നാണെന്ന ഭാവേന തർക്കങ്ങളുമായി മുന്നോട്ടുപോകുന്നതും ശുഭലക്ഷണമല്ല. മലങ്കരയിലെ അതിശക്തമായ സഭയിലെ വിഭാഗീയത സഭാംഗങ്ങൾക്കും, പിതാക്കന്മാർക്കും ഭരണാധികാരികൾക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന തലത്തിലേക്കെത്തിച്ചേർന്നിരിക്കുന്നു. സ്നേഹത്തോടും, സഹവർത്തിത്വത്തോടുമുള്ള സമീപനമാണ് ഇന്നിന്റെ ആവശ്യം. മലങ്കരസഭയിലെ പിളർപ്പ് ഒഴിവാക്കുവാനും, യോജിച്ചുനിന്ന് ആത്മീകമായും, ഭൗതികമായും പുരോഗതി കൈവരിക്കുവാനും പ്രത്യേകം നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് റോമൻ കത്തോലിക്കാ സീറോ മലബാർ) സഭയുമായി സഹകരിക്കുന്നതിനുള്ള പരമാവധി സാധ്യതകൾ നാം പ്രയോജനപ്പെടുത്തണം. വി മാർത്തോമ്മാ പൈതൃകം അതിന് അതിശക്തമായ ഘടകമാണ്.

പരി വട്ടശ്ശേരിൽ തിരുമേനിയുടെ ദർശനത്തിൽ, സഹോദരീസഭയായ മാർത്തോമ്മാ സഭയുമായുള്ള യോജിപ്പുണ്ടായിരുന്നു. യഥാർത്ഥത്തിൽ, കൂട്ടായൊരു ഹൃദ്യമായ ചർച്ച നടന്നാൽ അതിനുമൊരു മാർഗ്ഗമുണ്ട്. മിഷൻ പ്രവർത്തനങ്ങൾ, ജീവകാരുണ്യരംഗം, വിദ്യാഭ്യാസരംഗം, ആദിയായവയ്ക്കൊക്കെ ഈ യോജിപ്പാവശ്യമാണ്.

തൊഴിയൂർ വിഭാഗം നമ്മിൽ നിന്നകന്നവരല്ല. ചില പ്രത്യേക രംഗങ്ങളിൽ പരസ്പരം നൽകിയതും, സ്വീകരിച്ചതുമായ അനുഭവങ്ങളൊന്നും വിസ്മരിച്ചുകൂടാ. സിഎസ്ഐ.സഭകൾക്ക് പ്രത്യേകമായ കൂട്ടായ്മകളുണ്ടെങ്കിലും, അവരുമായുള്ള നല്ല ബന്ധം കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

എപ്പിസ്കോപ്പൽ സഭകളുടെ കൂട്ടായ പ്രവർത്തനവും, യോജിപ്പും ഒരു പരിധിവരെ വിടുതൽ സഭകളുടെ വളർച്ചയ്ക്ക് തടയിടും. മാർത്തോമ്മാ, സിഎസ്ഐ. തുടങ്ങിയ സഭാ വിഭാഗങ്ങളിലെ പല അംഗങ്ങളും തങ്ങളുടെ ദേവാലയങ്ങളില്ലാത്തിടത്ത് വിടുതൽ വിഭാഗങ്ങളിലാണ് ആരാധനയ്ക്ക് സംബന്ധിക്കുന്നത്. ഇത്തരം സമീപനം പിന്നീട് സഭാഭ്രംശത്തിന് തന്നെ വഴിതെളിക്കും. എപ്പിസ്കോപ്പൽ സഭാംഗങ്ങൾ, തങ്ങളുടെ ദേവാലയങ്ങൾ ഇല്ലാത്തിടത്ത്, എപ്പിസ്കോപ്പൽ സഭകളുടെ ദേവാലയങ്ങളിൽ തന്നെ സംബന്ധിക്കണമെന്ന നിർദ്ദേശം നൽകേണ്ടത് സഭാ നേതൃത്വങ്ങളുടെ ചുമതലയാണ്. എപ്പിസ്കോപ്പൽ സഭകളൊരുമിച്ച് പരിസ്ഥിതി-ജീവകാരുണ്യ പ്രവർത്തനങ്ങൾ, സുവിശേഷയോഗങ്ങൾ, സാമൂഹ്യഗന്ധിയായ പ്രവർത്തനങ്ങൾ ആദിയായവയും ക്രമീകരിക്കുന്നത് ഉചിതമായിരിക്കും.

യോജിപ്പും സഹകരണവും ഒരേ പാതയിലുള്ളതാണ്. ഐക്യവും സമാധാനവും അതിന്റെ തുടർച്ചയാണ്. ഹൃദ്യമായ നമ്മുടെ പ്രാർത്ഥനകൾക്കും, ജീവിത ദർശനങ്ങൾക്കും യോജിപ്പ് അടിത്തറയാണ്. കാലാകാലങ്ങളിൽ നിലനില്പിനും സംരക്ഷണത്തിനുമായി അനേകം വ്യവഹാരങ്ങളിലൂടെ നമുക്ക് കടന്നുപോകേണ്ടിവന്നു. അതു കാലഘട്ടത്തിന്റെ ആവശ്യവുമായിരുന്നു. പുതിയ നൂറ്റാണ്ടിൽ, പഴമയുടെ ആഢ്യതയും പാരമ്പര്യവും സംസ്കാരത്തനിമയുമായി പുതിയ ചിന്താഗതികളോടും മനോഭാവത്തോടും കൂടി നമുക്ക് മുന്നേറാം.

"ഒത്തൊരുമിച്ച് ഒരേ പ്രാർത്ഥനാ പുസ്തകവുമായി, പ്രാർത്ഥനയുമായി, പശ്ചാത്താപത്തിന്റെ കണ്ണീരുമായി, നിർമ്മല സമാധാന ചുംബനവുമായി ഒരേ സ്ഥാനത്തിരുന്ന് ആരാധിക്കുവാൻ, സ്തുതി ഗീതങ്ങളാലപിക്കുവാൻ, ... അട്ടഹാസത്തിന്റെ, വ്യവഹാരങ്ങളുടെ താളഭംഗമില്ലാതെ... എന്നാണ് നമുക്ക് കഴിയുക? സാധിക്കും, സാധിക്കണം, സാധിച്ചേ പറ്റൂ.

അന്യോന്യം ശ്ലോമ്മോ നൽകിൻ
കർത്താവിൻ ശ്ലോമ്മോ നമ്മിൽ
വാസം ചെയ്തീടട്ടെന്നും
തമ്മിൽ ചുംബിക്കേണം നാം.
തൽശ്ലോമ്മോയും ശൈനോയും–
നമ്മെ കാക്കട്ടെന്നാളും.

GM

മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

ജീവിതം ലളിതസുന്ദരമാക്കിയ താപസശ്രേഷ്ഠൻ

■ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ

(മലങ്കര മാർത്തോമ്മാ സുറിയാനിസഭ, അടൂർ ഭദ്രാസനം)



ദൈവദാസനായ അഭിവന്ദ്യ ബർന്നബാസ് മെത്രാപ്പോലീത്താ തിരുമേനിയെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അനുഗൃഹീതമായ ഇടയശുശ്രൂഷ തെല്ല് വ്യത്യസ്തമായി മലങ്കരയിലും വിദേശത്തും നിർവ്വഹിക്കുന്നതിന് ദൈവം തിരുമേനിയെ അനുവദിച്ചു. എപ്പോഴും മറ്റു പിതാക്കന്മാരുടെ ശുശ്രൂഷാരീതികളിൽനിന്നു മാറി അദ്ദേഹം സ്വതസിദ്ധമായ ശൈലിയിൽ തന്റെ നേതൃത്വവും ശുശ്രൂഷയും നമുക്കു കാണിച്ചുതന്നു. ഓർത്തഡോക്സ് സുറിയാനി സഭയുടെ തനതായ രീതിയും പഠിപ്പിക്കലുകളും മുറ തെറ്റാതെ പാലിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും അദ്ദേഹം വളരെ വ്യഗ്രത കാണിച്ചിരുന്നു.

കോട്ടയം സിഎം.എസ്. കോളജിൽ ഞാൻ പഠിക്കുന്ന കാലം ക്രോസ്ബാർ ഇല്ലാത്ത ലേഡീസ് സൈക്കിളിൽ അദ്ദേഹം പഴയ സെമിനാരിയിൽ നിന്ന് ടൗണിലേക്ക് നിരന്തരം യാത്രചെയ്യുന്നത് കൗതുകരമായ കാഴ്ചയായിരുന്നു. പുറകോട്ട് പറക്കുന്ന കമ്മീസിന്റെ തലഭാഗവും രണ്ട് വശത്തേക്കും വഴിഞ്ഞൊഴുകുന്ന നീണ്ട താടി മീശയും കെ. കെ. മാത്യൂസച്ചനെ പ്രത്യേകതയുള്ള ഒരു വൈദികനായി ഹൃദയത്തിൽ പകർത്താൻ ഇടയാക്കി. ഒരിക്കലും തമ്മിൽ പരിചയപ്പെടാൻ കഴിഞ്ഞിട്ടില്ലെങ്കിലും ചിരപ്രതിഷ്ഠ നേടിയ ഒരു ആത്മബന്ധത്തിന്റെ തുടക്കം അങ്ങനെയാണ് ആരംഭിച്ചത്. കോളജിനു മുൻപിലുള്ള വിദ്യാർത്ഥിപ്രസ്ഥാനം ബുക്ക്സ്റ്റാളിൽ നിന്ന് ലഭിച്ച കെ.കെ. മാത്യൂസ് അച്ചന്റെ (പിന്നീട് ബർന്നബാസ് മെത്രാപ്പോലീത്ത) പുസ്തകങ്ങൾ ഞങ്ങളെ വീണ്ടും അടുപ്പിച്ചു എന്നു പറയാം. ബഹുമാനപ്പെട്ട അച്ചൻ സഭയിലെ ഒരു മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടു കഴിഞ്ഞു പരിയാരം സെന്റ് പീറ്റേഴ്സ് പള്ളിയിൽ വന്നപ്പോൾ എന്റെ കുടുംബാംഗമായ ഫാദർ ജോർജ് ജോൺ (ഫ്ളോറിഡ) അച്ചന്റെ ഭവനം സന്ദർശിച്ചപ്പോൾ എന്റെ അമ്മയോടൊപ്പം അഭിവന്ദ്യ തിരുമേനിയെ കണ്ടു സംസാരിപ്പാനും പരിചയപ്പെടുവാനും ദൈവം കൃപ ചെയ്തു. 1993 ഒക്ടോബറിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു ഒരാഴ്ച കഴിഞ്ഞപ്പോൾ അഭിവന്ദ്യ തിരുമേനിയുടെ ആശംസാ കത്ത് എനിക്കു ലഭിച്ചു. മലങ്കരസഭയിൽ ബർന്നബാസ് എന്ന പേരിൽ അഭിഷേകം ചെയ്യപ്പെട്ട രണ്ടാമനായിരുന്നതിനാലാവും ഏറെ വാത്സല്യത്തോടും സ്നേഹത്തോടും അഭിവന്ദ്യ തിരുമേനി എന്നെഴുതിയിരുന്നു. സ്വീകരണങ്ങളുടെ തിരക്കിൽ മറുപടി ഒരു മാസം കഴിഞ്ഞാണ് എഴുതുവാൻ സാധിച്ചത്. പിന്നീട് അമേരിക്കയിൽ തിരുമേനിയുടെ അരമനസന്ദർശിച്ച് മറുപടി താമസിച്ചതിനുള്ള ക്ഷമാപണം നേരിട്ട് അറിയിച്ചെങ്കിലും ആ മുഖത്ത് ശുണ്ഠി മറഞ്ഞിരുന്നില്ല. എപ്പോൾ തിരുമേനിയെ സന്ദർശിച്ചാലും താൻ എഴുതിയ പുസ്തകങ്ങളുടെ ഒരു ശേഖരം തന്ന് അനുഗ്രഹിക്കുമായിരുന്നു. കാനഡയിലുള്ള എഡ്മണ്ടൻ ഇടവക വികാരിയായിരിക്കുമ്പോൾ 1991 ൽ തിരുമേനി എന്റെ പള്ളിയിൽ വന്ന് ഒരു നമസ്കാരത്തിനും പ്രസംഗത്തിനും നേതൃത്വം നൽകിയത് സന്തോഷത്തോടെ സ്മരിക്കുന്നു. ബർന്നബാസ് എന്ന പേരിന്റെ അർത്ഥം പോലെ തന്നെ അഭിവന്ദ്യ തിരുമേനി പ്രബോധനങ്ങളുടെ പുത്രൻ തന്നെ ആയിരുന്നു.



കണിശക്കാരനും, നിശ്ചയദാർഢ്യമുള്ളവനും, വിശ്വാസ കാര്യങ്ങളിലും അനുഷ്ഠാനങ്ങളിലും, കാർക്കശ്യക്കാരനും ആയിരുന്നു എങ്കിലും നിർമ്മലഹൃദയത്തിന്റെ ഉടമയായിരുന്നു ബർന്നബാസ് തിരുമേനി

ഏറ്റം ഒടുവിൽ ഓഗസ്റ്റ് 9 ന് പിറന്നാളിനോട് ചേർന്ന് പാമ്പാടി ദയറായിൽ വച്ചാണ് അഭിവന്ദ്യ തിരുമേനിയെ ഞാൻ സന്ദർശിച്ചത്. ആ സന്ദർശനവും ഹൃദ്യമായിരുന്നു. തിരുമേനിയുടെ ഗ്രന്ഥശേഖരത്തിൽ നിന്ന് അന്നും എനിക്ക് പുസ്തകങ്ങൾ തരുവിക്കുന്നതിന് തിരുമേനി ബദ്ധശ്രദ്ധനായിരുന്നു. ഈ കുറിപ്പുകൾ എഴുതുമ്പോൾ എന്റെ ഭദ്രാസന സെക്രട്ടറി റവ. അലക്സാണ്ടർ തോമസച്ചൻ, അദ്ദേഹത്തിന് തിരുമേനിയോടുള്ള ബന്ധവും അടുപ്പവും പറഞ്ഞു. അച്ചൻ ഇടുക്കി ജില്ലയിൽ വൈദിക ശുശ്രൂഷ നിർവ്വഹിക്കുന്ന കാലത്താണ് അഭിവന്ദ്യ തിരുമേനി ഇടുക്കി മെത്രാപ്പോലീത്തയായി പ്രവർത്തിച്ചിരുന്നത്. അച്ചൻ ഒരിക്കൽ ചെലേർകോവിൽ എന്ന സ്ഥലത്ത് നിൽക്കുമ്പോൾ ഒരു കാർ റിവേഴ്സ് ഗിയറിൽ പിന്നോക്കം പാഞ്ഞുവരുന്നു. അച്ചന്റെ അടുത്ത് വന്നപ്പോൾ കാർ നിന്നു. അപ്പോൾ തിരുമേനി അതിനകത്തുണ്ടായിരുന്നു. കാറിന്റെ ഫോർവേർഡ് ഗിയർ ഒന്നും വർക്ക് ചെയ്യുന്നില്ല. അതിനാലാണ് ഇങ്ങനെ വരുന്നത്. അരമനവരെ അങ്ങനെ ചെല്ലട്ടെ എന്നു പറഞ്ഞ് യാത്ര തുടർന്നു. എന്നാൽ അന്നുണ്ടായ പരിചയം തിരുമേനി മറക്കാതെ എപ്പോഴും മാർത്തോമ്മാ അച്ചനെ എല്ലായിടത്തും പരിചയപ്പെടുത്തുമായിരുന്നു. തിരുമേനി അമേരിക്കൻ ഭദ്രാസനത്തിലെത്തിയപ്പോൾ അച്ചനും സ്ഥലം മാറി അവിടെ ചെന്നിരുന്നു. ഇടുക്കി ബന്ധം അമേരിക്കയിലും കാത്തുസൂക്ഷിച്ചവിധം അച്ചൻ നന്ദിയോടെ സ്മരിക്കുന്നു. നല്ല കണിശക്കാരനും, നിശ്ചയദാർഢ്യമുള്ളവനും, വിശ്വാസ കാര്യങ്ങളിലും അനുഷ്ഠാനങ്ങളിലും, കാർക്കശ്യക്കാരനും ആയിരുന്നു തിരുമേനി എന്നാൽ നിർമ്മല ഹൃദയം അദ്ദേഹത്തിന് സ്വന്തമായിരുന്നു. വചനം അറിയാത്തവർ പ്രസംഗങ്ങളിലൂടെ തിരുവചനം ഉദ്ധരിക്കുമ്പോൾ വരുത്തുന്ന തെറ്റ് അപ്പോൾ തന്നെ തിരുമേനി തിരുത്തുമായിരുന്നു. മലങ്കരസഭയ്ക്ക് ഒരു നല്ല ഗുരുവിനെയാണ് നഷ്ടപ്പെട്ടത്. ധൂർത്തിന്റെ ഈ കാലത്ത് ജീവിതം ലളിതസുന്ദരമാക്കിയ ഒരു താപസശ്രേഷ്ഠനെ നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നഷ്ടം എന്നു പറയേണ്ട, അനേകർക്ക് ക്രിസ്തു സന്ദേശം തന്റെ ജീവിതത്തിലൂടെയും സന്ദേശങ്ങളിൽ കൂടെയും ആരാധനയിൽ കൂടെയും വേണ്ട സ്പർശനത്തിലൂടെയും നൽകിക്കൊടുക്കുന്നതിന് വന്ദ്യ തിരുമേനിക്കു സാധിച്ചു.

"എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും" - ദാനീയേൽ 12:3.

GM

പുസ്തകവാർത്ത

ദാർശനികമായ അടിത്തറയിൽ നിന്നുകൊണ്ട് ജീവിതത്തേയും സാഹിത്യത്തെയും അഭിവീക്ഷിച്ച പതിനൊന്ന് എഴുത്തുകാരുടെ മൗലിക പ്രപഞ്ചത്തിലൂടെയുള്ള ഒരന്വേഷണം.

ഡോ. പോൾ മണലിൽ

ASCEND PUBLICATIONS
Kattuveettil Bldg.,
(Opp. Passport Office)
Nagampadom, Kottyam - 06
Ph.: 0481 - 2300206

E-mail : ascendpublication@yahoo.com
Web : www.ascendpublications.com

Price: Rs.140.00

സ്നേഹത്തിന്റെ തൂവൽസ്പർശം

■ ഫാ. കെ.ടി. ഫിലിപ്പ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ ഏറ്റവും കൂടുതൽ മനുഷ്യരെ അറിയുകയും ഏറ്റവും കൂടുതൽ മനുഷ്യർ അറിയുകയും ചെയ്യുന്ന തിരുമേനി ആയിരുന്നു ഭാഗ്യസ്മരണാർഹനായ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ഉന്നതനായ തിരുമേനിയുമായി ഒരു ഗാഢമായ ആത്മബന്ധം കാത്തുസൂക്ഷിക്കുവാൻ എളിയവനായ എനിക്കു കഴിഞ്ഞത് ഒരു സൗഭാഗ്യമായി കരുതുകയാണ്.

ഇപ്പോൾ ഞാൻ ശുശ്രൂഷ ചെയ്യുന്ന പുരാതന ദേവാലയമായ ചെറായി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഒഴികെ, ഞാൻ നിയോഗിക്കപ്പെട്ട എല്ലാ ദേവാലയങ്ങളിലും എളിയ ക്ഷണം സ്വീകരിച്ച്, ശാരീരിക ക്ലേശങ്ങൾ അവഗണിച്ച് തിരുമേനി എഴുന്നെള്ളിവന്ന് ധന്യമായി അനുഗ്രഹിച്ച്, ശുശ്രൂഷകൾക്ക് നേതൃത്വം നൽകി പരിപോഷിപ്പിച്ചിട്ടുള്ളത് ഒരിക്കലും മറക്കാനൊക്കുകയില്ല. ചെറായി പള്ളിയിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും മദ്ധ്യസ്ഥതയും ശുശ്രൂഷകൾക്ക് എനിക്ക് ശക്തിപകരുന്നു.

ദശാംശം കൃത്യമായി വേർതിരിക്കാനും, പണമിടപാടുകളിൽ നൂറു ശതമാനവും സുതാര്യത പാലിക്കാനും പള്ളികൾക്കോ, സ്ഥാപനങ്ങൾക്കോ സുമനസ്സുകൾ നൽകുന്നത് ഒരു രൂപയാണെങ്കിൽ പോലും കൃത്യമായി കണക്കെഴുതി, രശീതു നൽകുവാനും അതിൽനിന്ന് ഉപ്പുനോക്കാനും തൊട്ടുനക്കാനും (തിരുമേനിയുടെ ഭാഷ) ഇടയാകാതെ വിശ്വസ്തത നിലനിർത്തുവാനും തിരുമേനി പരിശീലിപ്പിച്ചത് ഇന്നും എനിക്കൊരു മുതൽക്കൂട്ടാണ്. ആണ്ടോടാണ്ട് വിവേദപുസ്തകം ഓരോ തവണയെങ്കിലും വായിച്ചു പഠിക്കണമെന്ന തിരുമേനിയുടെ നിർദ്ദേശവും ഞാനിന്നും ദൈവാനുഗ്രഹത്താൽ പാലിച്ചുപോരുന്നു.

നാം ചില വ്യക്തികളെ സന്ദർശിച്ചു മടങ്ങുമ്പോൾ ചിലപ്പോൾ നിരാശയും ഒരു പ്രത്യേക തരത്തിലുള്ള ഡിപ്രഷനും നമ്മെ കുറെ നേരത്തേക്ക് പിടികൂടും. ചില വ്യക്തികളെ സന്ദർശിച്ചു മടങ്ങുമ്പോൾ നാം പതിവിൽ കൂടുതൽ ഉന്മേഷഭരിതരും ആഹ്ലാദമുള്ളവരും ആയിരിക്കും. ഇതൊരു പ്രകൃതിയുടെ പ്രതിഭാസമാണെന്ന് ഏതോ ഗ്രന്ഥത്തിൽ വായിച്ചിട്ടുണ്ട്. ഇതു സത്യമാണെന്ന് അനുഭവത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഒസ്താത്തിയോസ് തിരുമേനിയുടെ സമീപത്ത് എപ്പോൾ കടന്നുചെന്നാലും ഒരു പക്ഷേ തിരുമേനി ഉറങ്ങുകയാണെങ്കിൽ പോലും ഒരു പ്രത്യേക സ്വസ്ഥതയും ശാന്തിയുമാണ് ആ സാമീപ്യത്തിൽ എനിക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് എന്റെ മാത്രം അനുഭവം അല്ലതാനും. തന്നെ സമീപിക്കുന്നവരെ നിരാശ നീക്കി ഉന്മേഷഭരിതരാക്കുന്ന ഏതോ ഒരു അദൃശ്യ ജീവപ്രഭ തിരുമേനിയിൽ ഉണ്ടായിരുന്നു.

അശരണരുടെ അജപാലകൻ: ഭാഗ്യസ്മരണാർഹനായ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ ഒന്നാം ചരമവാർഷികവേളയിൽ ജോർജിയൻ മിറർ അനുസ്മരിക്കുന്നു

തിരുമേനി വൈദികനായിരുന്നപ്പോൾ എന്നെ സ്വാധീനിച്ച ഒരു സംഭവം പറയട്ടെ. എന്റെ സെമിനാരി വിദ്യാഭ്യാസം കഴിഞ്ഞ സമയം (1973) സഭയിൽ ആവിർഭവിച്ച നിർഭാഗ്യമായ തർക്കം വളർന്നപ്പോൾ ഓർത്തഡോക്സ് ഭാഗത്തുതന്നെ ഉച്ചുനിൽക്കാൻ ഞാൻ തീരുമാനിച്ചതിനാൽ, സ്വന്ത ഭവനത്തിലും ജന്മനാട്ടിലും മാതൃ ഇടവകയിലും (തൃപ്പൂണിത്തുറ നടമേൽ സെന്റ് മേരീസ്) എനിക്ക് സ്ഥാനമില്ലാതായി ഞാൻ പഠിച്ച സെമിനാരിയും വന്ദ്യരായ ഗുരുഭൂതരും ഇപ്രകാരം ഒരു നിലപാടെടുക്കുവാൻ എനിക്കു പ്രചോദനവും മാതൃകയുമായി അപ്പോൾ ബ. എം.വി ജോർജ് അച്ചൻ എന്റെ ദുരവസ്ഥ മനസ്സിലാക്കി മാവേലിക്കര സെന്റ് പോൾസ് വയോമിങ് ഗോസ്പൽ ഹാളിന്റെ സെക്രട്ടറിയായി നിയമിച്ചു. 1974 ലെ മദ്ധ്യവേനൽ അവധിക്കാലത്ത് എനിക്ക് ലഭിച്ചത് ഒരു സുവർണ്ണാവസരമായിരുന്നു. അച്ചന്റെ ഒന്നര മാസം നീണ്ടു നിൽക്കുന്ന ഉത്തരേന്ത്യൻ പര്യടനത്തിനും സുവിശേഷ പ്രഘോഷണത്തിനും സഹയാത്രികനായി എന്നെയും കൂട്ടി തമിഴ്നാട്, ആന്ധ്രപ്രദേശ്, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, പഞ്ചാബ്, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലെ പ്രധാനപള്ളികളിലേക്കായിരുന്നു യാത്ര.

അദ്ദേഹത്തെ സ്വീകരിക്കുവാൻ റയിൽവേ സ്റ്റേഷനുകളിലും പള്ളികളിലും തിങ്ങിനിൽക്കുന്നവരെ പേരുചൊല്ലി വിളിച്ചും കത്തുകളിലൂടെ കൈമാറിയ ആശയങ്ങൾ ചർച്ച ചെയ്തും പരിപാടികൾക്കു രൂപംകൊടുക്കുന്ന കാഴ്ച എനിക്ക് വിസ്മയമായി പള്ളികളിലെ ശുശ്രൂഷകൾക്കു ശേഷം വ്യക്തികൾ തമ്മിൽ എന്തെങ്കിലും സൗന്ദര്യപ്പിണക്കങ്ങൾ ഉണ്ടെങ്കിൽ എല്ലാവരും ഒരുമിച്ചിരുന്ന് പറഞ്ഞുതീർന്ന് രമ്യതയിൽ എത്തുന്നത് ഇന്നും എന്റെ ഓർമ്മയിലുണ്ട്.

മറുനാടുകൾ തികച്ചും അപരിചിതമായിരുന്ന എന്നെ, അദ്ദേഹം പ്രസംഗിച്ച പ്രൗഢമായ എല്ലാ സദസ്സുകളിലും പുത്രനിർവിശേഷമായ വാത്സല്യത്തോടെ പരിചയപ്പെടുത്തുകയും തിരുമേനിയുടെ പ്രസംഗത്തിനു മുമ്പായി പതിനഞ്ചു മിനിട്ട് വീതം പ്രസംഗിക്കാൻ അവസരം നൽകുകയും ചെയ്തു. മദ്രാസ് മുതൽ ചണ്ഡിഗഢ് വരെ എന്ന ഒരു ലേഖനം ഇതു സംബന്ധിച്ച് തിരുമേനി എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അന്ന് ചണ്ഡിഗഢിൽ ഞാൻ പ്രസംഗിച്ച വേദവാക്യം 30–32 വർഷങ്ങൾക്കു ശേഷം പാലാരിവട്ടം പള്ളിയിൽ കണ്ടുമുട്ടിയപ്പോൾ രാജൻ കോശി (ലളിതാ ഈപ്പന്റെ സഹോദരൻ) എടുത്തു പറഞ്ഞതും ദൈവവചനത്തിന്റെ ശക്തിയും സ്വാധീനവും തന്നെ. മഴവെള്ളത്തിനായി വേഴാമ്പൽ കാത്തിരിക്കുന്നതുപോലെ ഞങ്ങൾ വേദദൂതിനായി കാത്തിരിക്കുകയായിരുന്നെന്നും ബ. എം.വി ജോർജ് അച്ചനും ഫിലിപ്പ് ശെമ്മാശനും നൽകിയ സന്ദേശങ്ങൾ ഞങ്ങളുടെ ദാഹം വർദ്ധിപ്പിച്ചെന്നും രാജൻ കോശി നന്ദിപ്രകാശനത്തിൽ പറഞ്ഞതും ഇന്നലെ പോലെ തോന്നുന്നു.

അദ്ദേഹത്തോടൊപ്പമുള്ള തീവണ്ടിയാത്രയുടെ സുഖം ഒന്നുവേറെതന്നെയാണ്. സ്റ്റേഷനുകളിൽ നിൽക്കുമ്പോൾ അദ്ദേഹം ചാടിയിറങ്ങും. തിരികെ വരുന്നത് ഒരു കൈനിറയെ ആനുകാലിക പ്രസിദ്ധീകരണങ്ങളും മറുകൈയിൽ എനിക്കു പലഹാരങ്ങളുമായിട്ടാണ്. പ്രസിദ്ധീകരണങ്ങൾ വായിച്ച് ആശയങ്ങൾ സ്വാംശീകരിച്ചുകൊണ്ടാണ് ഓരോ ദിവസവും പ്രസംഗിച്ചിരുന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പുതുമയും കാലിക പ്രാധാന്യവും എടുത്തുപറയേണ്ടതില്ലല്ലോ. (പ്രാസംഗികന്റെ ഒരു കൈയിൽ വേദപുസ്തകവും മറുകൈയിൽ ന്യൂസ്പേപ്പറും ഉണ്ടായിരിക്കണമെന്നു സെമിനാരിയിൽ അച്ചൻ പഠിപ്പിച്ചതും ഓർത്തുപോകുന്നു.)

മടക്കയാത്രയിലെ ഒരു സംഭവം കുറിക്കുന്നത് അദ്ദേഹത്തിന്റെ ഹൃദയവിശാലത എത്രയോ നിസ്വാർത്ഥവും അപാരവുമായിരുന്നു എന്ന് അനുസ്മരിക്കാനാണ്. മാർഗ്ഗമദ്ധ്യേ ഒരു വിജനസ്ഥലത്ത് ട്രെയിൻ ബ്രേക്ക്ഡൗൺ ആയി 7–8 മണിക്കൂറുകൾ കഴിഞ്ഞാണ് വീണ്ടും യാത്ര ആരംഭിക്കുന്നത്. ആരുടെയും പക്കൽ ഭക്ഷണസാധനങ്ങൾ ഒന്നുമില്ല. ചില സ്ത്രീകൾ ദൂരെ എവിടെയോ ഒരു വീട്ടിൽ ചെന്ന് കട്ടൻ കാപ്പി ഉണ്ടാക്കി കൊണ്ടുവന്ന് കംപാർട്ട്മെന്റിൽ ഉണ്ടായിരുന്നവർക്ക് നൽകി അച്ചൻ എവിടെനിന്നോ കുറെ ബിസ്കറ്റ് വാങ്ങി കംപാർട്ട്മെന്റിലുള്ള എല്ലാവർക്കും വിതരണം ചെയ്തു. ഇതോർക്കുമ്പോൾ ഇന്നും എന്റെ കണ്ണുകൾ നിറയും. ഉള്ളവരും ഇല്ലാത്തവരും തമ്മിൽ പങ്കുവയ്ക്കാൻ പ്രസംഗിക്ക മാത്രമല്ല പ്രവർത്തിച്ചു കാണിക്കാനും അവസരത്തിനൊത്ത് അദ്ദേഹം ഉയർന്നു. കർത്താവ് അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചതുപോലെ.

സഭാതർക്കം മൂലം ദുരിതം അനുഭവിക്കുന്ന വൈദികർക്ക് അദ്ദേഹം അത്താണിയായിരുന്നു. തർക്കം ആരംഭിച്ചപ്പോൾ തന്നെ അദ്ദേഹം ലഘുലേഖ പ്രസിദ്ധം ചെയ്തു. "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കരുത്" പാലാരിവട്ടം പള്ളിയിൽ നൽകിയ നവതിസ്വീകരണത്തിൽ, തിരുമേനി മറുപടിപ്രസംഗം അവസാനിപ്പിച്ചത്, സഭാ യോജിപ്പ് സാദ്ധ്യമാകണം എന്ന ആഗ്രഹത്തോടുകൂടെയാണ്. മാത്രമല്ല ഹൃദയസ്പർശിയായ അന്ത്യകൽപനയിലും കുറിച്ചിരിക്കുന്നത് "സഭാ സമാധാനം ആഗ്രഹിച്ചു, നടന്നില്ല എന്ന ദുഃഖമുണ്ട്. നിങ്ങൾ പ്രാർത്ഥിക്കുക, ദൈവ ഇഷ്ടം നടക്കട്ടെ" എന്നാണ്. പ. സഭയെ കുറിച്ച് അദ്ദേഹത്തിന്റെ വീക്ഷണവും ദർശനവും വെളിപ്പെടുത്തുവാൻ ഇതിൽ കൂടുതൽ എന്തു വേണം. ഇന്നല്ലെങ്കിൽ നാളെ സഭയിൽ യോജിപ്പുണ്ടാകും.

തിരുമേനി ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഏറെയാണ്. അൻപതിൽ അധികം വരുമെന്നാണ് തോന്നുന്നത്. ഇവയിൽ പലതിലും ആവശ്യത്തിനു വേലക്കാരില്ല. നമ്മുടെ യുവതീയുവാക്കൾ കഴിവുപോലെ തങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗമെങ്കിലും ഈ സ്ഥാപനങ്ങളിൽ സേവനത്തിനായി നല്കാൻ മുന്നോട്ടുവരുന്നത്, നിത്യതയിൽ വലിയൊരു മുതൽക്കൂട്ടായിരിക്കും. 'കൊയ്ത്തു വളരെ ഉണ്ട് സത്യം; വേലക്കാരോ ചുരുക്കം". (ലൂക്കോ. 10:2). GM



സ്വർഗ്ഗീയ ഒസ്താത്തിയോസ് തിരുമേനിയുടെ ശിഷ്യനും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുവാൻ അവസരം ലഭിച്ച ദേഹവുമാണ് കൊച്ചി ഭദ്രാസനത്തിലെ സീനിയർ വൈദികനായ ഫാ. കെ.ടി. ഫിലിപ്പ്. ജോർജിയൻ മിററിന്റെ മുൻ ചീഫ് എഡിറ്ററാണ്.

"ലോകത്തിന്റെ പാപത്തെ വഹിക്കുന്ന കുഞ്ഞാട്"

■ ഫാ. തോംസൺ റോബി

പഴയനിയമത്തിലെ വെളിപ്പെടുത്തലുകളുടെ പൂർത്തീകരണം പുതിയനിയമ ആവിഷ്കാരത്തിലൂടെ നാം ദർശിക്കുന്ന ദിവ്യഅനുഭവമാണ് വിശുദ്ധ വേദപുസ്തകത്തിന്റെ അടിസ്ഥാനം. പഴയനിയമം നിഴലായി നാം കാണുമ്പോൾ പുതിയനിയമം പൊരുളായി നമ്മുടെ മുൻപിൽ അവതരിപ്പിക്കുകയാണ്. "ക്രിസ്തു" എന്ന നിർദ്ദോഷിയായ കുഞ്ഞാടിന്റെ ചിന്തയുടെ സാംഗത്യം നാം പഴയനിയമ ചിന്തകളിലൂടെ വെളിപ്പെടുത്തുന്നത് ഇന്നു പഠനത്തിനും മനനത്തിനും ഇടയാക്കിയിട്ടുണ്ട്. ക്രിസ്തുവിനെ കുഞ്ഞാടായും ബലി വസ്തുവായും പഴയനിയമം വെളിപ്പെടുത്തുന്നു. വി യോഹന്നാൻ സ്നാപകനിലൂടെ ഈ ചിന്ത വെളിപ്പെടുത്തുന്നു: "പിറ്റേന്നാൾ യേശു തന്റെ അടുക്കൽ വരുന്നത് കണ്ടിട്ട് ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ. 1:29) എന്നു പറഞ്ഞു." ഈ വെളിപ്പെടുത്തലുകൾ പഴയനിയമനിഴലിന്റെ പൂർത്തീകരണമാണ്. 'ക്രിസ്തു' എന്ന കുഞ്ഞാടിനെ പഴയനിയമത്തിൽ ചിത്രീകരിക്കുന്ന ചില ഭാഗങ്ങളെ നമ്മുടെ മനോമുകുരത്തിലേക്ക് കൊണ്ടുവരിക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ഒന്നാമതായി ലേവ്യ പുസ്തകം 16-ാം അദ്ധ്യായത്തിൽ ഈ വെളിപ്പെടുത്തലിന്റെ ഗഹനമായ ആവിഷ്കാരം നാം ദർശിക്കുന്നു. അഹരോന്റെ രണ്ടു പുത്രന്മാർ ദൈവകോപത്തിന് ഇരയായി അതിനുശേഷം യഹോവ മോശയോട് അരുളിച്ചെയ്യുന്നത് "അവൻ യിസ്രയേൽ മക്കളുടെ സഭയുടെ പക്കൽനിന്ന് പാപയാഗത്തിന് രണ്ടു കോലാട്ടു കൊറ്റനെയും ഹോമയാഗത്തിന്നു ഒരു ആട്ടുകൊറ്റനെയും വാങ്ങേണം" (v.5). ആട്ടുകൊറ്റനെ അഹരോനും കുടുംബത്തിനുവേണ്ടി യാഗം കഴിക്കണം." (ഈ പാപയാഗം അഹരോന്റെ പാപത്തിനും കുടുംബത്തിനും വേണ്ടി കഴിക്കുന്നു. ഈ കുഞ്ഞാടിനെ ക്രിസ്തുവുമായി ബന്ധപ്പെടുത്തുവാൻ കഴിയില്ല. കാരണം ക്രിസ്തുവിന് പാപപരിഹാരത്തിനായുള്ള യാഗം ആവശ്യമില്ല).

പിന്നെ യഹോവ മോശയോട്: അഹരോൻ രണ്ടു കോലാട്ടു കൊറ്റനെ കൊണ്ടുവന്നു സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ യഹോവയുടെ സന്നിധിയിൽ നിർത്തേണം. പിന്നെ അഹരോൻ യഹോവയ്ക്ക് എന്ന് ഒരു ചീട്ടും, അസസ്സേലിന് എന്ന് മറ്റൊരു ചീട്ടും ഇങ്ങനെ രണ്ടു കോലാട്ടു കൊറ്റനും ചീട്ടിടേണം. യഹോവയ്ക്കുള്ള ആടിനെ അഹരോൻ പാപയാഗമായി അർപ്പിക്കണം. അസസ്സേലിന് ചീട്ടു വീണ ആടിനെ മരുഭൂമിയിലേക്ക് വിടേണ്ടതിന് യഹോവയുടെ സന്നിധിയിൽ ജീവനോടെ നിർത്തേണം. പിന്നീട് ഈ കോലാട്ടു കൊറ്റന്റെ തലയിൽ അഹരോൻ കൈ രണ്ടും വച്ച് യിസ്രയേൽ മക്കളുടെ എല്ലാ കുറ്റങ്ങളും സകല പാപങ്ങളുമായ ലംഘനങ്ങളൊക്കെയും ഏറ്റുപറഞ്ഞു കോലാട്ടു കൊറ്റന്റെ തലയിൽ ചുമത്തി നിയമിക്കപ്പെട്ട ഒരു ആളുടെ കൈവശം അതിനെ മരുഭൂമിയിലേക്ക് അയയ്ക്കേണം. കോലാട്ടു കൊറ്റൻ അവരുടെ കുറ്റങ്ങളെ ഒക്കെയും ശൂന്യപ്രദേശത്ത് ചുമന്നു കൊണ്ടുപോകേണം. അവൻ കോലാട്ടു കൊറ്റനെ മരുഭൂമിയിൽ വിടേണം (v: 7-22).



ശാപം പേറി മരുഭൂമിയിലേക്ക് പോകുന്ന ആട്

യഹൂദരുടെ പാപപരിഹാരത്തിനുള്ള ഈ യാഗം അവരുടെ പ്രധാനയാഗങ്ങളിൽ ഒന്നായിരുന്നു. ഇവിടെ അഹരോൻ ചീട്ടിട്ടപ്പോൾ അസസ്സേലിന് നറുക്കുവീണ കോലാട്ടുകൊറ്റൻ ക്രിസ്തുവിന്റെ പഴയനിയമ നിഴലാണ്. അഹരോൻ യിസ്രയേൽ മക്കളുടെ സകല പാപങ്ങളും ഈ ആടിന്റെ തലയിൽ ചുമത്തിയതുപോലെ മനുഷ്യപുത്രന്റെ തലയിൽ സകല ജാതികളുടെയും പാപങ്ങളെ ചുമത്തി ആ നിർദ്ദോഷിയായ കുഞ്ഞാടിനെ മാരകമായ മുറിവേൽപ്പിച്ച്, പീഡിപ്പിച്ച് മരുഭൂമിയിലേക്ക് മരണത്തിനു വിട്ടതുപോലെ ക്രിസ്തുവാകുന്ന പുതിയനിയമ കുഞ്ഞാടിനെ പീഡിപ്പിച്ച്, തുപ്പി, ആക്ഷേപിച്ച് കാൽവറിയിലേക്ക് മരണത്തിനായിവിട്ടു; പാപത്തെ വഹിക്കുന്ന ആട് ത്യാഗം സഹിച്ച് മരുഭൂമിയിലേക്ക് പോയിവിശന്നു തളർന്നു നിൽക്കുന്നതുപോലെ മനുഷ്യപുത്രൻ കുരിശിന് സമീപം എനിക്ക് ദാഹിക്കുന്നു എന്ന് ഉരുവിടുന്നു; നിയമിക്കപ്പെട്ട ആളിന്റെ അകമ്പടിയോടെ കോലാട്ടുകൊറ്റൻ പോകുന്നതുപോലെ ജനം മുഴുവനും യഹൂദരും കൂടി അവനെ മരണത്തിലേക്ക് കൊണ്ടുപോകുന്നു. ഇവിടെ അസസ്സേൽ സാത്താന്റെ അഥവാ തിന്മയുടെ പ്രതീകമാണ്. ഇവിടെ സാത്താനെയും അവന്റെ സൈന്യത്തെയും തോൽപിക്കുന്ന വലിയ പോരാട്ടം നടക്കുകയാണ്; ഇവിടെ പഴയനിയമത്തിലെ കുഞ്ഞാട് മരുഭൂമിയിൽ ചാകുമെങ്കിൽ, പുതിയനിയമ കുഞ്ഞാട് അസസ്സേലിനെ തോൽപ്പിച്ച് മരണത്തെ ജയിച്ച് വിജയിക്കുന്ന ചിത്രമാണ് നാം ദർശിക്കുന്നത്. പഴയനിയമത്തിന്റെ നിഴലായ കുഞ്ഞാട് പുതിയ നിയമ പൊരുളായി അവതരിക്കുമ്പോൾ സകലരുടെയും പാപങ്ങൾ പരിഹരിച്ച് മരുഭൂമിയിലെ മരണത്തിൽനിന്ന് വിജയത്തിലേക്കുള്ള അനുഭവം നൽകുന്നു.

ഈ സകല പാപവും വഹിച്ച് പോകുന്ന ആടിനെപ്പോലെ ക്രിസ്തുവാകുന്ന കുഞ്ഞാട് സകല പാപവും വഹിച്ച് തന്റെ അടുക്കലേക്ക് വരുന്നതു കണ്ടുകൊണ്ടാണ് വി യോഹന്നാൻ സ്നാപകൻ "ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു സാക്ഷിക്കുന്നത്. പഴയനിയമത്തിൽ യഹൂദർ കോലാട്ടുകൊറ്റനെ പാപത്തെ ചുമക്കുന്നവനായി കാണുന്നെങ്കിൽ പുതിയനിയമത്തിൽ ക്രിസ്തു എന്ന കുഞ്ഞാട് സകല പാപത്തിൽനിന്നും വേദനയിൽനിന്നും മനുഷ്യജാതിയെ വീണ്ടെടുത്തു എന്നതു ശ്രദ്ധേയമാണ് (1 പത്രോസ് 2:24).

രണ്ടാമതായി ഉല്പത്തി പുസ്തകം 22:13 ൽ കാണുന്ന ആട്ടുകൊറ്റനെ ക്രിസ്തുവിന്റെ നിഴലായി വരച്ചുകാട്ടുന്നു. ഗോത്രപിതാവായിരുന്ന അബ്രഹാമിന് ദൈവ വാഗ്ദത്ത പ്രകാരം ലഭിച്ച ഏകജാതനായിരുന്നു യിസ്ഹാക്ക്. "തന്റെ ഏകജാതനായ പുത്രനെ" ബലികഴിക്കണം എന്ന ദൈവകൽപന അനുസരിച്ച് മോറിയാമലയിലേക്ക് പോകുന്ന മകൻ അബ്രഹാമിനോട് ചോദിക്കുന്നു "തീയും വിറകുമുണ്ട്; എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയെവിടെ" എന്നതിന് "ദൈവം കരുതിക്കൊള്ളും" എന്നു മറുപടി നൽകുന്നു. മോറിയാമലയിൽ സ്വപുത്രനെ ബലി അർപ്പിക്കുവാൻ തയ്യാറാകുന്ന അബ്രഹാമിനോട് യഹോവയുടെ ദൂതൻ പറഞ്ഞു "ബാലന്റെ മേൽ കൈവയ്ക്കരുത്" പിന്നീട് നാം കാണുന്നത് "അബ്രഹാം തല പൊക്കിനോക്കിയപ്പോൾ പിമ്പുറത്ത് ഒരു ആട്ടുകൊറ്റൻ കൊമ്പ് കാട്ടിൽ പിടിപെട്ടു കിടക്കുന്നതു കണ്ട്, അതിനെ പിടിച്ച് തന്റെ മകന്നു പകരം യാഗം കഴിച്ചു" (v:13) എന്നാണ്.

മോറിയ മലയിൽ അറുക്കപ്പെടുന്ന കുഞ്ഞാട്

ഇവിടെ യിസ്ഹാക്ക് എന്ന തന്റെ മകനെ രക്ഷിക്കാൻ അബ്രഹാമിനെ ദൈവം സഹായിച്ചത് അത്ഭുതമാണ്. യിസ്ഹാക്ക് എല്ലാ ജനതയുടെയും പ്രതിനിധി ആണെങ്കിൽ ദൈവം അയച്ച ആട്ടുകൊറ്റൻ ക്രിസ്തുവിന്റെ നിഴലാണ്. (യിസ്ഹാക്ക് മറ്റൊരു വിധത്തിൽ കാൽവറിയിലേക്ക് പോകുന്ന ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നതായും കാണാം.) അവിടെ എങ്ങനെ കുഞ്ഞാട് വന്നു എന്നത് ദൈവനിയോഗമാണ്. 'കുഞ്ഞാടിനെ വൃക്ഷം നൽകി' എന്നത് കേട്ടുകേൾവിയില്ലാത്ത കാര്യമാണ്. ഈ കുഞ്ഞാടിനെപ്പോലെ നിർദ്ദോഷിയായ ക്രിസ്തു മറ്റുള്ളവർക്കു വേണ്ടി ബലിയായി തീരുന്നത് പൊരുളായി തീരുമ്പോഴാണ്. ഈ കുഞ്ഞാട് ക്രിസ്തു തന്നെ. പഴയനിയമ നിഴലായത് പുതിയനിയമത്തിൽ പൊരുളായി തീരുന്നത് നിർദോഷിയായ കുഞ്ഞാടിന്റെ മരണത്തോടെയാണ്. "നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ" (1 പത്രോസ് 1: 18,19). സർവ്വരുടെയും പ്രതിനിധിയായി ക്രിസ്തു എന്ന കുഞ്ഞാട് യാഗമായി തീർന്നു.

മൂന്നാമതായി പുറപ്പാട് പുസ്തകം 12-ാം അദ്ധ്യായത്തിൽ നാം മറ്റൊരു കുഞ്ഞാടിനെ കാണുന്നു. യിസ്രയേൽ ജനതയെ മിസ്രയീം അടിമത്വത്തിൽനിന്ന് സ്വതന്ത്രരാക്കുവാൻ ദൈവം ആഗ്രഹിച്ചു. പക്ഷേ ഫറവോന്റെ മനസ്സ് കഠിനമാകയാൽ പത്താമത്തെ ബാധയായി കടിഞ്ഞൂൽ സംഹാരം അയച്ചു. ഈ ബാധയിൽനിന്ന് രക്ഷപ്പെടാൻ ദൈവം യിസ്രയേൽ മക്കൾക്കു ചില നിർദ്ദേശങ്ങൾ നൽകുന്നത് ശ്രദ്ധിക്കുക. "ഊനമില്ലാത്ത ഒരാട്ടിൻകുട്ടിയെ കൊണ്ടുവന്ന് അറുത്ത് അതിന്റെ രക്തം കുറെ എടുത്തു തങ്ങൾ തിന്നുന്ന വീടുകളുടെ വാതിലിന്റെ കട്ടളക്കാൽ രണ്ടിന്മേലും പുരട്ടേണം. നിങ്ങൾ പാർക്കുന്ന വീടുകളിന്മേൽ രക്തം അടയാളമായിരിക്കും; ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നുപോകും; ഞാൻ മിസ്രയീം ദേശത്തെ ബാധിക്കുന്ന ബാധ നിങ്ങൾക്ക് നാശഹേതുവായി തീരുകയില്ല." ദൈവം കൽപിച്ചതുപോലെ മിസ്രയീമിലെ ആദ്യജാതന്മാർ എല്ലാവരും മരിച്ചു.

മനുഷ്യൻ അവന്റെ കടമകൾ മറക്കുന്നുവോ?

■ ആനി ഡേവിഡ്

വേദപുസ്തകത്തിലെ ഉൽപത്തി പുസ്തകത്തിൽ നാം വായിക്കുന്നത് ദൈവം തന്റെ സ്വന്ത സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നും, ഏദൻതോട്ടം അവനും അവന്റെ ജീവിതപങ്കാളിക്കും അധിവസിക്കുന്നതിനായി നൽകിയെന്നും ആണല്ലോ. അവനെ ദൈവം ഏദൻതോട്ടത്തിന്റെ സൂക്ഷിപ്പുകാരനായി നിയോഗിച്ചു. അതിലെ വിഭവങ്ങളെല്ലാം ആസ്വദിച്ച് അവൻ അവിടെ സ്വർഗ്ഗതുല്യമായ ഒരു ജീവിതം നയിച്ചു.

മനുഷ്യവർഗ്ഗത്തിനു ജീവിക്കുവാനായി ഫലഭൂയിഷ്ഠമായ ഈ ഭൂമിയെ ദൈവം നമുക്കവകാശമായി നൽകി ഇതിലെ സസ്യമൃഗസമ്പത്തുകളെല്ലാം നമ്മുടെ ആസ്വാദനത്തിനായി ദൈവം നമുക്കു നൽകിയിരിക്കുന്നവയാണ്. എന്നാൽ അതോടൊപ്പം തന്നെ അവയെ കാത്തുപരിപാലിക്കേണ്ട ചുമതലയും നമുക്കുണ്ട്. നാം അവയെ നശിപ്പിച്ചുകൂടാ. അത് ദൈവഹിതത്തിനെതിരായ പ്രവൃത്തിയായിരിക്കും.

ആധുനിക ലോകത്തിന്റെ വളർച്ചയും പുരോഗമനവും ദൈവഹിതത്തിന് അനുയോജ്യമായ രീതിയിലാണോ എന്നു നാം നമ്മോടു തന്നെ ചോദിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഭൂമിയെയും അതിന്റെ സമ്പൽസമൃദ്ധിയെയും അതിലെ ജീവികളെയും സസ്യലതാദികളെയും എല്ലാം നശിപ്പിക്കുന്ന രീതിയിലല്ലേ നമ്മുടെ ആധുനിക ശാസ്ത്രീയ വികസനപദ്ധതികളെല്ലാം പുരോഗമിച്ചുകൊണ്ടിരിക്കുന്നത്? ഇതിനോടു ഭൂമിക്കുള്ള എതിർപ്പും പ്രതിഷേധവുമെല്ലാം നാൾക്കുനാൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു.

ഓരോ വർഷവും ലഭിക്കുന്ന മഴയുടെ അളവ് കുറഞ്ഞുവരുന്നു. ഈ സ്ഥിതി തുടർന്നാൽ കേരളം അധിവാസയോഗ്യമല്ലാതാകും. പ്രകൃതി സംരക്ഷണത്തിനായി സഭാതലത്തിൽ നമുക്ക് ഉണർന്ന് പ്രവർത്തിക്കാം

എത്രയോ രാജ്യങ്ങൾ ആവശ്യത്തിനു മഴകിട്ടാതെ രൂക്ഷമായ ജലക്ഷാമം മൂലം നശിച്ചുകൊണ്ടിരിക്കുന്നു. ആവശ്യത്തിന് മഴ കിട്ടാതെ പോയാൽ കുടിവെള്ളത്തിനും വൈദ്യുതിക്കും മാത്രമല്ല മുട്ടുണ്ടാവുക. കൃഷിനാശവും പട്ടിണിയും ഒക്കെയാവും അതിന്റെ ഭവിഷ്യത്തുകൾ. നമ്മുടെയും സർവ്വ ജീവജാലങ്ങളുടെയും ജീവിതം തന്നെ ഇതുമൂലം അപകടത്തിലാകും. വനങ്ങളെല്ലാം വെട്ടി നശിപ്പിക്കുമ്പോൾ അതിന്റെ ഭവിഷ്യത്തുകളെപ്പറ്റി നാം ആലോചിക്കാറില്ല. കാലവർഷം കിട്ടാതെ പോയാൽ അതു മൂലം ഉണ്ടാകാവുന്ന കെടുതികളെപ്പറ്റി നാം ചിന്തിക്കാറില്ല.

എത്രയോ മോശമായ കാലവർഷമാണ് ഈ പ്രാവശ്യം നമുക്കു ലഭിച്ചത്. തുലാവർഷവും കാര്യമായിട്ട് കിട്ടിയില്ല. ഓരോ വർഷവും കിട്ടുന്ന മഴയുടെ അളവു കുറഞ്ഞുകുറഞ്ഞു വരുന്നു. കേരളം മാത്രമല്ല, തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളെല്ലാം രൂക്ഷമായ ജലക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഈ സ്ഥിതി തുടർന്നാൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കൻ പകുതി മുഴുവനായും അധിവാസയോഗ്യമല്ലാതായിത്തീരുവാൻ ഇനി അധികം കാലതാമസം വേണ്ടിവരില്ല. നദികൾ ഒന്നൊന്നായി വറ്റിക്കൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ ഇരമ്പിപ്പാഞ്ഞുകൊണ്ടിരുന്ന നീർച്ചാലുകൾ പലതും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. അവ ഒന്നും ഇന്നു കാണുന്നില്ല. ഭൂമിയുടെ അധോഭോഗങ്ങളിലെ ജലനിരപ്പ് നാൾക്കുനാൾ താഴ്ന്നുകൊണ്ടിരിക്കുന്നു. സസ്യലതാദികൾ നശിച്ചുകൊണ്ടിരിക്കുന്നു. പക്ഷികളും മൃഗങ്ങളും പിന്നെ നാമും എല്ലാം അധികം താമസിയാതെ ആ വഴി തന്നെ പോകേണ്ടിവരും.

വിവേകബുദ്ധിയുള്ള മനുഷ്യൻ ഇതേപ്പറ്റി ജാഗരൂകനാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ക്രിസ്തീയസഭകൾക്ക് ഈ കാര്യത്തിൽ മുൻകയ്യെടുത്ത് പ്രവർത്തിക്കേണ്ട കടമയുണ്ട്. സഭാതലവന്മാർ കല്പനകൾ പുറപ്പെടുവിച്ച് എല്ലാ പള്ളികളിലും മഴയ്ക്കു വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തേണ്ടതാണ്. വ്യക്തികളായും കുടുംബങ്ങളായും സമൂഹങ്ങളായും ഇടവകകളായും – അല്ല, സഭാതലത്തിൽ തന്നെ സംഘടിതമായി നാം മഴയ്ക്കു വേണ്ടി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഓർത്തഡോക്സ് സഭ ഈ കാര്യത്തിൽ മറ്റു സഭകൾക്ക് ഒരു മാതൃകയായി പ്രവർത്തിക്കാം.

പ്രാർത്ഥനമാത്രം പോരാ, പ്രവർത്തനം കൂടെ വേണം. പ്രവൃത്തിയുടെ പിൻതാങ്ങലില്ലാത്ത പ്രാർത്ഥന അർത്ഥശൂന്യമത്രെ. നാം നശിപ്പിക്കുന്ന വനങ്ങൾ വീണ്ടും നട്ടുവളർത്തുവാൻ നാം കടപ്പെട്ടവരാണ്. നമ്മുടെ ഗ്രഹമായ ഭൂമിയോടും അതിന്റെ സ്രഷ്ടാവായ ദൈവത്തോടും നമുക്ക് ഈ കടപ്പാടുണ്ട്. വെട്ടുന്ന മരങ്ങൾക്കു പകരം വേറെ മരങ്ങൾ നടുവാൻ ശ്രദ്ധിക്കണം. നമ്മുടെ പരിസരങ്ങളിൽ സസ്യലതാദികളും വൃക്ഷങ്ങളും നട്ടുവളർത്തേണ്ട കടമ നമുക്കുണ്ട്. ഈ സംരംഭത്തിന് നേതൃത്വം നൽകുവാൻ പ്രാദേശിക കമ്മിറ്റികൾ ഉണ്ടാകണം. പഞ്ചായത്തുകൾ വേണ്ട നടപടികൾ സ്വീകരിക്കണം. ഹരിതമായ ചുറ്റുപാടുകൾ നാം നമുക്കായി സൃഷ്ടിക്കണം. സംഘടിതമായ പരിശ്രമത്തിലൂടെ മാത്രമേ നശിച്ചുകൊണ്ടിരിക്കുന്ന ഈ ഭൂമിയെ നാശത്തിൽനിന്നും കരകയറ്റുവാൻ നമുക്കു സാധിക്കുകയുള്ളു. വ്യക്തികളായും സമൂഹങ്ങളായും പ്രാർത്ഥനയോടെ നമുക്ക് ഈ സംരംഭത്തിനു തുടക്കമിടാം. ദൈവം നമ്മെ അനുഗ്രഹിച്ചു വഴി നടത്തട്ടെ. പ്രാർത്ഥനയോടനുബന്ധിച്ചുള്ള പ്രവർത്തന പരിപാടികളും നാം ഉടൻതന്നെ ആസൂത്രണം ചെയ്യണം. എല്ലാവരും കണ്ണുതുറന്ന് കാണേണ്ട ഒരു നീറുന്ന പ്രശ്നമായി മഴയുടെ അഭാവം നമ്മെ അഭിമുഖീകരിക്കുന്നു. എല്ലാ കണ്ണുകളും തുറക്കപ്പെടട്ടെ! ഉറങ്ങുന്നവരെല്ലാംവരും ഉണരട്ടെ!

GM

പക്ഷേ കുഞ്ഞാടിന്റെ രക്തം പുരണ്ട കട്ടളയുള്ള വീട്ടിൽ ആദ്യജാതന്റെ സംഹാരം നടന്നില്ല. ഈ വലിയ ദിനത്തിന്റെ ഓർമ്മയ്ക്കായ് പെസഹ പെരുനാൾ യഹൂദർ ഉത്സവമായി ആചരിച്ചിരുന്നു.

ഇവിടെ പെസഹാ ദിനത്തിൽ അറക്കപ്പെട്ട കുഞ്ഞാടിന്റെ ചിത്രം പുതിയനിയമത്തിലെ ക്രിസ്തുവിന്റെ നിഴലാണ്. കുഞ്ഞാടിന്റെ രക്തം യിസ്രയേൽ മക്കളെ മരണത്തിൽനിന്ന് രക്ഷിച്ചു. ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവർക്ക് നിത്യജീവൻ അവൻ വാഗ്ദത്തം ചെയ്തു. ക്രിസ്തു തന്റെ ജീവൻ യാഗമാക്കുകയും, അവന്റെ രക്തത്താൽ സാത്താന്റെ അടിമയിൽനിന്ന് മനുഷ്യനെ വീണ്ടെടുക്കുകയും ചെയ്തു. "പെസഹാ ദിനത്തിൽ പെസഹാ കുഞ്ഞാട് അറുക്കപ്പെടുന്ന നാഴികയിൽ പുതിയനിയമ പെസഹായിൽ ക്രിസ്തുവാകുന്ന കുഞ്ഞാട് അറുക്കപ്പെട്ടു. കാൽവറിയിലെ യാഗം പഴയനിയമ കുഞ്ഞാടിന്റെ അറുക്കൽ സമയത്തായിരുന്നു. കുഞ്ഞാടിന്റെ രക്തം കണ്ട് സംഹാരദൂതൻ കടന്നുപോയതുപോലെ ക്രിസ്തുവിന്റെ രക്തം കണ്ട് സാത്താൻ മനുഷ്യജാതിയെ വിട്ട് ഓടിപ്പോകുന്നു എന്നതാണ് പുതിയനിയമ ചിന്തയുടെ അടിസ്ഥാനം. ഈ പെസഹാ കുഞ്ഞാട് ക്രിസ്തുവിന്റെ നിഴലാണ്. "നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു തന്നെ" (1 കൊരി 5:8). ഊനമില്ലാത്ത ഈ കുഞ്ഞാടിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുകയും, തിന്മയിൽനിന്ന് വീണ്ടെടുക്കുകയും ചെയ്യും.

പെസഹായിൽ അറുക്കപ്പെടുന്ന കുഞ്ഞാട്

ക്രിസ്തു എന്ന കുഞ്ഞാടിന്റെ ചിത്രം

പഴയനിയമ ചിന്തയുടെ നിഴലായും പുതിയനിയമത്തിൽ പൊരുളായും അവതരിക്കുമ്പോൾ കുഞ്ഞാട് എന്ന ചിന്ത ക്രിസ്തുവിനെ നമ്മുടെ മുമ്പിൽ അനുഭവവേദ്യമാക്കുന്നു. മരുഭൂമിയിലേക്ക് എല്ലാ ശാപവും പേറി യാത്രയാകുന്ന ആടും, മോറിയാമലയിൽ അറുക്കപ്പെട്ട കുഞ്ഞാടും പെസഹായിൽ അറുക്കപ്പെട്ട കുഞ്ഞാടും ക്രിസ്തുവിന്റെ നിഴലായി നാം പഴയനിയമത്തിൽ ദർശിക്കുന്നു. "ലോകത്തിന്റെ പാപത്തെ വഹിക്കുന്ന കുഞ്ഞാടായ" ക്രിസ്തുവിനെപ്പറ്റി പുസ്തകച്ചുരുളിൽ എഴുതിയിരിക്കുന്നത് ഈ ചിന്തയിലൂടെ പൊരുളായി നാം കാണുന്നു. ഈ ചിന്തയുടെ വെളിപ്പെടുത്തലാണ് യോഹന്നാൻ സ്നാപകനിലൂടെ ദൈവം ചെയ്യുന്നത്. "കുഞ്ഞാടിന്റെ" യാഗവും രക്തവും നമ്മെ ശുദ്ധീകരിക്കുന്നതോടൊപ്പം പഴയനിയമത്തിന്റെ ദൃശ്യാവിഷ്കാരമായി നമ്മുടെ മുമ്പിൽ വെളിപ്പെടുന്നു. പഴയനിയമം പുതിയനിയമത്തിന്റെ നിഴലായും പുതിയനിയമം പഴയനിയമത്തിന്റെ പൊരുളായും നമുക്ക് വെളിപ്പെടുമ്പോൾ "കുഞ്ഞാടായ ലോകരക്ഷകൻ" നമ്മുടെ വഴികാട്ടിയായി എന്നും നിലനിൽക്കുന്നു. ആ സത്യവെളിച്ചം എന്നും വഴികാട്ടിയായിരിക്കട്ടെ.

GM

വി കുർബാന: ഒരു പഠനം

IÀ¯ mhn-sâ cmw hch

■ പ്രൊഫ. തോമസ് പി വർഗ്ഗീസ്



വിശുദ്ധ കുർബാന
അനുഭവിക്കുമ്പോൾ

വി കുർബാനയിൽ ധൂപപ്രാർത്ഥനയുടെ സമയത്ത് നാലാം കുക്കലിയോനു (മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ...) മുമ്പ് പട്ടക്കാരൻ പടിഞ്ഞാറോട്ട് വന്ന് "എന്റെ സഹോദരരും എന്റെ വാത്സല്യഭാജനങ്ങളുമെ, എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ"എന്നു പറഞ്ഞ് കൈമലർത്തി ശുബ്ക്കോനോ ചോദിക്കുന്നു. വിശ്വാസികൾ തങ്ങളുടെ കൈകൾ പുരോഹിതനു നേർക്ക് മലർത്തി പ്രതിയാചനം ചെയ്യുന്നു. തുടർന്ന് തിരശ്ശീല ഇടുന്നു.

ഇപ്പോൾ തിരശ്ശീല ഇടുന്നതിന്റെ അർത്ഥം എന്താണ്?

(1) സ്വർഗ്ഗാരോഹണത്തിനു ശേഷം കർത്താവ് അദൃശ്യനായി എന്നതിനെ സൂചിപ്പിക്കുവാൻ

(2) സഭ കർത്താവിന്റെ രണ്ടാം വരവിനു വേണ്ടി കാത്തിരിക്കുന്ന കാലത്തെ സൂചിപ്പിക്കുവാൻ

(3) കാലാന്തരത്തിൽ കർത്താവിന്റെ വരവിനു മുൻപ് സൂര്യചന്ദ്രന്മാരുടെ പ്രകാശം ഇരുണ്ടുപോകുമെന്നതിനെ സൂചിപ്പിക്കുവാൻ. "ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും." മത്തായി 24:29.

മറ ഇട്ടതിനു ശേഷം നടക്കുന്ന ശുശ്രൂഷകൾ എന്തെല്ലാം

മറ ഇട്ടശേഷം പട്ടക്കാരൻ ദർഗ്ഗായ്ക്കു താഴെ ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തി വി കുർബാന അനുഭവിക്കുന്നതിനുള്ള യോഗ്യതയ്ക്കായി ഇപ്രകാരം രഹസ്യ പ്രാർത്ഥന നടത്തുന്നു "എന്റെ കർത്താവേ! വിശുദ്ധിയോടെ നിന്നെ ഭക്ഷിപ്പാൻ എന്നെ യോഗ്യനാക്കേണമെ! നിന്റെ വിശുദ്ധ ശരീരം അനുഭവിക്കുന്നതു മൂലം എന്റെ ദുർവികാരങ്ങൾ കെട്ടുപോകേണമെ! ഞങ്ങളുടെ കർത്താവും ദൈവവുമേ! നീ മൂലം കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനും എന്നേക്കും ഞാൻ അർഹനായിത്തീരേണമെ!" തുടർന്ന് പട്ടക്കാരൻ ദർഗ്ഗായിൽ കയറി വി കുർബാന അനുഭവിക്കുന്നു. അതിനു ശേഷമാണ് മദ്ബഹായിൽ സന്നിഹിതരായിരിക്കുന്ന മേൽപ്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ എന്നീ ക്രമത്തിൽ വി കുർബാന നൽകുന്നത്. തുടർന്ന് ശുശ്രൂകന്മാർക്ക് വി കുർബാന നൽകുന്നു. പിന്നീടാണ് വിശ്വാസികൾക്കു വി കുർബാന നൽകുന്നത്.

പട്ടക്കാരൻ ആദ്യം കുർബാന അനുഭവിച്ചതിനു ശേഷം ജനങ്ങൾക്കു നൽകുന്നതിനുള്ള കാരണം എന്ത്?

പട്ടക്കാരൻ ആദ്യം വി കുർബാന അനുഭവിക്കുന്നത് വി കുർബാനയെ സംബന്ധിച്ച് നല്ല സാക്ഷ്യം നൽകുവാനാണ്. പട്ടക്കാരൻ രക്ഷയുടെ അനുഭവത്തിലേക്ക് വന്നിട്ടു വേണം ജനത്തെ നയിക്കുവാൻ.

മദ്ബഹായിൽ ഉള്ളവർ വി കുർബാന അനുഭവിച്ചു കഴിയുമ്പോൾ ശുശ്രൂഷക്കാരൻ ഉച്ചത്തിൽ ഇപ്രകാരം ഉദ്ഘോഷിക്കുന്നു "നാം അട്ടഹസിച്ചു പറയണം". ജനം ഉത്തരമായി "പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനും ആകുന്നു. ആദിമുതൽ തലമുറ തലമുറകൾ വരെയും തനിക്ക് സ്തുതി- ഹാലേലുയ്യാ."

മാലാഖമാരുടെ സ്തുതിപ്പായ 'ഹാലേലുയ്യാ' വി കുർബാനയിൽ പല സ്ഥലത്തും നാം ചൊല്ലുന്നത് ഈ സ്വർഗ്ഗീയ ആരാധനയിൽ വിശ്വാസികളോടും വാങ്ങിപ്പോയ ആത്മാക്കളോടുമൊപ്പം സ്വർഗ്ഗത്തിലെ മാലാഖമാരും സംബന്ധിക്കുന്നുണ്ടെന്നു നമ്മെ ഓർമ്മപ്പെടുത്തുവാനാണ്.

രണ്ടാം വരവ്

തുടർന്ന് മറ മൂന്നാമതും നീക്കുന്നു. ഇപ്പോൾ മറ നീക്കുന്നത് സ്വർഗ്ഗം തുറക്കുന്നതും, കർത്താവിന്റെ രണ്ടാമത്തെ പ്രത്യക്ഷത നടക്കുന്നതും സൂചിപ്പിക്കുന്നു. പട്ടക്കാരൻ വലതുകൈയിൽ പീലാസായും ഇടതുകൈയിൽ കാസായും എടുത്തുകൊണ്ട് വടക്കുവശത്തു കൂടി പടിഞ്ഞാറോട്ട് തിരിഞ്ഞ് "ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനും ഞങ്ങളുടെ വർഗ്ഗത്തിന്റെ നിത്യമായ പുതുക്കത്തിനും വേണ്ടി വരുവാനിരിക്കുന്നവനുമായ ദൈവപുത്രാ! പാപപരിഹാരം നൽകുന്ന നിന്റെ ബലിപീഠത്തിൽ നിന്നു നിന്റെ ദാസർക്കു പാപപരിഹാരം ഇറങ്ങുമാറാകണമെ" എന്നു പ്രാർത്ഥിക്കുന്നു. അതിനു മറുപടിയായി ജനം "ആമ്മീൻ" എന്നു ചൊല്ലുന്നു. തുടർന്ന് പട്ടക്കാരൻ ദർഗ്ഗയിൽ നിന്നുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു "ദൈവമായ കർത്താവേ, കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും, ഞങ്ങളുടെ കർത്താവും ദൈവവുമേ! തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും വേണ്ടി, വലിയേറിയതായ നിന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്ന ഈ നിന്റെ ആരാധകരുടെ സംഘത്തെ അദൃശ്യമായ നിന്റെ വലതുകൈ നീട്ടി വാഴ്ത്തേണമെ," ഉത്തരമായി ജനം "ആമ്മീൻ" എന്നു ചൊല്ലുന്നു. ഇതേത്തുടർന്ന് പട്ടക്കാരൻ ദർഗ്ഗായിൽ നിന്ന് താഴെ ഇറങ്ങി ഇരുകരങ്ങളിലും തിരുശരീരരക്തങ്ങൾ വഹിച്ചുകൊണ്ട് പള്ളിമണികളുടെ അത്യുച്ച നാദത്തോടും, മറുവഹസായുടെ കിലുക്കത്തോടും, പ്രധാനശുശ്രൂക്കാരന്റെ ധൂപാർപ്പണത്തോടും ഇരുവശത്തും കത്തിച്ച മെഴുകുതിരിയേന്തിയ ശുശ്രൂഷക്കാരുടെ അകമ്പടിയോടും കൂടി വലിയ ആഘോഷമായി "വലിയവനും നമ്മുടെ രക്ഷിതാവുമായ യേശു മ്ശിഹായുടെ..... ഇത്യാദി പ്രാർത്ഥനയോടും കൂടി പടിഞ്ഞാറോട്ട് വന്നു ജനത്തിന് അഭിമുഖമായി നിൽക്കുന്നു. തുടർന്ന് പട്ടക്കാരൻ വലതുകൈയ്യിൽ വഹിച്ചിരിക്കുന്ന പീലാസാ ഇടതു കൈയ്യിലുള്ള കാസായുടെ മുകളിൽ "കുരിശാകൃതിയിൽ" പിടിക്കുന്നു.

തിരുശരീരങ്ങളുടെ പടിഞ്ഞാറോട്ടുള്ള ആഘോഷമായ എഴുന്നെള്ളത്ത് എന്തിനെയാണ് സൂചിപ്പിക്കുന്നത്

പടിഞ്ഞാറോട്ടുള്ള ആഘോഷമായ വരവ്, കർത്താവിന്റെ രണ്ടാമത്തെ വരവിനെസൂചിപ്പിക്കുന്നു. തത്സമയത്തെ പള്ളിമണികളുടെ ശബ്ദം രണ്ടാമത്തെ വരവിന്റെ സൂചനയായ കാഹളനാദത്തെയും (1 കൊരി 15:52), ഇരുവശത്തും കത്തിച്ച മെഴുകുതിരിയേന്തിയ ശുശ്രൂഷക്കാരുടെ ഗണം, മാലാഖമാരുടെ അകമ്പടിയെയും (1 തെസ്സ. 4:16), മറുവഹസായുടെ കിലുക്കം, മാലാഖമാരുടെ ചിറകടിയെയും, ശുശ്രൂഷകരുടെ വെള്ള വസ്ത്രം പരിശുദ്ധന്മാരുടെ നിലയങ്കിയെയും, പ്രധാന ശുശ്രൂഷകന്റെ ധൂപാർപ്പണം, വിശ്വാസികളുടെ പ്രാർത്ഥനയും, അപേക്ഷയും ദൈവപ്രസാദത്തിനായി സമർപ്പിക്കുന്നതിനെയും സൂചിപ്പിക്കുന്നു. ഈ സന്ദർഭം വി കുർബാനയിലെ മറ്റൊരു പരമോന്നതാവസ്ഥയാണ്. ആയതിനാൽ നാം അതീവ ഭയഭക്തി ബഹുമാനത്തോടും പാപക്ഷമയാചനയോടും കൂടി വേണം നിൽക്കാൻ.

പട്ടക്കാരൻ പടിഞ്ഞാറോട്ട് വന്നിട്ട് കാസായും പീലാസായും കുരിശാകൃതിയിൽ പിടിക്കുന്നത് എന്തിനാണ്?

കർത്താവിന്റെ കുരിശിലെ ബലിമൂലമാണ് മനുഷ്യവർഗ്ഗത്തിനു രക്ഷയെ നേടിത്തന്നതെന്നും, ഈ വലിയ രക്ഷയെ ഓർത്ത് വിശ്വാസികൾ ദൈവത്തോട് കരുണ യാചിക്കേണ്ട സമയമാണെന്നും ഓർമ്മിപ്പിക്കാനാണ് കാസായും പീലാസായും കുരിശാകൃതിയിൽ പിടിക്കുന്നത്.

തുടർന്ന് ജനങ്ങൾ "ആമ്മീൻ" ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ ...

എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി – ബാറെക് മോർ എന്ന ഗദ്യമോ

"നാഥാ കൃപ ചെയ്തീടണമേ!

....

കൃപ ചെയ്യണമേ നിനക്കു സ്തുതി – ഹാലേലുയ്യാ" എന്ന ഗീതമോ ചൊല്ലുന്നു..

അനന്തരം പട്ടക്കാരൻ "നമ്മുടെ ദൈവമായ മ്ശിഹാ തമ്പുരാന്റെ ......" എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് വിശ്വാസികൾക്ക് വി കുർബാന നൽകുന്നു. (വി യാക്കോബിന്റെ തക്സായിൽ ഈ സമയം വി കുർബാന വിശ്വാസികൾക്ക് നൽകണമെന്നു നിർദ്ദേശിച്ചിരിക്കുന്നു.)

വി കുർബാന ജനത്തിന് നൽകിയതിനുശേഷം കാസായും പീലാസായും കൈകളിൽ ഉയർത്തിക്കൊണ്ട് "ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ നിനക്കു സ്തുതി നിനക്കു സ്തുതി നിനക്കു സ്തുതി ഞങ്ങളുടെ കർത്താവേശുമിശിഹാ! ഞങ്ങൾ ഭക്ഷിച്ച നിന്റെ പരിശുദ്ധ ശരീരവും ഞങ്ങൾ പാനം ചെയ്ത പാപപരിഹാരം നൽകുന്ന നിന്റെ തിരുരക്തവും, ഞങ്ങൾക്കു ശിക്ഷയ്ക്കും പ്രതികാരത്തിനുമായിത്തീരരുതെ, പിന്നെയോ ഞങ്ങളെല്ലാവരുടെയും ജീവനും രക്ഷയ്ക്കുമായിത്തീരേണമെ. ഞങ്ങളെല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്യണമെ"! എന്ന പ്രാർത്ഥന ചൊല്ലുന്നു.

ജനം പ്രതിവാക്യമായി
"ഭൂലോകം നിന്നെ മുട്ടുകുത്തി വന്ദിക്കും.....................................
നിനക്കുള്ള കൃപയെ ഞങ്ങൾ അഭിനന്ദിക്കുകയും ചെയ്യുന്നു"
എന്ന ഗദ്യമോ

അല്ലെങ്കിൽ

ഭൂവാകെ നമിക്കും നിന്നെ
എല്ലാ നാവും സ്തുതിപാടും
കബറടഞ്ഞോർ നൽശരണം നീയെ
മൃതർതന്നുയിർപ്പും നീ തന്നെ... ഹാലേലുയ്യാ എന്ന ഗീതമോ ചൊല്ലുന്നു.

തുടർന്ന് പട്ടക്കാരൻ തെക്കുവശം തിരിഞ്ഞ് കിഴക്കോട്ട് നടന്ന് **വി. രഹസ്യങ്ങൾ ത്രോണോസിൽ ഒന്നിനു മീതെ ഒന്നിനെചുറ്റിക്കൊണ്ട് വയ്ക്കുന്നു. ഇപ്രകാരം ചെയ്യുന്നത് എന്തിന്റെ സൂചനയാണ്?**

സംയോജിപ്പിച്ച രക്തശരീരങ്ങളാണ് ഓർത്തഡോക്സ് സഭ വിശ്വാസികൾക്ക് നൽകുന്നത്.

ഈ സംയോജിപ്പ് മേലുള്ളവരെയും താഴെയുള്ളവരെയും (സ്വർഗ്ഗീയരെയും ഭൗമീകരെയും) യോജിപ്പിച്ചു എന്നും, ആകാശവും ഭൂമിയും ദൈവവാഴ്ചയ്ക്കു കീഴ്പ്പെട്ടു എന്നും സൂചിപ്പിക്കാനാണ് ഒന്നിനുമേൽ ഒന്നു ചുറ്റിക്കൊണ്ട് വയ്ക്കുന്നത്.

പട്ടക്കാരൻ കാസായും പീലാസായുമായി ആഘോഷമായി പടിഞ്ഞാറോട്ടു വരുമ്പോൾ വടക്കുവശത്തുകൂടിയാണ് തിരിയുന്നത്: കാരണം?

വി കുർബാനയിൽ വിശ്വാസികൾക്ക് സമാധാനവും ആശീർവാദവും നൽകുവാൻ പടിഞ്ഞാറോട്ട് തിരിയുന്നത് തെക്കുവശത്തുകൂടിയാണ്. എന്നാൽ വി കുർബാന ആഘോഷമായി പടിഞ്ഞാറോട്ടു കൊണ്ടുവരുമ്പോൾ വടക്കുവശത്തുകൂടിയാണ്, കാരണം, ഓർത്തഡോക്സ് വിശ്വാസപ്രകാരം കിഴക്കു കഴിഞ്ഞാൽ പിന്നെ മുഖ്യസ്ഥാനം വടക്കുവശത്തിനാണ്. മനുഷ്യവർഗ്ഗത്തിനു രക്ഷയെ പ്രദാനം ചെയ്യാൻ ബലിയായി സ്വയം അർപ്പിച്ച ദൈവപുത്രന്റെ സ്ഥാനം, പിതാവാം ദൈവത്തിന്റെ വലതുവശത്താണ്. ഈ വലതിന്റെ അനുഗ്രഹം പ്രാപിപ്പാനാണ് പട്ടക്കാരൻ വടക്കുവശത്തുകൂടി തിരിയുന്നത്.

വി. കുർബാന വിശ്വാസികൾക്കു നൽകേണ്ട ഉചിതമായ സന്ദർഭം എപ്പോഴാണ്?

പട്ടക്കാരൻ വലതുകൈയ്യിൽ പീലാസായും, ഇടതുകൈയ്യിൽ കാസായുമായി ആഘോഷമായി പടിഞ്ഞാട്ട് എഴുന്നെള്ളി, വിശ്വാസികൾക്ക് അഭിമുഖമായി മദ്ബഹായിൽ നിന്നതിനു ശേഷം വിശ്വാസികൾക്ക് വി കുർബാന നൽകുന്നതാണ് ഏറ്റവും ഉചിതമായ സന്ദർഭം. വി യാക്കോബിന്റെ തക്സായിൽ ഇപ്രകാരം ചെയ്യണമെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. കാരണം. വി കുർബാന പടിഞ്ഞാറോടു കൊണ്ടു വരുന്നത് ജനങ്ങൾക്ക് അവ നൽകുവാനായിട്ടാണ് എന്നത് തത്സമയത്തെ പ്രാർത്ഥനകൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിയുമ്പോൾ **"നിന്റെ ദാസർക്കായി പാപപരിഹാരം ഇറങ്ങി വരേണമെ' എന്നും, വിലയേറിയ നിന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്ന ഈ നിന്റെ ആരാധകരുടെ സംഘത്തെ അനുഗ്രഹിക്കുമാറാകണമേ"** എന്നും ചെല്ലുന്നു. എന്നാൽ കിഴക്കോട്ടു തിരിച്ചു കൊണ്ടുപോകുമ്പോൾ **"ഞങ്ങൾ ഭക്ഷിച്ചതായ നിന്റെ വിശുദ്ധ ശരീരവും ഞങ്ങൾ പാനം ചെയ്ത പാപപരിഹാരപ്രദമായ നിന്റെ രക്തവും"** എന്നാണ് ചൊല്ലുന്നത്. എന്നാൽ സൗകര്യത്തെ പ്രതി വി കുർബാന പടിഞ്ഞാറേക്കു ആഘോഷമായി കൊണ്ടുവരുന്നതിനു മുമ്പുതന്നെ വിശ്വാസികൾക്കു കൂടികൊടുക്കുന്ന രീതിയാണ് പല പള്ളികളിലും ഇന്നുള്ളത്. എന്നാൽ മറ്റു ചില പള്ളികളിൽ വി കുർബാന ഏറ്റവും അവസാനം കൊടുക്കുന്ന രീതിയും നിലനിൽക്കുന്നു. ഇത് ശ്ലാഘനീയമല്ല.

വി കുർബാന വിശ്വാസികൾക്ക് നൽകുമ്പോൾ പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥന എന്താണ്? അതിന്റെ അർത്ഥം എന്താണ്?

"നമ്മുടെ ദൈവമായ മ്ശിഹാ തമ്പുരാന്റെ ശരീരരക്തങ്ങളാകുന്ന പാപപരിഹാരപ്രദമായ തീക്കട്ട രണ്ടു ലോകങ്ങളിലും നിത്യമായികടങ്ങളുടെ പരിഹാരത്തിനും, പാപമോചനത്തിനും വേണ്ടി സത്യവിശ്വാസികൾക്കു നൽകപ്പെടുന്നു." പട്ടക്കാരൻ ഇപ്രകാരം പ്രാർത്ഥിച്ചു കഴിയുമ്പോൾ വി കുർബാന അനുഭവിക്കുന്ന വിശ്വാസി "ആമ്മീൻ" എന്നു പറയണം.

നാം വിശുദ്ധ കുർബ്ബാന അനുഭവിക്കുമ്പോൾ നാം കർത്താവിലും കർത്താവ് നമ്മിലും വസിക്കുന്നുവെന്ന ബോദ്ധ്യം വേണം. "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ. 6:56) പിന്നീടുള്ള ജീവിതത്തിൽ ക്രിസ്തു നമ്മിൽ വസിക്കുന്ന അനുഭവത്തിൽ വേണം ജീവിക്കുവാൻ.

വി കുർബാന നൽകുമ്പോൾ പട്ടക്കാരൻ തിരുശരീരം മാത്രമെ നൽകുന്നുള്ളു, അപ്പോൾ തിരുരക്തത്തിന്റെ അനുഭവം വിശ്വാസിക്കു നഷ്ടപ്പെടുന്നില്ലേ എന്നു പലരും ചോദിക്കുന്നു. വിശ്വാസികളുടെ അറിവില്ലായ്മയാണ് ഇതിനു കാരണം. വിശദീകരണം ഇപ്രകാരമാണ്.

കർത്താവ് തിരുശരീരവും തിരുരക്തവും വെവ്വേറെയാണ് ശിഷ്യന്മാർക്ക് നൽകിയത് എന്ന നിലയിൽ അങ്ങനെതന്നെ രണ്ടായി നൽകുന്ന സഭകളുണ്ട്. എന്നാൽ ഓർത്തഡോക്സ് സഭ തിരുശരീരം മുറിച്ച് അതിൽ തിരുരക്തം കലർത്തി നൽകുന്ന രീതിയാണ് പിന്തുടരുന്നത്. (ഈ പ്രക്രിയ നടത്തുന്നത് ഖണ്ഡിപ്പിന്റെ ശുശ്രൂഷാ സമയത്താണ്). ഈ സമയത്തു കർത്താവിന്റെ ക്രൂശുമരണം മാത്രമല്ല ഉയിർപ്പും, സ്വർഗ്ഗാരോഹണവും രണ്ടാമത്തെ വരവും നാം ഓർക്കുന്നു. മരിച്ചുയിർത്ത ക്രിസ്തുവിന്റെ ശരീരം നാം ഭക്ഷിക്കുന്നു എന്ന നിലയിലാണ് തിരുരക്തം കലർത്തിയ തിരുശരീരം ഭക്ഷിക്കുന്നത്. ശരീരത്തിൽ രക്തവും രക്തത്തിൽ ശരീരവും ഉണ്ട്. ഇതിൽ ഏത് അനുഭവിച്ചാലും വികുർബാനയുടെ പൂർണ്ണതയായി എന്നാൽ കട്ടിയായ ഭക്ഷണം ഇറക്കുവാൻ പ്രയാസമുള്ള ശിശുക്കൾക്ക് കാസായിൽനിന്നു, തിരുശരീരം കലർത്തിയ തിരുരക്തവും, പ്രായമുള്ളവർക്കു പീലാസായിൽ നിന്നു, തിരുരക്തം കലർത്തിയ തിരുശരീരവും നൽകുന്നു.

ഒന്നുകൂടി വിശദീകരിച്ചാൽ ഓർത്തഡോക്സ് സഭ വി കുർബാന വിശ്വാസികൾക്ക് നൽകുന്നത് രക്ത-ശരീരങ്ങൾ സംയോജിപ്പിച്ചാണ്. വി ഖണ്ഡിപ്പിന്റെ വിവരണ സമയത്ത് അത് കുരിശിലെ തിരുയാഗത്തിന്റെ സന്ദർഭമാണെന്ന് പറഞ്ഞിരുന്നല്ലോ. പീലാസയിലെ വസ്തു ഖണ്ഡം ഖണ്ഡമായി മുറിച്ച് (വേർപെടാതെ) കർത്താവിന്റെ തിരുശരീരം അത്രേപ്രകാരം നുറുക്കപ്പെട്ടു എന്നു സ്ഥാപിക്കുകയും നുറുക്കപ്പെട്ട ശരീരത്തിൽ രക്തത്തിന്റെ സാന്നിദ്ധ്യം ഉണ്ട് എന്ന അർത്ഥത്തിൽ കാസായിൽ നിന്ന് കലർത്തുകയും ചെയ്യുന്നു (Fraction and Co-mixture എന്ന് ഈ ശുശ്രൂഷയെ പറയുന്നു). അങ്ങനെ കലർത്തപ്പെട്ട തിരുവസ്തുക്കൾ ആണ് പുരോഹിതൻ അനുഭവിക്കുന്നതും വിശ്വാസികൾക്ക് നൽകുന്നതും. അന്ത്യ അത്താഴത്തിൽ കർത്താവ് വെവ്വേറെ ആണ് അത് നൽകിയതെങ്കിൽ താൻ ശാരീരികമായി സന്നിഹിതനായിരുന്നപ്പോൾ ആണ് അത് ചെയ്തത് എന്ന് ഓർക്കണം. നമ്മുടെ കുർബാനയിൽ തന്റെ ശാരീരികസാന്നിദ്ധ്യം അവിടെ ഇല്ലാതിരിക്കെ വെവ്വേറെ നൽകുന്നത് സഭ അനുവദിക്കുന്നില്ല. ജീവനുള്ള ശരീരം രക്തപങ്കിലമായിരിക്കും. മൃതശരീരത്തിൽ ആണ് മാംസവും രക്തവും വെവ്വേറെ ആയിപോകുന്നത്. (മൃതമായ ശരീരം മുറിച്ചാൽ രക്തപ്രവാഹം കാണുകയില്ലല്ലോ). "ജീവന്റെ ശരീരം" നൽകപ്പെടുമ്പോൾ മാസവും രക്തവും ചേർന്നിരിക്കും. അത് അർത്ഥപൂർണ്ണമായിരിക്കും.

(തുടരും) GM

വി. വേദപുസ്തകം: സഭാ വിശ്വാസത്തിനാധാരം

▪ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത

യേശുക്രിസ്തുവിന്റെ ഏകസഭയിൽ നിന്ന് ധാരാളം ഭാഗങ്ങളും ഉപവിഭാഗങ്ങളും മനുഷ്യന്റെ പ്രവൃത്തികൊണ്ട് മുറിച്ച് മാറ്റപ്പെട്ടിട്ടുണ്ട്. ഇതിന് പല കാരണങ്ങൾ പറയാമെങ്കിലും സഭയുടെ വിശ്വാസാചാരങ്ങളുടെ അടിസ്ഥാനം എന്താണെന്നതിനെക്കുറിച്ചുള്ള അഭിപ്രായ ഭിന്നതയാണ് ഒരു പ്രധാന കാരണം. പല അഭിപ്രായങ്ങൾ ഇത് സംബന്ധിച്ചുണ്ടെങ്കിലും മൂന്ന് പ്രധാന ചിന്തകൾ പ്രാബല്യത്തിലുള്ളത് ഇവിടെ കുറിക്കുന്നു.

1) വേദപുസ്തകം മാത്രം (Sola Scriptura)

ഇത് പ്രൊട്ടസ്റ്റന്റുകാരുടെ ആശയമാണ്. പ്രത്യേകിച്ച്, പെന്തക്കോസ്തുകാരും അതുപോലെയുള്ള സെക്ടേറിയൻ സംഘടനകളും ഈ ആശയത്തിൽ ഉറച്ചുനിൽക്കുന്നു. ഈ ചിന്താഗതിക്ക് പ്രത്യക്ഷത്തിൽ എന്തെങ്കിലും തെറ്റുണ്ടെന്നു പറയുവാൻ സാദ്ധ്യമല്ല. എന്നാൽ, ഇതിനെ വിശകലനം നടത്തുമ്പോൾ ചില അപകടങ്ങൾ ഈ ചിന്താഗതിയിൽ ഒളിഞ്ഞിരുപ്പുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. ചില പ്രധാന തെറ്റുകൾ ചൂണ്ടിക്കാണിക്കാം.

ആദിമസഭയിൽ വേദപുസ്തകം ഇന്നു കാണുന്ന രീതിയിൽ പൂർണ്ണമായും ഇല്ലാതിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. വേദപുസ്തകമായിട്ട് പഴയനിയമം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പുതിയനിയമ പുസ്തകങ്ങൾ ഏകദേശം എ.ഡി 60 എങ്കിലും ആയ ശേഷമാണ് എഴുതപ്പെട്ടു തുടങ്ങിയത്. കർത്താവിന്റെ രണ്ടാമത്തെ വരവ് ഉടൻ ഉണ്ടാകുമെന്ന് എല്ലാവരും കരുതിയിരുന്നതുകൊണ്ട് ആരും ഒന്നും എഴുതിവയ്ക്കുവാൻ ശ്രമിച്ചില്ല. എന്നാൽ കർത്താവിന്റെ രണ്ടാമത്തെ വരവ് താമസിക്കുകയും കർത്താവിനെ കണ്ടിട്ടുള്ളവർ ഓരോരുത്തരായി മൺമറയുകയും ചെയ്തപ്പോൾ തങ്ങൾ മനസ്സിലാക്കിയ ജീവന്റെ സുവിശേഷം പിൻ തലമുറയ്ക്ക് കൂടി പ്രയോജനപ്പെടണമെന്ന് പുതിയനിയമ എഴുത്തുകാർ മനസ്സിലാക്കി അങ്ങനെയാണ് പുതിയനിയമ ഗ്രന്ഥങ്ങൾ എഴുതിതുടങ്ങിയത്. ചുരുക്കത്തിൽ വേദപുസ്തകം പൂർണ്ണമായും ഇല്ലാതിരുന്ന കാലഘട്ടത്തിൽ സഭ ജീവിച്ചിരുന്നു എന്ന് 'വേദപുസ്തകം മാത്രം' എന്ന ചിന്താഗതിക്കാർ മനസ്സിലാക്കുന്നില്ല! അന്ന് പരിശുദ്ധാത്മാവ് നടത്തി എന്ന മറുപടി ആണ് പറയുന്നതെങ്കിൽ ഇന്നും അതു മതിയല്ലോ? വേദപുസ്തകം എഴുതണമെന്ന നിർബന്ധമില്ലല്ലോ എന്ന മറുചോദ്യത്തിന് ഉത്തരം പറയേണ്ടതായി വരും! ഇത് പ്രൊട്ടസ്റ്റന്റുകാർ വ്യക്തമാക്കണം.

> **വേദപുസ്തകം പൂർണ്ണമായും ഇല്ലാതിരുന്ന കാലഘട്ടത്തിൽ സഭ സജീവമായിരുന്നു**

ഇന്നു ലഭിച്ചിരിക്കുന്ന വേദപുസ്തകം പൂർണ്ണമല്ലെന്ന് അത് തുറന്ന് വെളിപ്പെടുത്തുന്നുണ്ട്. കർത്താവിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും എഴുതിയിട്ടില്ലെന്നു വേദപുസ്തകം തന്നെ സാക്ഷിക്കുന്നു. "യേശു ചെയ്ത മറ്റു പലതും ഉണ്ട്; അത് ഓരോന്നായി എഴുതിയാൽ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ല എന്ന് ഞാൻ നിരൂപിക്കുന്നു" (യോഹ. 21:25). നിങ്ങൾക്ക് എഴുതുവാൻ പലതും ഉണ്ട്: എങ്കിലും കടലാസ്സിലും മഷികൊണ്ടും എഴുതുവാൻ എനിക്കു മനസ്സില്ല. നിങ്ങളുടെ സന്തോഷം പൂർണ്ണമാകേണ്ടതിന് നിങ്ങളുടെ അടുക്കൽ വന്ന് മുഖാമുഖമായി സംസാരിപ്പാൻ ഞാൻ ആശിക്കുന്നു" (2 യോഹ.12,13). "ഇനിയും പല കാര്യങ്ങൾ നിങ്ങളോട് പറവാനുണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും" (യോഹ. 16:12). കർത്താവു പറഞ്ഞതും ചെയ്തതുമായ പല കാര്യങ്ങൾ വി വേദപുസ്തകത്തിലില്ലാത്തതുകൊണ്ട് അവയെല്ലാം തെറ്റാണെന്നോ നമുക്കാവശ്യമില്ല എന്നോ 'വേദപുസ്തകം മാത്രം' എന്ന ചിന്താഗതിക്കാർക്ക് പറയാൻ പറ്റുമോ? പറ്റുമെങ്കിൽ അവർ കർത്താവിന്റെ പൂർണ്ണതയെ ചോദ്യം ചെയ്യുന്നു എന്നർത്ഥം.

കൂടാതെ പഴയനിയമപുസ്തകങ്ങളിൽ കാണാത്ത പല കാര്യങ്ങളും പുതിയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവ പഴയനിയമ കാലത്ത് നടന്നവയുമാണ്. അവ എവിടെ നിന്നു വന്നു എന്നതു 'വേദപുസ്തകം മാത്രം' എന്ന ചിന്താഗതിക്കാർക്ക് എങ്ങനെ പറയാൻ കഴിയും? യൂദാ. 9,14; ഗലാ. 3:19 എന്നിവ വായിക്കുക. 'വേദപുസ്തകം മാത്രം' എന്നു പറയുന്നവർ വേദപുസ്തകത്തിലെ എല്ലാ വാക്യങ്ങളുടെയും അർത്ഥം ഒരുപോലെ ഉൾക്കൊള്ളുവാൻ ശ്രമിക്കാത്തത് എന്തുകൊണ്ടാണ്? ആർക്കും മീട്ടാവുന്ന ഒരു വീണയായി വേദപുസ്തകത്തെ ഇങ്ങനെയുള്ളവർ കാണുന്നതുകൊണ്ട് ഓരോരുത്തരും അവരവർക്കിഷ്ടമുള്ളതുപോലെ വേദഭാഗങ്ങൾ അവയുടെ സന്ദർഭത്തിൽനിന്നടർത്തി മാറ്റി വ്യാഖ്യാനിക്കുന്നു. അതുകൊണ്ട് സെക്ടേറിയൻ സഭകളുടെ എണ്ണം വർദ്ധിക്കുന്നു എന്നല്ലാതെ എന്താണ് പ്രയോജനം? പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്ന ഒരു വാക്കു കൂടി പറഞ്ഞാൽ സംഗതി എളുപ്പമായല്ലോ? സഭാജീവിതവും സാഹചര്യവും മനുഷ്യന്റെ പരിമിതിയും പരിശുദ്ധാത്മ പ്രേരണയും ഒത്തുചേർന്നുള്ള അനുഭവത്തിലാണ് വി വേദപുസ്തകഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് എഴുതപ്പെട്ട അതേ അനുഭവത്തിൽ നിന്നുകൊണ്ട് വേദപുസ്തക വ്യാഖ്യാനം നടത്തുവാൻ ഇക്കൂട്ടർക്കു കഴിഞ്ഞാൽ സഭയിൽ ഭിന്നതയുണ്ടാവുകയില്ല.

2) വിവേദപുസ്തകവും പാരമ്പര്യവും

ഇത് റോമൻ കത്തോലിക്കാ സഭയുടെ ചിന്താഗതിയാണ്. ഇതിന് ഒറ്റനോട്ടത്തിൽ വലിയ കുഴപ്പമില്ലെങ്കിലും വേദപുസ്തകത്തെയും പാരമ്പര്യത്തെയും രണ്ട് വ്യത്യസ്ത ധ്രുവങ്ങളിൽ നിർത്തി ചിന്തിക്കുവാൻ മുതിരാനുള്ള സാദ്ധ്യതയുണ്ട്. ഉദാഹരണത്തിന് റോമൻ കത്തോലിക്കാസഭയുടെ ചില വിശ്വാസപ്രഖ്യാപനങ്ങൾക്ക് വിവേദപുസ്തകത്തോടും മറ്റു ചിലതിന് സഭാ പാരമ്പര്യത്തോടും പുലബന്ധം പോലുമില്ലാത്തവയാണ്. **കന്യകമറിയാമിന്റെ അമലോൽഭവ സിദ്ധാന്തം റോമാസഭയുടെ വിശ്വാസപ്രഖ്യാപനമാണ്. അതിന് വേദപുസ്തകത്തിൽ യാതൊരു തെളിവുമില്ല എന്നത് വ്യക്തമാണ്.** ഏതോ ഒരു സഭാപിതാവ് അമലോൽഭവ സിദ്ധാന്തം ശരിവച്ചിട്ടുണ്ട് എന്നതുകൊണ്ട് സഭയുടെ അടിസ്ഥാനപ്രമാണമായി അതിനെ സ്വീകരിക്കാം എന്ന റോമാസഭയുടെ നിലപാടിനെ എങ്ങനെ ന്യായീകരിക്കുവാനാകും? അതുകൊണ്ട് വേദപുസ്തകവും പാരമ്പര്യവും എന്നു പറയുന്നവർ രണ്ടും തമ്മിലുള്ള അഭേദ്യബന്ധം കൂടി എടുത്തു കാട്ടേണ്ടിയിരിക്കുന്നു.

3) വി. വേദപുസ്തകം പ്രധാനഘടകമായിരിക്കുന്ന പാരമ്പര്യം

ഓർത്തഡോക്സ് സഭയുടെ ചിന്താഗതിയാണിത്. ഇവിടെ സഭയുടെ വിശ്വാസത്തിനാധാരം വി വേദപുസ്തകമെന്നോ പാരമ്പര്യമെന്നോ പറഞ്ഞാൽ മതിയാകും. **വേദപുസ്തകം പാരമ്പര്യത്തിൽ നിന്ന് അന്യമാകുകയില്ല, പാരമ്പര്യം വേദപുസ്തകം കൂടാതെ നിലനിൽക്കുന്നതുമില്ല.** സഭയിൽ വാമൊഴിയായും എഴുതപ്പെട്ടും പാരമ്പര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പാരമ്പര്യങ്ങൾ വി വേദപുസ്തക സത്യങ്ങളോട് ഐക്യപ്പെടുത്തുമ്പോൾ അത് പാരമ്പര്യമായി മാറും. ഈ പാരമ്പര്യം സഭയുടെ വിശ്വാസത്തിന് ആധാരമാണ്. ചുരുക്കത്തിൽ വിവേദപുസ്തകം എന്നുപറയുമ്പോൾ അതുൾക്കൊള്ളുന്ന പാരമ്പര്യത്തെയും, പാരമ്പര്യം എന്നുപറയുമ്പോൾ അതിന്റെ പ്രധാനഘടകമായ വേദപുസ്തകത്തെയും മാറ്റി നിർത്തരുത് എന്ന് ഓർത്തഡോക്സ് സഭ അനുശാസിക്കുന്നു. സഭയിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന വിശ്വാസസത്യങ്ങളും സഭയിലെ ആചാരാനുഷ്ഠാനങ്ങളും സഭയുടെ ചരിത്രത്തിൽ ഉണ്ടായതാണ്. അവ പാരമ്പര്യത്തിന്റെ വിവിധ ഘടകങ്ങളാണ്. എന്നാൽ അവയ്ക്ക് വിവേദപുസ്തക സത്യങ്ങളോട് ബന്ധമില്ലെങ്കിൽ പാരമ്പര്യം എന്ന് അവയെ വിളിക്കുവാൻ പറ്റുകയില്ല. ശരിയായ സഭാജീവിതം നയിക്കുവാൻ വേദപുസ്തകത്തിന് പുറമേ, വേദസത്യത്തിലധിഷ്ഠിതമായ പാരമ്പര്യങ്ങളും ആവശ്യമാണ്. ഇത് രണ്ടും വേർപെടുത്തി ചിന്തിക്കുമ്പോഴാണ് സഭയിൽ വിശ്വാസം സംബന്ധിച്ച പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

ഓർത്തഡോക്സ് സഭയിൽ പാരമ്പര്യം സഭാജീവിതത്തെ അതിന്റെ ആകെത്തുകയിൽ പ്രതിനിധീകരിക്കുന്നു. ദൈവം അനുസ്യൂതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഭയിൽ ദൈവം തന്നെ വെളിപ്പെടുത്തി തന്നിട്ടുള്ള വേദപുസ്തക സത്യങ്ങൾക്കനുയോജ്യമായി കാലാനുസൃതമായ പാരമ്പര്യങ്ങൾ തുടർന്നുപോകുവാൻ എന്നും സഭ സജീവമായിരിക്കുന്നു. **സഭയിലെ സജീവ പാരമ്പര്യത്തിന്റെ കേന്ദ്രസ്ഥാനം വി. വേദപുസ്തകം തന്നെയാണ്.** സഭയുടെ പാരമ്പര്യത്തിന്റെ വിവിധ ഭാഗങ്ങളായ ആരാധന, വിശ്വാസപ്രമാണം, കൂദാശകൾ, പ്രബോധനങ്ങൾ, അനുഷ്ഠാനങ്ങൾ, ഐക്കണുകൾ തുടങ്ങി എല്ലാം തന്നെ വി വേദപുസ്തക വെളിച്ചത്തിൽ ഉള്ളവയാണ്. വേദാനുസരണമല്ലാത്ത ഒന്നും സഭ സ്വീകരിക്കുവാൻ പാടില്ല.

> **പാരമ്പര്യത്തിൽ നിന്ന് വേദപുസ്തകത്തെ മാറ്റി നിർത്തരുത്**

ചുരുക്കത്തിൽ, പാരമ്പര്യം യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായ സഭയുടെ ജീവനാണ്. അതിൽ സുപ്രധാനഘടകമായ വിവേദപുസ്തകവും മറ്റു പാരമ്പര്യ ഘടകങ്ങളും തമ്മിൽ പൊരുത്തക്കേടുകളില്ല. ഉണ്ടാകുവാൻ പാടില്ല! വേദപുസ്തകത്തെ ശരിയായി വ്യാഖ്യാനിക്കുവാനും മനസ്സിലാക്കുവാനും പാരമ്പര്യം അനിവാര്യമായിരിക്കുന്നതുപോലെ ഓരോ പ്രത്യേക പാരമ്പര്യത്തിന്റെയും സ്ഥാനവും ആവശ്യകതയും നിർണ്ണയിക്കുവാൻ വേദപുസ്തകം അത്യാവശ്യമാണ്. GM

മലങ്കരസഭയ്ക്ക് ഒരു വേദപുസ്തകം?

■ ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

പരിശുദ്ധാത്മനിവേശിതമായി രചിക്കപ്പെട്ട ഏതാനും പുസ്തകങ്ങളുടെ ഒരു സമുച്ചയമാണല്ലോ വി. വേദപുസ്തകം. ഏതൊക്കെ പുസ്തകങ്ങളാണ് വി. വേദപുസ്തകത്തിൽ ഇടംപിടിക്കേണ്ടത് എന്ന് നമ്മുടെ പൂർവ പിതാക്കന്മാർ കൂടിയിരുന്ന് പരിശുദ്ധാത്മ നിയോഗപ്രകാരം നിശ്ചയിച്ചു എന്ന് നാം വിശ്വസിക്കുന്നു. കഴിഞ്ഞ ഒന്നോ രണ്ടോ ശതകങ്ങൾക്കകത്താണ് മലങ്കരയിലെ ഭവനങ്ങളിൽ മലയാളഭാഷയിലുള്ള വി. വേദപുസ്തകം എത്തിച്ചേർന്നത്. നാലോ അഞ്ചോ തലമുറകൾക്കു മുൻപ് നമ്മുടെ കുടുംബങ്ങളിൽ വി. വേദപുസ്തകം അത്രയൊന്നും പ്രചാരം നേടിയിരുന്നില്ല എന്നതാണ് സത്യം.

വി. വേദപുസ്തക സാന്നിദ്ധ്യം മലങ്കരയിൽ

വി. വേദപുസ്തകം എന്നായിരിക്കും മലങ്കരയിൽ ആദ്യമായി എത്തിയിരിക്കുക? എ.ഡി 52 ൽ മാർ തോമാ ശ്ലീഹാ ഇവിടെ വന്നപ്പോൾ വി. മത്തായിശ്ലീഹ അരമായ ഭാഷയിൽ എഴുതിയ സുവിശേഷം കൊണ്ടുവന്നിരുന്നു എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ വി. മത്തായിയുടെ സുവിശേഷം രചിക്കപ്പെട്ടത് എ.ഡി 57-63 കാലഘട്ടത്തിലായിരുന്നു എന്ന പണ്ഡിതമതം സ്വീകരിച്ചാൽ ഇത് ശരിയാകുവാൻ നിവൃത്തിയില്ലല്ലോ. അതേസമയം ഈ സുവിശേഷ രചന എ.ഡി 37 ൽ ആയിരുന്നു എന്ന അഭിപ്രായവും നിലനിൽക്കുന്നുണ്ട്. ഇത് അത്രകണ്ട് ശരിയാവാൻ സാധ്യതയില്ലതാനും. ഏതായാലും വി. മത്തായിയുടെ സുവിശേഷത്തിന്റെ പ്രതി മലങ്കരയിൽ കണ്ടിരുന്നതായി പുരാതനചരിത്രകാരന്മാർ പറയുന്നുണ്ട്. വാണിജ്യാവശ്യങ്ങൾക്കും മറ്റും ഇവിടെ വന്നിട്ടുള്ള ജൂതന്മാരോ മറ്റു പരദേശികളോ ക്നായി ത്തൊമ്മന്റെ സംഘമോ ഇതുകൊണ്ടുവന്നിരിക്കുവാൻ സാധ്യതയുണ്ട്. അത് എന്തായാലും ഈ സുവിശേഷത്തിന്റെ പ്രതി പ്രചരിപ്പിക്കുവാൻ യാതൊരു ശ്രമങ്ങളും അന്നൊന്നും നടന്നിരുന്നില്ല എന്നതാണ് വാസ്തവം. അതായത് ഇന്നത്തെ നമ്മുടെ സ്വഭാവം തന്നെ നമ്മുടെ പൂർവ്വിക പിതാക്കളും വച്ചുപുലർത്തിയിരുന്നു എന്നർത്ഥം.

വി. വേദപുസ്തകം മലയാളഭാഷയിലേക്ക്

ആദ്യമായി മലയാളഭാഷയിലേക്ക് വി. വേദപുസ്തകം ഭാഗികമായിട്ടാണെങ്കിൽ പോലും ഭാഷാന്തരം ചെയ്തത് നമ്മുടെ സഭയിലെ കായംകുളം ഫിലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് ശെമ്മാശനും (പിന്നീട് ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ) ചേർന്ന് ആയിരുന്നു എന്നത് അഭിമാനത്തോടെ നമ്മൾ ഓർമ്മിക്കുന്നു. 1811 ൽ ആണ് ബോംബെയിലെ കൂറിയർ പ്രസിൽ നാലു സുവിശേഷങ്ങൾ മലയാളഭാഷയിൽ അച്ചടിച്ചത്. വളരെ ആവേശത്തോടെ ഇതിന്റെ ദ്വിശതാബ്ദി നമ്മൾ ആഘോഷിച്ചത് ആരും മറന്നിട്ടുണ്ടാവില്ല, ഈ ആഘോഷത്തിന്റെ ആവേശത്തിലും 1811 ൽ സംഭവിച്ച സുവിശേഷ പ്രസിദ്ധീകരണത്തിന്റെ തുടർ പ്രവർത്തനത്തിന് നാം വിമുഖരാണല്ലോ എന്ന സത്യം ലജ്ജാകരമാണെന്നു പറയാതെ നിവൃത്തിയില്ല. എം.ജി.ഒ.സി.എസ്.എമ്മിന്റെ താൽപര്യപ്രകാരം നമ്മുടേതായി ഒരു വി. വേദപുസ്തകം ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുവാൻ ചില ശ്രമങ്ങൾ നടക്കുന്നതായി കേൾക്കുന്നുണ്ടെങ്കിലും അത്തരം ശ്രമങ്ങൾ ഇന്ന് എവിടെ എത്തിനിൽക്കുന്നുവെന്നു പൊതുവേ ആർക്കും നിശ്ചയമില്ല. എങ്കിലും അധികം താമസം കൂടാതെ അത് പൂർത്തീകരിക്കപ്പെടും എന്ന് ആശിക്കുകയാണ്.

1811 ൽ നമ്മുടെ സഭയിലെ രണ്ട് വൈദികസ്ഥാനികളുടെ ഉത്സാഹഫലമായി വി. വേദപുസ്തകം ഭാഗികമായി മലയാളഭാഷയിലേക്ക് ഭാഷാന്തരം ചെയ്യുകയും നൂറു കോപ്പികൾ പള്ളികൾക്ക് വിതരണം നടത്തുകയും ചെയ്തുവെങ്കിലും സുവിശേഷങ്ങൾക്കപ്പുറം ഈ അഭ്യാസം നീങ്ങിയില്ല. എന്നുതന്നെയുമല്ല, ഈ നൂറു കോപ്പികൾക്കപ്പുറം അച്ചടിപ്പിക്കുവാനുള്ള ഉത്സാഹവും ഉണ്ടായില്ല. പിന്നീട് അപ്പോസ്തോല പ്രവൃത്തികൾ മലയാളത്തിലാക്കി എന്നു പറയപ്പെടുന്നുണ്ട്. ഇവിടെ ഒരു കാര്യം കൂടെ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവിടത്തെ ഭാഷാന്തരത്തിനു പ്രേരകമായത് അന്ന് മലങ്കരയിൽ വന്നു തുടങ്ങിയ ആംഗ്ലിക്കൻ മിഷനറിമാരുടെ ഉത്സാഹമായിരുന്നു. ബുക്കാനൻ സായിപ്പിനെപ്പോലുള്ളവരുടെ പ്രോത്സാഹനം ഇതിനു പിന്നിൽ ചാലകശക്തിയായി പ്രവർത്തിച്ചിരുന്നു. എന്നാൽ ക്രമേണ ആംഗ്ലിക്കൻ മിഷനറിമാർ കൂടുതലായി ഇവിടേക്കു വന്നു തുടങ്ങുകയും ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ വേദപുസ്തകം ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുകയും എല്ലാ ഭവനങ്ങളിലും വി. വേദപുസ്കം എത്തിക്കത്തക്കവണ്ണം ധാരാളമായി അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തു. ആംഗ്ലിക്കൻ മിഷനറിമാരുടെ നേതൃത്വത്തിൽ ബൈബിൾ സൊസൈറ്റി നടത്തിയ ഭാഷാന്തരം ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കായിരുന്നുവെങ്കിൽ കായങ്കുളം ഫിലിപ്പോസ് റമ്പാന്റെ ഭാഷാന്തരം സുറിയാനിയിൽനിന്നായിരുന്നു. അതെന്തായാലും മലങ്കരസഭയുടെ ഉത്സാഹക്കുറവ് മനസ്സിലാക്കിയ ബൈബിൾ സൊസൈറ്റി അവരുടെ വി. വേദപുസ്തകം വ്യാപകമായി പ്രചരിപ്പിക്കുന്നതിൽ വിജയിച്ചു. ഇതുതന്നെയാണ് 'ശരിയായ' വി. വേദപുസ്തകം എന്ന ധാരണ ഇവിടെ പ്രബലപ്പെടുകയും ചെയ്തു.

ബൈബിൾ സൊസൈറ്റിയുടെ വി. വേദപുസ്തകം പ്രചരിപ്പിക്കപ്പെടുന്ന കാലത്ത് ഇവിടെ റോമൻ കത്തോലിക്കാ സഭ ഒരു പ്രത്യേക വിഭാഗമായി മാറിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. അവരുടെ വൈദിക നേതൃത്വം ആംഗ്ലിക്കൻ മിഷനറിമാരുടെ വി. വേദപുസ്തകത്തിലെ ഭാഷ, ഘടന മുതലായവയിൽ പൊരുത്തക്കേടുകൾ കണ്ടെത്തുകയുണ്ടായി ഇതിന് ഒരു പരിഹാരം എന്നവണ്ണം അവർ 'ലാറ്റിൻ വൾഗേറ്റ്' എന്ന ലാറ്റിൻ വേദപുസ്തകം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തു. ഇങ്ങനെ ഭാഷാന്തരം ചെയ്യപ്പെട്ട വി. വേദപുസ്തകമാണ് പി.ഒ.സി ബൈബിൾ എന്ന് അറിയപ്പെടുന്നതും നമ്മളിൽ ചിലരെങ്കിലും 'കാത്തലിക് ബൈബിൾ' എന്നു വിളിക്കുന്നതുമായ പുസ്തകം. ബൈബിൾ സൊസൈറ്റിയുടെ വേദപുസ്തകവുമായി പി.ഒ.സി ബൈബിളിനുള്ള ഒരു വലിയ വ്യത്യാസം അവയിൽ അടങ്ങിയിരിക്കുന്ന പുസ്തകങ്ങളുടെ എണ്ണമാണ്. ബൈബിൾ സൊസൈറ്റി 66 പുസ്തകങ്ങളിൽ വി. വേദപുസ്തകത്തെ പരിമിതപ്പെടുത്തുമ്പോൾ പി.ഒ.സി ബൈബിൾ 73 പുസ്തകങ്ങളുടെ സമുച്ചയമാണ്. കത്തോലിക്കാ സഭയുടേതന്നെ 'ഓശാന' ബൈബിളിലും 73 പുസ്തകങ്ങളാണുള്ളത്. ഇവിടെ നാം ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന സംഗതി കൂടെയുണ്ട്. വന്ദ്യ കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ പശ്ശിത്താ സുറിയാനിയിൽനിന്ന് വി. വേദപുസ്തകം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിക്കുകയുണ്ടായി ഇത് 1994 ൽ ആയിരുന്നു. 'വിശുദ്ധഗ്രന്ഥം' എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ഈ വേദപുസ്തകത്തിലും 73 പുസ്തകങ്ങൾ ഉണ്ട്. നമ്മുടെ സഭയിലെ ധാരാളം അയ്മേനികളും വൈദികരും 'വിശുദ്ധഗ്രന്ഥം' ഉപയോഗിക്കുന്നുണ്ട്.

വേദരത്നം
കായംകുളം ഫിലിപ്പോസ് റമ്പാൻ

ഓർത്തഡോക്സ് ആഗോള നിലപാട്

മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്ന സംഗതികളിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. വിവിധ സഭകൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്ന വേദപുസ്തകങ്ങൾക്ക് ഐക്യരൂപം ഇല്ല. പുസ്തകങ്ങളുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ട്. ഭാഷാന്തരം ചെയ്യുകവഴി സംവേദനം ചെയ്യപ്പെടുന്ന ആശയങ്ങളിൽ പോലും വ്യത്യസ്തത അഥവാ പൊരുത്തക്കേടുകൾ ഉണ്ട്. ആംഗ്ലിക്കൻ അഥവാ പ്രൊട്ടസ്റ്റന്റ് വേദപുസ്തകവും കാത്തലിക് വേദപുസ്കവും ഇങ്ങനെ പരസ്പരം വൈരുദ്ധ്യങ്ങൾ വച്ചു പുലർത്തുന്നുവെങ്കിൽ ഓർത്തഡോക്സ് സഭകളുടെ നിലപാട് എന്താണ്? കണിയാമ്പറമ്പിൽ അച്ചന്റെ 'വിശുദ്ധഗ്രന്ഥം' ഓർത്തഡോക്സ്, പൗരസ്ത്യ നിലപാടുകൾക്ക് അനുയോജ്യമാണോ?

ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണമെങ്കിൽ വേദപുസ്തകം രൂപീകൃതമായി വികാസം പ്രാപിച്ച ചരിത്രപശ്ചാത്തലം കൂടെ മനസ്സിലാക്കേണ്ടതുണ്ട്. പുതിയനിയമ ഗ്രന്ഥങ്ങൾ വിരചിതമായത് ക്രിസ്തുവിനു ശേഷമാണ് എന്നത് തർക്കമില്ലാത്ത വസ്തുതയാണല്ലോ. പുതിയനിയമത്തിൽ 27 പുസ്തകങ്ങൾ എന്നതും എല്ലാവരും അംഗീകരിക്കുന്നതു തന്നെയാണ്. എങ്കിലും ഘടനാപരമായ വൈരുദ്ധ്യങ്ങൾ വഴി ആശയങ്ങൾക്ക് പൊരുത്തക്കേടുകൾ ബാധിച്ചിരിക്കുന്നു എന്നൊരു സത്യം ഇവിടെ നിലനിൽക്കുന്നുണ്ട്. അതിനെപ്പറ്റി പുറകേ ചർച്ച ചെയ്യാം.

യഹൂദന്മാരുടെ ന്യായപ്രമാണ ഗ്രന്ഥങ്ങളാണ് പഴയനിയമത്തിനു തുടക്കം കുറിച്ചത്. ഇവയത്രയും എബ്രായഭാഷയിൽ രചിക്കപ്പെട്ടിരുന്നു. മോശെയുടെ പഞ്ചഗ്രന്ഥങ്ങൾക്കു പുറമേ പ്രവചനങ്ങളും സങ്കീർത്തനങ്ങളും ശലോമോന്റെ പുസ്തകങ്ങളും രൂത്ത്, ഇയ്യോബ്, എസ്ഥേർ ഇത്യാദി ഏതാനും ഗ്രന്ഥങ്ങളും ചേർന്നുള്ള 39 ഗ്രന്ഥങ്ങളുടെ ഒരു

സമുച്ചയം യഹൂദരുടെ ഇടയിൽ നിലനിന്നിരുന്നു. ഇതിനോടൊപ്പം വായിക്കുവാൻ ഈ 39 നു പുറമേ മറ്റു ചില ഗ്രന്ഥങ്ങൾ കൂടി അന്നു നിലവിലുണ്ടായിരുന്നു. ക്രിസ്തുവിനു മുമ്പ്, 39 ഗ്രന്ഥങ്ങൾ മാത്രം എന്ന് ഒരു കർശന നിലപാട് ഉണ്ടായിരുന്നില്ല എന്നു ശ്രദ്ധിക്കണം. യഹൂദർ അന്ന് ഒരു വേദപുസ്തക കാനോൻ രൂപീകരിച്ചിരുന്നില്ല. ബാബിലോൺ പ്രവാസത്തിനു ശേഷം യഹൂദർക്ക് അവരെ ഭരിക്കുവാൻ ഒരു രാജാവ് ഉണ്ടായില്ല എന്ന വസ്തുത നമുക്ക് അറിയാം. ബിസി മൂന്നാം ശതകത്തിലോ അതിനു മുമ്പോ ആയി യവന അധികാരികളും റോമൻ അധികാരികളും യഹൂദർക്കു മേൽ ആധിപത്യം സ്ഥാപിച്ചുതുടങ്ങിയിരുന്നു. ചെറുപ്പക്കാരായ യഹൂദർക്ക് യവനസംസ്കാരം വളരെ ആകർഷകമായി തോന്നുകയും യവനമായാമോഹങ്ങൾക്ക് അവരിൽ പലരും അടിപ്പെട്ടുപോകുകയും ചെയ്തു. ക്രമേണ ചെറുപ്പക്കാർ എബ്രായ ഭാഷ മറക്കുകയും യവനഭാഷയിൽ പ്രാവീണ്യം നേടുകയും ഉണ്ടായി അങ്ങനെയുള്ള സാഹചര്യത്തിൽ ന്യായപ്രമാണ വായനയും പഠനവും അന്യമായിപ്പോകരുതെന്ന ലക്ഷ്യം മുൻനിർത്തി ന്യായപ്രമാണ ഗ്രന്ഥങ്ങൾ എബ്രായ ഭാഷയിൽ നിന്ന് യവനഭാഷയിലേക്ക് ഭാഷാന്തരം ചെയ്തു. 70 യവനപണ്ഡിതന്മാർ ചേർന്നാണ് ഈ പ്രക്രിയ നിർവ്വഹിച്ചതെന്നതിനാൽ ഈ പുസ്തകത്തെ 'സെപ്റ്റുവജിന്റ്' എന്നു വിളിച്ചുതുടങ്ങി ഇവിടെ ഏറ്റവും ശ്രദ്ധേയമായ സംഗതി സെപ്റ്റുവജിന്റിൽ 39 പുസ്തകങ്ങളിൽ കൂടുതൽ ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തിയിരുന്നു എന്നതാണ്. ഈ 'അധിക' പുസ്തകങ്ങൾ തോബിത്, യൂദിത്ത്, മഹാജ്ഞാനം, ബാറാസീറ അഥവാ പ്രഭാഷകൻ, ബാറൂക്ക്, എസ്ദ്ര, ഹാനോക്ക്, മക്കാബിയർ ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നിവയായിരുന്നു. ഈ പുസ്തകങ്ങൾ എല്ലാംതന്നെ അന്ന് പ്രചാരം നേടിയവ ആയിരുന്നു എന്ന് ഓർക്കണം.

ക്രിസ്തുവർഷം ആരംഭിച്ചതോടെ എബ്രായഭാഷയുടെ ദൈനംദിന ഉപയോഗം വളരെ കുറയുകയും ആ ഭാഷയിലുള്ള ന്യായപ്രമാണഗ്രന്ഥങ്ങൾ വായനകൾക്ക് കാര്യമായി ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായി യേശുക്രിസ്തുവും ശിഷ്യന്മാരും സെപ്റ്റുവജിന്റ് ഉപയോഗിച്ചിരുന്നു എന്നാണ് കരുതപ്പെടുന്നത്. ഇതിന് ഒന്നു രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കട്ടെ. യൂദായുടെ ലേഖനം 15-ാം വാക്യം ശ്രദ്ധിക്കുക, "ഇതാ, കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ കുറ്റകരമായി ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികൾ നിമിത്തവും, കഠിനമായ ആ പാപികൾ, സംസാരിച്ചിട്ടുള്ള എല്ലാ ദുർവാക്കുകൾ നിമിത്തവും അവരെ ശാസിപ്പാനുമായി പതിനായിരക്കണക്കിനു വിശുദ്ധരുമായി വരും." ഈ വാക്യം സെപ്റ്റുവജിന്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹാനോക്ക് പ്രവചനത്തിൽനിന്നുള്ള ഉദ്ധരണിയാണ്. അതുപോലെ എബ്രായലേഖനം 11:35 ശ്രദ്ധിക്കുക, "ചിലർ പീഡകളേറ്റ് മരിച്ചു; അവർ രക്ഷപ്പെടുവാൻ നോക്കിയില്ല; എന്തെന്നാൽ തങ്ങൾക്കു മഹത്തമായ ഒരു പുനരുത്ഥാനം അവർ പ്രതീക്ഷിച്ചു" ഈ വാക്യം സൂചിപ്പിക്കുന്നത് മക്കാബിയരുടെ രണ്ടാം പുസ്തകം 6, 7 അദ്ധ്യായങ്ങളിൽ വിവരിക്കുന്ന ക്രൂര പീഡനങ്ങളെയാണ്. ഇതും സെപ്റ്റുവജിന്റിൽ വായിക്കുവാൻ സാധിക്കുന്നു. ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാവുന്നത് അപ്പോസ്തോലന്മാരും അതുപോലെ ആദിമ സഭയും ഉപയോഗിച്ചിരുന്നത് സെപ്റ്റുവജിന്റ് ആയിരുന്നു എന്നുതന്നെയാണ്.

സെപ്റ്റുവജിന്റിൽ നിന്ന് ലാറ്റിൻ, സുറിയാനി, ഇംഗ്ലീഷ് ഭാഷകളിലേക്ക് ഭാഷാന്തരം ക്രമേണ നടക്കുകയും അങ്ങനെ അതിന്റെ ഉപയോഗം വ്യാപകമാകുകയും ചെയ്തു. എന്നാൽ ക്രിസ്ത്യാനികളുടെ വളർച്ചകണ്ട് യഹൂദർ അവർക്കായി ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി സെപ്റ്റുവജിന്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 'അധിക' പുസ്തകങ്ങളെ അവർ ഉപേക്ഷിച്ചു. ഇതിന്റെ പ്രധാനകാരണം ക്രിസ്ത്യാനികളുമായി വ്യത്യസ്തത ഉണ്ടാകണം എന്നു മാത്രമായിരുന്നത്രെ. ഇതോടെ യഹൂദർ 39 പുസ്തകങ്ങൾ അടങ്ങുന്ന വേദഗ്രന്ഥവും ക്രിസ്ത്യാനികൾ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന സെപ്റ്റുവജിന്റും വ്യാപകമായി ഉപയോഗിച്ചുതുടങ്ങി കത്തോലിക്കാ സഭയുടെ ട്രെൻഡ് (1549) സുന്നഹദോസ് ഇതിന് ഔദ്യോഗിക അംഗീകാരം കൊടുത്തു. ഓർത്തഡോക്സ് സഭകൾ സെപ്റ്റുവജിന്റിൽനിന്നുള്ള ഭാഷാന്തരങ്ങൾ ഔദ്യോഗികമായി തങ്ങളുടെ വായനകൾക്കു ക്രമപ്പെടുത്തുകയും ചെയ്തു. അതോടെ 66 പുസ്തകങ്ങളല്ല തങ്ങളുടെ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നത് എന്ന കാര്യത്തിൽ കത്തോലിക്ക, ഓർത്തഡോക്സ് സഭകൾ യോജിച്ചു. ഈ നിലപാടാണ് ഇന്നും നമ്മുടെ സഭ അംഗീകരിക്കുന്നത്. വി കുർബാനയ്ക്കു മുമ്പുള്ള പഴമ വായനകളിൽ 39 ന് അപ്പുറത്തുള്ള പുസ്തകങ്ങളിലെ വായനകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത് സഭയുടെ വേദവായനക്കുറിപ്പുകൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. സകല വാങ്ങിപ്പോയവരുടെയും ഞായറാഴ്ചയിൽ 2 മക്കാബിയർ 12:38-45, പുതുഞായറിനു ശേഷം ഒന്നാം ഞായറാഴ്ചയിൽ മഹാജ്ഞാനം 1:1-8, സ്ലീബാ പെരുന്നാളിനു ശേഷം രണ്ടാം ഞായറാഴ്ചയിൽ മഹാജ്ഞാനം 6:1-9, ലാസറിന്റെ ശനിയാഴ്ചയിൽ 11: 22-12:5, സ്തേഫാനോസ് സഹദായുടെ ഓർമ്മദിവസം ബാറാസീറാ 50:1-12 ഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

അപ്പോക്രീഫാ/ഡ്യൂട്ടറോ കാനോനിക്കൽ ഗ്രന്ഥങ്ങൾ

യഹൂദാ/എബ്രായ കാനോൻ പ്രകാരം ഉള്ള 39 പുസ്തകങ്ങൾക്കപ്പുറമുള്ള അധിക പുസ്തകങ്ങളെ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ അപ്പോക്രീഫൽ പുസ്തകങ്ങൾ എന്നാണ് വിളിക്കുന്നത്. അപ്പോക്രീഫ എന്ന ഗ്രീക്ക് പദത്തിനർത്ഥം മറഞ്ഞിരിക്കുന്നത്, നിഗൂഢമായത് എന്നൊക്കെയാണ്. നമ്മളിൽ പലരും ഈ പുസ്തകങ്ങളെ അപ്പോക്രീഫ എന്നു പറയുന്നുണ്ട്. അത് ശരിയല്ല. ഈ വിഭാഗത്തിൽ പെടുന്ന പുസ്തകങ്ങളെ 'ഡ്യൂട്ടറോ കാനോനിക്കൽ' എന്നു തന്നെ വിളിക്കണം. മലയാളത്തിൽ ഉത്തര കാനോനികം എന്നോ ഇതര കാനോനികം എന്നോ വിളിക്കാം. ഡ്യൂട്ടറോ കാനോനിക്കൽ എന്ന വാക്കിന്റെ ഉപജ്ഞാതാവ് സിക്സ്റ്റസ് എന്ന വേദശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹം യഹൂദമതത്തിൽനിന്ന് ക്രിസ്തുമതം സ്വീകരിച്ച് കത്തോലിക്കാ സഭയിൽ ചേർന്നു. വേദപുസ്തക ഗ്രന്ഥങ്ങളെക്കുറിച്ച് ധാരാളം പഠനങ്ങൾ നടത്തിയിട്ടുള്ള സിക്സ്റ്റസ് 1566 ൽ ആണ് 'ഡ്യൂട്ടറോ കാനോനിക്കൽ' എന്ന വാക്ക് ഉപയോഗിച്ചു തുടങ്ങിയത്. 'വൈകി മാത്രം കാനോനിക അംഗീകാരം നേടിയത്' എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്.

നവീകരണ പ്രസ്ഥാനത്തിന്റെ 'സംഭാവന'

മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ ഒരു റിഫർമേഷൻ അഥവാ നവീകരണ പ്രസ്ഥാനം രൂപം കൊള്ളുവാനുള്ള സാഹചര്യം, അന്ന് കത്തോലിക്ക സഭയിൽ നിലനിന്നിരുന്ന അർത്ഥരഹിതവും ബുദ്ധിശൂന്യവും ആത്മാവിന് നിരക്കാത്തതുമായ ദുരാചാരങ്ങളായിരുന്നു. ഇതിനെ നീക്കിക്കളയേണ്ടത് ആവശ്യം ആയിരുന്നു എന്ന കാര്യത്തിൽ സംശയം ഒന്നുമില്ല. എന്നാൽ ആ വിധ ദുരാചാരങ്ങളെ ദൂരീകരിക്കുവാൻ മാർട്ടിൻ ലൂഥറും സംഘവും നടത്തിയ പരിശ്രമങ്ങൾ കത്തോലിക്കാ സഭ ചെയ്തുപോരുന്ന സർവ്വവും തെറ്റ് എന്ന നിർഭാഗ്യകരമായ അവസ്ഥയിലാണ് എത്തിപ്പെട്ടത്. കത്തോലിക്കാ സഭ ഉപയോഗിക്കുന്ന വേദപുസ്തകം പോലും തെറ്റ് എന്ന് പ്രചരിപ്പിച്ച് യഹൂദർ ഉപയോഗിക്കുന്ന 39 പുസ്തകങ്ങളുടെ പഴയനിയമത്തിലേക്കാണ് അവർ തിരിച്ചുപോയത്. വി യാക്കോബിന്റെ ലേഖനം 'വെറും ഒരു കച്ചിക്കെട്ട്' എന്നാരോപിച്ച് അതിനെ പുതിയനിയമത്തിൽനിന്നും എടുത്തുകളയുവാൻ പോലും ഇവർ ശ്രമിച്ചു. ഏതായാലും സെപ്റ്റുവജിന്റിലെ അധിക പുസ്തകങ്ങളെ ഇതോടെ ഇക്കൂട്ടർ ഉപേക്ഷിച്ചു. അങ്ങനെയാണ് 66 പുസ്തകങ്ങളുള്ള വേദപുസ്തകം നിലവിൽ വന്നത്. രാഷ്ട്രീയ, സാമ്പത്തിക പിൻബലത്തോടെ ഇതിന് പ്രചാരം ലഭിക്കുകയും ചെയ്തു. ഇതിന്റെ പിന്തുടർച്ചയാണ് ബൈബിൾ സൊസൈറ്റിയുടെ വേദപുസ്തകങ്ങൾ. കത്തോലിക്കർ സെപ്റ്റുവജിന്റിൽ നിന്നും രൂപംകൊണ്ട ലാറ്റിൻ വൾഗേറ്റിൽ ഉറച്ചുനിന്നപ്പോൾ പൗരസ്ത്യ സഭകൾ സുറിയാനി ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട സെപ്റ്റുവജിന്റിനെ തുടർന്നും അംഗീകരിച്ചു.

മലങ്കരസഭയുടെ ഔദ്യോഗിക നിലപാട്

മുകളിൽ പറഞ്ഞിരിക്കുന്നവയിൽനിന്നും നമ്മുടെ സഭ അംഗീകരിക്കുന്നത് സെപ്റ്റുവജന്റിൽ നിന്നും രൂപംകൊണ്ട വി വേദപുസ്തകമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ നിലപാടിൽ നിന്നുകൊണ്ടു തന്നെയാണ് എം.ജി.ഒ.സി.എസ്.എം.-ന്റെ ഉത്സാഹഫലമായി നമ്മൾ ഒരു വേദപുസ്തകം ക്രോഡീകരിച്ചുകൊണ്ടുവരുന്നത്. ഈ വേദപുസ്തകത്തിലെ ഉള്ളടക്കം 66 പുസ്തകങ്ങൾ അല്ല എന്ന് ശ്രദ്ധിക്കണം. ബൈബിൾ സൊസൈറ്റിയുടെ 66 പുസ്തകങ്ങൾ കൂടാതെ തോബിത്, യൂദിത്ത്, മഹാജ്ഞാനം, ബാറാസീറാ, ബാറൂക്ക്, മക്കാബിയർ ഒന്ന്, മക്കാബിയർ രണ്ട് എന്നീ പുസ്തകങ്ങളും ദാനിയേൽ പ്രവചനത്തിലെ അധിക അധ്യായങ്ങളും ഇതിൽ ഉണ്ടായിരിക്കുമെന്നാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്. ഈ പുസ്തകങ്ങളിൽ മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനകളുടെ സാംഗത്യത്തെപ്പറ്റി വ്യക്തമായ പരാമർശനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് 2 മക്കാബിയർ 15:12, 12:43, തോബിത് 4:17 വാക്യങ്ങൾ ശ്രദ്ധിക്കുക. 2 മക്കാബിയർ 12:44, 45 വാക്യങ്ങളിൽ പാപപരിഹാര ബലിയർപ്പണം മൂലം, വാങ്ങിപ്പോയവർക്ക് പാപമോചനം ലഭിക്കും എന്നുകൂടി പറയുന്നുണ്ട്.

ഇതൊക്കെയാണ് സംഗതികൾ എങ്കിലും ഇത്ര നാളുകൾ സെപ്റ്റുവജിന്റിനെ അടിസ്ഥാനമാക്കി ഒരു വേദപുസ്തകം ക്രോഡീകരിക്കുവാൻ നമ്മുടെ സഭയ്ക്ക് കഴിഞ്ഞില്ല എന്നത് സങ്കടകരമാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശ്രമങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കപ്പെടും എന്ന് ആശിക്കുന്നു. എങ്കിൽ മാത്രമേ സമ്പൂർണ്ണമായ വേദപുസ്തകം നമ്മൾ വായിക്കുകയും പഠിക്കുകയും ചെയ്യുന്നു എന്നു നമുക്ക് ആശ്വസിക്കാനാകൂ.

ആശയപരമായ പൊരുത്തക്കേടുകൾ

വിവിധ സഭകൾ ക്രോഡീകരിച്ചു കൊണ്ടുവരുന്ന വേദപുസ്തകങ്ങൾ തമ്മിൽ ആശയപരമായ പൊരുത്തക്കേടുകൾ ഉള്ളതായി

നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. ഒന്നു രണ്ട് ഉദാഹരണങ്ങൾ വായനക്കാരുടെ വിചിന്തനത്തിനായിമാത്രം രേഖപ്പെടുത്തട്ടെ.

(1) 1 കൊരിന്ത്യർ 5:8 ബൈബിൾ സൊസൈറ്റിയുടെ വേദപുസ്തകങ്ങളിൽ ഇങ്ങനെ; "ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയും ആയ പുളിമാവുകൊണ്ടല്ല, സ്വച്ഛതയും സത്യവുമായ **പുളിപ്പില്ലായ്മ** കൊണ്ടുതന്നെ ഉത്സവം ആചരിക്ക."

ഇതേ വാക്യം കണിയാമ്പറമ്പിൽ അച്ചന്റെ 'വിശുദ്ധഗ്രന്ഥ'ത്തിൽ ഇങ്ങനെ; "ആകയാൽ പഴയ പുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയും ആയ പുളിമാവുകൊണ്ടല്ല, പ്രത്യുത നിർമ്മലതയുടെയും വിശുദ്ധിയുടെയും **പുളിമാവു** കൊണ്ട് നമുക്ക് പെരുന്നാൾ ആഘോഷിക്കാം."

പി.ഒ.സി, ഓശാനബൈബിളുകളിലും **പുളിപ്പില്ലായ്മ** എന്ന് പ്രയോഗിച്ചിരിക്കുന്നു. വായനക്കാർ ചിന്തിക്കുക. പൗരസ്ത്യ ആരാധനാക്രമങ്ങളും ചട്ടകളും ഇവിടെ കണിയമ്പറമ്പിൽ അച്ചൻ പരിഗണിച്ചു എന്നു കരുതാം.

(2) അപ്പോസ്തോല പ്രവൃത്തികൾ 3:13,26 എന്നീ വാക്യങ്ങളിൽ കാണുന്നത് ഇങ്ങനെ: എ) "………തന്റെ ***ദാസനായ*** യേശുവിനെ മഹത്വപ്പെടുത്തി"; "നിങ്ങൾക്ക് ആദ്യമെ തന്നെ തന്റെ ***ദാസനായ*** യേശുവിനെ എഴുന്നേൽപ്പിച്ചു…." (ബൈബിൾ സൊസൈറ്റി)

(ബി) "……..തന്റെ പുത്രനായ യേശുവിനെമഹിമപ്പെടുത്തി"; "….. ദൈവം ആദ്യമെ തന്നെ തന്റെ ***പുത്രനെ*** നിയോഗിച്ച് അയച്ചു തന്നു" (വിശുദ്ധഗ്രന്ഥം)

ഒരു കാര്യം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. ആദ്യത്തെ കിങ് ജെയിംസ് വെർഷനിൽ *ദാസൻ* എന്നല്ല, *പുത്രൻ* എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ന്യൂ കിങ് ജെയിംസ് വെർഷൻ പുറത്തിറങ്ങിയപ്പോൾ 'പുത്രൻ' '*ദാസനാ*'യിമാറി രസകരമായ ഒരു പശ്ചാത്തലം ഇവിടെയുണ്ട്. 'ന്യൂ വേൾഡ് ട്രാൻസ്ലേഷൻ' എന്ന് ഒരു വേദപുസ്തകം 'യഹോവാ സാക്ഷികൾ' പുറത്തിറക്കിയിരുന്നു. അതിലാണത്രെ ആദ്യമായി 'പുത്രൻ' '*ദാസനാ*'യി മാറിയത്. ഈ ഭാഗവും വായനക്കാരുടെ ചിന്തയ്ക്കു വിടുന്നു.

സങ്കീർത്തനങ്ങളുടെ ക്രമസംഖ്യ

മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണ വകുപ്പ് പുറത്തിറക്കിക്കൊണ്ടിരിക്കുന്ന സ്ലീബാ-ക്യംതാ, നമസ്കാരവും വി കുർബാന ക്രമവും ചേർന്ന പുസ്തകം ശ്രദ്ധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു കാര്യമുണ്ട്. അതിൽ ചേർത്തിരിക്കുന്ന ചില മസുമുറാകളുടെ സംഖ്യാക്രമം ബൈബിൾ സൊസൈറ്റിയുടെ വേദപുസ്തകങ്ങളിൽനിന്നു വ്യത്യസ്തമാണ്. ഉദാഹരണം: 'ഞാൻ പർവതങ്ങളിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും' എന്ന് ആരംഭിക്കുന്ന 120-ാം മസുമൂർ ബൈബിൾ സൊസൈറ്റിയുടെ വേദപുസ്തകത്തിൽ 121-ാം സങ്കീർത്തനമാണ്. നമസ്കാരങ്ങൾ ഉപയോഗിക്കുന്ന മസുമൂറുകളിൽ മറ്റു ചിലതിനും ഈ വ്യത്യാസം കാണാം. സ്ലീബായുടെ സന്ധ്യാ നമസ്കാര ക്രമത്തിൽ ചേർത്തിരിക്കുന്ന അടിക്കുറിപ്പ് ഇതിനെവ്യക്തമാക്കുന്നുണ്ട്. പ്ശീത്താ സുറിയാനി വേദപുസ്തകത്തിലെ സംഖ്യാ ക്രമമാണ് നമ്മൾ സ്വീകരിച്ചിരിക്കുന്നത് എന്ന് ഈ അടിക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'വിശുദ്ധഗ്രന്ഥ'ത്തിൽ ഇതേ സംഖ്യാക്രമം കാണുവാൻ സാധിക്കും. 114-ാം സങ്കീർത്തനത്തിൽ ഈ വ്യത്യാസം തുടങ്ങുന്നത് 146 വരെ തുടരുന്നു. പ്ശീത്താ വേദപുസ്തകത്തിലെ ഏറ്റവും വലിയ സങ്കീർത്തനം 119 അല്ല, 118 ആണ്. അതുപോലെ ഏറ്റവും ചെറുത് 117 അല്ല, 116 ആണ്.

'വിശുദ്ധഗ്രന്ഥ'ത്തിൽനിന്ന് ചില ഉദ്ധരണികൾ

2 മക്കാബിയർ 12: 43; "മൂവായിരം വെള്ളിപിരിച്ചെടുത്ത് ആ ഹതരായവർക്കു വേണ്ടി പാപപരിഹാരബലി അർപ്പിക്കുവാനായി അദ്ദേഹം അത് യരുശലേമിലേക്ക് അയച്ചുകൊടുത്തു."

2 മക്കാബിയർ 15:12; "…ഹൂനിയാ പുരോഹിതൻ യഹൂദ ജനതയ്ക്കു മുഴുവനുമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ദർശനമാണ് യൂദായ്ക്ക് ഉണ്ടായത്." (ഹൂനിയാ ഇതിനു മുൻപ് വാങ്ങിപ്പോയ ഒരു പുരോഹിതനായിരുന്നു).

ബാറാസീറാ 46:12; "അവരുടെ ഓർമ്മ വാഴ്വിനായിരിക്കട്ടെ; ശൂശാനാ പുഷ്പങ്ങൾ പോലെ അവരുടെ അസ്ഥികൾ നവജീവൻ പുറപ്പെടുവിക്കും."

<u>ഉപസംഹാരം:</u> ഓർത്തഡോക്സ് ആചാരാനുഷ്ഠാനങ്ങൾ വേദപുസ്തകാധിഷ്ഠിതമാണ്. അതിന് യാതൊരു സംശയവും വേണ്ട എന്ന് യേശുക്രിസ്തുവും അപ്പൊസ്തോലൻമാരും ഉപയോഗിച്ചിരുന്ന സെപ്റ്റുവജിന്റ് സാക്ഷിയാകുന്നു. അതിനെ ആധാരമാക്കിയ സത്യവേദപുസ്കം തന്നെയാണ് നാം ഉപയോഗിക്കേണ്ടത്. എം.ജി.ഒ.സി.എസ്.എം.-ന്റെ ശ്രമങ്ങൾ എത്രയും വേഗം ലക്ഷ്യപ്രാപ്തിയിൽ എത്തട്ടെ എന്ന് ആശിക്കുന്നു. അതിന്നായിപ്രാർത്ഥിക്കുന്നു.

(***<u>കുറിപ്പ്:</u>*** *ഫാ. ടി.ജെ. ജോഷ്വയുടെ വേദവിജ്ഞാനി, ചിക്ക് പബ്ലിക്കേഷൻസിന്റെ ഓൺലൈൻ പ്രബന്ധങ്ങൾ, ഡാൻ ബർജറുടെ ഓൺലൈൻ പ്രബന്ധങ്ങൾ, വിക്കിപ്പീഡിയാ ഫ്രീ എൻസൈക്ലോപീഡിയ ഇവയെ ആശ്രയിച്ചിട്ടുണ്ട്.)*

GM

വഴിവിളക്ക്

തിരുഹൃദയചിത്രങ്ങൾ

നമ്മുടെയൊക്കെ ഭവനങ്ങളിൽ വച്ചിരിക്കുന്ന യേശുവിന്റെയോ പരിശുദ്ധ മാതാവിന്റെയോ ചിത്രങ്ങൾ ഒരു തവണ ശ്രദ്ധിച്ചുനോക്കുക. അവയിൽ 'തിരുഹൃദയം' തെളിഞ്ഞു കാണുന്നുണ്ടോ? തീർച്ചയായും, അംഗീകരിക്കേണ്ടിവരും, അത്തരം തിരുഹൃദയ ചിത്രങ്ങൾ നമ്മുടെ ഭിത്തികളിൽ തൂങ്ങുന്നുണ്ട് എന്ന്. എന്നാൽ ഓർത്തഡോക്സ് സഭ ഇത്തരം ചിത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നില്ല എന്നും ഇത്തരം ചിത്രങ്ങൾ ഓർത്തഡോക്സ് അഥവാ പൗരസ്ത്യ സഭകളുടെ വേദശാസ്ത്രനിലപാടുകൾക്കു വിരുദ്ധമാണെന്നും നമ്മൾ പലർക്കും അറിഞ്ഞുകൂടാ. ഇക്കാര്യത്തിൽ നമുക്കുള്ള അറിവില്ലായ്മകൊണ്ട് യേശുവിന്റെയോ മാതാവിന്റെയോ ചിത്രങ്ങൾ വാങ്ങുമ്പോൾ ചിത്രത്തിന് ആകെക്കൂടെയുള്ള ഭംഗിയോ മുഖശ്രീയോ ഒക്കെയാവും ശ്രദ്ധിക്കുക. പക്ഷേ തിരുഹൃദയ ചിത്രങ്ങൾ ഓർത്തഡോക്സ് പഠിപ്പിക്കലുകൾക്ക് നിരക്കുന്നതല്ല എന്ന് ഇനിയെങ്കിലും മനസ്സിലാക്കണം. നമ്മുടെ വിശ്വാസ സംഹിതകളനുസരിച്ച് അവ തെറ്റു തന്നെയാണ്.

തിരുഹൃദയ ചിത്രം പൗരസ്ത്യവേദശാസ്ത്രവിരുദ്ധം

എന്തുകൊണ്ടാണ് ഇത്തരം ചിത്രങ്ങളെ നമ്മുടെ സഭ തെറ്റായി കാണുന്നത്? ഇതിനു കാരണം നമ്മുടെ പിതാക്കന്മാർ ആദികാലം മുതൽ നമുക്കു പഠിപ്പിച്ചു തന്ന വിശ്വാസസത്യങ്ങൾ തന്നെയാണ്. യേശുക്രിസ്തു ഒരേസമയം പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവും ആണ്. യേശുക്രിസ്തുവിലെ മനുഷ്യത്വവും ദൈവത്വവും ഒരിക്കലും ഒന്ന് ഒന്നിൽനിന്ന് വേർതിരിക്കുവാൻ സാധ്യമല്ല. മനുഷ്യത്വവും ദൈവത്വവും വേർതിരിച്ച് പഠിപ്പിച്ചവരെയൊക്കെ വേദവിപരീതികൾ എന്നു കണക്കാക്കിസഭയ്ക്ക് ഇതരരായി നാം പ്രഖ്യാപിച്ചിട്ടുമുണ്ട്. നെസ്തോറിയൻ വേദവിപരീതവും മറ്റും ഈ ദുർവ്യാഖ്യാനത്തിൽ നിന്ന് ഉദ്ഭൂതമായതാണ്. കൽക്കദൂൻ (451) സുന്നഹദോസിനെ നാം എതിർത്തതിന്റെ കാരണവും ഇതു തന്നെ. യേശുക്രിസ്തുവിന്റെയോ മാതാവിന്റെയോ തിരുഹൃദയം എടുത്തുകാണിച്ച് അതിനെ വണങ്ങുമ്പോൾ ഒരു പ്രത്യേക അവയവത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. അപ്പോൾ ക്രിസ്തുവിലെ മനുഷ്യത്വ - ദൈവത്വ സംയോജിപ്പിൽ നിന്ന് ഹൃദയം വേർപെടുന്നു. **നാം ആരാധിക്കേണ്ടത് മനുഷ്യത്വ-ദൈവത്വ സ്വഭാവങ്ങൾ ഒന്നായിനിൽക്കുന്ന ക്രിസ്തുവിനെയാണ്.** അതുകൊണ്ടാണ് തിരുഹൃദയ വണക്കം, ആരാധന മുതലായവ നാം എതിർക്കുന്നത്. തിരുഹൃദയ കേന്ദ്രീകൃത ആരാധന പതിനേഴാം ശതകത്തിലെ ലാറ്റിൻ മതമേധാവിത്വത്തിന്റെ സൃഷ്ടി മാത്രമാണ്. ഇതിൽ വൈകാരികതയ്ക്കാണ് പ്രാധാന്യം എന്നും ഓർക്കുക. തിരുഹൃദയ ആരാധന പ്രോത്സാഹിപ്പിക്കുന്ന കത്തോലിക്കാ സഭ കൽക്കദൂൻ സുന്നഹദോസ് അനുകൂലികൾ ആണെന്നു കൂടിഓർമ്മിക്കുക.

യേശുക്രിസ്തു ഒരേ സമയം പൂർണ്ണമനുഷ്യനും പൂർണ്ണദൈവവും ആണ്. യേശുക്രിസ്തുവിന്റെ മനുഷ്യത്വവും ദൈവത്വവും വേർതിരിക്കാൻ സാധ്യമല്ല

GM

- GJI

NmhpISÂ Xocs¯ NpcpfpIfpw hn. tbmlI¶m³ k\m]I\pw

■ ഫാ. പി. ഫിലിപ്പോസ്



ഇസ്രയേലിലെ "വെസ്റ്റ് ബാങ്ക" എന്നറിയപ്പെടുന്ന വാഡി കുംറാൻ മേഖലയിലെ കിർബറ്റ് കുംറാനിൽ 1947 ഫെബ്രുവരിയിൽ കണ്ടുപിടിച്ചതായ ചുരുളുകൾ അതീവ വിസ്മയകരവും ലോകശ്രദ്ധ പിടിച്ചുപറ്റിയതും ആണ്. 1946 നവംബർ മുതൽ 1956 വരെ അവിടെ നടന്ന പര്യവേഷണങ്ങളിൽ 972 ടെക്സ്റ്റുകൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇവയിൽ ചുരുളുകളായി തന്നെ ഉള്ളവയും അവയിൽ ബഹുഭൂരിപക്ഷവും കാലപ്പഴക്കംകൊണ്ട് കഷണങ്ങളായി തീർന്നവയും ആണ്. തുകലിലും, പാപ്പിറസിലും പിത്തളത്തകിടിലും കണ്ട ചുരുളുകളുടെ കാലം ബിസി 200 മുതൽ എ.ഡി ഒന്നാം നൂറ്റാണ്ടു വരെയെന്നാണ് പണ്ഡിതരുടെ അഭിപ്രായം. ആദ്യ കണ്ടുപിടിത്തം ബെദൂയിൻ ആട്ടിടയനായ മുഹമ്മദ് എദ്ധിബും അവന്റെ കസിൻമാരായ ജുമാ മുഹമ്മദും, ഖലീൽ മൂസായും ചേർന്ന് ആയിരുന്നു. എബ്രായ ഭാഷയിലും ഗ്രീക്കിലും, അരമായയിലും രേഖപ്പെടുത്തപ്പെട്ട ചുരുളുകളെ മൂന്നു ഭാഗമായി തരം തിരിക്കുമ്പോൾ 40% എബ്രായ വേദപുസ്തകത്തിന്റെ ഭാഗങ്ങളുടെ കൈയ്യെഴുത്തു പ്രതികളും 30% ഹാനോക്ക്, ജൂബിലീസ്, തോബിത്ത്, സിറാക്ക്, സങ്കീർത്തനത്തിന്റെ കൂട്ടിചേർത്തവ ഉൾപ്പെട്ട മറ്റ് കൈയ്യെഴുത്തുകളും ശേഷിച്ച 30% ഒരു പ്രത്യേക സമൂഹത്തിന്റെ ഭരണക്രമം, യുദ്ധച്ചുരുൾ, ഹബക്കൂക്കിന്റെ വ്യാഖ്യാനം, അനുഗ്രഹങ്ങളുടെ നിയമം എന്നീ സംഘം വക കൈയ്യെഴുത്തുകളാണ്. 11 ഗുഹകളിൽ നിന്ന് ആദ്യം ലഭിച്ചത് 7 ചുരുളുകൾ ആണ്, പ്രത്യേക ഭരണികളിൽ സൂക്ഷിച്ചിരുന്നവയായി, ജറുശലേമിലെ സെന്റ് മാർക്ക് ആശ്രമ അധിപനായിരുന്ന അന്ത്യോഖ്യൻ സിറിയൻ മെത്രാപ്പോലീത്തായായ ശാമുവേൽ യേശു മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കൈകളിൽ ആണ് ഒരു ചെരുപ്പുകുത്തി 'വിലയില്ലാത്ത' തുകൽ ചുരുൾ എന്ന നിലയിൽ ഉപേക്ഷിച്ച ഈ ചുരുളുകൾ എത്തിച്ചത്. 100 ഡോളറിന് - ഏശായ ചുരുൾ, കമ്യൂണിറ്റിറൂൾ, ഹബക്കൂക്കിന്റെ വ്യാഖ്യാനം, ജനസീസ് അപ്പോക്രിഫോന് എന്നു പണ്ഡിതർ പേരിട്ട 4 ചുരുളുകൾ അദ്ദേഹം വാങ്ങി താമസിയാതെ അമേരിക്കയിൽ 250000 ഡോളറിന് അദ്ദേഹം അത് കച്ചവടം ചെയ്തു! ഇപ്പോഴത്തെ അതിന്റെ ഉടമസ്ഥർ ഗവൺമെന്റ് ഓഫ് ദി സ്റ്റേറ്റ് ഓഫ് ഇസ്രയേലും, ഇസ്രയേലിലെ മ്യൂസിയത്തിന്റെ 'ഷ്രൈൻ ഓഫ് ദി ബുക്ക്' എന്ന സ്ഥലത്ത് ചുരുളുകൾ സൂക്ഷിച്ചിരിക്കുകയാണ്.

Qumran Caves

'കുംറാൻ' ചുരുളുകൾ പഴയനിയമ പുസ്തകങ്ങളുടെ വിശദപഠനത്തിനും, ക്രിസ്തുമതത്തിന്റെ പശ്ചാത്തല പഠനത്തിനും ആരംഭ വിജ്ഞാനത്തിലേക്കു വെളിച്ചം വീശുവാനും ഗണ്യമായ പ്രാധാന്യം നൽകുന്നു. ചുരുളുകളിലെ ചില പ്രധാനഭാഗങ്ങൾക്ക് പുതിയനിയമവുമായുള്ള ശ്രദ്ധാർഹമായ സാദൃശ്യം മനസിലാക്കുമ്പോൾ ഈ കണ്ടെത്തൽ പുതിയനിയമത്തെ സമ്പന്നമാക്കി എന്ന് സ്പഷ്ടമായി പറയാൻ സാധിക്കും. എന്നാൽ ഈ സമാന്തരീകത, ക്രിസ്തുമതം കുംറാനിൽ നിവസിച്ചിരുന്ന ഒരു മരുഭൂ സന്യാസാശ്രമത്തിൽനിന്ന് പിറവി സ്വീകരിച്ച മതമോ, അതോ കുംറാൻ ചുരുളുകളിൽ സൂചിപ്പിക്കപ്പെടുന്ന 'നീതിഗുരു' വിന്റെ പുതിയ ആളത്വമാണോ യേശുക്രിസ്തു എന്ന ചില പണ്ഡിതചിന്തകൾ ക്രിസ്തുമതത്തെ പ്രതികൂലമായി വീക്ഷിക്കുവാൻ പര്യാപ്തമാകുന്നു എന്നും അറിഞ്ഞിരിക്കണം.

കുംറാനിൽ ജീവിച്ചിരുന്ന ആളുകൾ ആര് എന്ന് ചിന്തിക്കുമ്പോൾ ബഹുഭൂരിപക്ഷം പണ്ഡിതരും അഭിപ്രായപ്പെടുന്നത് പുതിയനിയമ കാലത്ത്, ഉണ്ടായിരുന്ന പ്രസിദ്ധിയറ്റ യഹൂദ മതശാഖയായ 'എസ്സനികൾ' ആണ് എന്നാണ്. പുതിയനിയമത്തിൽ എസ്സനികളുടെ കാര്യം ഒന്നും സൂചന ഇല്ലെങ്കിലും യഹൂദ ചരിത്രകാരനായ ജോസിഫസും അലക്സാന്ത്രിയായിലെ ഫിലോയും, പ്ലീനി ദി എൽഡറും ഇവരെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. പ്ലീനി അവരുടെ താമസസ്ഥലം രേഖപ്പെടുത്തിയത്, ചാവുകടലിന്റെ ഉയർച്ചയെ ഭയപ്പെടാതവണ്ണം അതിന്റെ പടിഞ്ഞാറു ഭാഗത്ത് എന്നാണ്. ഇവിടെയാണ് കുംറാൻ പ്രദേശം. 'ഏൻഗെദി എന്ന സ്ഥലം കുംറാനിൽ നിന്ന് 16 മൈലും 'മസദ' വീണ്ടും 10 മൈൽ കൂടി തെക്കുഭാഗത്തും എന്ന് പ്ലീനി വിവരിക്കുന്നു. പ്ലീനി എസ്സനികളെപ്പറ്റി, സമ്പത്ത് ആർജ്ജിക്കാതെ, അവിവാഹിതരായി ജീവിക്കുന്നു എന്നും, അവരുടെ അംഗസംഖ്യ, നിലനിർത്തിയത് സമൂഹത്തിലേക്ക് പുതിയ വ്യക്തികളെ സ്വീകരിച്ച് ആയിരുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കുംറാൻ ആശ്രമക്കാർ ഇതേ രീതിയിൽ ജീവിച്ചവരായതുകൊണ്ട് അവർ എസ്സനികൾ തന്നെ എന്ന് വിശ്വസിക്കാം.

'ബെല്ലം ജുഡയ്കം' 'ആന്റിക്വിറ്റേറ്റസ്' എന്ന ജോസിഫസിന്റെ രേഖകളിൽ എസ്സനികളുടെ ജീവിതവും ക്രമങ്ങളും വിവരിക്കുമ്പോൾ അവ കുംറാൻ സമൂഹവുമായി പൂർണ്ണസാദൃശ്യത്തിലാണ് കാണുന്നത്.

യേശുക്രിസ്തുവിന്റെ മുന്നോടിയായ സ്നാപകയോഹന്നാന്റെ കുംറാൻ സമൂഹവുമായുള്ള ബന്ധമാണ് വളരെ താൽപര്യമുണർത്തുന്ന പഠനം. എന്തായിരുന്നു ആ ബന്ധം? 'എസ്സനിസന്ന്യാസികൾ' എന്ന് പണ്ഡിതമതം വിളിക്കുന്ന ആ സംഘത്തിലെ ഒരംഗം ആയിരുന്നോ അദ്ദേഹം? എങ്ങനെ അവരിൽ ഉൾപ്പെട്ടു? എങ്ങനെ അവരിൽനിന്ന് വിഘടിച്ച് ഇസ്രായേലിലെ പൊതുജീവിതത്തിൽ പ്രത്യക്ഷപ്പെട്ടു? ഇവയൊക്കെ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. വേദപണ്ഡിതർ വളരെ കാലം മുമ്പു മുതലെ സൂചിപ്പിച്ചിട്ടുള്ളതാണ് സ്നാപകൻ അവരിൽ ഒരാൾ ആയിരിക്കാൻ സാദ്ധ്യതയുണ്ട് എന്ന്. ചുരുളുകളുടെ 1947 ലെ കണ്ടെത്തൽ ഈ സൂചനയെ അനിഷേധ്യമായി പിന്താങ്ങുന്നു.

യോഹന്നാന്റെ സ്നാനപ്രക്രിയയുടെ സ്ഥലം ചാവുകടലിലേക്ക് പതിക്കുന്നതിനു മുമ്പുള്ള യോർദ്ദാൻ നദിയും അതിന്റെ പോഷക അരുവികളുമായിരുന്നല്ലോ. വി മത്തായി ആ പ്രദേശത്തെ "യഹൂദ്യ മരുഭൂമി" (3:1) എന്നു വിളിക്കുന്നു. യോർദ്ദാൻ നദീതീരം തന്റെ പ്രവർത്തനമേഖലയായി യോഹന്നാൻ തിരഞ്ഞെടുത്തത് സമീപമായ കുറാൻ വിട്ട സാഹചര്യത്തിലായിരുന്നിരിക്കാം. ഇവർ തമ്മിൽ ഒരു അടുപ്പവും ഇല്ലായിരുന്നു എന്നു പറഞ്ഞാൽ അത് ബുദ്ധിക്ക് അപ്രാപ്യമാണ്. വി ലൂക്കോസ് 3:2 പ്രകാരം "സഖറിയായുടെ പുത്രനായ യോഹന്നാന് "മരുഭൂമിയിൽ വച്ച് ദൈവത്തിന്റെ വെളിപാട് ഉണ്ടായത" എന്നാണ്. "മരുഭൂമി" എന്നത് ഒരു നിശ്ചിത സ്ഥലവും കുംറാൻ സന്ന്യാസിമാർ താമസിച്ച സ്ഥലത്തിന്റെ വിളിപ്പേരും ആയിരുന്നു.

നാലു സുവിശേഷങ്ങളിലും യോഹന്നാൻ സ്നാപകൻ യെശയ്യാ പ്രവാചകന്റെ 40:3 വചനം ഉദ്ഘോഷിച്ച് "മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കാവിത": "കർത്താവിന്റെ വഴി നേരെയാക്കുവിൻ" എന്നു പറയുമ്പോൾ എസ്സനികൾക്ക് നിവാസകേന്ദ്രങ്ങൾ പഠനത്തിനും, ആരാധനയ്ക്കും, പൊതു ആഹാരത്തിനും ഉണ്ടെങ്കിലും അവർ ഏകാന്ത സ്ഥലങ്ങൾ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു, കുംറാൻ ചുരുളുകളിലെ 'മാനുവൽ ഓഫ് ഡിസിപ്ലിൻ' എന്നു വിളിക്കപ്പെടുന്ന ചുരുൾ അനുസരിച്ച്, ദൈവത്തിന്റെ വഴിയൊരുക്കുവാൻ താന്തോന്നികളായ മനുഷ്യരുടെ വാസകേന്ദ്രങ്ങളിൽ നിന്നുമകന്ന് മരുഭൂവാസം പ്രാവർത്തികമാക്കിയിരുന്നു എന്നു കാണുന്നു. സ്നാപകനുമായി കുംറാൻ സമൂഹത്തിനുള്ള ഈ സാദൃശ്യം ആകസ്മികമായ ഒന്നല്ല.

വി യോഹന്നാന്റെ "സർപ്പസന്തതികളെ വരുവാനുള്ള കോപത്തെ ഒഴിഞ്ഞ് പോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചു തന്നത് ആർ" (വി മത്തായി 3:7, വി ലൂക്കോസ് 3:7) ഈ കർക്കശഭാഷ എസ്സനികളുടെ ഭാഷ ആയിരുന്നു. യഹൂദ സമൂഹം തകർന്നടിഞ്ഞു എന്നും, ദൈവജനത്തിന്റെ വിസ്തൃതിയിൽ നിന്നും അന്യമായിപോയി എന്നും എസ്സനികൾ വിശ്വസിച്ചിരുന്നു. കുംറാനിലെ ഒരു ഗീതത്തിൽ (1QH5, 27ff) ഈ സമൂഹത്തിന്റെ എതിരാളികളെ 'കടൽ സർപ്പങ്ങൾ' എന്നും "പൊടിയിൽ ഇഴയുന്നതും, നിയന്ത്രണാതീതവുമായ പാമ്പുകൾ" എന്നും വിളിക്കുന്നുണ്ട്.

സ്നാപകയോഹന്നാന് പൗരോഹിത്യ പാരമ്പര്യമുണ്ട്. വി ലൂക്കോസ് 1:5 പ്രകാരം പിതാവ്, സഖറിയാ അബിയാ ഗണത്തിലെ പുരോഹിതനും, മാതാവ്, ഏലീശ്ബാ അഹരോന്യ പാരമ്പര്യത്തിലെ ഒരു പുത്രിയും ആയിരുന്നു. മാതാപിതാക്കൾ പൗരോഹിത്യ ഗണമായിരുന്നു. പൗരോഹിത്യ ശ്രേണിയിലെ പിൻതലമുറക്കാരായതു

കൊണ്ട് ചുരുളുകളിൽ ഇവർ "സാദോക്കിന്റെ മക്കൾ" എന്നു വിളിക്കപ്പെട്ടിരുന്നു. തന്മൂലം യോഹന്നാന്റെ കുടുംബവും കുംറാൻ സന്ന്യാസിമാരും തമ്മിൽ ഒരു ബന്ധമുണ്ടായിരുന്നുവെന്നു ന്യായമായി ഊഹിക്കാം. ഇരുവരുടെയും പൗരോഹിത്യ പാരമ്പര്യം യഹൂദ സമൂഹത്തിലെ പ്രബല ശാഖകളായിരുന്ന പരീശന്മാരിൽനിന്നും സദൂക്യരിൽനിന്നും അടിസ്ഥാനപരമായി വ്യത്യസ്തപ്പെട്ടിരിക്കാൻ ഇടയാക്കി സ്നാപകനും കുംറാൻ സമൂഹവും ഒരുപോലെ പരീശ-സദൂക്യ വിരുദ്ധ മനോഭാവക്കാരായിരുന്നു. (ചുരുളിലെ ഹബക്കൂക്ക് വ്യാഖ്യാനം 1, 3 അദ്ധ്യായങ്ങൾ, വി മത്തായി 3:7)

സ്നാപകന്റെ അസാധാരണവും, അപരിഷ്കൃതം എന്ന തോന്നലുളവാക്കുന്നതുമായ വേഷവും വരവും ഒരു പരിപൂർണ്ണ സർവ്വസംഗപരിത്യാഗിയുടെ ചിത്രമാണ് നമുക്ക് തരുന്നത്. തപസ്വികളും, യോഗികളും എന്ന സ്വഭാവം ആണ്, കുംറാൻ സന്ന്യാസിമാരുടെ സഹജമായ പ്രത്യേകത. സ്നാപകൻ ഒരു പൂർണ്ണ ബ്രഹ്മചാരി എന്ന് കാണുമ്പോൾ കുംറാൻ സമൂഹത്തിന്റെ ബ്രഹ്മചര്യവ്രതം ഇതോടു ചേർത്ത് താരതമ്യപ്പെടുത്തേണ്ടതാണ്. വി മത്തായി 3:4 ൽ സ്നാപകന്റെ ഭക്ഷണമായ വെട്ടുക്കിളിയും കാട്ടുതേനും, ചുരുളുകളിലെ "ഡമാസ്കസ് ഡോക്യുമെന്റ്" പ്രകാരം കുംറാൻ ഭക്ഷണനിയമങ്ങളിലെ ക്രമം തന്നെയായിരുന്നു. എസ്സനി സന്ന്യാസിമാർ ഉപേക്ഷിച്ചിരുന്ന വീഞ്ഞ്, മാംദാനയ്ക്കും പരിത്യാജ്യമായിരുന്നു.

മശിഹൈക (Messianic) ആശയം വി സ്നാപകനിലും കുംറാൻ സമൂഹത്തിലും ഒരുപോലെ ദൃശ്യമായിരുന്നു. ആവർത്തനപുസ്തകം 18:15,18 ലും മലാഖി പ്രവചനം 4:5,6 ലും മശിഹൈക കാലത്തിനു മുൻപായി ഒരു മശിഹൈക പ്രവാചകൻ വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നുണ്ട്. യേശുവിന്റെ തിരുവചനപ്രകാരം യോഹന്നാൻ, പ്രതീക്ഷിക്കപ്പെടുന്ന ആ പ്രവാചകൻ ആണെന്ന് വ്യക്തമാക്കുന്നുണ്ട്. (വി മത്തായി 11:9-14, 17:12) താൻ ഒരു പ്രവാചകനാണ് എന്ന അവകാശം സ്നാപകൻ നിരസിക്കുന്നെങ്കിലും ആദിമ ക്രൈസ്തവ സമൂഹം അദ്ദേഹം മശിഹാക്ക് മുമ്പ് ആഗതനാകുന്ന മുന്നോടിയായ പ്രവാചകനാണെന്ന് കണ്ടിട്ടുണ്ട് (വി മത്തായി 3:11, വി മർക്കോസ് 1:7, വി ലൂക്കോസ് 3:16, വി യോഹന്നാൻ 1:30), ഈ വേദവാക്യങ്ങൾ തനിക്ക് പിന്നാലെ ബലിഷ്ടനായ ഒരുവൻ വരുന്നുണ്ട് എന്ന് യോഹന്നാൻ ചൂണ്ടിക്കാണിക്കുന്നു. ഇവിടെ കുംറാന്റെ മശിഹാ പ്രതീക്ഷയും യോഹന്നാന്റെ പ്രഖ്യാപനവും ഒന്നായി തന്നെ കാണുന്നു.

Dead Sea Scrolls

യോഹന്നാൻ പ്രസംഗിച്ചത് തനിക്ക് പിന്നാലെ ഉണ്ടായിരുന്ന ഈ വലിയവൻ പരിശുദ്ധാത്മാവ് കൊണ്ടും അഗ്നികൊണ്ടും സ്നാനം കഴിപ്പിക്കും എന്നാണ് (മത്തായി 3:11, മർക്കോസ്, 1:8, ലൂക്കോസ് 3:16സി) മശിഹാ നടത്തുന്ന സ്നാനം ഇതേ രീതിയിൽ പരിശുദ്ധാത്മാവിനാലും അഗ്നിയാലും ആണ് എന്ന് ചുരുളുകളിൽ പ്രതിപാദ്യമുണ്ട്. വി മർക്കോസ് സ്നാനം 'പരിശുദ്ധ ആത്മാവ" കൊണ്ട് എന്നു മാത്രമേ പറയുന്നുള്ളൂ. (1:8). കുംറാൻ ചുരുളുകളിലെ IQS, IV 21 ൽ ദൈവം ഒരു മനുഷ്യനെ, സത്യത്തിന്റെ ആത്മാവിനു വേണ്ടി, ശുദ്ധീകരണജലംകൊണ്ട് തളിക്കും എന്നു പറയുന്നു. വി മർക്കോസിന്റെ, "ആത്മാവ് കൊണ്ടുള്ള തളിപ്പ്" (സ്നാനം) കുംറാൻ ചുരുളിലെ ശുദ്ധീകരണജലംകൊണ്ടുള്ള തളിപ്പിന് സമാനമാണ് (ജലം വി ആത്മാവിന്റെ ഒരടയാളമാണല്ലോ).

'യുഗാന്ത്യം' (Eschatology) വി യോഹന്നാന്റെയും കുംറാൻ സന്ന്യാസിമാരുടെയും ഒരു പൊതു ആശയം ആയിരുന്നു. മശിഹായുടെ അഗ്നികൊണ്ടുള്ള സ്നാനം സ്നാപകൻ പറയുമ്പോൾ കുംറാൻ ചുരുളുകളിലെ 'മാനുവൽ ഓഫ് ഡിസിപ്ലിൻ' (1QH III 28f) ഒരു യുഗാന്ത്യ 'അഗ്നിനദിയെപ്പറ്റി പറയുന്നുണ്ട്. കൂടാതെ യുഗാന്ത്യത്തിൽ സംഭവിക്കുന്ന ന്യായവിധി അടുത്ത് എത്തിയിരിക്കുന്നു എന്നു യോഹന്നാൻ പറയുമ്പോൾ അത് ഗോതമ്പ്, പതിരിൽ നിന്ന് വേർപെടുത്തുന്നതുപോലെ നന്മയിൽനിന്നും തിന്മ വേർപ്പെടുത്തുന്ന അനുഭവവും ആണ് എന്ന് വെളിപ്പെടുത്തുന്നു (വി മത്തായി 3:12). 'ഹബക്കുക്കിന്റെ വ്യാഖ്യാനം' എന്ന് പണ്ഡിതന്മാർ പേരിട്ടിരിക്കുന്ന ചുരുളിൽ 'നീതി ഗുരു'വിന്റെ കാലത്ത്, അന്ത്യകാലത്ത് നല്ലതിനെ, ചീത്തയിൽനിന്ന് വേർതിരിക്കുമെന്നും ആത്മാവിനാൽ വെടിപ്പാക്കുവാനായി ഓരോ മനുഷ്യന്റെയും സകല പ്രവൃത്തികളും ദൈവം തന്റെ സത്യംകൊണ്ട് ശുദ്ധീകരിക്കും (DSD 6:20) എന്നും പറയുന്നു. എസ്സനികൾ നോക്കി പാർത്തിരുന്നത് ദൈവം തിന്മ പ്രവർത്തിക്കുന്നവരെ പാടെ നശിപ്പിക്കുന്നതും വിശുദ്ധ മനുഷ്യർക്ക് പ്രതിഫലം കൊടുക്കുന്ന ഒരു സമയത്തിനായും അത് ഒരു അന്ത്യയുദ്ധത്തിലും അന്ത്യവിജയത്തിലും, അന്ത്യ ന്യായവിധിയിലും ആയിരിക്കും എന്നാണ്. (ഹബക്കുക്ക് വ്യാഖ്യാനം, വാർ സ്ക്രോൾ)

വി യോഹന്നാന്റെ മിശിഹൈക സന്ദേശം, കുംറാൻ സാമൂഹ്യ വേദശാസ്ത്രംപോലെ, പശ്ചാത്താപത്തിന്റെ ആശയം നിറഞ്ഞതായിരുന്നു. ഒരുവൻ ലോകാന്ത്യത്തിന് ഒരുങ്ങാൻ തക്കവണ്ണം പ്രായശ്ചിത്തം നടത്തിയിരിക്കണമെന്നുള്ളത് കുംറാൻ ചുരുളുകളിൽ വളരെ പരിചിതമാണ്. "ഇസ്രയേലിന്റെ പശ്ചാത്താപികൾ" എന്ന് സ്വയം വിശേഷിപ്പിച്ച സാദോക്യ മക്കൾ പശ്ചാത്താപം പ്രസംഗിക്കുകയും, ഒരു പശ്ചാത്താപ സമൂഹം സൃഷ്ടിച്ച് സ്നാനം വഴി സമൂഹത്തിലേക്ക് പ്രവേശനം നൽകുകയും ചെയ്തു. കുംറാൻ സമൂഹവും, വി യോഹന്നാനും സ്നാനത്തിന് നൽകിയ പ്രാധാന്യം, സമാനമാണ്. ശരീര വിശുദ്ധിയും വെടിപ്പും സമൂഹാംഗങ്ങൾക്ക് നിഷ്കർഷിതമായിരുന്നു കുംറാൻ സമൂഹത്തിൽ. പശ്ചാത്താപികൾക്ക് കടലിലോ നദിയിലോ ഉള്ള കഴുകൽ വഴി "വിശുദ്ധ മനുഷ്യരുടെ" ഗണത്തിലേക്ക് പ്രവേശനം സിദ്ധിക്കുവാൻ "മാനുവൽ ഓഫ് ഡിസിപ്ലിൻ" നിർദ്ദേശിക്കുന്നു.

ഇവിടെ സ്നാപകന്റെ നിർബന്ധപൂർവ്വമായ ആവശ്യം മാമോദീസാ സ്വീകരിക്കണമെന്നും, അത് യോർദ്ദാനിൽ നിർവ്വഹിച്ചിരുന്നെന്നും കാണുമ്പോൾ, പശ്ചാത്താപത്തിന്റെ സ്നാനം താൻ നിർവ്വഹിച്ചത്, കുംറാൻ സമൂഹത്തിന്റെ ജലസ്നാനത്താൽ സ്വാധീനിക്കപ്പെട്ടതു വഴിയാണ് എന്ന് പണ്ഡിതന്മാരും പറയുന്നു. എന്നാൽ രണ്ടു കൂട്ടരുടെയും സ്നാനകർമ്മത്തിൽ വ്യക്തമായ അന്തരമുണ്ട്. ഒരിക്കലായിട്ടുള്ള സ്നാനം മാത്രം ((initiation) ആരംഭ കർമ്മമായി യോഹന്നാൻ നിർദ്ദേശിച്ചപ്പോൾ, തുടർച്ചയായ സ്നാനമാണ് കുംറാൻ സമൂഹം ആവശ്യപ്പെടുന്നത്. യോഹന്നാന്റെ സ്നാനം സകലർക്കും പാപപരിഹാരാർത്ഥമായിരുന്നെങ്കിൽ, കുംറാൻ സമൂഹം അത് അവരുടെ അംഗങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരുന്നു.

മേല്പ്പറഞ്ഞ സമാന്തര ആശയങ്ങൾ പരിഗണിക്കുമ്പോൾ യോഹന്നാൻ സ്നാപകനും കുംറാൻ സമൂഹവുമായി ദൃഢതരമായ ഒരു ബന്ധം ഉണ്ടായിരുന്നു എന്നു മനസ്സിലാക്കാം. ഇവിടെ ഉരുത്തിരിയുന്ന ഒരു ചോദ്യം "വി യോഹന്നാൻ ഒരു എസ്സനി സന്ന്യാസി' ആയിരുന്നോ എന്നതാണ്. എങ്കിൽ എങ്ങനെ അവരുമായി യോഹന്നാൻ ബന്ധം സ്ഥാപിച്ചു? അപ്രകാരം അംഗത്വം ലഭിച്ചിരുന്നെങ്കിൽ കുംറാന്റെ കർശനനിഷ്ഠകളിൽ നിന്ന് എപ്രകാരം മാംദാന പിരിഞ്ഞുപോകാൻ ഇടയായി? വേദപണ്ഡിതർക്ക് പല അഭിപ്രായങ്ങൾ ഉണ്ട്. യോഹന്നാൻ ഒരു ബാലകനായി ഇവിടേക്ക് സ്വീകരിക്കപ്പെട്ടതാകാം. യഹൂദ ചരിത്രകാരനായ ജോസീഫസിന്റെ അഭിപ്രായപ്രകാരം എസ്സനികൾ വിവാഹം ഒഴിവാക്കിയതിനാൽ, അവരുടെ അംഗസംഖ്യ നില നിർത്താൻ മറ്റു മനുഷ്യരുടെ മക്കളെ ദത്തെടുക്കുക പതിവായിരുന്നു.

വി ലൂക്കോസിന്റെ 1:80 "അവൻ യിസ്രായേലിന് തന്നെത്താൻ കാണിക്കും നാൾ വരെ മരുഭൂമിയിൽ ആയിരുന്നു" എന്ന വചനപ്രകാരം ബാലകനായി കുംറാൻ സമൂഹത്തിൽ ചെന്നു ചേർന്നു എന്നു കരുതാം. അദ്ദേഹത്തിന്റെ മാതാപിതാക്കൾ എങ്ങനെ അത് അനുവദിച്ചു എന്ന് അറിവില്ല. ഒരുപക്ഷേ വാർദ്ധക്യം മൂലം അവർ കടന്നുപോയിരിക്കാം. ഒരു പുരോഹിത സന്തതി എന്ന നിലയിൽ യോഹന്നാനെ അവർ സ്വീകരിച്ചതാവാം. വേദപണ്ഡിതനായ എ. പൗവ്വൽ ഡേവിസിന്റെ ചോദ്യം ഈ കാര്യത്തിൽ ശ്രദ്ധാർഹമാണ്. 'മരുഭൂമിയുടെ ഏകാന്തതയിലും, ശൂന്യ സാഹചര്യത്തിലും സ്നാപകൻ അലഞ്ഞുതിരിഞ്ഞ് വർഷങ്ങൾ ജീവിച്ചശേഷം യിസ്രായേലിലേക്ക് പ്രത്യക്ഷപ്പെട്ട്, കുംറാൻ സംഘത്തിന്റെ പഠിപ്പിക്കലിനോട് സമാന്തരമായ സന്ദേശങ്ങൾ നൽകിയത് വെറും യാദൃച്ഛികമാണെന്നു ചിന്തിക്കുവാൻ സാധിക്കുമോ?' തന്മൂലം വി യോഹന്നാൻ കുംറാൻ സമൂഹത്തിലെ ഒരു അംഗമായി ജീവിച്ചു എന്ന സാദ്ധ്യത നിഷേധിക്കാൻ സാധിക്കുന്നില്ല. വേദത്തിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം കാണുന്ന സമയത്ത് അദ്ദേഹം ആ സമൂഹത്തിൽ അംഗമല്ലാതായിരുന്നിരിക്കാം. ഒന്നുകിൽ സമൂഹത്തിൽനിന്ന് പിരിച്ചുവിടപ്പെടുകയോ, സ്വയമായി പിരിഞ്ഞുപോന്നതോ ആകാം. കുംറാൻകാരുടെ സ്വതസിദ്ധമായ സ്വഭാവമനുസരിച്ച്, അവരുടെ ആശ്രമ പരിതസ്ഥിതിയിൽ സ്വസ്ഥമായി അന്ത്യത്തിനുവേണ്ടി നിശബ്ദനായി കഴിഞ്ഞുകൂടാൻ ആഗ്രഹിക്കാതെ, തനിക്ക് ലഭിച്ച ആത്മീകവെളിച്ചം ഒരു മിഷനറി ഹൃദയത്തോടെ, ജനതതിയെ പശ്ചാത്താപത്തിലേക്ക് നയിക്കുവാൻ സജ്ജരാക്കുകയാണു ദൈവപ്രചോദനം എന്നു ബോദ്ധ്യപ്പെട്ട് ഇറങ്ങി വന്നതാകാം. ഈ നിലയിൽ ചാവുകടൽ കുംറാൻ സമൂഹത്തിന്റെ പഠിപ്പിക്കലിനെ രൂപാന്തരപ്പെടുത്തി യഹൂദജനത്തിന് സ്വർഗ്ഗത്തിന്റെ അനുഗ്രഹം ചൊരിയാൻ എത്തി എന്ന് ന്യായമായി അനുമാനിക്കാം. GM

CHARITION - BASILIUS PAPYRUS OF AROUND A.D. 100

(BASILIUS PAPYRUS FOR SHORT)

A GREEK DRAMA WITH A WORSHIP SCENE OF ST.THOMAS CHRISTIANS OF KERALA

■ Thattunkal Zachariah Mani



1. ORIGIN AND LOCATION OF THE PAPYRUS

This study is about a literary Papyrus discovered from Oxyrhynchus (ok-siring kus) in Upper Egypt near the fertile region of Fayyum, west of the ancient metropolis of Alexandria. It was discovered along with many other Greek papyri by the British archaeologists Grenfel and Hunt when they carried out excavations there during 1896-97. The Papyri are part of the manuscript records of Bodleian Library at Oxford University (Ref:MS Gr Class4b (p)). They were edited and published by the Egypt Exploration Society, London in 1903. A revised edition by Sir Denys L Page was published in 1950. The revised edition of 1950 by Denis.L.Page is the basic material taken for the present study.

2. A BILINGUAL DRAMA

The Papyrus contains two literary pieces, namely, a musical farce (an entertaining short drama) and a mime (a play with gestures). This study is confined to the drama. The entire drama has been written in Greek letters but its dialogues are in two languages: partly Greek and partly Indian. The Greek portion has been fully translated since its language is compatible with the Greek of the 1st century A.D. for which much literature is available. However, the Indian dialect has so far evaded interpretation. Some scholars have noticed certain Sanskrit words like 'panam', 'petreki' and 'am(b)ritu' but could not make any further progress. They felt that it was a mixture of Sanskrit and some dialect of South India.

3. THE AGE OF THE PAPYRUS

About the age of the Papyrus, D.L.Page has remarked as follows: ' The date of the composition is probably not much earlier than the age of the Papyrus itself; **late 1st century or early second century A.D. would be a likely date'**. Some studies on the Papyrus conducted before 1940 maintained that the music-hall drama in the Papyrus must have been written around the middle of A.D. second century. But D.L.Page's study of 1950 is categorical that the age of the Papyrus itself was determined as falling within the period between late first century A.D. and early second century A.D. This obviously was done with the help of modern dating techniques. It is, therefore, safe to conclude that the Papyrus drama was written around A.D.100.



4. THE KANNADA THEORY OF GOVINDA PAI

In 1927, the noted Kannada writer Govinda Pai published an essay trying to establish that the Indian language in the Papyrus was Kannada. But P. Shiva Prasad Rai of Bangalore who studied the Papyrus during 1980-90 did not accept the above theory. He was trying to connect ancient Tulu (a dialect spoken in South Karnataka) and the Anglo-Saxon language of England. In one of his published articles, Shiva Prasad Rai who knew Kannada very well has stated that he had a discussion with Govida Pai and that the Karnataka writer could not support his theory.

5. THE TULU THEORY OF SHIV PRASAD RAI

Shiva Prasad Rai of Bangalore went to Bodleian Library and took photocopies of the Papyrus. He was not a trained Papyrologist. But he attempted an independent reading of the Indian portion and made an effort to link it with the dialect of Tulu spoken near Mangalore. He felt that the words *Panoumbretikatemanou* of the Indian dialect in the Papyrus referred to the port of Panambur in Mangalore, whereas the first word *Panoum* was Sanskrit for 'drinking'. He presented his papers at a few conferences in Bangalore, Mysore and Trivandrum. He also met some scholars in England and the United States and had discussions with them on his Tulu theory about the Papyrus. But there was no support for his views. The writer of the present study met Shiva Prasad Rai in Bangalore in 2001 for a discussion on the Papyrus. He informed the writer that his interpretation of the Papyrus was not accepted by the scholars. He gave the writer copies of his articles and the extract from Denys.L.Page's book containing the text of the papyrus in Greek under the title **Charition**. The extract gives an English translation of the Greek portion and an English transliteration of the Indian dialect taken from D.L. Page's book **'Select Papyri in Five Volumes-III-Literary Papyri - Poetry' (1950 Edition).**

6. WHAT IS A PAPYRUS ?

A water plant in Egypt was known by the name papyrus (*papayrus*) for more than 5000 years. It was used in Egypt for building boats and for making writing-sheets. It would seem that most of the literature of the classical Greece was written originally on Egyptian papyri. Very old papyri are often in pieces with the writing on them faded due to passage of time. A specialist called Papyrologist helps in reconstructing the writing on old and damaged papyri. For copying the old text to modern Greek, one must know the script used in the document and the sense in which the words were used at the time of the papyrus. The Basilius Papyrus has a mix of Greek capitals and cursive small letters. The words often run into each other. This presents the problem of identifying correctly the Indian words in the Papyrus. As regards the Greek text of the drama, the scholars have differed only on very minor points. The translations and transliterations available from different scholars are the same for the Indian dialect.

7. WORDS AND NAMES OF A CHRISTIAN WORSHIP

Scholars like Crusius and D.L.Page remarked that the Indian dialogues in the drama might be only a string of imaginary or meaningless words invented by its anonymous author for the entertainment of the audiences in the theatre of Oxyrhynchus. They cannot be faulted for that remark because the names **Martha Mari** and **Thuma** written together in the Papyrus sounded like mere gibberish. However, it is surprising that even the Aramaic words in the Papyrus **'Aba'** and **'Aba Oun'**, meaning 'Father' and 'Our Father' escaped their attention. Some words in the Indian

portion such as **'Esu'**(Jesus in Aramaic)and **'tumion'** (burning of incense) were not easy to locate. But words like **'Khorbon'** (the Eucharist) and **'Ambritou Oueni'** (the wine of immortality) were easy to find. What could have prevented many western scholars from studying the Papyrus from the angle of a Christian worship on the Malabar coast ? The answer is that they had a serious misinformation about Christianity in South India. A few western historians of the 19th and 20th centuries questioned the validity of the Indian tradition that Apostle Thomas converted Brahmins and others in Kerala and Tamil Nadu between A.D.52 and 72 and that he was martyred at Mylapore in Chennai in A.D 72. This may have prevented the western scholars from studying the Papyrus from the angle of a Christian worship. They, therefore, put the Indian dialogues in the category of imaginary words or 'polysyllabic nonsense'. The present study shows that at least 40 words of the Indian portion can be interpreted with the help of the best dictionaries in Malayalam and Sanskrit, the lexicons of the New Testament Greek and the recent studies of Aramaic, Prakrit and Hebrew words used in the Malayalam language of Kerala. These 40 words are adequate for understanding the main content of the Indian portion.

8. BASILIUS IS A CHRISTIAN HIGH PRIEST

A major discovery was that Basilius, the Indian leader, was wearing the girdle of a high priest. This escaped the attention of the western scholars, although they have used the words 'sacred girdle' in the English translation. The girdle of Basilius is qualified by the Greek word **'ierais' (hierais)** which means **'belonging to a high priest or priest'**. From the true meaning of the Greek word **hierais** in the drama it becames clear that the Basilius Papyrus depicts a Christian worship on the west coast of India. The history of the Christian Church shows that after the period of the Apostles, only a bishop or presbyter was allowed to baptize. The word **'bapteira'** in the worship scene indicates that Basilius performed a baptism ceremony before he celebrated the holy Eucharist (**'korbon'**). Basilius could baptize because he was a bishop. He was not a king in Kerala although his Greek name literally means that.


LITERARY PAPYRI

9. DID APOSTLE THOMAS ORDAIN A KING AS THE FIRST BISHOP FOR KERALA?

There is a tradition among the Thomas Christians of Kerala that a King became a Christian in the Chera country and that Apostle Thomas made him a bishop. The word **'basileus'** means 'a sovereign or king'. Perhaps, Apostle Thomas gave the first bishop of the Chera country the name 'Basileus' because he was a king. It is possible that the name Basilius was assumed by his successors whether ordained in Kerala or abroad. But Basilius in the drama being a Greek individual was no king in Kerala. The name Basilius or Baselius has always been associated with the Catholicos (the Supreme Head) of the Syrian Church of the East that once comprised India, Persia, Mangolia and China. The name Baselius precedes the episcopal name of the Catholicose of the Malankara Orthodox of Kerala even today. It is also relevant to note that a bishop's house in Kerala has the name **'aramana'**, meaning **'a King's House'** (from '**arachan'**=king and **'mana'**= a big house). For the spread of Christianity in Kerala, a royal support must have played a major role, just as Buddhism received a boost after Asoka embraced it and Christianity in Rome after Constantine accepted it.

10. MARY AND THOMAS

The Aramaic name for Thomas was '**Thuma'**, meaning the 'twin'. Thus, the San Thome Church in Chennai was known as 'Beth Thuma' (House of Thomas) during the Pre-Portuguese period. The name 'thuma' written after 'Martha Mari' in the Papyrus is undoubtedly Thomas. The names of Mary and Thomas occur in the worship scene as a repetition of the Indian prayer by the Comedian who is seen acting like the Indians as mentioned in the Papyrus. This shows that the Indian worshippers were Thomas Christians with great respect for Mary, the mother of Jesus and their Apostle Thomas. The name of no other Apostle of Jesus is mentioned. The words 'Martha marithouma' are chanted twice with some other words linking them. But the 'martha marithouma' chant in the Papyrus should not be confused with the 16th century word 'martha mariyatthumma' an expression invented by the Portuguese bishops while referring to St. Mary's parishes which attended the Synod of Diamper (Udayamperur) in A.D.1599. The Christians of Kerala always used the word 'amma' for mother and never the word 'umma,' used only by the Muslims. It is a strange and erroneous usage of the language, never heard of before the arrival of the Portuguese. The 'marthamarithouma' chant would have annoyed the Potuguese because it included the name of Thomas, instead of Peter, their Apostle. They wanted to limit the chant to St.Mary and for that invented this new word.

11. WHERE WAS THE PORT LOCATED?

This question led to a very careful search through the text of the drama. Kerala on the south west coast with its ancient pepper trade with Alexandria and its ancient association with St. Thomas Christianity was the obvious choice. Then the document itself provided the answer through three words in the Papyrus: '**frenzied seric step'** (the Greek text: '**serikon idiws theastikon'**). These three words describe the dance in the final stage of the drama. Here the crucial word is **'Sericon'** and it means 'relating to **Sera** or the '**Chera'** country. The ancient Chera Kingdom (part of modern Kerala State in India) was called by the Greeks and Romans as Sera. The Malayalam Encyclopedia has also mentioned 'Seram' as another name for Chera. In Greek 'sa' replaced 'cha'. The best example is the name China which the Greeks call 'sinae'. Thus the name Chera became Sera. The sera country once stretched from the Ponnani river in north Kerala to the Kallada river in the south and included some regions beyond the Western Ghats on the east. The wealth of this small kingdom in the 1st and 2nd centuries A.D. must have been fabulous to be called **'India'** in the Basilius Papyrus. From areas near the port of Muziris (present Kodungallur) hundreds of Roman coins of the Papyrus period have been recovered and are available in the Government museums. The port of the Papyrus must be **Muziris**, since Pliny, the Roman writer and administrator of the contemporary period reports that numerous large ships reached Muziris every year with gold coins to purchase huge quantities of pepper. These mariners had to stay in Kerala for at least four months, for the arrival of the return trade winds in the direction of Egypt. The anonymous writer of the Papyrus was most certainly one such person. He has noted down the Aramaic, Sanskrit and the Old Malayalam words with considerable accuracy. It would be unfair to label the words in the Indian speech as gibberish just because many old words have become obsolete and are hard to interpret.

12. OUAM ESAR ESU(M) SARADARA AI IA DA

This one line from the worship scene will demolish many theories tenaciously advocated by some historians and will cut new paths to walk into a remote past. Each word is significant. **Ouam**= ('Om'), of Vedic origin, is chanted before invoking the Trinity. The Apostle did not alter the Vedic 'ouam' which must have been regularly chanted by the Brahmins whom he is said to have converted in Maliankara, Palur, Paravur, Niranom and other places. It is also believed that he ordained priests from the Brahmin families of Sankarapuri, Pakalomattom, Kaalikavu, Kalli and Panakkaamattam. Archdeacons who exercised some control over the Christian community came mostly from Pakalomattom and Sankarapuri families at least during the 16th and 17th centuries. The majority of the priests and bishops from the present population of about six million Thomas Christians in Kerala,(excluding Thomas Christians who joined the Latin Rite) are related to these priestly families. Till recently, persons not belonging to or not immediately related to the traditional priestly families refused to accept priesthood, in deference to the ancient tradition of the community. The Trinity starts with the name **Esar**, meaning 'Eswar' or 'Iswara', the Supreme God worshipped by the post-Vedic Brahmins and whose attributes of truth, mercy, holiness, light, joy and love matched the nature of the God of the Christians. The Christian converts of the first century A.D. were obviously worshipers of Eswar or Iswara and the apostle Thomas allowed his converts to use the name Eswar as the Supreme God of the Trinity. The Greeks avoided the 'sva' sound and thus Eswar became **'Esar'** in the Papyrus. Today, the Thomas Christians use many Sanskrit words for God like Deyvam, Devan, and Devesan in their songs and prayers. The second person of the Trinity is **Esu** meaning Jesus. The name 'Esu' (in Hebrew or Aramaic) means ' God saves'. The Indians could accept Esu as God's incarnation. Apostle Thomas must have told his followers how the word of the Supreme God assumed the human form in Jesus and that he had himself touched the wounds on the resurrected body of Jesus. The third person of the Trinity is the Holy Spirit and a Sanskrit word was used to denote the Spirit of God received through baptism, namely, **Sara Dara** (from Sanskrit words: 'sara'=water, 'dara'= power). 'Saradara' was a beautiful expression for 'the Holy Spirit' and it meant the power of God transmitted through water in baptism. In the brahminical religion, purification rites with water were very common. The brahmins could easily accept the Christian faith with its baptism which removes sin and results in a 'second birth', its 'bloodless sacrifice' (Kurbana), its thanksgiving rites of Eucharist and its holy communion with Jesus through bread and wine. After the invocation of the Trinity, three short words follow: **ai ia da** (also from Sanskrit) meaning 'hear', 'come down' and 'grant' respectively. They represent the prayer for divine blessings

13. THE SOCIAL STATUS OF THE EARLY THOMAS CHRISTIANS

Basilius calls the worshippers in the scene ' **the chieftains of India'** (**'*Indon de Promoi*'** in the Greek text). This means that the early converts to Christianity came from a high social stratum in Kerala. The folk songs and the dance songs of the Syrian Christians (like the '*Rambaan Pattu', Maargam Kalippaattu* and *Parichamuttu Kalippaattu)* narrate their stories and beliefs. According to *Rambaan Paattu*, Apostle Thomas converted 17750 persons, of whom 6850 were Brahmins and the rest were from the warrior group(most probably the ancestors of the Nayars of later centuries) and the merchant class of that period. The use of many Sanskrit words in the Christian worship is a factor of great historical importance. Such information was not available to the eminent historians of Kerala like Dr.M.G.S. Narayanan who recently made a valid observation that the Thomas tradition may have a grain of truth but that it needs to be supported with concrete evidence. It is hoped that the Basilius Papyrus will provide that concrete evidence. Fortunately, no one can allege that this ancient Papyrus was fabricated by a person from Kerala. The high status enjoyed by the local Christians for centuries was an accepted fact. Their Archdeacon or 'Arkadayakon' was recognized as 'the Head of the Community' and could mobilize an army of 25000 Christian soldiers as the Portuguese records testify. It is a well documented piece of history that that the Syrian Christians fought alongside Nayars in Central Kerala during the 16th century and that the Kings of Thekkumkur (Kottayam), Vadakkumkur (Kaduthuruthy), Kayamkulam and Ambalapuzha appointed Thomas Christians of distinction as the Panikkers (Chieftains) to lead their armies, Ministers to advise the Kings, Mappilas to manage major businesses, Tharakans to collect customs and Kotwaals to administer the fortified market towns. The social status of the Thomas Christians was probably of the highest rank during the period of the early Cheras and the kings did not allow any conversion to Christianity from any community not approved by them. The Christian immigrant groups like the descendants of Thomas Cana from Jerusalem form less than 5% of the six million Syrian Christians of Kerala. None from the Syrian settlers from foreign countries was appointed the Arkadeakon of the community or chosen for posts like Panikkar, Minister and Tharakan. The kings of Travancore and Kochin did not appoint anyone from the foreign group as a Christian Judge when eight courts were established in A.D 1812- 1813 although many among them were wealthy and educated persons. The Papyrus fully corroborates this special position enjoyed by the local Christian converts of the first century and their descendants in Kerala. The impression given by some recent writers in Kerala history that the Syrian Christians might be descendants of foreign settlers has been proved utterly wrong by the Basilius Papyrus. The largest majority of the Syrian Christians are of indigenous origin. That is their tradition also.They started using the songs and prayers in Chaldean Syriac and adopted the Chaldean (Persian) Syriac for worship after the arrival of two bishops by name Sapor and Prot (Aprot) in Kollam about A.D.849. The name 'Syrian Christian' was used by the British to differentiate them from the Latin Christians. It must be noted that a section of Thomas Christians were among the earliest Latin Christians of Kerala. Therefore, this Papyrus sheds light on the First Century Christianity of Kerala founded by Apostle Thomas, a heritage common to all Christian denominations in Kerala.

14. CONVERSION OF BRAHMINS AND THE USE OF MANY SANSKRIT WORDS IN WORSHIP

All historians would agree that the earliest inscription on copper plate available in Kerala belongs to A.D. 9th century. They contain a few Sanskrit words. What was the condition of earlier centuries for which no local records exist? The history of Nambuthiri Brahmins of Kerala written by the members of that community states that they settled in Kerala by B.C.500. But some historians do not accept it for the reason that we have no record of Sanskrit being used before A.D. 9th Century. Now the discovery of the Basilius Papyrus with plenty of Sanskrit words like 'pati','ekatra', 'minvei', 'amritu', paanam',' 'petreki', 'sara','dara' 'lasa' etc being used by the Christians of Kerala along with the Vedic Chant of Om (Ouam) clearly shows that Sanskrit had gained importance in Kerala during the Papyrus period. This Papyrus is probably the earliest original document which gives the names of Jesus, Mary and Thomas. To continue the history of the St. Thomas church, it appears that the bishops for the Kerala Church were not ordained from the local Christians because of their lack of proficiency in Greek or Syriac in which the New Testament books had been written or its translations had been made. The bishops of the early centuries after the time of the Apostles had to be scholars in the Christian theology to prevent heresies and to defend the original faith. This was not possible unless the local Christians learned those foreign languages and became fully qualified to become bishops. Naturally, Basilius in the drama is a

Greek. The bishops from the Christian Centres like Persia and Jerusalem visited the Church of Malankara or Serra (Chera) at regular intervals and performed baptism when they were present. But the foreign bishops had to depend on the native Archdeacons for any control over the community or its churches. When small bodies of immigrant Syrian Christians from Jerusalem or Persia were allowed to settle down in Kerala, they were also given certain high privileges by the Kings to keep them on a par with the native Christians of Kerala. But these foreigners were never allowed to hold any military or administrative posts under the local kings.

15. NO CONVERSION OF JAINS AND BUDDHISTS

The Jains continued to worship **'Indra'** as the main deity even after the Vedic period whereas the Brahmins and other followers of the Vedic religion worshipped Eswar or Iswara as the highest deity. The worship scene in the Papyrus has obviously nothing to do with the Jains or Buddhists. It is extremely doubtful whether those religions had penetrated the Kerala society of the first century A.D. The Papyrus refers to the Christian Church as **'Thermana'** (Malayalam words 'ther'= to pray and 'mana'=house) meaning the House of Prayer and not '**Palli',** (a Pali word for Jain and Buddhist temples). Palli became a common name for all non-Hindu temples a few centuries later and was being used for the Christian churches also by A.D. 9th century as is evident from the Tharissappally Copper Plates. The recent excavations in Pattanam (the probable site of old Muziris) unearthed two potsherds with Brahmi inscriptions. The Jains never ate fish, meat, onions and roots. For that reason they marked their cooking pots with the word Jain. In any case, just two or three such potsherds with Brahmi out of thousands of portsherds of Pattanam show that the Jain traders or settlers in that port town were very few in number. The Jain inscriptions available in Kerala are of much later centuries. The theory that Thomas converts might have been from followers of Buddhism or Jainism fails in the light of the facts revealed by this study. There are no words with immediate link to the Pali of the Buddhists. The habits of the Jains were never seen followed by the Thomas Christians. They have followed only the customs of the Brahmins of Kerala before some of them were modified by Sankaracharya in A.D. 8th Century.

16. THE STORY OF THE DRAMA

The story of the drama is very simple. A Greek ship was probably caught in a storm near the west coast of India and the people in the ship managed to escape to different places on the shore. A lady by name Charition (kariti-on) was received by an Indian group. She was in the Indian group for some time. Basilius, the leader of the Indians knew Greek and had a Hellenic (Greek) background. When the drama opens, the Indian group arrives with a few ladies armed with huge bows. The Greek team imagines that those Indian ladies were returning from a hunt. But bearing arms for personal safety was allowed for the aristocracy in Kerala and was necessary while crossing forested areas. There was a room attached old churches in Kerala for keeping the weapons of the worshippers. The Indians in the drama are getting ready for their worship, feast and festival under Basilius. They go for bathing before their worship begins. Meanwhile, Charition's brother and friends made a plan to rescue her from the Indian group by making them drunk, by discretely mixing strong wine in the watery wine used by the worshipers. (The sacramental wine used by Christians for the Eucharist is diluted with equal quantity of water). Charition probably fears that the Indians would kill her as an offering in their worship before their deities. She prays for her safety and prevents some members of her Greek team from stealing the offerings in the temple (the Church). The plan for her rescue is duly carried out with a humorous and happy ending where the Indians and their leader Basilius are fully intoxicated and the Greeks proceed to their ship with Charition. To add to the comic effect of the scene, Basilius is enchanted even by the moon under the effect of the strong wine.

17. TEXT OF THE PAPYRUS DRAMA (relevant extracts; the Indian words are in italics)

Ship's Captain (F): Lady Charition, rejoice with me at my escape'I will go and bring the ship to anchor. Charition(A): Go along then. Look here are their women back from hunting. Comedian(B): What huge bows they have! An Indian Woman: ***Kraunou*** Another Indian Woman*: Laita lianta lalle* Yet another Indian Women*: **Kotakos** anab..iosara* Indian Group*: **Laspathia**'* (A): ***Alemaka*** Indian Group*: **Alemaka**'* Indian Group*: **Minei** (*F)The wind is getting up. We may escape across the Indian Ocean. Go in and take up your belongings (F): As for you, (to B), serve their food, give their wine rather strong' (drums) (**Comedian imitates the Indians**)'Indian Group: *Ai Arminthi (*drums) Charition's Brother(C):But let's get ready if we are to escape' (A): Serve them their wine neat if they come here. (B): Suppose they refuse to drink it? (C): Idiot, wine is not for sale in this country 'inexperience adds to their appetite, they drink it neat. (C): Here they come **bathed**, with (drums played in moderate volume) Basilius (the High Priest): ***Brathis*** Indian Group: ***Bratheis*** (B) What do they say? (C): He says apportion by lots (B): Yes (drums) Basilius: *Stoukepairomellokoroke **Brathie*** (drums) ***Bere*** *konzei* ***damun petrekio*** *paktei kortames bere* ***ialero*** *depomenzi* ***petrekio*** *damut kinze paxei zebes lolo bia* ***bradis kottos*** Indian Group: ***Kottos*** (B): May **kottos** intoxicate you. Basilius: ***Zopit*** (drums) (C): Give them a drink, hurry up (drums) Basilius: *Zeisou**kormosede*** (drums) (C): It's watery: put some wine in (drums loud) First Priest(Q): ***Skalma**kata**bapteira**gomi* Second Priest (Z):*Tougoummi nekel**ekethro*** (Q):*Eithrobelletra chouptera**goumi*** (B): Stop your tricks (drums) What are you doing? (Z):***Trachoun termana*** (Q): *Boullitikaloumbai platagoulda bi apuleukasar* (drums) Basilius: ***Chorbon**orbothorba tumionaxizdespit platagoulda bi 'seosarachis* (drums) '*Orda satur*' (drums) ***Ouam esar esu**m(p)* ***saradara Ei ia da*** (B) (repeats what he heard) ***Martha marithouma*** *edmaimai maitho*' *thamouna* ***martha marithouma*** (drums)'***tun*** Basilius:*Malpinia kourokoukoubi karako'ra* Indian Group: ***Aba*** Basilius: ***Zabede*** *zabiligidumba* Indian Group: ***Aba oun*** Basilius: ***Panoum*** *bretikatemanou**ambretououeni*** Indian Group: *Panoum bretikatemanou* ***ambretououeni*** *parakoumbretikatemanou* ***ambretououeni*** *olusadizapardapiskou piskateman areiman'ridaou upatei.* A (drums five times) Basilius: **Barbaric**, unconfined the dance I lead **,O Selene**! Advancing with barbaric step, intemperate in rhythm! **Chieftains** of India, bring the drum of mystic sound! The **frenzied Seric step'** severally.(loud drums and clapping) Indian Group: ***Orkis*** (B):What are they saying again? (C): He says, dance.(B): Just like real men! (drums. **The Comedian imitates them**) (C): Hoist him up and bind him with the **sacred priestly girdles!** (Drums loud: Denouement). The Indians are under the effect of wine. The Greeks escape with Charition.

The highlighted words are explained below (Mal-Malayalam Skt-Sanskrit Gk-Greek Tam-Tamil)

Kraunou=buying some items kept for sale(Krayanam Skt) Lalle=an expression of cheer Laspathia= Festival Controller(lasa is festivity, pati is ruler or officer Skt) Kotoko=enclosure with roof from Mal Kotaka Alemaka= be at peace (alem = contentment Skt,Mal,Tam. aaka = to be, Mal_may be a greeting of peace as in 'salem' in Syriac). Minei=get ready for worship (minva=to worship Skt) Brathis/Bratheis = choose,select (vruthee Skt) Brathie= brothren (from Bhratr Skt) Bere= body(from beram Skt) Damun=control(from damanum Skt) Petrekio= plate, vessel patriki Skt Paxei= baked or cooked(from pak=to cook Skt) Bradis Kottos= likely

meaning is bread and water-mixed wine.(Kottos is from 'koottu ' Mal meaning mixture. To prepare 'mass wine' water and wine are mixed equally. Note the Comedians remark that kottos this time will kick them hard because they will have more wine) Zopit = to eat and drink(from Sapithi (Skt) = taking food and drink in a group; Brahmin's meal is Saappad in Tam/Mal) Skalma = sin, faltering, slipping(from Skt Skalan) Bapteira = the baptized; (The baptized are cleansed of sin) Kormosede = to do the rites(Karma in Skt has many meanings one of which is 'a religious ceremony';'sede' may be from Mal 'chei' corrupted as 'Sei' in Greek.) Goumi = to proceed(from Skt 'gamanam') Ekethro= in one place(from Skt 'ekathra') Trachoun = go inside (from the context) Termana = House of prayer (from Mal. Theruka = to pray and mana = a large house) Khorbon=Christian worship(Aramaic meaning 'sacrifice') Ouam= Om, the Chant before God's name Esar= Eswar, Iswar Supreme God Esu = Jesus Saradara=Holy Spirit (sara=water; dara=power- Skt) Ei = Hear(Skt) ia = come down(Skt) Da = grant (Skt) Martha marithouma = Honourable Mary and Thomas (Aramaic 'martha'=honourable lady; thouma=Thomas the twin) Aba=Father (Aramaic) Aba Oun= Our Father; (They are the beginning words of the Lord's prayer as taught by Jesus in Aramaic) Panoum=Drink(Skt) Ambretou=Amrithu(Skt) Oueni= wine (Gk and Armaic) Selene= Moon as well as the Moon goddess (Gk)It has been used in the Greek Bible several times to mean 'Moon'. Basilius is using the expression 'Moon goddess' only figuratively since he does not follow it up with any prayer Barbaric= relating to a foreign land or culture; (Gk 'barbaros' means only a foreign country) Seric = of Chera country (Gk) Orkis=dance Priestly: Gk 'heiros' means 'of a high priest or a priest'

18. SUMMARY OF FINDINGS

(A) Christian Church was established in Kerala by Apostle Thomas

(B) The First Century Church of Kerala used prayers containing numerous Sanskrit words

(C) The Apostle allowed the use of Indian Chant 'Om' and the name of 'Easwar' for the Supreme God

(D) The prayer in Aramaic 'Aba Oun' (Our Father) taught by Jesus was part of the Church worship

(E) The Christians were brahmins, aristocrats ,warriors and merchants (Jains or Buddhists unlikely)

(F) The Christian temple was called 'Thermana' (House of Prayer) and not 'Palli'

(G) Faith: Baptism; Trinity worship; Eucharist ; Lord's prayer; Remembrance of Mary and Thomas

(H) Other practices: Bath before worship; Incense ; Music; Peace greeting; Responses of laity

(I) Cultural items like dances followed the Church service. There was a 'Kotaka' or pandal for that

(J) Language: A few Malayalam words in the Papyrus prove its existence even in the 1st Century A.D.

Writer's e-mail : tz_mani@yahoo.co.in
Mobile 97477 91145 Kochi, India

(The references and para-wise notes will be given in a book to be published shortly)

Please send feedback to gmirror2009@yahoo.com

ശതാഭിഷിക്തനായ ജോഷ്വ അച്ചൻ

പ്രശസ്ത വേദപണ്ഡിതനും, പ്രഭാഷകനും, എഴുത്തുകാരനുമായ ഫാ. ഡോ. ടിജെ. ജോഷ്വ ശതാഭിഷിക്തനായി

ആയിരം പൂർണ്ണചന്ദ്രനെകാണുവാൻ തക്കവണ്ണം എൺപത്തിനാല് വയസ് പൂർത്തിയാക്കിയ ജോഷ്വ അച്ചന് പഴയ സെമിനാരിയിൽ വച്ച് നടത്തിയ ശതാഭിഷേക സമ്മേളനത്തിൽ സ്വീകരണം നൽകി വിപുലമായ പരിപാടികളോടെയാണ് സമ്മേളനം നടത്തിയത്.

പഴയ സെമിനാരിയിലെ വലിയ ഹാളിൽ നടന്ന ശതാഭിഷേക സമ്മേളനത്തിൽ നിരവധി മെത്രാന്മാരും വൈദികരും സഭാംഗങ്ങളും പങ്കെടുത്തു. സമ്മേളനം സിഎസ്.ഐ. ബിഷപ് ഡോ. സാം മാത്യു ഉദ്ഘാടനം ചെയ്തു.



വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ, ഗീവർഗീസ് മാർ ഇവാനിയോസ്, സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ്, ക്രൈസ്തവ സാഹിത്യ സമിതി സെക്രട്ടറിറവ. ഡോ. മാത്യു ഡാനിയേൽ, മലയാള മനോരമ പ്രിന്റർ ആൻഡ് പബ്ലിഷർ മാമ്മൻ വർഗീസ്, ഫാ. ഡോ. ഒ. തോമസ്, ഡീക്കൻ നിതിൻ, പ്രസാദ് കോശി, തോമസ് ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ഫാ. ടി.ജെ. ജോഷ്വ സാന്ത്വനം പകരുന്ന ദാർശനികനാണെന്ന് ബിഷപ് സാം മാത്യു സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് പ്രസ്താവിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത അധ്യക്ഷനായിരുന്നു.

ഫാ. ടിജെ. ജോഷ്വയുടെ രചനകളിലെ 'സാന്ത്വനദർശനം' എന്ന വിഷയത്തിൽ ക്രൈസ്തവ സാഹിത്യ സമിതിസെക്രട്ടറിറവ. ഡോ. മാത്യു ഡാനിയേൽ പ്രബന്ധം അവതരിപ്പിച്ചു. ഡോ. എം.ജെ. ജോസഫ്, മുൻ എം.എൽ.എ. ജോസഫ് എം. പുതുശേരി എന്നിവർ പ്രബന്ധ ചർച്ചാ സമ്മേളനത്തിൽ പ്രസംഗിച്ചു.

ഫാ. ടിജെ. ജോഷ്വ എഴുതിയ 'ഇന്നത്തെ ചിന്താവിഷയ' ത്തിന്റെ പത്താം വാല്യം 'അനുപമ ചിന്തകൾ' ഗീവർഗീസ് മാർ ഇവാനിയോസ് മാമ്മൻ വർഗീസിന് നൽകി പ്രകാശനം ചെയ്തു.

ജീവിതം പകർന്നുതന്ന അനുഭവമാണ് വലിയ അധ്യാപകനെന്ന് ഫാ. ടിജെ. ജോഷ്വ മറുപടിപ്രസംഗത്തിൽ പ്രസ്താവിച്ചു.

പ്രാർത്ഥനയുടെ ശക്തി അത്ഭുതാവഹമാണെന്നും ഒരു സർജറി കഴിഞ്ഞ് നിലയ്ക്കാത്ത രക്തസ്രാവമുണ്ടായി രോഗം ഗുരുതരമായി ദിവസങ്ങൾ കഴിഞ്ഞപ്പോൾ താനും ഭാര്യയും കണ്ണുനീരോടെ പ്രാർത്ഥിച്ചു സുഖം പ്രാപിച്ച സംഭവം അച്ചൻ വിശദീകരിച്ചു. ശ്വാസം നിലച്ചുപോകുന്ന ഘട്ടത്തിലാണ് രണ്ട് തിരുമേനിമാരും നാലു വൈദികരും കുടുംബാംഗങ്ങളും നടത്തിയ കൂട്ടായ പ്രാർത്ഥനയും തൈലാഭിഷേകവും അത്ഭുതകരമായിതന്നെ രക്ഷപ്പെടുത്തിയെന്നച്ചൻ പറഞ്ഞു. യാദൃച്ഛികം എന്നു തോന്നിയ പലതും ദൈവത്തിന്റെ പദ്ധതിയായിരുന്നെന്നു ബോദ്ധ്യപ്പെട്ടതായും ജോഷ്വ അച്ചൻ വിശദീകരിച്ചു. ജോഷ്വ അച്ചന് ജോർജിയൻ മിററിന്റെ ആശംസകൾ.

ജോർജിയൻ മിറർ ബ്യൂറോ

പ്രിയവായനക്കാരെ,

ജോർജിയൻ മിറർ എല്ലാ ഇടവകകളിലും എത്തുന്നതിന് വായനക്കാരുടെ സഹായം അഭ്യർത്ഥിക്കുന്നു. ദയവായി നിങ്ങളുടെ ഇടവകാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും ജോർജിയൻ മിറർ പരിചയപ്പെടുത്തുക.

പി.എം. പീറ്റർ
സർക്കുലേഷൻ മാനേജർ
94478 19048

മെന്ററിങ്ങിലൂടെ സഭയെ ശക്തിപ്പെടുത്തുക

■ പ്രൊഫ. ടൈറ്റസ് വർക്കി

ഉന്നത പദവികളിൽ വിരാജിക്കുന്ന പലരെക്കുറിച്ച് ഇപ്രകാരം പറയാറുണ്ട്: അവർക്ക് ഒരുതരം റാണിതേനീച്ചയുടെ സ്വഭാവം (Queen Bee Syndrome) ഉള്ളവരാണെന്ന്. ഇവർ തൊട്ടു താഴെ പ്രവർത്തിക്കുന്നവരെ അല്പം അകറ്റി നിർത്തുവാൻ ശ്രമിക്കും. തങ്ങൾ മാത്രമാണ് ഏക അധികാരിയും ഏക ജേതാവും എന്നുള്ള ഭാവം പ്രകടിപ്പിച്ചുകൊണ്ടേയിരിക്കും.

> ഒരു രണ്ടാം നിര പടുത്തുയർത്തേണ്ടത് എന്തുകൊണ്ട്?

സ്ത്രീകളിലാണ് ഈ Queen Bee Syndrome കൂടുതലായി കാണുന്നത് എന്നാണ് ഈ വിഷയത്തിൽ പഠനം നടത്തിയ ഗവേഷകാഭിപ്രായം. കൂടെ പ്രവർത്തിക്കുന്ന പുരുഷന്മാരേക്കാൾ തൊട്ടുതാഴെയുള്ള സ്ത്രീകളെ അകറ്റിനിർത്തുവാൻ ഇത്തരം സ്ത്രീ അധികാരികൾ ശ്രമിച്ചുകൊണ്ടേയിരിക്കും. തന്നോളം വളർന്ന് തന്നെ മറികടക്കുമോ എന്നുള്ള ഭയാശങ്കയാണ് ഈ സിൻഡ്രോമിലേക്ക് അവരെ നയിക്കുന്നത്. തേനീച്ചക്കൂട്ടിലും ഈ അവസ്ഥയാണ്. റാണി ഈച്ചയെ പൊതിഞ്ഞ് ആൺ ഈച്ചകൾ എപ്പോഴും ഉണ്ടാകും. എന്നാൽ പെൺ ഈച്ചകളെ പരിധിക്ക് വെളിയിലേ നിർത്തൂ.

ബിസിനസിന്റെ വളർച്ചയ്ക്ക് ഈ സിൻഡ്രോം ദോഷം ചെയ്യും. കഴിവുള്ള ആളുകൾ ഉയർന്ന്, നേതൃത്വത്തിലേക്ക് വരുന്നതിനെ, ഇതു തടയും. ഈ റാണി തേനീച്ച സിൻഡ്രോം മാറ്റിയെടുക്കാൻ മെന്ററിങ് (Mentoring) എന്ന ആശയം ഇന്ന് കോർപ്പറേറ്റുകൾ നടപ്പിലാക്കി സ്ഥാപനത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുന്നുണ്ട്.

എന്താണ് മെന്ററിങ്? ഗ്രീക്ക് മിഥോളജിയിൽ കാണുന്ന 'ഇത്താക്കാ' രാജ്യത്തിന്റെ അധിപൻ 'യുളിസ്സസ്' സഞ്ചാരപ്രിയനായിരുന്നു. കൂടുതൽ സമയം സമുദ്രയാത്ര ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന് താല്പര്യം. രാജ്യകാര്യങ്ങളും ഭരണചുമതലകളും മറന്ന്, മാസങ്ങളോളം യാത്രയിൽ മുഴുകി അകന്ന് കഴിയുക സാധാരണമായിരുന്നു.

അദ്ദേഹത്തിന്റെ മകൻ പതിനാറു വയസ്സുകാരൻ ടെലിമാക്കസിന്റെ തോളിലായിരുന്നു. പലപ്പോഴും രാജ്യഭാരം. പരാതികളുമായെത്തുന്ന ജനങ്ങളുടെ മുമ്പിൽ നിൽക്കേണ്ടിവരുന്നതും കുമാരനായിരുന്നു. വളരെയൊന്നും ഭരണനൈപുണ്യം കൈവരിച്ചിട്ടില്ലായിരുന്നെങ്കിലും രാജകുമാരൻ ഒരു ഭക്തനായിരുന്നു. പ്രാർത്ഥനാനിരതനായി മണിക്കൂറുകൾ കഴിക്കുമായിരുന്നു. തന്റെ പിതാവിന്റെ രാജ്യഭരണത്തിലെ താൽപര്യമില്ലായ്മ, പലപ്പോഴും പ്രാർത്ഥനാ വിഷയമാക്കുമായിരുന്നു. പ്രാർത്ഥനകേട്ട യൗവനയുക്തയായ അഥേനദേവി രാജകുമാരനെ സഹായിക്കുവാൻ തീരുമാനിക്കുന്നു. യുവതിയായ താൻ കൗമാരക്കാരന്റെ കൂടെ പൊറുക്കുന്നത് ദുഷ്പ്രചാരണങ്ങൾ ഉണ്ടാക്കും എന്നു ചിന്തിച്ച് ദേവി ഒരു യോഗ്യനായ യുവാവിന്റെ രൂപമെടുത്ത് കൊട്ടാരത്തിൽ എത്തി തന്റെ പേര് 'മെന്റർ' എന്നാണെന്നും, രാജ്യഭരണ വൈദഗ്ദ്ധ്യം നേടിയിട്ടുണ്ടെന്നും കുമാരനെ സഹായിക്കാൻ തയ്യാറാണെന്നും അറിയിക്കുന്നു. കുമാരൻ അനുവാദം നൽകി മെന്റർ കൊട്ടാരത്തിൽ താമസമായി കുമാരനെ പരിശീലിപ്പിച്ച്, കുറവുകൾ നികത്തി സുഹൃത്തായി ഉപദേശകനായി സഹായിയായി പരിശീലകനായി അഭ്യുദയകാംക്ഷിയായി ഉപദേഷ്ടാവായി കൂടെ താമസിക്കുന്നു. ഇത്താക്കയിലെ ജനങ്ങളെ തൃപ്തിപ്പെടുത്തുംവിധം രാജകുമാരന്റെ നേതൃത്വപാടവം മെന്റർ ഉയർത്തിക്കൊണ്ടുവരുന്നു.

ഇന്നത്തെ കോർപ്പറേറ്റ് സ്ഥാപനങ്ങളിലൊക്കെ Empowering through Mentoring എന്ന ആശയം പ്രബലമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഒരു സ്ഥാപനത്തിന്റെ പുരോഗതിയുടെ അടിസ്ഥാനഘടകം, കഴിവുറ്റ,യോഗ്യതയുള്ള, മാറ്റു തെളിയിച്ച മനുഷ്യവിഭവം തന്നെയാണ്. ഇവർ നന്നാകുന്നതിനൊപ്പം സ്ഥാപനം വളരുകയും ഉപഭോക്താക്കൾ സംതൃപ്തരാകുകയും ചെയ്യും. ഇന്ന് ഈ ആശയം, വളർച്ച ആഗ്രഹിക്കുന്ന എല്ലാ വിഭാഗങ്ങളും മതങ്ങളും സഭകളും, സ്ഥാപനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. പുതിയ തലമുറയിലെ കഴിവുള്ളവരെ കണ്ടുപിടിച്ച് വളർത്തിയെടുക്കുന്നതിന് മെന്ററിങ് സഹായിക്കുന്നു. ഇതു മനസ്സിലാക്കാത്തവർ ഭാവിയിൽ ഗുരുതരമായ പരാജയത്തെ നേരിടേണ്ടിവരും. മെന്ററിങ് ഉണ്ടാകാതിരിക്കുമ്പോൾ വെട്ടിനിരത്തലും അധികാരമത്സരവും ഉടലെടുക്കുന്നു.

ഈ രംഗത്ത് നമ്മുടെ സഭ ഒരു പുനർചിന്തനം നടത്തേണ്ടതുണ്ട്. പുരാതനത്വവും പാരമ്പര്യവും ഏറെയുള്ള ഈ സഭയിൽ നിന്ന് കാലാകാലങ്ങളായി പിരിഞ്ഞുപോയിട്ടുള്ള ചെറുവിഭാഗങ്ങളൊക്കെ ഇന്ന് വളർന്ന് ശക്തിയുള്ള സഭകളായി മാറിയതിനു കാരണം, എപ്പോഴും ഒരു രണ്ടാം നിരയെ മെന്ററിങ്ങിലൂടെ ശക്തിപ്പെടുത്തി പരിശീലിപ്പിച്ച് നേതൃത്വത്തിൽ എത്തിക്കുന്ന പ്രക്രിയ വളരെ ശക്തമായി അവർ പ്രവർത്തികമാക്കിയിരുന്നു എന്നതാണ്.

ഈ ആശയം നമ്മുടെ ആദ്യകാല പിതാക്കന്മാർ പരിപാലിച്ചു പോന്നിരുന്നു. പള്ളി പ്രതിപുരുഷന്മാർ കൂടിവന്നു സഭാ മാനേജിങ് കമ്മറ്റിയെയും, മെത്രാന്മാരെയും ട്രസ്റ്റികളെയും തെരഞ്ഞെടുക്കുന്ന രീതിയിലൂടെയൊക്കെ പുതിയ പുതിയ മുഖങ്ങളെ നേതൃത്വത്തിലേക്ക് കൊണ്ടുവരാൻ സംഗതിയായിരുന്നു. ആത്മാർത്ഥതയും അർപ്പണബോധവുമുള്ള സഭാ വിശ്വാസികളെ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കുവാൻ ഇതു സഹായകമായിരുന്നു.

> വിജയകരമായ പ്രവർത്തനം സഭയിൽ നടത്തുന്നവർ മെന്ററിങ് വഴി പുതിയ ഒരു നേതൃത്വനിര വളർത്തിയെടുക്കണം.

എന്നാൽ ഇതിലൊക്കെ കടന്നുവന്ന കക്ഷിരാഷ്ട്രീയ പ്രസരം, സഭയിലെ തെരഞ്ഞെടുപ്പുകളെയും ബാധിച്ചപ്പോൾ മുൻപറഞ്ഞ മൂല്യങ്ങൾക്കു പകരം, വാകചാതുര്യത്തിനും സംഘടിത നീക്കങ്ങൾക്കും മുൻതൂക്കമായി സ്ഥാനം നേടുന്നവർ കഴിയുന്നിടത്തോളം അതു നിലനിർത്തുന്നതിനും, മറ്റാളുകൾ ആ സ്ഥാനം കയ്യടക്കാതിരിക്കാനും ശ്രദ്ധിക്കാൻ തുടങ്ങി

പ്രവർത്തിക്കുന്നവർക്ക് അംഗീകാരം

കൈനനയാതെ മീൻ പിടിക്കുന്നവരും കുറുക്കുവഴികളിലൂടെ പ്രസിദ്ധിയാഗ്രഹിക്കുന്നവരും സ്ഥാനമോഹികളും നേതൃനിരയിൽ വന്നാൽ സഭയ്ക്ക് ഭീമമായ ദോഷം ഉണ്ടാകും. സഭയ്ക്കു മാത്രമല്ല തനിക്കുതന്നെയും. സഭയെ ഉപയോഗിച്ച് ബിസിനസ് വളർത്താനും സഭയ്ക്കുള്ളിൽ രാഷ്ട്രീയം കളിക്കാനും സാമൂഹിക രാഷ്ട്രീയത്തിലേക്കുള്ള ചവിട്ടുപടിയായി സഭയെ ഉപയോഗിക്കാനും ആരും മുതിരരുത്.

ക്രിസ്തുവിനോടുള്ള സ്നേഹബന്ധത്തിൽ സഭയ്ക്കുവേണ്ടിയും എളിയവരായ വിശ്വാസികൾക്കുവേണ്ടിയും ത്യാഗം സഹിക്കുന്നവരെയാണ് ദൈവം ആഗ്രഹിക്കുന്നത്.

സഭയുടെ സമിതികളും പ്രസിദ്ധീകരണങ്ങളും പ്രമാണിമാർക്ക് പേരുവയ്ക്കുന്നതിനു മാത്രമുള്ള ഇടമായിമാറരുത്.

പ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കാൻ തയ്യാറുള്ള വ്യക്തികളെ മാത്രമാണ് സഭ മെന്ററിങ്ങിലൂടെ മുന്നോട്ടുകൊണ്ടുവരേണ്ടത്.

പല സമ്മേളനങ്ങളിലും, അതു സംഘടിപ്പിക്കാൻ ബുദ്ധിമുട്ടിയ പലരേയും പിന്തള്ളി വേദിയിലെ കസേരകൾ മുഴുവൻ സ്ഥാനികളും നേതാക്കളും കയ്യടക്കിയിരിക്കുന്നതു കാണാം. വേദിയിൽ ചടങ്ങുമായി ബന്ധമുള്ളവർ മാത്രമാണ് ഇരിക്കേണ്ടത്. ഒരു പക്ഷേ അതിലും മാനമേറിയവരും ഉന്നതരും ചടങ്ങിൽ സംബന്ധിച്ചന്നിരിക്കാം. എങ്കിലും അവർ വേദി കൈയ്യടക്കുന്നത് ചടങ്ങ് ഭംഗിയാക്കുന്നതിന് സഹായകരമല്ല. ആ ചടങ്ങിനോട് അത്ര ബന്ധമില്ലാത്ത നേതാക്കളും പട്ടക്കാരും മീറ്റിങ്ങിൽ സംബന്ധിക്കാൻ വന്ന ജനങ്ങളോടൊപ്പം ഇരിക്കുവാൻ മഹാമനസ്കത കാട്ടുന്നത് ദൈവികമായ ഒരു ദിവ്യസ്വഭാവമായേ പൊതുജനം കാണൂ. പ്രവർത്തിക്കുന്നവർക്കു കിട്ടേണ്ട അംഗീകാരം മറ്റുള്ളവർ നഷ്ടപ്പെടുത്തുന്നത് അവരെ എത്രയ്ക്ക് മനഃപ്രയാസപ്പെടുത്തുന്നുണ്ട് എന്നു മനസ്സിലാക്കണം.

'Empowering through Mentoring' എന്ന ആശയം സഭയുടെ വിവിധ മേഖലകളിൽ പ്രാവർത്തികമാക്കുവാൻ മുതിർന്ന തലമുറയിലെ നേതൃത്വം തയ്യാറാകണം. കിട്ടിയ സ്ഥാനങ്ങളും പദവികളും അടുത്ത തലമുറയെ പരിശീലിപ്പിച്ച്, അവസരങ്ങൾ കൊടുത്ത് നേതൃത്വത്തിലേക്കു കൊണ്ടുവരുന്നതിനായി കൂടി ഉപയോഗിക്കുന്നതു വഴി സഭ ശക്തി പ്രാപിച്ച് പുരോഗതിയുടെ പാതയിൽ തന്നെ നിലനിൽക്കും. ഇതിനുള്ള മനസ്സാണ് നേതൃത്വത്തിന് ഉണ്ടാകേണ്ടത്. GM

ഇപ്പോഴുള്ള നേതൃത്വം ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നുണ്ടല്ലോ. അപ്പോൾ പുതിയ നേതൃത്വത്തിന്റെ ആവശ്യമുണ്ടോ?

നേതൃത്വം വിജയകരമായി പ്രവർത്തിക്കുമ്പോൾ തന്നെയാണ് പുതിയ നേതൃനിരയെ പരിശീലിപ്പിക്കേണ്ടത്. സംഘടനയിൽ തങ്ങൾ ശക്തരായിരിക്കുമ്പോൾ തന്നെയാണ് ഇത് ചെയ്യാൻ സാധിക്കുന്നതും. മെന്ററിങ് ഉണ്ടാകാത്തതിനാൽ ശക്തമായി പ്രവർത്തിച്ചുകൊണ്ടിരുന്ന പല പ്രസ്ഥാനങ്ങളും തകർന്നടിഞ്ഞു പോയിട്ടുണ്ട്.

മാർഗ്ഗത്തിന്റെ മറുമൊഴി

■ ഡോ. എം. കുര്യൻ തോമസ്

യേശു ക്രിസ്തു ഒരു സുവിശേഷമേ അറിയിച്ചുള്ളു. പക്ഷേ ഇന്ന് ലോകത്തിൽ വ്യത്യസ്ത സ്വഭാവം പുലർത്തുന്ന അനേകം ക്രൈസ്തവ സഭകളുണ്ട്. ഇതിനു കാരണമെന്ത്? ആവർത്തിച്ചു ഉന്നയിക്കപ്പെടുന്ന ഒരു ചോദ്യമാണ്. ചെറിയൊരു ജനവിഭാഗമായ മലയാളികൾക്കിടയിൽ ഈ ചോദ്യത്തിനു പ്രസക്തി ഏറെയാണ്. ഉത്തരം ഒറ്റ വാക്കിലാണെങ്കിൽ *സംസ്ക്കാരം* എന്നു പറയാം. വിശദമായി വേണമെങ്കിൽ സംസ്ക്കാര രൂപീകരണത്തിന്റെ ചരിത്രം പറയണം.

ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചു എന്നു ബൈബിൾ പഠിപ്പിക്കുന്നു. ഒരു മനുഷ്യനും മറ്റൊരാളുമായി പൂർണ്ണസാദൃശ്യം പുലർത്തുന്നില്ല എങ്കിലും എല്ലാവരും ദൈവസദൃശ്യരാണുതാനും. മറ്റു ജീവികളിൽനിന്നു വ്യത്യസ്തരായി വിവേചനബുദ്ധിയോടെ സൃഷ്ടിക്കപ്പെട്ട മനുഷ്യർക്കു ലഭിച്ച ഒരു വരദാനമാണിത് എന്നാണ് പണ്ഡിതമതം.

യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശ്ലീഹന്മാരും വ്യത്യസ്ത സ്വഭാവവും പശ്ചാത്തലവും ഉള്ളവരായിരുന്നു. അദ്ദേഹം പഠിപ്പിച്ചത് ഒരു സുവിശേഷമാണെങ്കിലും ശ്ലീഹന്മാർ അത് ഉൾക്കൊണ്ടത് ഒരുപോലെയല്ല. അന്തഃസത്തയിലൊഴികെ നാലു സുവിശേഷങ്ങളും തമ്മിൽ വൈജാത്യം പുലർത്തുന്നു എന്നതുതന്നെ ഇതിനു തെളിവാണ്. പൗലൂസ് ശ്ലീഹായാകട്ടെ തികച്ചും വ്യത്യസ്തമായ ഒരു നിലപാടാണ് സുവിശേഷത്തെപ്പറ്റി സ്വീകരിച്ചത്. കാരണം അദ്ദേഹത്തിന്റെ സാംസ്കാരിക പശ്ചാത്തലം മറ്റ് അപ്പോസ്തോലന്മാരുടേതിൽനിന്നും തികച്ചും വിഭിന്നമായിരുന്നു.

ആദിമ ക്രൈസ്തവ സഭയിൽത്തന്നെ ഈ സാംസ്കാരിക വൈജാത്യം പ്രകടമായിരുന്നു. യേറുശലേം സുന്നഹദോസു കൂടുവാനുണ്ടായ സാഹചര്യംതന്നെ (അ. പ്ര. 15:1-21) വ്യത്യസ്ത ജനവർഗ്ഗങ്ങൾ - സംസ്ക്കാരങ്ങൾ - ക്രിസ്തുവിശ്വാസത്തിലേയ്ക്കു കടന്നുവന്നതു മൂലമാണ്. തത്വത്തിൽ എല്ലാവരും ഏക വിശ്വാസം പുലർത്തിഎങ്കിലും അവരുടെ മാർഗ്ഗം വിഭിന്നമയിരുന്നു എന്നതാണ് വസ്തുത.

വിദേശത്ത് വേരുകളുള്ള ക്രൈസ്തവസഭകൾ ഇന്ത്യയിൽ നടത്തിയത് അധിനിവേശം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തുവിശ്വാസം പ്രചരിച്ചപ്പോൾ ഇതേ സാംസ്ക്കാരിക വൈജാത്യം തന്നെയാണ് അനുഭവപ്പെട്ടത്. ഓരോ സംസ്ക്കാരവും തങ്ങളുടേതായ രീതിയിലാണ് ദൈവവചനം ഗ്രഹിച്ചതും സ്വീകരിച്ചതും സ്വാംശീകരിച്ചതും. ...*യഹൂദന്മാർ അടയാളം ചോദിക്കുകയും യവനർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു...* (1 കൊരി 1:22) എന്ന വി പൗലൂസ് ശ്ലീഹായുടെ പരാമർശനംതന്നെ ഇതിനു തെളിവയെടുക്കാം. ഇതിലും ആഴമായ വൈജാത്യങ്ങളാണ് ലോകമെങ്ങുമുള്ള സാംസ്കാരങ്ങളിൽ യേശുക്രിസ്തുവിന്റെ സുവിശേഷത്തിനു അഭിമുഖീകരിക്കേണ്ടി വന്നത്. സ്വാഭാവികമായും ഓരോ സംസ്ക്കാരത്തിനും അനുസൃതമായ ക്രിസ്തുമാർഗ്ഗം അതത് പ്രദേശങ്ങളിൽ രൂപപ്പെട്ടു.

ലളിതമായ ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം. പുരാതനക്രിസ്തുമാർഗ്ഗങ്ങളിൽ ഏറ്റവും കുറവു ചിഹ്നങ്ങളും പ്രതിരൂപങ്ങളും ഉള്ളത് പേർഷ്യൻ സഭയ്ക്കാണ്. യാതൊരുവിധ മതചിഹ്നങ്ങളും ഉപയോഗിക്കാത്ത അഗ്ന്യാരാധകരായ സൌരാഷ്ട്രിയൻ മതത്തിന്റെ സംസ്കൃതിയിലാണ് പേർഷ്യയിലെ ക്രിസ്തുമാർഗ്ഗം രൂപംകൊണ്ടത്. സ്വാഭാവികമായും ആ സംസ്ക്കാരത്തിന്റെ പ്രതിരൂപരാഹിത്യം അവിടുത്തെ ക്രിസ്തുമാർഗ്ഗത്തേയും സ്വാധീനിച്ചു. അതിനനുസൃതമായ ഒരു സഭാ വിജ്ഞാനീയവും രൂപം കൊണ്ടു.

ദൈവമാതാവായ വി കന്യക മറിയം ഒരു യഹൂദ സ്ത്രീയാണെന്നത് വ്യക്തമായ ഒരു വസ്തുതയാണ്. എന്നാൽ എത്യോപ്യൻ ഐക്കണുകളിൽ കറുത്തനിറവും ചുരുണ്ട മുടിയുമുള്ള ഒരു എത്യോപ്യൻ സ്ത്രീയായാണ് വി ദൈവമാതാവിനെ ചിത്രീകരിച്ചിരിക്കുന്നത്. അവിടെ ഗബ്രിയേൽ മാലാഖയുടേയും നിറം കറുപ്പുതന്നെ. അത് തെറ്റാണെന്നു എത്യോപ്യൻ സഭ ഒരു കാലത്തും ചിന്തിക്കുന്നില്ല. അവരുടെ ക്രിസ്തുമാർഗ്ഗം പൂർണ്ണമായും എത്യോപ്യൻ സംസ്കാരത്തിനനുസൃതമായാണ് വികസിച്ചത്. യൂറോപ്പിലെ നവോത്ഥാനചിത്രകാരന്മാർ യുറോപ്യൻ വനിതയായാണ് വി ദൈവമാതാവിനെ ചിത്രീകരിക്കുന്നത്. അതു തെറ്റാണെന്ന് അവരും കരുതുന്നില്ല.

ഒരു മതമോ തത്വസംഹിതയോ അതിന്റെ പ്രാരംഭദശയിൽ പ്രചരിക്കുന്നതിനെ *ആത്മീയ അധിനിവേശം* എന്നു മുദ്രകുത്താനാവില്ല. കാരണം ആ ആശയം മാത്രമാണ് അവ ഉരുത്തിരിഞ്ഞ സംസ്ക്കാരത്തിൽനിന്നും മറ്റു ജനവർഗ്ഗങ്ങളിലും ദേശങ്ങളിലും എത്തിച്ചേരുന്നത്. അതോടൊപ്പം അവയുടെ ജന്മനാടുകളിലെ സംസ്ക്കാരം പറിച്ചുനടപ്പെടുകയോ അടിച്ചേല്പിക്കപ്പെടുകയോ ചെയ്യുന്നില്ല. **ഓരോ സംസ്ക്കാരത്തിലും അത് വളരുന്നതും വികസിക്കുന്നതും അതത് ദേശത്തെ സംസ്ക്കാരത്തിന് അനുരൂപമായിട്ടാവും.** അതിനാൽ അവയുടെ ബാഹ്യഭാവങ്ങളിൽ പ്രകടമായ വൈജാത്യവും ദൃശ്യമാകും. പക്ഷേ അടിസ്ഥാനതത്വം എല്ലായിടത്തും ഒന്നു തന്നെയായിരിക്കുകയും ചെയ്യും.

ഉദാഹരണത്തിന് ഇന്ത്യയിൽ ജനിച്ച ബുദ്ധമതം ടിബറ്റിലും പൂർവേഷ്യയിലും തികച്ചും വ്യത്യസ്തമായ രൂപഭാവങ്ങളോടെയാണ് വികസിച്ചിരിക്കുന്നത്. ബലപ്രയോഗം മൂലമല്ലാതെ പ്രചരിക്കുകയും തനത് സംസ്കൃതിക്കനുരൂപമായി വികസിക്കുകയും ചെയ്യുന്ന ഇത്തരം മത-തത്വസംഹിതകളെ അവയുടെ ജന്മഭൂമി ഏതായിരുന്നാലും ദേശീയമായിത്തന്നെ കണക്കാക്കണം.

മറിച്ച്, ജന്മനാട്ടിലോ മറ്റേതെങ്കിലും സംസ്ക്കാരത്തിലോ വികസിച്ച മത-തത്വശാസ്ത്രങ്ങൾ അതേപടി മറ്റൊരു സംസ്ക്കാരത്തിലേയ്ക്കു പറിച്ചുനടാനോ അടിച്ചേൽപ്പിക്കാനോ ശ്രമിക്കുമ്പോഴാണ് അത് അധിനിവേശവും വിദേശമതവുമായി കണക്കാക്കപ്പെടുന്നത്. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ പ്രചരിച്ച ക്രിസ്തുമതവും, മുഹമ്മദ് നബിയുടെ കാലത്ത് കേരളത്തിലെത്തിയ ഇസ്ലാമും ഇന്ത്യയിൽ വിദേശ മതങ്ങളല്ല. കാരണം, അവ സ്വതന്ത്രമായും സമ്മർദ്ദം കൂടാതെയും ഇവിടെ അംഗീകരിക്കപ്പെട്ട തത്വശാസ്ത്രങ്ങൾ മാത്രമാണ്. **എന്നാൽ രാഷ്ട്രീയമായും സാംസ്ക്കാരികമായും നടത്തിയ അടിച്ചമർത്തലുകളിലൂടെ ഇവ പിന്നീട് ഇന്ത്യൻ മണ്ണിൽ പ്രചരിപ്പിച്ചതിനെ അധിനിവേശമായിത്തന്നെ കണക്കാക്കണം.**

കേരളത്തിലെ അധിനിവേശപൂർവകാലത്തെ ക്രിസ്തുമാർഗ്ഗത്തിന്റെ മുഖമുദ്ര ലാളിത്യമായിരുന്നു. *ദ്രാവിഡവേദം* എന്നറിയപ്പെടുന്ന തിരുക്കുറലിന്റെ ജന്മനാട്ടിൽ അതേകാലത്ത് എത്തിച്ചേർന്ന ക്രിസ്തുമാർഗ്ഗം അത്യധികം ഉയർന്ന തത്വശാസ്ത്ര അടിത്തറയിലാണ് വേരുറപ്പിച്ചത്. പിന്നീട് ബുദ്ധമതവും നമ്പൂതിരിമതവുമായിരുന്നു കേരളത്തിലെ ക്രിസ്തു - നസ്രാണി - മാർഗ്ഗത്തിന്റെ വളർച്ചയുടെ സാംസ്ക്കാരിക പശ്ചാത്തലം. ഇവയുടെ സ്വാധീനമാണ് നസ്രാണിമാർഗ്ഗത്തിന്റെ അടിസ്ഥാനമായത്. ലാളിത്യത്തിനുപരി അഗ്നിയോടും വിളക്കിനോടുമുള്ള പ്രതിപത്തിയും നമ്പൂതിരി മതത്തിന്റെ സംഭാവനയാണ്.

റോമാസാമ്രാജ്യത്തിനകത്താകട്ടെ അവിടുത്തെ ക്രിസ്തുമാർഗ്ഗം നേരേ വിപരീത ദിശയിലാണ് ചരിച്ചത്. കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതത്തെ റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചതോടെ ഗ്രീക്കോ-റോമൻ സംസ്ക്കാരം റോമാ സമ്രാജ്യത്തിലെ ക്രിസ്തുമാർഗ്ഗത്തിന്റെ അടിസ്ഥാനമായി ഹെല്ലനിക് *പവിത്രതാ സങ്കല്പം* റോമാ സാമ്രാജ്യത്തിലെ ക്രിസ്തുമാർഗ്ഗത്തിന്റെ അടിത്തറയായി അതിന്റെ മുഖമുദ്രകളായ ദേവതാ സങ്കല്പങ്ങളും ഭീമാകാരങ്ങളായ കത്തീഡ്രലുകളും യഥാതഥമായ ദേവ രൂപങ്ങളും റോമാ സമ്രാജ്യത്തിലെ ക്രിസ്തുമാർഗ്ഗത്തിന്റെ ആണിക്കല്ലുകളും ഇവയെ അടിസ്ഥാനമാക്കി രൂപപ്പെട്ട സഭാവിജ്ഞാനീയം അതിന്റെ തത്വശാസ്ത്രവുമായി

സാമ്രാജ്യങ്ങൾ നിലനിൽപ്പിനായി ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന ഏറ്റവും പ്രധാനആയുധം *ഏകസംസ്ക്കാര സമൂഹ*

ത്തിന്റെ രൂപീകരണമാണ്. റോമാ സാമ്രാജ്യത്തിൽ ഈ പ്രക്രിയയുടെ ആത്യന്തികഫലം യഹൂദ ക്രിസ്തുമാർഗ്ഗത്തിന്റെ അന്ത്യമായിരുന്നു. റോം ഉരുക്കുകൈ നീട്ടിയപ്പോൾ റോമാ സാമ്രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെ ക്രിസ്തുമാർഗ്ഗങ്ങളും ഗ്രീക്കോ-റോമൻ ക്രിസ്തുമാർഗ്ഗ സംസ്ക്കാരത്തിനു കീഴടങ്ങിഅവസാനിച്ചു.

പക്ഷേ ഒരു സംസ്ക്കാരത്തിന്മേൽ മറ്റൊരു സംസ്ക്കാരം അധിനിവേശം നടത്തി അതിനെ തന്നിൽ ലയിപ്പിക്കുക എന്ന പദ്ധതിയുടെ വിജയം അധിനിവേശ സംസ്ക്കാരത്തിന്റെ ശക്തിയിൽ അധിഷ്ഠിതമാണ്. അധിനിവേശ ശക്തി സമ്പൂർണ്ണമല്ലെങ്കിൽ അതിന്റെ ശക്തിദൗർബല്യങ്ങൾക്കനുസരിച്ച് പൂർവിക സംസ്ക്കാരത്തിന്റെ ലക്ഷണങ്ങൾ ഏറിയും കുറഞ്ഞും അവശേഷിക്കും. ക്രിസ്തുമാർഗ്ഗത്തിലും ഇതു ദൃശ്യമാണ്.

പോർട്ടുഗീസുകാർ ഏകസംസ്ക്കാര സമൂഹമായി വളർത്തിയെടുത്ത ബ്രസീലിൽ അവർ പ്രചരിപ്പിച്ച റോമൻ കത്തോലിക്കാ സഭ വികസിച്ചത് അതിന്റെ തനത് യൂറോപ്യൻ ഭാവത്തിലല്ല. തെക്കേ അമേരിക്കൻ സമൂഹത്തിൽ സങ്കലനം ചെയ്ത ആഫ്രിക്കനടക്കമുള്ള എല്ലാ സംസ്ക്കാരങ്ങളുടേയും അംശങ്ങൾ ബ്രസീലിലെ ക്രിസ്തുമാർഗ്ഗത്തിൽ ഇന്നും കാണാം. അധിനിവേശം സമ്പൂർണ്ണമായിരുന്നില്ല എന്നതിന്റെ ലക്ഷ്യമാണ് ഇത്. കേരളത്തിലെ നമ്പൂതിരി മതത്തിന്റെ സ്ഥിതിയും വിഭിന്നമല്ല.

ഓരോ ക്രിസ്തുമാർഗ്ഗവും യേശുക്രിസ്തുവിന്റെ ഉപദേശത്തിന്റെ യഥാതഥ പരിപാലനം എന്നതിനേക്കാൾ തനത് സംസ്ക്കാരത്തിനനുസരിച്ച് വികസിച്ച ഒരോ ജീവിതരീതിയായിരുന്നു എന്നു ചരിത്രം സാക്ഷിക്കുന്നു. ഇതിന്റെ വേദശാസ്ത്ര-ഭരണ-ആചാരങ്ങളെ അതേപടി മറ്റൊരു ഭൂവിഭാഗത്തിലേയ്ക്കോ ജനസമൂഹത്തിലേയ്ക്കോ പറിച്ചുനടുക എന്നത് ആസാദ്ധ്യമായ ഒരു പ്രക്രിയയാണ്.

ചുരുക്കത്തിൽ, ഒരോ പ്രദേശങ്ങളിലും അവിടുത്തെ സംസ്ക്കാരത്തിന് അനുയോജ്യമായി വികസിച്ച ക്രിസ്തുമാർഗ്ഗമാണ് നിലവിലുണ്ടായിരുന്നത്. അടിസ്ഥാനവിശ്വാസത്തിൽ തുല്യത പുലർത്തുമ്പോഴും അവയുടെ ബാഹ്യരൂപവും ദാർശനിക വിശകലനവും ആദ്ധ്യാത്മിക പൈതൃകവും വ്യത്യസ്തത പുലർത്തി *ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ച* മനുഷ്യർ വ്യത്യസ്തരായിരിക്കുന്നതുപോലെതന്നെ ഇതിൽ അസ്വാഭാവികമായിഒന്നുമില്ല.

> ***മാർത്തോമ്മായുടെ മാർഗ്ഗമാണ് തങ്ങളുടേതെന്ന് ഇന്ന് ഭാരതീയ ക്രിസ്ത്യാനികൾക്ക് ബോധ്യം വന്നിരിക്കുന്നു***

രണ്ടാമതായി ആവർത്തിക്കപ്പെടുന്ന ചോദ്യം ഒരേ പ്രദേശത്തു തന്നെ ഒന്നിലധികം ക്രിസ്തുമാർഗ്ഗങ്ങളുടെ സാന്നിദ്ധ്യത്തിന്റെ സാധൂകരണമാണ്. ജനവർഗ്ഗങ്ങളുടെ, അതായത് സംസ്കാരങ്ങളുടെ, പറിച്ചുനടൽ മൂലം അപൂർവമായി മാത്രം ഇപ്രകാരം സംഭവിക്കാം. പക്ഷേ മുഖ്യമായും ഇവ രാഷ്ട്രീയ അധിനിവേശങ്ങളുടെ ഉപോല്പന്നങ്ങളാണ്.

ഉദാഹരണമായി കേരളത്തിന്റെതന്നെ കാര്യമെടുക്കാം. **പോർട്ടുഗീസുകാർ റോമൻ കത്തോലിക്കാ മാർഗ്ഗവുമായി കടന്നുവരുന്നതു വരെ കേരളത്തിലെ ക്രൈസ്തവ സംസ്കാരം ഏകമാനമായിരുന്നു എന്നതിൽ രണ്ടു പക്ഷമില്ല.** പക്ഷേ ഇന്നു ഇതേ ഭൂമികയിൽ ബൈസന്റൈൻ ഓർത്തഡോക്സ് ഒഴികെ ലോകത്തിലെ എല്ലാ ക്രിസ്തുമാർഗ്ഗങ്ങളും നിലവിലുണ്ട്. സൂക്ഷ്മമായ സാമൂഹിക വിശകലനത്തിൽ പോർട്ടുഗീസ്, ഡച്ച്, ഫ്രെഞ്ച്, ബ്രിട്ടീഷ് രാഷ്ട്രീയ അധിനിവേശങ്ങളുടെ ബാക്കിപത്രങ്ങളാണ് കേരളത്തിലെ ഈ വൈവിദ്ധ്യമാർന്ന സഭാസരണികളുടെ സാന്നിദ്ധ്യം എന്നുകാണാം. അധിനിവേശം ഭൗതികമോ ബൗദ്ധികമോ ആകാം എന്നതിനാൽ ഓരോ സംസ്ക്കാരത്തിലും അതിന്റെ തനത് ക്രിസ്തുമാർഗ്ഗത്തിനപ്പുറം കാണുന്ന സഭാവിഭാഗങ്ങളെല്ലാം ആത്മീയ കൊളോണിയലിസത്തിന്റെ സൃഷ്ടികളാണ്.

അക്രൈസ്തവരെ സുവിശേഷവൽക്കരിക്കുന്നതും നിലവിലുള്ള സഭകൾക്ക് മാർഗ്ഗവിത്യാസം വരുത്തുന്നതും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. പ്രാദേശിക ക്രിസ്തുമാർഗ്ഗത്തിന് അതിന്റേതായി വികസിച്ച വേദശാസ്ത്രവും ആചാര-ജീവിത സംഹിതയും ഉണ്ടാവും. അതിനാൽ പ്രാദേശിക ക്രിസ്തുമാർഗ്ഗത്തിന്മേലുള്ള വൈദേശിക അധിനിവേശം ഒരിക്കലും സംഘർഷരഹിതമായിരിക്കില്ല, *ഇരകൾ* ഏത്രമാത്രം ശക്തരായിരിക്കുമോ തദനുസൃതമായ ഒത്തുതീർപ്പുകൾക്ക് *വേട്ടക്കാർ* നിർബന്ധിതരാകും. റോമൻ കത്തോലിക്കാ സഭയുടെ കേരളത്തിലെ ലത്തീൻ, സീറോ-മലബാർ, സീറോ-മലങ്കര റീത്തുകളുടെ സാന്നിദ്ധ്യം ഇത്തരം ഒത്തുതീർപ്പുകളുടെ പ്രത്യക്ഷമായ തെളിവാണ്.

മതത്തെ ഒരു നിയമം മാത്രമായി കാണുന്ന പാശ്ചാത്യർക്ക് ഈ സംഘർഷത്തെ മനസിലാക്കാനാവില്ല. അവരെ സംബന്ധിച്ച് വിവേദപുസ്തകവും അതിന്റെ അടിസ്ഥാനത്തിൽ അവർ അവരുടേതായ രീതിയിൽ രൂപംകൊടുത്തിരിക്കുന്ന നിയമസംഹിതയും ലോകത്തെവിടെയും പ്രായോഗികമാണ്. ഒരു നിയമത്തിനുപരി ക്രിസ്തുമാർഗ്ഗം ഒരു സംസ്ക്കാരവും ജീവിതരീതിയുമാണെന്ന യാഥാർത്ഥ്യം അവരുടെ ചിന്താമണ്ഡലത്തിൽ ഇടംപിടിച്ചിട്ടില്ല.

ക്രിസ്തുമാർഗ്ഗങ്ങളുടെ സാംസ്ക്കാരിക വൈജാത്യങ്ങൾക്ക് ഒരു പക്ഷേ ആദ്യമായി വ്യക്തമായ നിർവചനം നൽകിയത് മലങ്കര നസ്രാണികളാണ്. പതിനാറാം നൂറ്റാണ്ടിൽ അധിനിവേശവുമായെത്തിയ പോർട്ടുഗീസ് റോമൻ കത്തോലിക്കാ മിഷിനറിമാരോടാണ് നസ്രാണികൾ ഈ സ്വത്വ പ്രഖ്യാപനം നടത്തിയത്. നസ്രാണികളുടെ വ്യാഖ്യാനപ്രകാരം ഇന്ത്യയിൽ തങ്ങൾ അനുവർത്തിക്കുന്ന ക്രിസ്തുമാർഗ്ഗം, തനതായ വിശ്വാസവും ആചാരങ്ങളും ജീവിതരീതിയും രാഷ്ട്രീയ വിധേയത്വവും പവിത്രതാ സങ്കല്പവും ഭാഷയും എല്ലാം ചേർന്ന *മാർത്തോമ്മായുടെ മാർഗ്ഗം* എന്ന സമ്പൂർണ്ണ സംസ്ക്കാരമാണ്. അതേസമയം പോർട്ടുഗീസുകാർ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത് ഈ ചേരുവകളെല്ലാം കലർന്ന അവരുടെ *ശെമവോൻ കേഫായുടെ മാർഗ്ഗം* എന്ന യൂറോപ്പിലെ ക്രിസ്തുമാർഗ്ഗ സംസ്ക്കാരമാണ് എന്ന് നസ്രാണികൾ മുദ്രകുത്തി പോർട്ടുഗലിൽ *ശെമവോൻ കേഫായുടെ മാർഗ്ഗം* പിന്തുടരാൻ യൂറോപ്യർക്ക് അവകാശമുള്ളതുപോലെ കേരളത്തിൽ *മാർത്തോമ്മായുടെ മാർഗ്ഗം* അനുവർത്തിക്കാൻ നസ്രാണികൾക്കും അധികാരമുണ്ട്. രണ്ടും ക്രിസ്തുമാർഗ്ഗമാണെങ്കിലും ഇവ തമ്മിൽ താരതമ്യമില്ല. രണ്ടും ഒന്നല്ലതാനും. യൂറോപ്യൻ മാർഗ്ഗം ഇന്ത്യയിൽ അസ്ഥാനത്തുമാണ്. ഇതായിരുന്നു മലങ്കര നസ്രാണികളുടെ വാദം.

ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടിയ ഗോവയിലെ റോമൻ കത്തോലിക്കാ ആർച്ച്ബിഷപ്പ് അലക്സീസ് ഡി മെനേസിസ്സിനോട് നസ്രാണികൾ ഇത് വ്യക്തമാക്കിയിരുന്നു. അദ്ദേഹത്തിന്റെ ചരിത്രകാരനായ അന്റോണിയോ ഡി ഗുവായോ തന്റെ *ജോർണഡായിൽ* രേഖപ്പെടുത്തിയിരിക്കുന്ന *പാലയൂർ നാടകം* നസ്രാണി സത്വബോധത്തിന്റെ പരസ്യമായ പ്രകടനമായിരുന്നു. ഉദയംപേരൂർ സുന്നഹദോസിനെതുടർന്നുള്ള പശ്ചാത്തലത്തിലാണ് പാലയൂർ പള്ളിക്കാർ ഈ പ്രഹസനത്തിന് രൂപം കൊടുത്തത്. തന്റെ അധികാര അതിർത്തിയിൽ പത്രോസ് ശ്ലീഹാ കടന്നുകയറുന്നതായും, തന്റെ മാർഗ്ഗത്തെ മാറ്റി അദ്ദേഹത്തിന്റെ യൂറോപ്യൻ മാർഗ്ഗം അടിച്ചേൽപ്പിക്കുന്നതായും ഈ നാടകത്തിൽ മാർത്തോമ്മാ ശ്ലീഹാ പരാതിപ്പെടുന്നു. എല്ലാ ശ്ലീഹന്മാരും തുല്യരും ഓരോരുത്തർക്കും അവരവർക്ക് നിശ്ചയിക്കപ്പെട്ട പ്രദേശത്ത് സ്വന്തമായ മാർഗ്ഗം പിന്തുടരാൻ അവകാശമുണ്ടെന്നും. ഇന്ത്യ തന്റെ പ്രദേശവും റോം പത്രോസിന്റെ പ്രദേശവുമാണെന്നും അദ്ദേഹം വാദിക്കുന്നു. അതിനാൽ റോമാപാപ്പയ്ക്ക് തന്റെ പ്രദേശത്ത് അധികാരമില്ലന്നും മാർത്തോമ്മാ ശ്ലീഹാ വാദിച്ചു. തനിക്കു ലോകം മുഴുവൻ അധികാരമുണ്ടെന്നും അതിനാൽ തന്റെ മാർഗ്ഗം ലോകമെങ്ങും ബാധകമാണെന്നും പത്രോസ് ശ്ലീഹാ എതിർവാദം ഉയർത്തുന്നു. ഈ വാദത്തിന്റെ അന്ത്യത്തിൽ മദ്ധ്യസ്ഥനായ മാർ കുറിയാക്കോസ് സഹദാ (പാലയൂർ പള്ളി സ്ഥാപിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ നാമത്തിലാണ്) മാർത്തോമ്മാ ശ്ലീഹായ്ക്ക് അനുകൂലമായി വിധിപ്രഖ്യാപിക്കുന്നു. വിശദമായ വാദപ്രതിവാദം നടന്ന *പാലയൂർ നാടകം* നസ്രാണിക്ക് തങ്ങളുടെ സ്വത്വത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു എന്നതിന് തെളിവാണ്.

ഏക ക്രിസ്തുമാർഗ്ഗ സംസ്ക്കാരത്തിന്റെ പ്രചാരകർക്ക് മൊഴിമുട്ടിയ ശക്തമായ സ്വത്വബോധപ്രകടനമായിരുന്നു *മാർത്തോമ്മായുടെ മാർഗ്ഗം ശെമവോൻ കേഫായുടെ മാർഗ്ഗം* എന്നീ നിർവചനങ്ങൾ. അതിന്റെ തെളിവ് ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളിൽ കാണാം. കാനോനാകളിലെ *മാർത്തോമ്മായുടെ മാർഗ്ഗ*വും *ശെമവോൻ കേഫായുടെ മാർഗ്ഗ*വും രണ്ടല്ല ഒന്നു തന്നെയാണെന്ന അധിനിവേശശക്തികളുടെ ദുർബലമായ ഏകസംസ്ക്കാര പ്രഖ്യാപനമുകളിൽ സൂചിപ്പിച്ച നസ്രാണി നിർവചനത്തിന്റെ ശക്തിയുടെ പ്രതീകമാണ്.

മാർത്തോമ്മായുടെ മാർഗ്ഗവും ശെമവോൻ കേഫായുടെ മാർഗ്ഗവും ഒന്നാണ് എന്നു പ്രഖ്യാപിച്ച് ഏകസംസ്ക്കാരം രൂപീകരിക്കാനുള്ള പാതയായിരുന്നു 1599-ലെ ഉദയംപേരൂർ സുന്നഹദോസ്. ഇന്ത്യൻ ക്രിസ്തുമാർഗ്ഗത്തിന്റെ വ്യക്തിത്വത്തെ ഇല്ലായ്മ ചെയ്ത് യൂറോപ്യൻ ക്രിസ്തുമാർഗ്ഗത്തിൽ ലയിപ്പിക്കാനായിരുന്നു അന്നു ശ്രമിച്ചത്. സൂക്ഷ്മമായി വിശകലനം, ചെയ്താൽ ആത്മീയ-ലൗകീക വിഷയങ്ങളെപ്പറ്റിയുള്ള ഉദയംപേരൂർ സുന്നഹദോസിന്റെ വിശദമായ കാനോനാകൾ എല്ലാം യൂറോപ്യൻ പശ്ചാത്തലമുള്ള ഏകസംസ്ക്കാരം കരുപ്പിടിപ്പിക്കനുള്ള ഉപാധികളായിരുന്നു എന്നു കാണാം.

ഈ അധിനിവേശത്തിൽ നിന്നുള്ള മോചനവും *മാർത്തോമ്മായുടെ മാർഗ്ഗം* എന്ന ദേശീയ സ്വത്വത്തിന്റെ പുനഃസ്ഥാപനവുമായിരുന്നു 1653-ലെ കൂനൻകുരിശു സത്യം വിഭാവനം ചെയ്തത്. അതിനു ത്വരകമായ കാരണങ്ങളോ അതിന്റെ വാചകങ്ങളോ തികച്ചും അപ്രസക്തമാണ്. കാരണം, ഉദയംപേരൂർ സുന്നഹദോസ് അടിച്ചേൽപ്പിച്ച *ശെമവോൻ കേഫായുടെ മാർഗ്ഗ*ത്തിന്റെയും അതിന്റെ ഘടകങ്ങളുടെയും സമ്പൂർണ്ണ നിരസനവും *മാർത്തോമ്മായുടെ മാർഗ്ഗ*ത്തിന്റെ പുനഃപ്രതിഷ്ഠയുമായിരുന്നു കൂനൻകുരിശു സത്യം ലക്ഷ്യമിട്ടിരുന്നത്. കൂനൻകുരിശു സത്യം പൂർണ്ണമായും ഈ ലക്ഷ്യപ്രാപ്തിയിൽ വിജയിച്ചോ എന്ന ചോദ്യവും ഇവിടെ അപ്രസക്തമാണ്.

സമൂഹിക ശാസ്ത്രപരമായി നസ്രാണികൾ അന്നു നൽകിയതിനേക്കാൾ വ്യക്തവും സുതാര്യവുമായ ഒരു നിർവചനം മതസംഹിതകളുടെ തദ്ദേശീയ വികസനങ്ങൾക്കു നൽകാനാവില്ല. ഇന്നും ആത്മീയ കൊളോണിയലിസത്തിനുള്ള ഏറ്റവും മികച്ച മറുപടിയും ഇതുതന്നെയാണ്. ഇതേ കാരങ്ങൾ തന്നെയാണ് 1653-ലെ കൂനൻകുരിശ് സത്യത്തെ ഇന്ത്യയിലെ ആദ്യത്തെ ദേശീയ സ്വാതന്ത്ര്യ സമരമാക്കുന്നതും.

മലങ്കര നസ്രാണികൾ നിർദ്ധാരണം ചെയ്ത *മാർത്തോമ്മായുടെ മാർഗ്ഗം* എന്ന സ്വത്വനാമം വ്യക്തമാക്കുന്ന രണ്ടു വസ്തുതകളുണ്ട്. ഒന്നമതായി, പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ ഗണത്തിൽപ്പെട്ട മാർ തോമാ ശ്ലീഹായേയും മാർ പത്രോസ് ശ്ലീഹായേയും താരതമ്യം ചെയ്ത അധിനിവേശപൂർവ നസ്രാണികൾ തങ്ങളുടെ സ്ഥാപകൻ തോമസ് അപ്പോസ്തോലനാണെന്നു തന്നെയാണ് വിശ്വസിച്ചിരുന്നത്. അല്ലാതെ ചില വർത്തമാനകാല രചയിതാക്കൾ കരുതുന്നതുപോലെ ഏതെങ്കിലും പിൽക്കാല കുടിയേറ്റക്കാരൻ തോമായേയല്ല. രണ്ടാമതായി, യൂറോപ്യൻ ഓറിയന്റെലിസ്റ്റുകൾ അവകാശപ്പെടുന്നതുപോലെ അധിനിവേശോത്തരകാലത്തെ അവരുടെ ഉദ്ധാരണ പ്രവർത്തനങ്ങളല്ല നസ്രാണികളെ ഉൽബുദ്ധരാക്കിയത്. മുകളിൽ പറഞ്ഞവിധം വിശാലമായ സാമൂഹിക പശ്ചാത്തലത്തിലുള്ള സ്വത്വ നിർദ്ധാരണം നടത്തുവാൻ തക്കവിധം ബൗദ്ധിക പശ്ചാത്തലം കൊളോണിയൽപൂർവ്വ നസ്രാണികൾക്കുണ്ടായിരുന്നു.

സൂചക ഗ്രന്ഥങ്ങൾ

1. സ്കറിയാ സഖറിയാ, *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ*, ഇടമറ്റം,1994
2. Dr. Scaria Zacharia, *The Acts and Decrees of the Synod of Dimper,* Edamttom, 1994
3. Meladath Kurian Thomas, *The Indian Way of Christanity*, Saarbucken, Deutschland, 2012
4. Pius Malekandathil(ed.), *Jornada of Dom Alexis De Menezes*, Kochi, 2003

GM

KARUNYA SPECIALITY MEDICAL LAB

LIC No. H - 432

(A Project of Zachariah Mar Anthonios Karunya Nilayam)

Reg. No. ER 515 / 06
Opp. Cochin Co-Operative Medical College
H.M.T. Colony P.O.,Kalamassery, Ernakulam Dist.
Kerala, INDIA. PIN - 683 503.
Ph.: 0484 - 2110726

കാരുണ്യസ്പെഷ്യലിറ്റിലാബിൽ നടത്തപ്പെടുന്ന എല്ലാ ടെസ്റ്റുകൾക്കും 5- 25% വരെ ഡിസ്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്.

Special Health Packages also available

Free

FOOD, MEDICINE

Working President : 9447010386

FORM IV
STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER

Georgian Mirror

1. Place of Publication	: Palarivattom, Ernakulam, Kochi-682 025, Kerala State
2. Periodicity of its publication	: Quarterly
3. Printer's Name	: Mathew Alexander
Nationality	: Indian
Address	: St. George Orthodox Valiyapally Palarivattom, Kochi - 25
4. Publisher's Name	: Mathew Alexander
Nationality	: Indian
Address	: St. George Orthodox Valiyapally Palarivattom, Kochi - 25
5. Editor's Name	: C.V. Benjamin
Nationality	: Indian
Address	: St. George Orthodox Valiyapally Palarivattom, Kochi - 25
6. Name and address of the individuals who own the newspaper and partners or share holders holding more than one percent of the total capital	St. George Orthodox Valiyapally Palarivattom, Kochi, PIN-682025

I, Mathew Alexander hereby declare that the particulars given above are true to the best of my knowledge and belief.

1 March, 2013

Sd/-
Publisher

ഉപരിപ്ലവമായ ആത്മീയത സഭയെ കാർന്ന് തിന്നുന്നു

■ ഫാ. ഡോ. ഒ. തോമസ്

ധനാഢ്യകുടുംബങ്ങൾക്കും സഭയുടെ പ്രത്യേക ആത്മീയസഹായം സമീപഭാവിയിൽ വേണ്ടിവന്നേക്കാം

ചോദ്യം: അനുഗൃഹീതമായ സഭാജീവിതം നയിക്കുകയും സഭയ്ക്കു വേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരുടെ പിൻതലമുറക്കാർ പലരും ഉന്നതമായ ഭൗതിക നേട്ടങ്ങൾ കൈവരിച്ചപ്പോൾ സഭയിൽ നിന്നും അകന്നുപോയതായി കണ്ടിട്ടുണ്ട്. ഇടവകകളിൽ കൂടിനടക്കാതെ തീർത്ഥാടനകേന്ദ്രങ്ങളിൽ പോയി ആത്മീയ സംതൃപ്തി നേടുന്നവരാണ് ഇവരിൽ പലരും. വിവാഹം വീടുകൂദാശ തുടങ്ങിയ വ്യക്തിപരമായ ആവശ്യങ്ങൾ വരുമ്പോൾ സഭയിലെ വൈദികരുടെ സേവനം 'ഔട്ട്സോഴ്സ്' ചെയ്യുന്നതാണ് ഇവർക്കു ലാഭകരവും സൗകര്യപ്രദവും. ഇവരുടെ സമ്പത്തും പദവിയും സാധാരണക്കാരായ ഇടവകാംഗങ്ങളുടെ ഒപ്പം ആരാധിക്കുന്നതിനും പ്രവർത്തിക്കുന്നതിനും തടസ്സമാകുമോ? സഭാ ജീവിതത്തിനു കാലികമായ പരിഷ്കാരം വരുത്താത്തതാണോ ഇവർ വിട്ടുനിൽക്കുന്നതിനു കാരണം?

ഡോ. ഫിലിപ്പ് ജോൺ, ഫ്ളോറിഡ

ഉത്തരം: വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ഒരു കാലത്ത് സഭയുടെ നേതൃസ്ഥാനങ്ങളിലും സഭാപിതാക്കന്മാരുടെ സഹവർത്തിത്വത്തിലും വിരാജിച്ചവരുടെ പിൻതലമുറക്കാർ വളരെ അകന്നുപോയിരിക്കുന്നതിന്റെ ചിത്രം വ്യക്തമായി ഞാനും ശ്രദ്ധിച്ചിട്ടുണ്ട്. ഈകൂട്ടത്തിൽ ചിലർ സഭതന്നെ വിട്ട്, ആധുനിക കൂട്ടായ്മകളിൽ ചേക്കേറിയിട്ടുമുണ്ട്. മറ്റാരെയും ന്യായം വിധിക്കുന്നതു ശരിയല്ലെങ്കിലും, വിമർശനാത്മകമായി ചിന്തിച്ചുപോകുന്ന ഒരു വസ്തുതയുണ്ട്. നേതൃസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന കുറേപ്പേരെങ്കിലും സഭയോടും ദൈവരാജ്യ മൂല്യങ്ങളോടും ഉള്ള പ്രതിബദ്ധത കൊണ്ടാകണമെന്നില്ല; നേതൃസ്ഥാനമോഹം തന്നെയായിരിക്കും അവരെ നയിച്ചത്. ഇതു കുടുംബാംഗങ്ങൾ തന്നെ കുറച്ചുകഴിയുമ്പോൾ തിരിച്ചറിയും. ഈ കൂട്ടരെ ജനവും കുറച്ചു കഴിയുമ്പോൾ മനസ്സിലാക്കി നേതൃസ്ഥാനങ്ങളിൽ നിന്നു തഴയും. അങ്ങനെയും അവർ അകന്നുപോകാൻ വഴിയുണ്ട്.





മറ്റൊരു കൂട്ടർ ആദർശങ്ങളുടെയും തത്വങ്ങളുടെയും പേരിൽ സഭയുടെ നേതൃത്വ ശുശ്രൂഷയിലേക്കു കടന്നുവന്നവരായിരിക്കും. കുറച്ചുനാൾ ആ രംഗത്തു പ്രവർത്തിക്കുമ്പോൾ ഒരു കാര്യം ബോദ്ധ്യമാകും. ആദർശങ്ങളും തത്വങ്ങളും പ്രസംഗിക്കുന്നതല്ലാതെ, ജീവിതത്തിൽ പാലിക്കപ്പെടുന്നില്ല എന്ന്. ഈ കൂട്ടരും നിരാശരാകും. അവർ തങ്ങളുടെ കുടുംബങ്ങളോട് പറയാൻ സാദ്ധ്യതയുണ്ട് "ഒരിടത്തും നേരും നെറിയും ഒന്നും കാണുന്നില്ല. അതുകൊണ്ട് ദൈവത്തെ വിളിച്ച് അവനവന്റെ കാര്യം നോക്കി അങ്ങു ജീവിച്ചാൽ മതി ഞാൻ ഓടിനടന്നതുപോലെ നിങ്ങൾ സമയവും ഊർജ്ജവും ഒന്നും പൊതുവേ പാഴാക്കിക്കളയേണ്ട കാര്യമില്ല". സ്വന്തം പിതാവ് ഈ തരത്തിൽ മക്കളെ ഗുണദോഷിച്ചാൽ പിന്നീട് അവർ സഭയുമായി വലിയ ബന്ധത്തിനൊന്നും പോവുകയില്ല. ഇങ്ങനെ പലകാരണങ്ങൾ ചൂണ്ടിക്കാട്ടുവാനുണ്ടാകും.

നന്മതിന്മകൾ വേർതിരിക്കുന്നതിന്റെ അടിസ്ഥാനം സാമൂഹ്യ അംഗീകാരം എന്ന നിലയിൽ ആയിരിക്കുന്നു. അത് മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഉപരിപ്ലവമായ ഒരു ആത്മീയതയാണ്. നിർഭാഗ്യവശാൽ അതിനാണ് ഇന്ന് സാർവ്വത്രിക അംഗീകാരം.

അതിനാൽ അനുഗൃഹീതമായ സഭാജീവിതം നയിച്ചു എന്നതിന്റെ മാനദണ്ഡങ്ങൾ കുറേക്കൂടി വ്യക്തമാകേണ്ടിയിരിക്കുന്നു. സഭയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരായി സ്ഥാനമോ, മാനമോ, പദവിയോ, സമ്പത്തോ നേടിയവരെയൊന്നും ത്യാഗം സഹിച്ചവരുടെ പട്ടികയിൽ പെടുത്തുന്നതിന് യാതൊരു അർത്ഥവുമില്ല. ലോകം, താതാ, സഹോദരർ, ജാതിയതും തറവാടും ഉപേക്ഷിച്ച് യേശുവിനായി മരണം സ്വീകരിച്ചവരാണ് സഹദേന്മാർ. ജീവൻ വെടിഞ്ഞില്ലെങ്കിലും, കഷ്ടത, പട്ടിണി, നിന്ദ, പരിഹാസം ഇവയിലെന്തെങ്കിലും ക്രിസ്തുവിനുവേണ്ടി ഏറ്റുവാങ്ങിയിട്ടില്ലാത്തവർ സഭയ്ക്കു വേണ്ടി കഷ്ടം സഹിച്ചു എന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്? ഈ കൂട്ടത്തിൽ സ്ഥാനവും മാനവും, പദവിയും ലഭിക്കാത്ത സാധാരണ വിശ്വാസികളേ ഉണ്ടാകാൻ സാധ്യതയുള്ളു. സഭയുടെ നേതൃത്വ തലത്തിൽ പ്രവർത്തിച്ചവരുടെ ത്യാഗത്തെ ഇവിടെ ഒട്ടും കുറച്ചു കാണിക്കുന്നില്ല. എന്നാൽ അതിനൊക്കെ ലോകപ്രകാരം പലവിധത്തിൽ പ്രതിഫലം പിൽക്കാലത്തു ലഭിച്ചു എങ്കിൽ അതിനെ ത്യാഗമെന്നു വിശേഷിപ്പിക്കുന്നതിൽ വലിയ അർത്ഥമില്ല.

നേതൃസ്ഥാനമോഹം ചിലരെയെങ്കിലും സഭാസേവനത്തിലേക്ക് നയിച്ചു എന്നത് ദുഃഖകരമായ വസ്തുതയാണ്.

പിന്നെ, തീർത്ഥാടനകേന്ദ്രങ്ങൾ ഇടയ്ക്കിടെ സന്ദർശിക്കുകയും, വിവാഹം, വീടുകൂദാശ, ശവസംസ്കാരം എന്നിവയ്ക്ക് വൈദികനിരയും കുറേ മേൽപ്പട്ടക്കാരും സംബന്ധിക്കുകയും ചെയ്താൽ അതു ധാരാളം മതി എന്നുള്ള മനോഭാവം സാമ്പത്തികമായി മദ്ധ്യവർഗ്ഗത്തിലും ഉപരി വർഗ്ഗത്തിലും സ്ഥിതി ചെയ്യുന്നവരിൽ വർദ്ധിച്ചുവരുന്നുണ്ട്. രണ്ടു നേരമെങ്കിലും കുടുംബ പ്രാർത്ഥന നടത്തി, എല്ലാ ഞായറാഴ്ചയും ആരാധനയിൽ സംബന്ധിച്ച്, സഭയുടെ കൽപ്പിക്കപ്പെട്ട നോമ്പ്, ഉപവാസം ഇവ അനുഷ്ഠിച്ച്, ആവുന്നതും തിന്മകളിൽ നിന്ന് ഒഴിഞ്ഞ്, മറ്റു മനുഷ്യർക്ക് നന്മ ചെയ്ത് ഒതുങ്ങി ജീവിക്കുന്ന ആത്മീയത ഇന്നു കുറേയൊക്കെ അന്യം നിന്നു പോയിരിക്കുന്നു. നന്മതിന്മകൾ വേർതിരിക്കുന്നതിന്റെ അടിസ്ഥാനം സാമൂഹ്യ അംഗീകാരം എന്ന നിലയിൽ ആയിരിക്കുന്നു. അത് മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഉപരിപ്ലവമായ ഒരു ആത്മീയതയാണ്. നിർഭാഗ്യവശാൽ അതിനാണ് ഇന്ന് സാർവ്വത്രിക അംഗീകാരം. യെരുശലേം തീർത്ഥാടനം തുടങ്ങി വിദേശ കേന്ദ്രങ്ങൾ സന്ദർശിക്കുന്നവരും, സമ്പത്ത്, പദവി, വൈദിക, മേലദ്ധ്യക്ഷന്മാരുടെ സഖിത്വം ഇവയൊക്കെ ഉള്ളവരും ആത്മീയരാണെന്ന് എല്ലാവരും അംഗീകരിച്ചു കഴിഞ്ഞു. ഇതൊന്നുമില്ലാത്ത 'ഹൃദയവിശുദ്ധിയുള്ള സാധാരണക്കാർ' ആത്മീയരാണെന്ന് ആരെങ്കിലും സമ്മതിക്കുമോ? വികലമായ ആത്മീയതയെ പ്രോത്സാഹിപ്പിക്കുന്ന സഭാന്തരീക്ഷമാണ് ഇന്നുള്ളത്. ഇതിൽനിന്ന് വ്യത്യസ്തമായി ചിന്തിക്കുന്നവർ ഉണ്ടായേക്കാം. എന്നാൽ ശ്രദ്ധിക്കപ്പെടത്തക്കവിധം അവരുടെ സംഖ്യ അത്രയും വിപുലമല്ല. കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളാനുള്ള പണം അനേകർക്കും ഉള്ളതിനാൽ തൽക്കാലം ഇങ്ങനെയൊക്കെ പോവുകയേ നിവൃത്തിയുള്ളു. അതിനെ ചെറുക്കാനുള്ള യഥാർത്ഥ ആത്മീയശൈലിയുടെ സംസ്കാരം, കുറേ വിശ്വാസികളിലും, വൈദികരിലും, മേൽപ്പട്ടക്കാരിലും ഉണ്ടായിവന്നാൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താമായിരിക്കും. നിർഭാഗ്യവശാൽ അത്തരത്തിലുള്ള ഒരു പ്രകാശത്തിന്റെ നേർത്ത രേഖപോലും തൽക്കാലം ഒരിടത്തും കാണുന്നില്ല എന്നത് ഖേദകരമായ ഒരു വസ്തുതയാണ്.

മനുഷ്യരാൽ അസാദ്ധ്യമായത്, ദൈവത്തിന് സാദ്ധ്യമാകയാൽ ലോകത്തോട് അനുരൂപപ്പെടാത്ത തനിമയുള്ള ഒരു ആത്മീയ സംസ്കാരം, ഉണ്ടായിവരുവാൻ തിരിച്ചറിവുള്ളവർ നിശ്ശബ്ദമായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. തൽക്കാലം കരണീയമായത് അതു മാത്രമേയുള്ളു.

GM

ദേവാലയമറ കീറിയപ്പോൾ സംഭവിച്ചത്...

■ ^m. tUm. Ipcymt ¡mk X®nt ¡m«



അടുത്തറിഞ്ഞ് ദൈവത്തെ ശ്രവിക്കുക

ചോദ്യം : യേശു ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായിചീന്തിപ്പോയി (മത്തായി 27:51). ദേവാലയ ആരാധന ഇനിവേണ്ടെന്നും പള്ളിയിൽ വിശ്വാസികൾ പോകേണ്ടെന്നും ഇത് സൂചിപ്പിക്കുന്നു എന്നു പെന്തക്കോസ്തുകാർ വ്യാഖ്യാനിച്ചു കേട്ടിട്ടുണ്ട്. സഭ എങ്ങനെയാണ് ഇതിനെ വ്യാഖ്യാനിക്കുന്നത്?

ശലോമി മാത്യു, കോട്ടയം

ഉത്തരം: ചോദ്യകർത്താവ് പറയുന്നതുപോലെ പഠിപ്പിക്കുന്ന നവീകരണസഭകൾ ഇന്നു വളരെ ശക്തമായി പൗരോഹിത്യ സഭകൾക്ക് എതിരായി വി മത്തായിയുടെ സുവിശേഷം 27:51 നെ വ്യാഖ്യാനിക്കുന്നു. മന്ദിരത്തിലെ തിരശ്ശീല ചീന്തപ്പെട്ടത് ആരാധനയുടെ നീക്കം ചെയ്യലിനെയല്ല കാണിക്കുന്നത്. അങ്ങനെപറയുന്ന യാതൊരു വചനവും വേദപുസ്തകത്തിലില്ല. തിരശ്ശീല ചീന്തിയതിനാൽ എന്താണ് സംഭവിച്ചതെന്ന് എബ്രാ: 10: 19-20 വരെ വായിച്ചാൽ മനസ്സിലാക്കാവുന്നതാണ്. അത് ചുരുക്കമായിപറയാം.

തിരശ്ശീല ചീന്തിയപ്പോൾ സംഭവിച്ചത് എന്ത്?

1) ഒരു പുതുവഴിതുറന്നു

2) വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനം തന്നു

3) ധൈര്യത്തോടെ കൃപാസനത്തിനടുത്ത് ചെല്ലാം

4) വേർപാടിന്റെ നടുച്ചുമർ ഇടിച്ചുകളഞ്ഞു. എഫേസ്യർ 2:14 ഈ കാര്യങ്ങൾ കർത്താവ് തന്റെ ദേഹമെന്ന തിരശ്ശീല ചീന്തിക്കൊണ്ട് (ക്രൂശ് മരണത്താൽ) നമുക്കു തന്ന അവകാശങ്ങൾ ആണ്. ആരാധന നിന്നുവെന്നല്ല, സത്യാരാധനയ്ക്കായി വിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനം തന്നു എന്നതാണ് സത്യവചനം.



ചീന്തിയ തിരശ്ശീല ഏതാകുന്നു? ദൈവാലയത്തിൽ പ്രധാനമായി മൂന്നു മറകൾ ഉണ്ടായിരുന്നു. മറയെന്നും തിരശ്ശീലയെന്നും തർജ്ജമ ചെയ്തിരുന്നതിനെ ഇംഗ്ലീഷിൽ കർട്ടൻ (veil) എന്നാണ് ഉപയോഗിച്ചിരുന്നത്. ഇതിന് എബ്രായ ഭാഷയിലും ഗ്രീക്കു ഭാഷയിലും ഉപയോഗിച്ചിരിക്കുന്ന രണ്ടു വാക്കുകൾക്കും veil (Door Screen) എന്നു തന്നെയാണ് അർത്ഥം. നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം ആലയത്തിന്റെ വാതിൽമറ കീറിപ്പോയി എന്നാകുന്നു. (ദുഃഖവെള്ളി സെദറ) ഈ വാതിൽ മറ എന്നത് ഒന്നാം തിരശ്ശീലയാകുന്നു. രണ്ടാം തീരശ്ശീലയ്ക്കു പിന്നിൽ അതിവിശുദ്ധ സ്ഥലം ഉണ്ടായിരുന്നു. (എബ്രാ: 9:3). അപ്പോൾ വിശുദ്ധസ്ഥലം ഒന്നാം തിരശ്ശീലയ്ക്കു പിന്നിൽ എന്നു വ്യക്തമാകുന്നു. പ്രാകാരത്തേയും വിശുദ്ധസ്ഥലത്തേയും വേർതിരിക്കുന്ന മറയാണ് ഒന്നാം തിരശ്ശീല. ഇതിനെ ആലയമറ, മന്ദിരമറ എന്നെല്ലാം വിളിച്ചിട്ടുണ്ട്.

പ്രാകാരത്തിൽ നിൽക്കുവാൻ പോലും യോഗ്യതയില്ലാത്ത നമുക്ക് വിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനമാണ് തിരശില കീറിയപ്പോൾ ലഭിച്ചത്. ഇത് ദൈവകൃപ മാത്രമാണ്.

ദൈവാലയമറ കീറിയപ്പോൾ സംഭവിച്ചത് ശ്രദ്ധിച്ചു പഠിക്കുക. മറകീറിയതിനാൽ വിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനമാണ് നമുക്കു പുതുവഴിയായി തുറന്നുകിട്ടിയത്. അപ്പോൾ കീറിയത് ഒന്നാം തിരശ്ശീലയാകുന്നുയെന്നു വ്യക്തമാണല്ലോ? കീറിയത് ഒരു മറയും, അത് ഒന്നാം തിരശ്ശീലയും ആകയാൽ രണ്ടാം തിരശ്ശീല അതിവിശുദ്ധ സ്ഥലത്തെ മറ ഇന്നും നിൽക്കുന്നു. നമ്മുടെ കർത്താവ് ഈ തിരശ്ശീലയ്ക്കകത്ത് - കൈപ്പണിയല്ലാത്ത അതിവിശുദ്ധ സ്ഥലത്ത് തന്റെ ശുശ്രൂഷ തുടരുകയാണ്. (എബ്രാ. 6:19-20) മുമ്പ് പ്രാകാരത്തിൽ നിൽക്കുവാൻ കൽപ്പിക്കപ്പെട്ടിരുന്നെങ്കിൽ ഇന്ന് നാം വിശുദ്ധ സ്ഥലത്ത് കൃപാസനത്തിന്റെ അടുക്കൽ വന്ന് ആരാധിക്കുകയാണ്. മന്ദിരമറ കീറിയതിനാൽ നമുക്ക് തന്ന അവകാശമാണ് ഈ വിസ്ഥലത്തെ ആരാധന. (കൂടുതൽ പഠിക്കുവാൻ ആഗ്രഹിക്കുന്നവർ ഞാൻ എഴുതിയ 'വിശ്വാസിയായിരിക്കുക' എന്ന പുസ്തകത്തിന്റെ VII-ാം അദ്ധ്യായം (പേജ് 60) വായിക്കുക.

ദൈവസന്നിധിയിൽ യാത്രയും അവസാനിക്കുന്നു.

ചോദ്യം: നീ നിൽക്കുന്ന സ്ഥലം വിശുദ്ധമാകയാൽ നിന്റെ കാലിൽനിന്ന് ചെരുപ്പ് അഴിച്ചുകളയുക എന്ന് മോശയോടും പിന്നീട് യേശുവയോടും ദൈവം കൽപ്പിച്ചു (പുറപ്പാട് 3:5; യോശുവ 5:15). ചെരുപ്പ് അശുദ്ധമായതിനാലാണോ കാൽ വിശുദ്ധ സ്ഥലത്ത് സ്പർശിക്കണം എന്നതുകൊണ്ടാണോ ഇപ്രകാരം ദൈവം കൽപ്പിച്ചത്? സഭാ പിതാക്കന്മാരുടെ കാഴ്ചപ്പാട് എന്താണ്? ഇന്ന് പലരും ദേവാലയത്തിൽ ഇതു പാലിക്കുന്നതായികാണുന്നില്ല, പ്രത്യേകിച്ചും പാശ്ചാത്യ രാജ്യങ്ങളിൽ.

മാനുവൽ ടൈറ്റസ്, മുംബൈ

ചെരുപ്പഴിച്ചു വച്ച് ദൈവവചനം ശ്രവിക്കുക.

ഉത്തരം: ചെരിപ്പഴിച്ചുവയ്ക്കുവാൻ ദൈവം കല്പ്പിച്ചതു വിശുദ്ധ സ്ഥലത്തെ ബഹുമാനിക്കുവാനോ, വിശുദ്ധ സ്ഥലത്ത് കാൽ ചവിട്ടുവാനോ ആയിരുന്നില്ല. യിസ്രയേൽ ചെരിപ്പിടുന്നത് യാത്രയുടെ ഒരുക്കമായിട്ടായിരുന്നു. ഇന്നും അങ്ങനെതന്നെയാണല്ലോ.ചെരിപ്പ് അഴിച്ചുവയ്ക്കുന്നത് ഭവനത്തിൽ എത്തുമ്പോഴാണെന്നതും ഓർക്കുക. മോശയോടും യോശുവയോടും ചെരിപ്പ് അഴിച്ചുവയ്ക്കുവാൻ പറഞ്ഞത് തൽക്കാലം യാത്ര അവസാനിപ്പിക്കുന്നതിന്റെ സൂചനയായിട്ടായിരുന്നു. എന്തെന്നാൽ അപ്പോൾ അവർ ആയിരിക്കുന്നത് ദൈവഭവനത്തിൽ (സന്നിധിയിൽ) ആയിരുന്നു. അവരോട് ദൈവസന്നിധിയിൽ ഇരുന്ന് (ചെരിപ്പഴിച്ചുവച്ച്) ദൈവകൽപനകൾ സ്വീകരിക്കുവാനാണ് ദൈവം പറഞ്ഞത്. യാത്രയിൽ ചെരിപ്പ് ധരിക്കണം. യിസ്രയേൽ ഒന്നാം പെസഹ ചെരിപ്പ് ധരിച്ചുകൊണ്ടാണല്ലോ അനുഷ്ഠിച്ചത്. പുതിയനിയമസഭ സുവിശേഷവേലയുടെ ഒരുക്കമായി ചെരിപ്പ് (പൗരോഹിത്യക്രമമനുസരിച്ച്) ധരിക്കുന്നു. എഫേ: 6:15. അതുകൊണ്ട് യാത്രയുടെ ഒരുക്കമായിചെരിപ്പ് ധരിക്കുന്നവൻ യാത്രയുടെ അവസാനത്തിൽ ചെരിപ്പ് ഊരിവയ്ക്കുകയും വേണം. ദൈവസന്നിധിയിൽ എത്തുമ്പോൾ യാത്ര അവസാനിക്കുന്നുവെന്നു ധ്യാനിച്ചുകൊണ്ട് ചെരിപ്പ് അഴിച്ചുമാറ്റുക.

GM

ലോകപ്രശസ്ത ഗായിക ജെസ്സി ഹില്ലേൽ മലങ്കരസഭയുടെ വാനമ്പാടി

യഹൂദിയായിലെ ഒരു ഗ്രാമത്തിൽ ഒരു ധനുമാസത്തിലെ കുളിരുംരാവിൽ പാർത്തിരുന്ന അജപാലകർ ദേവനാദം കേട്ടാമോദരായിഎന്നർത്ഥം വരുന്ന ക്രിസ്തുമസ് ഗാനം മലയാളിയായ ജെസ്സി ഹില്ലേൽ മധുരമായി പാടിയപ്പോൾ എലിറ്റ ഇന്റർനാഷണൽ ചർച്ച് നടത്തിയ 'ദ റിയൽ സെയ്ന്റ് നിക്ക്' ഉത്സവതിമിർപ്പിലാടി പാട്ട് കേട്ടവർ, കേട്ടവർ ആർത്തട്ടഹസിച്ച് ആടിത്തിമിർത്തു. കൈകൊട്ടിയും തുള്ളിച്ചാടിയും ആ സദസ് ജെസ്സിയുടെ ക്രിസ്തുമസ് ഗാനങ്ങളെ വരവേറ്റു. ഈ സംഗീത സദസ്സോടെ ജെസ്സിപ്രശസ്തയായി ന്യൂസിലൻഡിൽ അങ്ങോളമിങ്ങോളം 11 വയസ്സുകാരിയുടെ പാട്ട് കേൾക്കാൻ ജനങ്ങൾ കാതോർത്തു.

പോപ്പ് മ്യൂസിക്കിലും, ശാസ്ത്രീയ സംഗീതത്തിലും കണ്ടമ്പററി ഗാനങ്ങളിലും ദൈവസ്നേഹം വിളിച്ചോതുന്ന ക്രിസ്തീയ ഗാനങ്ങളിലും ജെസ്സി ഹില്ലേലിന്റെ കഴിവ് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ശബ്ദമാധുര്യവും മാന്ത്രികധ്വനിയും മാലാഖമാരുടെ സ്വരമാധുരിയും ആ ബാലികയുടെ പ്രശസ്തിക്കു കാരണമായിട്ടുണ്ട്. ലോകമെമ്പാടും ഇന്ന് ജെസ്സിയെ പ്രശംസിച്ച് അവളുടെ സംഗീതമാധുര്യം നുകരുന്നു.

ന്യൂസിലൻഡിൽ ഐ.ടി രംഗത്ത് പ്രവർത്തിക്കുന്ന സിജിസൂസൻ ജോർജും റബി ബ്രിജു ഹില്ലേലും സംഗീതത്തിൽ വലിയ താൽപര്യം ഇല്ലാത്തവരാണെങ്കിലും രണ്ട് പെൺമക്കളെ സംഗീതം പരിശീലിപ്പിക്കുന്നു. പിതാവ് കോട്ടയം ഒരുവെട്ടിത്ര ഒ.എം. മാത്യുവിന്റെ പുത്രനും മാതാവ് എറണാകുളത്തെ കൺസൾട്ടിങ് എൻജിനീയർ വാകത്താനം കൈതയിൽ കെ.കെ ജോർജിന്റെ പുത്രിയും ആണ്. ഈ ദമ്പതികൾക്ക് രണ്ടു പെൺമക്കൾ മാത്രമാണുള്ളത്.

ജെസ്സിയുടെ മൂത്ത സഹോദരി ജൂലി ഹില്ലേൽ നല്ലൊരു പിയാനോ വായനക്കാരിയാണ്. അനുജത്തിയുടെ കൂടെ പിയാനോയുമായി പാട്ടുപാടുന്ന സ്ഥലത്തേക്കു ജൂലിയും പോകാറുണ്ട്. ഉയർന്നുവരുന്ന പാട്ടുകാരുടെ പട്ടികയിൽ പെടുത്തി ജൂലിയേയും ന്യൂസിലൻഡ് നാഷണൽ ടിവി ജെസ്സിക്കൊപ്പം കൂട്ടിയിട്ടുണ്ട്. രണ്ടു പേരും നല്ലപോലെ തിളങ്ങി സമ്മാനങ്ങൾ വാരിക്കൂട്ടിക്കൊണ്ടിരിക്കുന്നു. ജെസ്സിയും നല്ല നിലയിൽ പിയാനോ വായിക്കും. രണ്ടു പേരും ചേർന്നുള്ള സംഗീതം ന്യൂസിലൻഡുകാർക്കിന്നു ഹരമാണ്.

ന്യൂസിലൻഡിലെ പേരുകേട്ട കാപ്തി ഗോട്ട്ടാലന്റ് (Kapiti Got Talent) 2012 ൽ ജെസ്സി ഫസ്റ്റ് റണ്ണർ അപ്പ് ആയിരുന്നു. 'അവേ മറിയ' പാടിയാണ് അവളന്ന് വിജയതിലകം ചാർത്തിയത്. ചൈനയിലെ സിസി ടിവിയിലും, സിസിടിവി1 ലും സിസി ടിവി 15 ലും പുതുവർഷ പരിപാടികളായി ജെസ്സിയുടെ പാട്ടും ഡാൻസും അവതരിപ്പിച്ചിരുന്നു. ചൈനയിലെ ബീജിങ്ങിൽ കൊച്ചുമിടുക്കിക്ക് ഈയിടെ വമ്പിച്ച സ്വീകരണമാണ് ഒരുക്കിയിരുന്നത്.

പ്രശസ്തരായ സോണി കമ്പനി ജെസ്സിയുടെ 12 പാട്ടുകളടങ്ങിയ ആൽബം റിലീസ് ചെയ്യാൻ ഒരുക്കിക്കൊണ്ടിരിക്കുന്നു. സംഗീതം നെഞ്ചിലേറ്റി അത്യുന്നതങ്ങളിലെത്തിയ ജെസ്സിക്ക് നമ്മുടെ കുട്ടികൾക്ക് നൽകാൻ ഒരുപദേശം ഉണ്ട്. **"വിജയത്തിനു പിറകേ ആരും പായരുത്; അവനവന്റെ കഴിവിനെ പിന്തുടരണം; വിജയം താനെ കൈവരും"** ഇതാണ് ജെസ്സിയുടെ അഭിപ്രായം.

ജെസ്സിക്ക് രണ്ടര വയസ്സുള്ളപ്പോൾ നടന്ന ഒരു സംഭവം അവളുടെ വല്യപ്പച്ചൻ കെ.കെ. ജോർജ് ഇങ്ങനെ ഓർത്തു. സകുടുംബം ജെസ്സി എറണാകുളത്തെത്തിയപ്പോൾ വല്യപ്പച്ചനും, വല്യമ്മച്ചിയും മറ്റു കുടുംബാംഗങ്ങളുമൊത്ത് തെന്മലയ്ക്കൊരു വിനോദയാത്ര നടത്തി വിനോദയാത്ര തെന്മലയിൽ എത്തി നല്ല തണുപ്പുള്ള സന്ധ്യ. തെന്മല മ്യൂസിക്ക് ഫൗണ്ടനിൽ എത്തിയപ്പോൾ മ്യൂസിക്ക് ഫൗണ്ടനിൽ നിന്ന് മ്യൂസിക്കിനൊപ്പം വെള്ളം താണും പൊങ്ങിയും ചാടിച്ചാടി ഒഴുകി അൽപസമയം കഴിഞ്ഞപ്പോൾ കാറ്റും മഴയും വന്ന് മ്യൂസിക്ക് കേൾക്കാതായി പക്ഷേ ജെസ്സി പഴയ പാട്ട് ആസ്വദിച്ച് പാടി വെള്ളച്ചാട്ടത്തിനൊപ്പം ഡാൻസ് ചെയ്ത് എല്ലാവരെയും അദ്ഭുതപ്പെടുത്തിയത്രെ. കറന്റ് പോയെങ്കിലും വെള്ളച്ചാട്ടം പ്രവർത്തിച്ചിരുന്നു.

കിന്റർഗാർട്ടനിൽ പഠിക്കുന്ന സമയത്ത് യാത്രയിൽ കാറിലെ സ്റ്റീരിയോയിൽനിന്നും ഹമ്മിങ് ട്യൂണുകൾ പുറത്തുവരുമ്പോൾ അത് ശ്രദ്ധിച്ചിരുന്ന കൂർമ്മബുദ്ധിക്കാരി പിന്നീടതുപോലെ പാടുമായിരുന്നു. ഇത് മാതാപിതാക്കന്മാർ ശ്രദ്ധിച്ചാണ് അവളെ ഒരുക്കിയെടുത്തത്. പിച്ചവച്ച കാലം മുതൽ മ്യൂസിക്കിൽ ജെസ്സിക്ക് കമ്പമായിരുന്നു. ശിശുവായിരുന്നപ്പോൾ പാട്ടിനൊപ്പം അവൾ താളം പിടിച്ചിരുന്നു. ഇതു മനസ്സിലാക്കിയ പിതാവും മാതാവും രണ്ടു കുട്ടികളെയും സംഗീതം അഭ്യസിപ്പിച്ചു. ജെസ്സി ഇപ്പോൾ യു.സിഎ. മ്യൂസിക്കിൽ അവരുടെ ആൽബങ്ങൾ ചെയ്യുന്നുണ്ട്.

ന്യൂസിലൻഡിലെ ദേശീയ ചാമ്പ്യൻഷിപ്പിനർഹയായ ബാലികക്ക് (ജെസ്സി) ലോസ് ആഞ്ചൽസിൽ നടന്ന കലകളുടെ ലോക ചാമ്പ്യൻഷിപ്പിൽ ന്യൂസിലൻഡിനെ പ്രതിനിധീകരിക്കാനുള്ള ഭാഗ്യം ഉണ്ടായി മൈക്കിൾ ജാക്സൻ, ഹ്വിറ്റ്നി ഹോസ്റ്റൺ, ജോൺ കോർബൽ എന്നിവരുടെ പരിശീലകൻ സേത്റിഗ്സ് ജെസ്സിയുടെ പരിശീലകനായി മൈക്കിൾ ജാക്സന്റെയും മറ്റും പാട്ടുകൾ ജെസ്സി ശൈശവകാലം മുതൽ കേട്ട് ആസ്വദിക്കുമായിരുന്നത്രെ! അന്തർദ്ദേശീയ മെഡലുകൾ അഞ്ചെണ്ണം കീശയിലാക്കിയപ്പോഴാണവൾ വിദഗ്ധരുടെ അടുത്ത് സംഗീതം അഭ്യസിക്കാൻ പോയത്.

ജെസ്സി ഹില്ലേൽ ന്യൂസിലന്റ് പ്രധാനമന്ത്രി ജോൺ കീയോടൊപ്പം

പ്രശസ്തികേട്ട ന്യൂസിലൻഡിലെ പാർലമെന്റിലെ 'ക്രിസ്തുമസ് കരോളിൽ' പാടാൻ ജെസ്സിയെ ക്ഷണിച്ചിരുന്നു. ലോകപ്രശസ്തരായ സംഗീതജ്ഞരും വിദേശ രാഷ്ട്രത്തലവന്മാരും രാഷ്ട്രതന്ത്രജ്ഞരും പങ്കെടുത്ത ഗാനസദസ്സിൽ പങ്കെടുക്കാനവസരം ലഭിച്ചത് എടുത്തുപറയത്തക്ക നേട്ടംതന്നെയാണെന്ന് ജെസ്സികരുതുന്നു.

ന്യൂസിലൻഡിലെ വെല്ലിങ്ടണിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്ന ജെസ്സിയുടെ കുടുംബം മാർ ദിവന്നാസിയോസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിലെ അംഗങ്ങളാണ്. എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ചിലെ സ്ഥിരാംഗങ്ങളാണ് ജെസ്സിയുടെ കുടുംബം.

ന്യൂസിലൻഡിന്റെ കൂടെ ചുമതലയുള്ള മദ്രാസ് ഭദ്രാസനമെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് പ്രത്യേക കൽപ്പനയിൽ സഭയ്ക്ക് ജെസ്സി ഒരു മുതൽക്കൂട്ടാണെന്നു പറയുന്നു. സഭാ പ്രവർത്തനങ്ങളിലും സണ്ടേസ്കൂൾ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കാറുള്ള ജെസ്സി കോലഞ്ചേരിയിൽ നടന്ന എം.ജി.ഒ.സി എസ്.എം സമ്മേളനത്തിൽ പങ്കെടുത്ത് പാട്ടുകൾ അവതരിപ്പിച്ച് സദസ്സിനെ കോരിത്തരിപ്പിച്ചു. അന്ന് കൂറിലോസ് തിരുമേനിയും ആ സമ്മേളനത്തിൽ പങ്കെടുത്ത് ജെസ്സിയെ അനുമോദിച്ചു. സണ്ടേസ്കൂളിലും സഭാ പ്രവർത്തനങ്ങളിലും പങ്കെടുക്കുന്ന ജെസ്സി-ജൂലി സഹോദരിമാർ കന്യകമറിയം സ്തുതിപ്പുകൾകൊണ്ട് ലോകപ്രശസ്തിപിടിച്ചുപറ്റിയിട്ടുള്ളവരാണ്. GM

മലങ്കരസഭയുടെ ചരിത്രം:
മാർത്തോമ്മാ ശ്ലീഹാ മുതൽ പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ വരെ

■ പോൾ മണലിൽ



എ.ഡി 52 മുതൽ 2012 വരെയുള്ള മലങ്കരസഭയുടെ സമ്പൂർണ്ണ ചരിത്രമാണ് സഭാ ചരിത്രകാരന്മാരായ ഫാ. ഡോ. ജോസഫ് ചീരനും കെ.വി മാമ്മൻ കോട്ടയ്ക്കലും ചേർന്നെഴുതിയ 'മലങ്കരസഭയുടെ സമുന്നത സാരഥികൾ.' ആയിരത്തിലധികം താളുകളിൽ സഭയുടെ വിവിധ മേഖലകളിലെ ചരിത്രവും പ്രവർത്തനങ്ങളും വിവരിക്കുന്ന ഈ ഗ്രന്ഥം കാതോലിക്കേറ്റ് ശതാബ്ദി സ്മാരകമായി സമർപ്പിച്ചിരിക്കുന്ന ഒരു അക്ഷര ഖനിയാണ്.

മാർത്തോമ്മാ ശ്ലീഹായുടെ ആഗമനം മുതൽ കൊച്ചി സംഗമം വരെയുള്ള ചരിത്രപരിണാമങ്ങൾ വിലയിരുത്തി മലങ്കരസഭയുടെ പ്രഥമ സാരഥിയായി മാർത്തോമ്മാ ശ്ലീഹായെ പ്രതിഷ്ഠിച്ചുകൊണ്ടുള്ള ഒരു ചരിത്ര പാരമ്പര്യമാണ് ഈ ഗ്രന്ഥം കാഴ്ചവയ്ക്കുന്നത്. മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനം മലങ്കരസഭയുടെ ജന്മാവകാശമാമെണന്ന നിലപാട് ഉയർത്തുന്ന ഈ ഗ്രന്ഥം കിഴക്കിന്റെ ഒന്നാമത്തെ മേൽപ്പട്ടക്കാരൻ മാർത്തോമ്മാ ശ്ലീഹാ ആകുന്നു എന്ന ബാർ എബ്രായയുടെ സാക്ഷ്യത്തെ എടുത്തവതരിപ്പിക്കുകയും ചെയ്യുന്നു.

പാലൂരിൽ രൂപപ്പെട്ട ക്രൈസ്തവസഭാ ചരിത്രം അങ്കമാലിയിലേക്കും പകലോമറ്റം പൗരോഹിത്യ പാരമ്പര്യത്തിലൂടെ കണ്ടനാട്, നിരണം എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച സഭാ ഭരണ പാരമ്പര്യത്തിലേക്കും പടർന്നുകയറിയ ചരിത്രവഴികൾ ഈ പുസ്തകത്തിൽ വിശദമായി അന്വേഷിക്കുന്നു. മാർത്തോമ്മാ പാരമ്പര്യത്തിൽ മലങ്കരയിൽ നിലനിന്നിരുന്ന അർക്കദിയാക്കോൻ ഭരണക്രമത്തെപ്പറ്റിയും പേർഷ്യൻ ബന്ധത്തിൽ നിന്നു കൈവന്ന 'പേറെദ് യൂത്താ' എന്ന സ്ഥാനിക നാമത്തെപ്പറ്റിയും ഈ പുസ്തത്തിൽ ചർച്ച ചെയ്യുന്നുണ്ട്. മലങ്കരയിൽ പേറെദ്യൂത്താ സ്ഥാനം നിലവിലിരുന്നതായി ഈ ഗ്രന്ഥം സാക്ഷിക്കുന്നു. ഒന്നാം നൂറ്റാണ്ട് മുതൽ മലങ്കരയിൽ നിലനിന്നിരുന്ന കത്തനാരച്ചൻ സ്ഥാനം പേർഷ്യൻ ബന്ധത്തെ തുടർന്ന് 'പേറെദ്യൂത്താ' സ്ഥാനം അണിയുകയായിരുന്നു എന്നാണ് ഈ പുസ്തകത്തിൽ വ്യാഖ്യാനിക്കുന്നത്. അങ്കമാലി, കണ്ടനാട്, മുളന്തുരുത്തി എന്നീ പള്ളികളിൽ ശെമ്മാശന്മാരുടെയും കശ്ശീശമാരുടെയും തലവനായി 'പേറെദ്യൂത്താ'മാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നതായി ചരിത്രരേഖകൾ ഉദ്ധരിച്ചുകൊണ്ട് ഈ ഗ്രന്ഥം വിവരിക്കുന്നുണ്ട്. പ്രാദേശിക ഇടവകയിൽ വൈദികർക്ക് സ്ഥാനം നൽകാൻ സഭ അധികാരപ്പെടുത്തിയ മേലദ്ധ്യക്ഷസ്ഥാനമായിരുന്നു 'പേറെദ്യൂത്തായുടേത്. മലങ്കരസഭയുടെ എഴുതപ്പെടാത്ത ഇത്തരത്തിലുള്ള ഏടുകൾ ഈ ഗ്രന്ഥത്തിൽ അനാവരണം ചെയ്യപ്പെടുന്നുണ്ട്.

മാർത്തോമ്മാ പൈതൃകവും പാരമ്പര്യവും വെളിപ്പെടുത്തുന്ന ഒരു ഉത്തമ ചരിത്ര സാക്ഷ്യം.

പകലോമറ്റം മെത്രാൻമാരെപ്പറ്റിയുള്ള വിശദമായ പഠനവും ഇതിലുണ്ട്. 1653 ലെ കൂനൻകുരിശ് പ്രഖ്യാപനത്തിനു ശേഷം പന്ത്രണ്ട് പേറെദ്യൂത്താമാർ ചേർന്നാണ് അർക്കദിയാക്കോനെ കൈവയപ്പ് നടത്തി മാർത്തോമ്മാ ഒന്നാമനായി വാഴിച്ചതെന്ന് ഇതിൽ പറയുന്നു. മലങ്കരസഭയിലെ എപ്പിസ്കോപ്പൽ പാരമ്പര്യം അന്ത്യോഖ്യൻ മെത്രന്മാരിൽ നിന്നല്ല സമാരംഭിക്കുന്നതെന്ന ചരിത്രസത്യത്തെ വ്യക്തമാക്കുന്ന തരത്തിൽ സഭയുടെ ചരിത്രത്തെ വിശദീകരിക്കുന്ന ഇത്തരം വഴിത്തിരിവുകൾ ഈ പുസ്തകത്തിൽ വേറെയും അവതരിപ്പിക്കുന്നുണ്ട്. പകലോമറ്റം മെത്രാന്മാരുടെ കാലത്തെ ചരിത്രസംഭവങ്ങളും ഇതിൽ സൂക്ഷ്മമായി അവലോകനം ചെയ്യുന്നുണ്ട്. മലങ്കരസഭയിലെ നവീനകാലഘട്ടം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമനിലാണ് ആരംഭിക്കുന്നതെന്ന് ഇതിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും നിരണം ഗ്രന്ഥവരി, ബൈബിൾ വിവർത്തനം, പുതിയകാവ് പടിയോല തുടങ്ങിയ ചരിത്രയാഥാർത്ഥ്യങ്ങളെ ഈ പുസ്തകം അവഗണിക്കുന്നില്ല.

പുലിക്കോട്ടിൽ ഒന്നാമൻ മുതൽ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് വരെയുള്ള മലങ്കരസഭാ സാരഥികളുടെ കാലവും പ്രവർത്തനങ്ങളും ആവേശം പകരുന്നവയാണ്. പുലിക്കോട്ടിൽ മാർ ദീവന്നാസിയോസിന്റെ കാലം സഭയുടെ സുവർണ്ണകാലമായിരുന്നു. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന് സഭാ ഭരണത്തിൽ പുതിയ ദിശാബോധം നൽകിയതു പുലിക്കോട്ടിൽ രണ്ടാമനായിരുന്നു. വിശ്വാസപരമായും സാമൂഹികമായും ഉള്ള പ്രതിസന്ധികളെ നേരിടാൻ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് തെളിയിച്ച പാതയിലൂടെ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മുന്നേറുന്ന ചരിത്രം ഇതിൽ വരച്ചുകാട്ടുന്നുണ്ട്. അന്ത്യോഖ്യൻ ആക്രമണത്തോടൊപ്പം നവീകരണ വാദികളുടെ ആക്രമണവും ഒരേ സമയം നേരിട്ടുകൊണ്ട് സഭയെ വിശ്വാസത്തിന്റെ പുതിയ തീരങ്ങളിലേക്ക് വട്ടശ്ശേരിൽ തിരുമേനി നയിച്ചു. ധീരതയുടെ ആ നാളുകളെപ്പറ്റി ഈ പുസ്തകത്തിൽ വിസ്തരിച്ചു പറയുന്നു.

ഇതുവരെ എഴുതപ്പെടാത്ത പല കാര്യങ്ങളും ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു.

ഒന്നാം കാതോലിക്കാ മുതൽ എട്ടാം കാതോലിക്കാ വരെയുള്ള സാരഥികളുടെ ചരിത്രം ആധുനികമാണെങ്കിലും **ആദ്യകാല ചരിത്രകാരന്മാർ എഴുതാൻ വിട്ടുപോയ പല കാര്യങ്ങളും സൂക്ഷ്മതയോടെ ഈ പുസ്തകം അവതരിപ്പിക്കുന്നു.** ഓരോ കാലഘട്ടത്തിലും കാതോലിക്കാമാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെപ്പറ്റി മനസ്സിലാക്കാനും ഈ രചന ഉപകരിക്കുന്നുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയുടെ അടിസ്ഥാനവിശ്വാസങ്ങളും വട്ടശ്ശേരിൽ തിരുമേനി രചിച്ച മതോപദേശസാരങ്ങളും ഈ പുസ്തകത്തിൽ സമാഹരിച്ചിട്ടുണ്ട്. സഭാ സാരഥികളുടെ കാലവും ജീവിതവും അനാവരണം ചെയ്തുകൊണ്ടുള്ള ഒരു സഭാ ചരിത്ര നിർമ്മിതിയാണ് കെ.വി മാമ്മനും ഫാ. ജോസഫ് ചീരനും ചേർന്ന് നടത്തിയിട്ടുള്ളത്. സാരഥികളിലൂടെ സഭയുടെ ചരിത്രം എഴുതപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം വൈദിക സെമിനാരി, മിഷൻ ബോർഡ്, വിദ്യാർത്ഥിപ്രസ്ഥാനം, സ്ലീബാദാസ സമൂഹം തുടങ്ങിയവയുടെ ചരിത്രവും വിവരിക്കുന്നുണ്ട്. സഭയിലെ ഏതാനും ആത്മായ പ്രമുഖരുടെ രേഖാചിത്രങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. തലമുറകളെ അടുത്തറിയാൻ ഉപകരിക്കുന്ന ഈ ഗ്രന്ഥം മാർത്തോമ്മാ പൈതൃകവും പാരമ്പര്യവും വെളിപ്പെടുത്തുന്ന ഒരു ഉത്തമ ചരിത്രസാക്ഷ്യമാണ്.

മലങ്കരസഭയുടെ സമുന്നത സാരഥികൾ
ഫാ. ഡോ. ജോസഫ് ചീരൻ
കെ.വി മാമ്മൻ കോട്ടയ്ക്കൽ
വില : 700 രൂപ
പ്രസാധകർ : കോട്ടയ്ക്കൽ പബ്ലിഷേഴ്സ്
പിബി നമ്പർ 10
മാങ്ങാനം, കോട്ടയം-686 018
ഫോൺ - 0481-2578936

ജോർജിയൻ മിറർ വായനക്കാർക്ക് ഈ പുസ്തകം 500+50 (പോസ്റ്റേജ്) രൂപയ്ക്ക് ഗ്രന്ഥകർത്താവിൽ നിന്നും ലഭിക്കുന്നതാണെന്ന് അറിയിക്കുന്നു.

GM

കാതോലിക്കേറ്റ് ശതാബ്ദിപിന്നിട്ടു അലയടികൾ തുടരും....

■ അലക്സ് കുര്യൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ 1960-ാം വാർഷികവും കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളും നവംബർ 25 ന് മറൈൻഡ്രൈവിൽ നടന്ന മഹാസംഗമത്തോടുകൂടി പര്യവസാനിച്ചു. സഭയുടെ യശസ്സ് വാനോളം ഉയർത്തുന്ന രീതിയിൽ സമാപനസമ്മേളനം സംഘടിപ്പിക്കുവാൻ നമുക്കു കഴിഞ്ഞു. മറൈൻഡ്രൈവിൽ നടന്ന ചരിത്രമുഹൂർത്തത്തിനു സാക്ഷ്യം വഹിക്കുവാൻ രണ്ടു ലക്ഷത്തിലേറെ പേർ എത്തിയതായി വിലയിരുത്തുന്നു. മലങ്കരസഭയുടെ പല ഇടവകകളിൽനിന്നും 10% ൽ താഴെ മാത്രം വിശ്വാസികൾ പങ്കെടുത്തിട്ടും ഇത്രയും പേരെ അണിനിരത്തുവാൻ നമുക്ക് കഴിഞ്ഞത് നിരീക്ഷകരെപ്പോലും അത്ഭുതപ്പെടുത്തി തികഞ്ഞ അച്ചടക്കത്തോടുകൂടി സംഘടിപ്പിക്കപ്പെട്ട ഈ മഹാസംഗമം മറ്റു സഭാ വിഭാഗങ്ങളിലും മത വിഭാഗങ്ങളിലും സഭയുടെ യശസ്സുയർത്തി തിബറ്റിന്റെ ആത്മീയാചാര്യൻ ദലൈലാമയുടെ സാന്നിദ്ധ്യം സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റി നസ്രാണിസംഗമം, ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര ഇവയൊക്കെ നമ്മുടെ ദേശീയതയുടെയും, അപ്പോസ്തോലിക പാരമ്പര്യത്തിന്റെയും കേളികൊട്ടുണർത്തി സ്മൃതിയാത്രയിലുടനീളം പതിനായിരങ്ങൾ പങ്കെടുത്തു. വിവിധ സാമൂഹ്യ-രാഷ്ട്രീയ നേതാക്കളുടെ സാന്നിദ്ധ്യം ശ്രദ്ധ പിടിച്ചുപറ്റി കൊങ്ങിണി മേഖലയായ ബ്രഹ്മവാറിൽ പോലും ആയിരങ്ങൾ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു. സമൂഹത്തിൽ നമ്മുടെ സന്ദേശം എത്തിക്കുന്നതിൽ ഈ യാത്ര വളരെയധികം ഫലപ്രദമായി

ഒരേവിശ്വാസവും, പൈതൃകവുമുൾക്കൊള്ളുന്ന സഭകൾ ഒരു കുടക്കീഴിൽ അണിനിരക്കുവാൻ സമയമായി എന്ന പ. ബാവാ തിരുമേനിയുടെ ആഹ്വാനത്തിന്റെ അലയടികൾ മറ്റു സഭാവിഭാഗങ്ങളിലൊക്കെ ഉയർന്നുകഴിഞ്ഞു. മലങ്കരസഭയിൽ സമാധാനം നിലവിൽ വരുവാൻ വിശ്വാസികൾ ഒറ്റക്കെട്ടായി അണിനിരക്കണം. പ. ബാവാ തിരുമേനിയുടെ ആഹ്വാനത്തോടൊപ്പം തുടർനടപടികളും ആരംഭിക്കണം. സഭയിലെ ഭൂരിപക്ഷം വിശ്വാസികളും, ആത്മീയസ്ഥാനികളും ഇതിനു വേണ്ടി കാത്തിരിക്കുന്നു. പാത്രിയർക്കീസ് വിഭാഗത്തിലെ ബഹുഭൂരിപക്ഷം വിശ്വാസികളും ഐക്യത്തിന് അനുകൂലമാണ്. മാർത്തോമ്മൻ പൈതൃകമുൾക്കൊള്ളുന്ന സഭകളെല്ലാം ഒരു കുടക്കീഴിൽ അണിനിരക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

കാതോലിക്കേറ്റ് സ്ഥാപനത്തെപ്പറ്റിയും, മലങ്കരസഭാ ചരിത്രത്തെപ്പറ്റിയും വളരെയധികം ചർച്ചകൾ ഈ കാലയളവിൽ നടന്നുകഴിഞ്ഞു. 1500 ലേറെ പള്ളികളിൽ നടന്ന കാതോലിക്കേറ്റ് പ്രഭാഷണ പരമ്പരയിലൂടെ വിശ്വാസികളുടെ സജീവ ശ്രദ്ധയാകർഷിക്കുവാൻ കഴിഞ്ഞു. മറ്റു സഭാ വിഭാഗങ്ങളും, മതവിഭാഗങ്ങളും നമ്മുടെ ചർച്ചകളെപ്പറ്റിയും, നിലപാടുകളെ പറ്റിയും കൂടുതൽ വിലയിരുത്തി സഭയുടെ സത്യവിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും കണ്ണികൾക്ക് തിളക്കമേറ്റുവാൻ ഇത്തരം ചർച്ചകൾ പര്യാപ്തമായി ഈ വിഷയങ്ങളിൽ തുടർ ചർച്ചകളും സംവാദങ്ങളും ഉണ്ടാകണം.

ഓരോ ഇടവകയുടെയും ആഭിമുഖ്യത്തിൽ ഓർത്തഡോക്സ് വിശ്വാസത്തെപ്പറ്റിയും, നമ്മുടെ പാരമ്പര്യത്തെപ്പറ്റിയും കൂടുതൽ പഠനങ്ങൾ നടത്തുന്നതിനു പ്രാദേശിക തലത്തിൽ സ്റ്റഡി സെന്ററുകൾക്ക് രൂപം കൊടുക്കണം. ഇത്തരം കേന്ദ്രങ്ങൾ എക്യുമെനിക്കൽ തലത്തിലുള്ള സംവാദങ്ങൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

വിവിധ മതവിഭാഗങ്ങളുമായി സഭ കൂടുതൽ സഹകരിച്ച് പ്രവർത്തിക്കണം. ദേശീയതയ്ക്കെതിരായ നീക്കങ്ങളെ സംയുക്തമായി ചെറുക്കണം. ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിടിക്കുന്നതിൽ നമുക്ക് മുഖ്യപങ്കുണ്ട്. ഭാരതത്തിന്റെ ദേശീയ വീക്ഷണം ഉയർത്തിപ്പിടിക്കുന്ന നാടിന്റെ 'തനതുസഭ' എന്ന നിലയിൽ മറ്റു ക്രൈസ്തവ വിഭാഗങ്ങളേക്കാൾ നമ്മൾ അവർക്ക് കൂടുതൽ സ്വീകാര്യരാണ്. നമ്മുടെ ദേശീയവീക്ഷണം എക്കാലത്തും നാം ഉയർത്തിക്കാട്ടണം, വൈദേശികനേതൃത്വത്തിന്റെ ഭാരവും താങ്ങിനിൽക്കുന്ന വിദേശസഭകൾക്ക് ഇത് സ്വീകാര്യമാവില്ല എങ്കിലും.

യൂറോപ്പിൽനിന്ന് ഒരു പാഠം

ആഗോളതലത്തിൽ ക്രൈസ്തവസഭകൾ ഇന്നു വിവിധ വെല്ലുവിളികളെ നേരിടുകയാണ്. അതിന്റെ തിക്തഫലങ്ങൾ കൂടുതൽ അനുഭവിക്കുന്നത് റോമൻ കത്തോലിക്കാ സഭയും, പ്രൊട്ടസ്റ്റന്റ് സഭകളുമാണ്. യൂറോപ്പിലാണ് സഭകൾ കൂടുതലായി തകർച്ചയെ നേരിടുന്നത്. പൗരോഹിത്യ പ്രശ്നങ്ങൾ, കുടുംബബന്ധങ്ങളുടെ ശിഥിലീകരണം, ഭൗതികാസക്തി ഇവയൊക്കെ അത്തരം സഭകലുടെ തകർച്ചയ്ക്ക് കാരണമായിരിക്കുകയാണ്.

ഭൗതികവും മതേതരവുമായ കാഴ്ചപ്പാടുകൾ ശക്തിയാർജ്ജിച്ചതോടെ സമ്പന്നരാജ്യങ്ങളിൽ കത്തോലിക്കാ മതവിശ്വാസത്തിനു ക്ഷീണം സംഭവിച്ചതായി ഒക്ടോബറിൽ വത്തിക്കാനിൽ നടന്ന ആഗോള സിനഡ് വിലയിരുത്തുന്നു. ലക്ഷക്കണക്കിനു വിശ്വാസികൾ യൂറോപ്പിൽ സഭ വിട്ടുപോയി ഒരുകാലത്ത് തിങ്ങിനിറഞ്ഞിരുന്ന ദേവാലയങ്ങളിൽ വിശ്വാസികൾ വരാതായി സഭയുടെ അടിസ്ഥാനവിശ്വാസങ്ങളെ തന്നെ ജനം ചോദ്യം ചെയ്തുതുടങ്ങി വൈദികരും, കന്യാസ്ത്രീകളും ഉൾപ്പെട്ട ലൈംഗിക പീഡനകേസുകളും, അമിതമായ സാമ്പത്തികവൽക്കരണവും, പാശ്ചാത്യ അനുകരണങ്ങളും സഭയുടെ ദൗത്യത്തെ തീർത്തും ദുർബലപ്പെടുത്തിയിരിക്കുകയാണ്. വൈദികപഠനത്തിന് എത്തുന്നവരിൽ ഗണ്യമായ ഇടിവ് സംഭവിച്ചിരിക്കുകയാണ്. ഇപ്പോൾ ഇന്ത്യയിൽനിന്ന് അനേകം വൈദികരെയും, കന്യാസ്ത്രീകളെയും യൂറോപ്പിലും അമേരിക്കയിലുമൊക്കെ നിയോഗിച്ചിരിക്കുകയാണ്. കേരളത്തിലെ കത്തോലിക്കാ സഭയ്ക്ക് സാമ്പത്തികമായി ഇതു പ്രയോജനപ്പെടുത്തുവാൻ കഴിയുന്നെങ്കിലും, ഇവിടെയും വൈദികരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചതോടെ പ്രവർത്തനങ്ങളെ സാരമായിബാധിച്ചിരിക്കുകയാണ്.

ഇതുതന്നെയാണ് പ്രൊട്ടസ്റ്റന്റ് സഭകളുടെയും അവസ്ഥ. യൂറോപ്പിലുൾപ്പെടെ മിക്ക സ്ഥലങ്ങളിലും അവർ തകർച്ചയെ നേരിടുകയാണ്. ആരാധനാ സ്ഥലങ്ങൾ മിക്കതും വാണിജ്യകേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തി

പാശ്ചാത്യരാജ്യങ്ങളിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന ഭീമമായ ഫണ്ട് ഉപയോഗിച്ച് പുരാതനദേശീയ ക്രൈസ്തവസഭകളിൽ പിളർപ്പ് ഉണ്ടാക്കുവാൻ നടത്തിയിരുന്ന ശ്രമങ്ങൾക്കേറ്റ ഒരു പ്രഹരമായി ഇതിനെ കാണുന്നവരുണ്ട്. സാമ്പത്തികവൽക്കരണവും, സ്ഥാപനവൽക്കരണവും അമിത പ്രലോഭനങ്ങളുയർത്തി മലങ്കരസഭയിൽനിന്ന് ഒരു ന്യൂനപക്ഷത്തെ അടർത്തിയെടുക്കുവാൻ കേരളത്തിലും അവർക്കു സാധിച്ചു. ആത്മീയവളർച്ചയെ അവഗണിച്ചുകൊണ്ടുള്ള ഒരു വളർച്ചയും നിലനിൽക്കില്ല എന്ന പാഠമാണ് യൂറോപ്പ് നമുക്ക് നൽകുന്നത്.

വ്യക്തിഗത പ്രസ്ഥാനങ്ങൾ

കേരളത്തിലെ ന്യൂജനറേഷൻ പെന്തക്കോസ്ത് സഭകൾ ഒക്കെ ഇന്നു തകർച്ചയുടെ വക്കിലാണ്. വേദവിപരീതാശയങ്ങളും സത്യവിശ്വാസവിരുദ്ധമായ പ്രചരണങ്ങളും, ദൈവവചനത്തിന്റെ ദുർവ്യാഖ്യാനങ്ങളും തത്വാധിഷ്ഠിതമല്ലാത്ത ജീവിതരീതികളുമൊക്കെ വിശ്വാസികൾ തിരിച്ചറിഞ്ഞുതുടങ്ങി ഇതിന്റെ ഏറ്റവും വലിയ പ്രയോജനം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് ഓർത്തഡോക്സ് സഭയ്ക്കാണ്. പെന്തക്കോസ്ത് വിശ്വാസത്തിലേക്ക് പോയിരുന്ന പലരും കുടുംബമായി തിരിച്ചെത്തി തുടങ്ങി പരുമലപോലുള്ള തീർത്ഥാടനകേന്ദ്രങ്ങളിൽ അനേകം പെന്തക്കോസ്ത് വിശ്വാസികൾ സ്ഥിരമായി കടന്നുവന്ന് അനുഗ്രഹം പ്രാപിക്കുന്നു. പലർക്കും ജീവിതാനുഭവങ്ങൾ ഉണ്ടാകുന്നു. പരുമലയിലെ സ്ഥിരമായ പ്രാർത്ഥനയിലൂടെ വർഷങ്ങളായി നിലനിന്ന 'വിക്ക്' മാറിയതായി ഒരു പാസ്റ്റർ പെന്തക്കോസ്ത് വേദികളിൽ സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹം പരുമലയിൽ വലിയ ഒരു നേർച്ച പൂർത്തീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം ഭദ്രാസനത്തിലെ അഞ്ചൽ, ആലഞ്ചേരി, അഗോള മരിയൻ തീർത്ഥാടനകേന്ദ്രത്തിലെ എട്ടുനോമ്പിന്റെ പ്രധാനദിവസത്തെ നേർച്ചസദ്യ നടത്തിയത് ഒരു പെന്തക്കോസ്ത് വിശ്വാസിനിയാണ്. വർഷങ്ങളുടെ കാത്തിരിപ്പിനു ശേഷം ഒരു കുഞ്ഞിനെ ലഭിച്ചതിന്റെ സന്തോഷത്തിൽ വരുംവർഷങ്ങളിലെ നേർച്ചസദ്യയും അവർ ഏറ്റിരിക്കുന്നു. ഇത്തരത്തിൽ ഒട്ടേറെ സംഭവങ്ങൾ നമ്മുടെ ചുറ്റിലുമുണ്ട്. സത്യവിശ്വാസം ഉയർത്തി പ്രതിസന്ധികളെ അവഗണിച്ച് നാം മുന്നേറിയതിന്റെ പ്രതിഫലനമാണ് ഇതൊക്കെ. നമ്മുടെ സഭയിൽനിന്നും പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ച വലിയൊരു വിഭാഗം ഏതാനും വർഷത്തിനകം തിരികെ വരുമെ

ന്നാണ് പെന്തക്കോസ്തുകാർ വിലയിരുത്തുന്നത്. ആധുനിക ഉണർവ് ഗ്രൂപ്പുകളുടെ വേദവിപരീതങ്ങളും, വ്യാജ ദർശനങ്ങളും, പ്രവചനങ്ങളും, 'പ്രോസ്പിരിറ്റി ഗോസ്പെലിന്റെ പരിമിതികളും, നേതാക്കളുടെ ആഡംബര ജീവിതശൈലിയുമൊക്കെ ജനങ്ങൾ വിലയിരുത്തിക്കഴിഞ്ഞു. സാധാരണയായി കേരളത്തിൽ ഉടനീളം നവംബർ-ജനുവരി മാസക്കാലത്ത് വലിയ പെന്തക്കോസ്ത് കൺവൻഷനുകൾ നടത്തുക പതിവായിരുന്നു. ഇപ്രാവശ്യം പലതും ഒഴിവാക്കി നടത്തിയതൊക്കെ ചെറിയ ഗ്രൗണ്ടുകളിലേക്കു മാറ്റി സ്വർഗ്ഗീയ വിരുന്നുപോലുള്ള സ്ഥലങ്ങളിലും ജനങ്ങൾ മൂന്നിലൊന്നായി കുറഞ്ഞു. എന്നാൽ വി കുർബാനയടക്കമുള്ള കൂദാശകളെപ്പറ്റി പഠിപ്പിക്കുന്ന വേദികളിൽ വിശ്വാസികൾ താത്പര്യപൂർവ്വം പങ്കെടുക്കുന്നു.

ഏറ്റവുമൊടുവിൽ ഗോസ്പൽ ഫോർ ഏഷ്യ അദ്ധ്യക്ഷൻ ബിഷപ് കെ.പിയോഹന്നാന്റെ നിലപാടുകൾ പെന്തക്കോസ്ത് വിശ്വാസികളെ തീർത്തും നിരാശരാക്കി ഒരുകാലത്ത് ഓർത്തഡോക്സ് വിശ്വാസത്തിന്റെ കടുത്ത വിമർശകനായിരുന്ന അദ്ദേഹം ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാടുകൾ വിശ്വാസത്തേക്കാൾ ഉപരി സ്ഥാപിത താല്പര്യങ്ങൾക്കു വേണ്ടിയാണെന്നു മറ്റുള്ളവർ വിലയിരുത്തുന്നു. എങ്കിലും പെന്തക്കോസ്ത് വിശ്വാസധാരയിൽ ഉണ്ടായ വലിയ തകർച്ചയുടെ പ്രത്യക്ഷ ഉദാഹരണമാണത്.

ക്രൈസ്തവലോകത്ത് പാശ്ചാത്യസഭകൾക്ക് മുൻതൂക്കം ലഭിച്ചപ്പോൾ പല പ്രാദേശിക അപ്പോസ്തോലിക സഭകളും പിന്തള്ളപ്പെട്ടു എന്നത് ചരിത്രമാണ്. എന്നാൽ ഇപ്പോൾ ചിത്രം മാറിയിരിക്കുകയാണ്. ഓറിയന്റൽ-ബൈസന്റൈൻ ഭേദമെന്യെ ഓർത്തഡോക്സ് സഭകൾ സജീവമായിരിക്കുകയാണ്. വംശീയകലാപം രൂക്ഷമായിരിക്കുന്ന സിറിയൻ ഓർത്തഡോക്സ് സഭ ഒഴികെ മറ്റു സഭകൾ ഒക്കെ ശക്തമായ മുന്നേറ്റത്തിലാണ്. **നമ്മുടെ സഭയിലും കഴിഞ്ഞ ദശകത്തിൽ ഉണ്ടായ ഉണർവ് ശ്രദ്ധേയമാണ്.** ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദേവാലയങ്ങൾ വിശ്വാസികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. പല തീർത്ഥാടന കേന്ദ്രങ്ങളിലും അനുദിനം വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നു. വി കൂദാശകൾ സ്വീകരിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. സഭയുടെ ആത്മീയ-ഭൗതിക രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടത്തിന് അനുകൂല സമയമാണ്. ഓർത്തഡോക്സ് വിശ്വാസത്തിന്റെ മാസ്മരികത നാം ലോകത്തിനു കാട്ടിക്കൊടുക്കണം. യുവതലമുറ ഓർത്തഡോക്സ് വിശ്വാസത്തിൽ അടിയുറച്ചു ജീവിക്കണം. സമൂഹത്തിനു മാതൃക കാട്ടേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്.

മാർത്തോമ്മൻ പൈതൃക പുനരൈക്യം

അത്യുന്നതനായ രാജകുമാരനെ വരവേൽക്കുവാൻ എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഡിസംബറിലാണ് ഒരുങ്ങുന്നത്. എന്നാൽ ഒരു റീത്ത് വിഭാഗം നവംബറിൽ തന്നെ കാര്യങ്ങൾ പൂർത്തിയാക്കി മൾട്ടിനാഷണൽ കോർപ്പറേറ്റുകളെപ്പോലും കടത്തിവെട്ടി പരസ്യപ്രചരണങ്ങൾ ഒരുക്കി രാജകുമാരൻ സ്വയം എഴുന്നെള്ളി സ്വന്തം ചിലവിൽ കേരളത്തിൽനിന്നും വിവിധ മത-രാഷ്ട്രീയ വിഭാഗങ്ങളിൽ പെട്ട അൻപതിലേറെ പേരെ വിദേശകേന്ദ്രത്തിലെത്തിച്ച് സമുദായങ്ങളുടെ പിന്തുണ ജനഹൃദയങ്ങളിലെത്തിച്ചു. എല്ലാ രാഷ്ട്രീയ നേതാക്കളെയും 'തിരുസന്നിധിയിൽ വിരുന്നിനു വിളിച്ചുവരുത്തി തലസ്ഥാനനഗരിയെ അമ്പരപ്പിച്ചു. സ്വന്തം നാട്ടുകാരനായ കേന്ദ്ര നേതാവിനെ വിദേശ കേന്ദ്രത്തിലെത്തിച്ച് കേന്ദ്രപ്രതിനിധി സംഘമായി വാഴ്ത്തിപ്പാടി വാർത്തകളിൽ ചിലതെല്ലാം 'പെയ്ഡ് ന്യൂസ്' ആണെന്ന ആരോപണം നിലനിൽക്കുന്ന ഇക്കാലത്ത് പത്രതാളുകളിൽ 'വാഴ്ച'യെപ്പറ്റിവാർത്തകൾ കണ്ട് രണ്ടുലക്ഷത്തിൽ താഴെവരുന്ന സഭാംഗങ്ങൾ കോരിത്തരിച്ചു. കേരളത്തിലെ ഏറ്റവും ശക്തമായ സഭാ വിഭാഗമായി സ്വയം പുകഴ്ത്തിപാടി സാർവ്വത്രികതയുടെയും ദേശീയതയുടെയും ഒക്കെ പ്രതീകമായി ഏറ്റുപാടി.

കേരളത്തിലെ മറ്റു വിഭാഗത്തിൽ പെട്ടവരൊക്കെ പദവികളെ തികഞ്ഞ വിനയത്തോടെ ക്രൈസ്തവമായരീതിയിൽ സ്വീകരിക്കുവാൻ മുൻപ് തയ്യാറായിട്ടുണ്ട്. അത്യുന്നതനായ ദൈവത്തിന്റെ വിനീത ദാസന്മാരായി ആടുകളെ മേയിക്കേണ്ട ഇടയന്മാർ കാട്ടുന്ന ഇത്തരം 'സമ്പന്ന' മാതൃക ക്രൈസ്തവ സാക്ഷ്യത്തിനു തന്നെ കളങ്കമാണ്. **പാശ്ചാത്യവും പൗരസ്ത്യവുമായ സ്ഥാനമാനങ്ങളും വേഷവിധാനങ്ങളും ഒരുപോലെ വാരിയണിഞ്ഞ് ആചാര്യന്മാരുടെ മുൻനിരയിൽ എത്തുവാൻ ഇത്തരം വ്യക്തികൾ നടത്തുന്ന ശ്രമങ്ങൾക്ക് സഭാപരമായോ ചരിത്രപരമായോ യാതൊരു അടിത്തറയുമില്ല.**

മലങ്കരസഭയെ തകർക്കുവാൻ 1932 ൽ ആരംഭം കുറിച്ച ഒരു പ്രസ്ഥാനത്തിന്റെ നീക്കങ്ങൾ കത്തോലിക്കാ സഭയിലും ഇന്ന് പ്രാദേശിക അസന്തുലിതാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. 25 ലക്ഷത്തിലേറെ വരുന്ന സീറോ മലബാർ സഭയ്ക്കാണ് ഇപ്പോൾ കർദ്ദിനാൾ സ്ഥാനം നിലവിലുള്ളത്. 13 ലക്ഷത്തോളം വരുന്ന ശക്തമായ ലത്തീൻ വിഭാഗത്തിന് കേരളത്തിൽ ഈ സ്ഥാനം ലഭിച്ചിട്ടുമില്ല. ഇതൊക്കെ റീത്തുകൾ തമ്മിൽ അകൽച്ചയ്ക്ക് വഴി തെളിച്ചിരിക്കുകയാണ്.

മലങ്കരസഭ അതിന്റെ തനതായ വ്യക്തിത്വം നിലനിർത്തുകയും ഉയർത്തിക്കാട്ടുകയും ചെയ്യണം. നമുക്ക് എല്ലാം ദൈവദത്തമായി ലഭിച്ചിട്ടുണ്ട്. സാർവ്വത്രികമായോ, പ്രാദേശികമായോ എങ്ങുനിന്നും ഒന്നും ആർജിക്കേണ്ട ആവശ്യമില്ല. വൈദേശികാധിപത്യത്തെ തുടർന്നാണ് ദേശീയമല്ലാത്ത സഭകൾ ഉദ്ഭവിക്കാൻ ഇടയാക്കിയതെന്നതു ചരിത്രപരമായ ഒരു യാഥാർത്ഥ്യമാണ്. 15-ാം നൂറ്റാണ്ടു മുതൽ 18-ാം നൂറ്റാണ്ട് വരെ ഭാരതത്തിൽ സംഭവിച്ചതും ഇതുതന്നെയാണ്. ക്രിസ്തീയത അക്രമത്തിന്റെയോ, കയ്യേറ്റത്തിന്റെയോ, അടിച്ചമർത്തലിന്റെയോ, അജമോഷണത്തിന്റെയോ മാർഗ്ഗത്തിന് അനുമതി നൽകുന്നില്ല അല്ലാത്തതൊക്കെ ക്രൈസ്തവ തത്വങ്ങളുടെ അടിസ്ഥാനലംഘനമാണ്. ഇത്തരം സംഭവങ്ങളെയും പ്രവൃത്തികളെയും ആത്മീയതയുടെയും സുവിശേഷത്തിന്റെയും മാർഗ്ഗം എന്നു വിശേഷിപ്പിക്കുന്നതിൽ അർത്ഥമില്ല. ഇന്നത്തെ പല അത്യന്താധുനിക ക്രൈസ്തവ നേതാക്കളുടെയും സുവിശേഷത്തിന്റെ ആദ്യ ഇര പുരാതനഅപ്പോസ്തോലിക സഭകളിലെ വിശ്വാസികൾ തന്നെയാണ് എന്നത് ഒരു യാഥാർത്ഥ്യമാണ്.

മറ്റു രാജ്യങ്ങളിലെ പുരാതനസഭകളിൽ ഭിന്നിപ്പുണ്ടാക്കുക എന്ന നയം ക്രിസ്തു നിഷേധം തന്നെയാണ്.

സാർവ്വത്രികമായി ലഭിച്ചുവെന്നു പറയുന്ന സ്ഥാനങ്ങൾ ഉപയോഗിച്ച് പ്രാദേശികമായി പുരാതനദേശീയ സഭകളിൽ ഭിന്നിപ്പുണ്ടാക്കുക എന്ന തത്വം ക്രിസ്തുനിഷേധം തന്നെയാണ്. നമുക്കുവേണ്ടി തിരുമുറിവുകളും അടിപിണരുകളും മുൾക്കിരീടവുമൊക്കെ ഏറ്റുവാങ്ങിയ ദൈവപുത്രന് ക്രൈസ്തവതയുടെ പേരിൽ തിരികെ നൽകപ്പെടുന്നത് ഇത്തരം കടുത്ത പീഡനങ്ങളാണ്. സുവിശേഷം തന്നെ ലോകത്തിന്റെ എല്ലാ ഭാഗത്തും എത്തിയിട്ടില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കെ സാർവ്വത്രികത എന്ന പ്രയോഗം തന്നെ അർത്ഥശൂന്യമാണ്.

'പുനരൈക്യം' കാലഹരണപ്പെട്ട ആശയമാണ്. ഏതെങ്കിലും വ്യക്തിയുമായോ, പ്രസ്ഥാനവുമായോ പുനരൈക്യപ്പെടുക എന്നത് അർത്ഥശൂന്യമാണ് ക്രിസ്തു കേന്ദ്രീകൃതമായ ഒരു പുനരൈക്യമാണ് സഭകൾ നിലനിർത്തേണ്ടത്. അതിന് മലങ്കരയിലെ മാർത്തോമ്മൻ പൈതൃകമുൾക്കൊള്ളുന്ന സഭകളുടെ പുനരൈക്യം കാലഘട്ടത്തിന്റെ തന്നെ ആവശ്യമാണ്. അതോടെ ഇത്തരം ആശയങ്ങളുടെ പ്രസക്തി തന്നെ നഷ്ടപ്പെട്ടുകൊള്ളും.

സഭയും രാഷ്ട്രീയവും

കെ.പിസിസി പുനഃസംഘടനപൂർത്തിയായി ഓർത്തഡോക്സ്കാർ പതിവുപോലെ പൂർണ്ണമായും തഴയപ്പെട്ടു. കഴിഞ്ഞ പാർലമെന്റ്, അസംബ്ലി, കോർപ്പറേഷൻ - ബോർഡ് പുനഃസംഘടനയിൽ സ്വീകരിച്ച അതേ നിലപാട് കോൺഗ്രസ് നേതൃത്വം ആവർത്തിച്ചു. അർഹരായ പത്തിലേറെ സഭാംഗങ്ങളായ കോൺഗ്രസ് നേതാക്കൾ കെ.പിസിസി സ്ഥാനങ്ങളിലേക്ക് ശ്രമിച്ചിരുന്നു. ചിലർക്ക് സഭാകേന്ദ്രത്തിൽ നിന്നും ശുപാർശ കത്ത് ലഭിക്കുകയും ചെയ്തു. എന്നാൽ 14 ഡിസിസി പ്രസിഡന്റുമാർ ഉൾപ്പെടെ 80 -ലേറെ സ്ഥാനങ്ങൾ നിശ്ചയിച്ചപ്പോൾ നമ്മുടെ ആരെയും പരിഗണിച്ചില്ല. പതിവുപോലെ ഹൈക്കമാൻഡിന്റെ തീരുമാനമായി പ്രഖ്യാപിച്ച് സംസ്ഥാന നേതൃത്വം കൈയ്യൊഴിഞ്ഞു. ഈ ലിസ്റ്റിലുള്ള ഒരു വ്യക്തിയെയും ഹൈക്കമാൻഡിന് അറിയില്ല എന്ന വസ്തുത നിലനിൽക്കുമ്പോൾ ഇത്തരം പ്രതികരണങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല.

ഓർത്തഡോക്സ് സഭയ്ക്കെതിരെ പ്രവർത്തിക്കുന്ന ശക്തമായ ഒരു ലോബി കോൺഗ്രസിലുണ്ട്. കോൺഗ്രസ് നേതാക്കളിൽ ആരും തന്നെ ചർച്ചയുടെ ഒരു ഘട്ടത്തിലും സഭയ്ക്ക് പരിഗണന നൽകുന്നതിനെപ്പറ്റി ആലോചിച്ചില്ല. എന്നാൽ ചെറിയവിഭാഗങ്ങൾക്കു പോലും മുന്തിയ പരിഗണന ലഭിച്ചു. യാക്കോബായ വിഭാഗത്തിന് 2 ഡിസിസി പ്രസിഡന്റ് സ്ഥാനങ്ങളും 3 കെ.പിസിസി സ്ഥാനങ്ങളും ലഭിച്ചു. സ്വന്തം സമുദായത്തിലെ ഇരുപത്തിയഞ്ചിലേറെ പേരെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ രമേശ് ചെന്നിത്തല ഉത്സാഹിച്ചു. എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയുടെ വെളിപ്പെടുത്തലോടെ കോൺഗ്രസ് നേതാക്കളുടെ സ്വജനപക്ഷപാതം വ്യക്തമാണ്. കഴിഞ്ഞ 30 വർഷത്തിലെ

റെയായി ഓർത്തഡോക്സുകാരിൽ ആരുംതന്നെ ഡിസിസി പ്രസിഡന്റുമാരായിട്ടില്ല. കെ. കരുണാകരന്റെ കാലത്ത് അദ്ദേഹത്തിന്റെ ഗ്രൂപ്പിൽനിന്നും ശോഭനാ ജോർജ് ജനറൽ സെക്രട്ടറിയായതൊഴിച്ചാൽ കെ.പിസിസിയും ശൂന്യം.

നമ്മുടെ സഭയിലെ ചില വ്യക്തികളുടെ നിലപാടുകൾ സഭയെ അവഗണിക്കുവാൻ രാഷ്ട്രീയക്കാർക്ക് ശക്തി പകരുന്നുണ്ട്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ സഭയോടുള്ള അവഗണനയ്ക്കെതിരെ പ. ബാവാ തിരുമേനിയുടെ ശക്തമായ പ്രസ്താവനകൾ വന്നിട്ടും രമേശ് ചെന്നിത്തലയുടെ നോമിനേഷൻ സമർപ്പണത്തിന് വൈദികൻ ഉൾപ്പെടെ 4 പ്രധാന മാനേജിങ് കമ്മറ്റിയംഗങ്ങൾ പങ്കെടുത്തിരുന്നു. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വൈദികരിൽ ഭൂരിപക്ഷവും അദ്ദേഹത്തിനു വേണ്ടി പ്രവർത്തിച്ചിരുന്നു എന്നതാണ് സത്യം. ഇത്തരം പ്രവർത്തനങ്ങൾ സഭയുടെ നിലപാടുകളെ ദുർബലപ്പെടുത്തുക മാത്രമേ ചെയ്യുകയുള്ളൂ. നമ്മുടെ എതിരാളികൾക്ക് ഇതു നന്നായി അറിയുകയും ചെയ്യാം. സഭയേക്കാൾ കൂടുതൽ രാഷ്ട്രീയത്തോട് മമത കാട്ടുന്ന നമ്മുടെ സഭയിലെ ആത്മീയസ്ഥാനികൾക്കും, മാനേജിങ് കമ്മറ്റി മെമ്പർമാർക്കും തക്കസമയത്ത് സഭയ്ക്കു വേണ്ടി നീതിപൂർവ്വമായ എന്തെങ്കിലും നേടിയെടുക്കുവാൻ കഴിയുന്നതുമില്ല. ഹരിപ്പാട് അസംബ്ലി മണ്ഡലത്തിലും ലക്ഷക്കണക്കിന് ഓർത്തഡോക്സ് സഭാംഗങ്ങളുടെ പിന്തുണ വാങ്ങി രാഷ്ട്രീയ നേട്ടങ്ങൾ നേടുന്ന രമേശ് ചെന്നിത്തല സഭയോട് കാട്ടുന്നത് തികഞ്ഞ അവഗണനയാണ്.

എന്തായാലും സഭ സ്വീകരിച്ച നിലപാട് മാതൃകാപരമാണ്. യാതൊരു പരസ്യ പ്രസ്താവനയ്ക്കും തയ്യാറായില്ല. പരസ്യമായി രാഷ്ട്രീയത്തിൽ ഇടപെടുന്നതും തെറ്റാണ്. എന്നാൽ സഭാംഗങ്ങളായ രാഷ്ട്രീയ നേതാക്കളുടെ താൽപര്യം സംരക്ഷിക്കപ്പെടണം. **ഇത്തരം സന്ദർഭങ്ങളിൽ സഭാ നേതൃത്വമല്ല സഭാംഗങ്ങളാണ് നിലപാടുകൾ കർക്കശമാക്കേണ്ടത്. സഭയ്ക്കെതിരെയുള്ള അവഗണന തുടർന്നാൽ ബുദ്ധിപൂർവ്വം പ്രതികരിക്കേണ്ടത് വിശ്വാസികളാണ്.** സഭ ആത്യന്തികമായി ഒരു രാഷ്ട്രീയപ്രസ്ഥാനത്തോടും പ്രതിബദ്ധത പുലർത്തേണ്ട കാര്യമില്ല. എന്നാൽ എല്ലാവരുമായി സഹകരണത്തിന്റെ സമീപനം നിലനിർത്തുകയും ചെയ്യണം. സഭാംഗങ്ങളായ രാഷ്ട്രീയക്കാരെ സഭാവേദികളിൽ കൂടുതലായി പങ്കെടുപ്പിച്ച് അവർക്ക് ധാർമ്മികമായ പിന്തുണ നൽകണം.

ശതാബ്ദിനിറവിൽ മലങ്കരസഭ

ആത്മീയ-ഭൗതിക രംഗങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടിൽ മലങ്കരസഭ നേടിയ വളർച്ച ശ്രദ്ധേയമാണ്. 1934 ൽ ഭരണഘടനനിലവിൽ വന്നതോടെ ക്രമീകൃതമായ രീതിയിൽ സഭ വളരുവാൻ തുടങ്ങി 1912 ൽ 5 മെത്രാപ്പോലീത്താമാരും 6 ദ്രാസനങ്ങളും ഒന്നര ലക്ഷത്തോളം വിശ്വാസികളും മാത്രമായിരുന്നുവെങ്കിൽ ലോകത്തെങ്ങും ഇന്ന് സഭ പടർന്നു പന്തലിച്ചിരിക്കുകയാണ്. ഇന്ന് 30 ഭദ്രാസനങ്ങളിലായി 2 പ. കാതോലിക്കമാർ ഉൾപ്പെടെ 29 മെത്രാപ്പോലീത്തമാരും 21 ലക്ഷത്തിലേറെ വിശ്വാസികളും നമുക്കുണ്ട്.

വിശ്വാസികളുടെ എണ്ണത്തെ പറ്റി കൃത്യമായ കണക്കുകൾ ഇല്ലായെന്നുള്ളത് വസ്തുതയാണ്. എന്നാൽ കേരളത്തിൽ മാത്രം 1,75,000 ലേറെ കുടുംബങ്ങൾ നമുക്കുണ്ട്. വിദേശത്തും കേരളത്തിനു പുറത്തും സ്ഥിരതാമസമാക്കിയവർ വേറെ. ഓരോ മൂലകുടുംബത്തിൽനിന്നും പത്തിലേറെ പേർ കേരളത്തിനു പുറത്ത് ഇടവകകളിൽ അംഗത്വമെടുത്തോ, എടുക്കാതെയോ ജോലിനോക്കുന്നുണ്ട്. കൂടാതെ മറ്റു ഭാഷകൾ സംസാരിക്കുന്ന വിശ്വാസികളും നമുക്കുണ്ട്. ഒരർത്ഥത്തിൽ കേരളത്തിലെ ജനസംഖ്യയിൽ നമ്മുടെ വിദേശ മലയാളികൾ ഉൾപ്പെടുന്നില്ല.

> സഭയുടെ ചരിത്രം മാത്രമല്ല ഭാവിയെപ്പറ്റിയും വിശ്വാസികൾക്ക് ബോധ്യമുണ്ടായിരിക്കണം

മലങ്കരസഭയിൽ 1550 ലേറെ ഇടവക പള്ളികളും ചാപ്പലുകൾ ഉൾപ്പെടെ 2000 ആരാധനാലയങ്ങളുമുണ്ട്. 1600 ലേറെ വൈദികരും 300 വൈദിക വിദ്യാർത്ഥികളും നമുക്കുണ്ട്. വൈദികരിൽ അൻപതോളം റമ്പാന്മാരും അറുപതിലേറെ കോർ എപ്പിസ്കോപ്പാമാരുമാണ്. ദേവാലയങ്ങളുടെ ഉടമസ്ഥതയിൽ ഏഴായിരത്തിലേറെ കുരിശടികളും, ആയിരത്തിരുനൂറിലേറെ ഓഫീസ് കം പാഴ്സനേജുകളും ഉണ്ട്. 500 മുതൽ 2000 പേർക്ക് ഇരിക്കാവുന്ന 475 ഓഡിറ്റോറിയങ്ങൾ വിവിധ സ്ഥലങ്ങളിൽ നമുക്കുണ്ട്.

ദേവാലയങ്ങളിൽ നാൽപത്തിഅഞ്ചോളം കത്തീഡ്രലുകളും, ഇരുന്നൂറോളം വലിയപള്ളികളും ആറോളം മഹാ ഇടവകകളും ഉണ്ട്. ദേവാലയങ്ങളിൽ 3 എണ്ണം പ. തോമാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണ്.

മലങ്കര സഭയിൽ 29 അരമനകളും 9 സെമിനാരികളുമുണ്ട്. വൈദിക പരിശീലനത്തിന് 2 തിയോളജിക്കൽ കോളജുകളും ഒരു ബൈബിൾ കോളജും 2 മിഷൻ ട്രെയിനിങ് സെന്ററുകളും സഭയിലുണ്ട്.

നാനാജാതി മതസ്ഥരായ ലക്ഷക്കണക്കിനു തീർത്ഥാടകരുടെ അഭയകേന്ദ്രമായ ഇരുന്നൂറോളം തീർത്ഥാടനകേന്ദ്രങ്ങൾ മലങ്കരസഭയിലുണ്ട്. അതിൽ ആഗോള മരിയൻ, മാർത്തോമ്മൻ, ജോർജിയൻ തീർത്ഥാടനകേന്ദ്രങ്ങൾ ഉൾപ്പെടുന്നു. കൂടാതെ സഭയിലെ പ്രഖ്യാപിത പരിശുദ്ധന്മാരായ പ. പരുമല തിരുമേനിയുടെയും പ. വട്ടശ്ശേരിൽ തിരുമേനിയുടെയും (പഴയ സെമിനാരി), പ. യൽദോ മാർ ബസേലിയോസിന്റെയും (കോതമംഗലം) കബറിടങ്ങൾ ഉൾപ്പെടുന്നു. ഇരുപതോളം പ്രഖ്യാപിത തീർത്ഥാടനകേന്ദ്രങ്ങൾ സഭയിലുണ്ട്. 6 കാതോലിക്കാമാർ ഉൾപ്പെടെ 22 മെത്രാപ്പോലീത്താമാരുടെ കബറിടങ്ങൾ മലങ്കരയിലുണ്ട്. കൂടാതെ സഭയിലെ കാലംചെയ്ത 33 മെത്രാപ്പോലീത്തമാരുടെ കബറിടങ്ങൾ വിവിധ ഭാഗങ്ങളിലുണ്ട്. വിദേശത്തുനിന്നും വന്ന 12 മെത്രാപ്പോലീത്തമാരുടെ കബറിടങ്ങൾ പല ഭാഗത്തായിട്ടുണ്ട്. ഇതിൽ കോയമ്പത്തൂർ തടാകം ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന ബിഷപ് പെക്കൻഹാം വാൽഷും ഉൾപ്പെടുന്നു. കേരളത്തിനു പുറത്ത് ഗോവയിലും ഭിലായിയിലും നമ്മുടെ തിരുമേനിമാർ കബറടങ്ങിയിരിക്കുന്നു.

വിവിധ ദേവാലയങ്ങളിൽ പ. മാതാവ്, പ. തോമാ ശ്ലീഹാ, പ. ഗീവർഗീസ് സഹദാ, പ. കുറിയാക്കോസ് സഹദ, പ. കൗമ ശ്ലീഹാ, പ. യൂലിത്തി, പ. നിക്കോളാവോസ്, ഹോളി ഇന്നസെന്റ്സ് പ. പരുമല തിരുമേനി, പ. വട്ടശ്ശേരിൽ തിരുമേനി, പ. യൽദോ മാർ ബസേലിയോസ് എന്നിവരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നു.

ഏറ്റവും കൂടുതൽ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്ന മലങ്കരയിലെ ദേവാലയം കുണ്ടറ സെമിനാരിയാണ്. പ. ഗീവർഗീസ്, പ. കുറിയാക്കോസ്, പ. കൗമ, പ. യൂലിത്തി എന്നിവരുടെ തിരുശേഷിപ്പുകൾ അവിടെയുണ്ട്. കൂടാതെ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അംശവസ്ത്രങ്ങളും അദ്ദേഹത്തിന്റെ താമസ സ്ഥലമായിരുന്ന അവിടെയുണ്ട്.

കഴിഞ്ഞ നൂറ്റാണ്ടിലാണ് സഭയിൽ ആശ്രമ പ്രസ്ഥാനം ആരംഭിക്കുന്നത്. ഇന്ന് 16 ആശ്രമങ്ങളും അവയുടെ 9 ശാഖകളും പ്രവർത്തിക്കുന്നു. കൂടാതെ 17 മഠങ്ങളും അവയുടെ 4 ശാഖകളും വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. മലങ്കരസഭയിൽ 450 ൽ ഏറെപ്പേർ ആശ്രമജീവിതം നയിക്കുന്നവരാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വിവിധ സ്ഥലങ്ങളിൽ നൂറോളം പേർ പുതുതായിചേർന്നിട്ടുണ്ട്.

ദേവാലയങ്ങളിൽ ആത്മീയ സംഘടനകളുടെ പ്രവർത്തനം ഒരു പരിധി വരെ ശക്തമാണ്. 5000 ലേറെ പ്രാർത്ഥനാ യോഗങ്ങൾ സഭയിൽ പ്രവർത്തിക്കുന്നു. 2000 ലേറെ സ്ഥലങ്ങളിൽ സൺഡേസ്കൂളുകൾ നിലവിലുണ്ട്. കൂടാതെ വിവിധ ആത്മീയ സംഘടനകളുടെ 5000 ലേറെ യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. സഭയിൽ 15 ലേറെ ആത്മീയ സംഘടനകൾ നിലവിലുണ്ട്. മർത്തമറിയം സമാജത്തിന്റെ (എം.ഒ.എം.എസ്.) ആഭിമുഖ്യത്തിൽ 430 സ്വാശ്രയ സംഘങ്ങൾ പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് സഭ സ്തുത്യർഹമായി പ്രവർത്തിക്കുന്നു. 400 ലേറെ സ്കൂളുകൾ സഭയിലെ വിവിധ ഏജൻസികൾ നടത്തുന്നു. ഇതിൽ നൂറിലേറെ സ്കൂളുകൾ ഹയർ സെക്കൻഡറിസ്കൂളുകളാണ്. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ സഭയുടെ സ്കൂളുകൾ ഉന്നത നിലവാരം പുലർത്തുന്നു. കൂടാതെ നൂറോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഭാംഗങ്ങൾ സ്വന്ത നിലയിലും നടത്തുന്നുണ്ട്. 15 ലേറെ ഐ.ടിസികൾ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

8 പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ 35 ലേറെ കോളജുകൾ നമുക്കുണ്ട്. എം.ഒ.സി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ മാത്രം 6 കോളജുകൾ പ്രവർത്തിക്കുന്നു.

വിവിധ സ്ഥലങ്ങളിലായി 30 ലേറെ ആശുപത്രികൾ മലങ്കരസഭയിലുണ്ട്. ആശുപത്രികളോടനുബന്ധിച്ച് മെഡിക്കൽ കോളജുകൾ, നഴ്സിങ് കോളജുകൾ, നഴ്സിങ് സ്കൂളുകൾ എന്നിവ പ്രവർത്തിക്കുന്നു. 7 സ്ഥലങ്ങളിൽ സഭയുടെ ഗൈഡൻസ് സെന്ററുകൾ പ്രവർത്തിക്കുന്നു.

സഭയുടെ വാർഷിക ബജറ്റ് ഇടവകകളുടേത് ഉൾപ്പെടെ 700 കോടിയിലധികമാണ്. ഇതിൽ 50 കോടിയിലേറെ രൂപ കാരുണ്യ പ്രവർത്തനങ്ങൾക്കായിഉപയോഗിക്കുന്നു.

സഭയ്ക്ക് വിവിധ സ്ഥലങ്ങളിലായി 120 ലേറെ കാരുണ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 4000 ൽ അധികം പേർക്ക് സഭ സ്ഥിരമായ താമസ സൗകര്യവും ഭക്ഷണവും ചികിത്സയും നൽകുന്നു. ആയിരത്തിലേറെ ഗ്രാമങ്ങളിൽ സഭയുടെ സഹായഹസ്തം എത്തുന്നു. വിവിധ സംസ്ഥാനങ്ങളിലായി 320 ബാലവാടികൾ പ്രവർത്തിക്കുന്നു.

]cnip² HutK³ _mh ImtXmen¡ äsâ ImhÂ amemJ

■ കെ.വി. മാമ്മൻ

ആഡംബരവും ധൂർത്തും കാണിക്കുന്നത് ആദ്ധ്യാത്മികതയിലെ പാപ്പരത്തം മാത്രമാണെന്ന് ഉറക്കെ പ്രഖ്യാപിച്ച പരിശുദ്ധ ഔഗേൻ ബാവ കാതോലിക്കേറ്റിന്റെ കാവൽ മാലാഖയായിരുന്നുവെന്നു നിസ്സംശയം പറയാം. മലങ്കരസഭയിലെ കാതോലിക്കേറ്റിന്റെ യഥാർത്ഥ ചരിത്ര പശ്ചാത്തലം അറിയാവുന്നവർക്ക് മാത്രമേ 'ഔഗേൻ പ്രഥമൻ ബാവ' തന്റെ നിസ്തന്ദ്രമായ പ്രവർത്തനങ്ങളിലൂടെ കാതോലിക്കേറ്റിന്റെ കാവൽഭടനായ സംഭവകഥ മനസ്സിലാവുകയുള്ളു. ഒരു റമ്പാനായിരുന്ന കാലത്ത് അന്ത്യോഖ്യയിലെ സ്ഥിതിവിവരങ്ങൾ നേരിട്ടു കണ്ട് മലങ്കര മെത്രാപ്പോലീത്തയായിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ ധരിപ്പിച്ചതും കാതോലിക്കേറ്റ് പുനഃസ്ഥാപിക്കാനുള്ള മാർഗ്ഗങ്ങൾ എഴുതി അറിയിച്ചതും 1912 ൽ നിരണത്ത് വച്ച്, തന്റെ പിതാവിന്റെ ഗുരുവായ കണ്ടനാട് ഇടവകയുടെ പൗലോസ് മാർ ഇവാനിയോസിനെ ഒന്നാം കാതോലിക്കയായി മാർ അബ്ദേദ് മിശിഹാ വാഴിച്ചപ്പോൾ തന്റെ മേലദ്ധ്യക്ഷന്റെ വിലക്കിനെ മനഃസാക്ഷിക്കുത്തുകൊണ്ട് നിരാകരിച്ചതും നാം മനസ്സിലാക്കണം. യുവാവായിരുന്ന സമയത്ത് തന്നെ ഏതാണ്ട് 24 വയസ്സുള്ളപ്പോൾ അന്ത്യോഖ്യയിൽ വച്ചാണ് ഔഗേൻ റമ്പാനാകുന്നത്. അദ്ദേഹം പാത്രിയർക്കീസ് വിഭാഗക്കാരനായിരുന്നു. പക്ഷേ അദ്ദേഹം സമാധാനപ്രേമിയും കാതോലിക്കേറ്റ് വിശ്വാസിയുമായിരുന്നു.

സഭയിൽ സമാധാനം കൈവരിക്കാനായി ആലുവയിൽ വച്ച് ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത നടത്തിയ കഠിന ശ്രമം പാത്രിയർക്കീസ് വിഭാഗത്തിലെ 'യൂലിയോസ്' തിരുമേനിയുടെ നിസ്സഹകരണം മൂലം ഫലപ്രാപ്തിയിലെത്തിയില്ല.

പാത്രിയർക്കീസ് വിഭാഗവുമായി നല്ല ബന്ധത്തിൽ പോകണമെന്നാഗ്രഹിച്ച ഔഗേൻ മാർ തിമോത്തിയോസ് സമാധാനത്തിനു പല നീക്കങ്ങളും നടത്തിയെങ്കിലും പാത്രിയർക്കീസ് വിഭാഗത്തിന്റെ നീതിരഹിതമായ പ്രതികരണങ്ങളാലും വഴിവിട്ട ഇടപെടലുകളാലും സമാധാനം സ്ഥാപിക്കാൻ കഴിയാതെ വന്നതിൽ ദുഃഖിതനായിരുന്നു.

ആലുവ ഫെല്ലോഷിപ്പ് ഹൗസിന്റെ സ്ഥാപകനായ കെ.സി ചാക്കോസാറിനോടൊപ്പം നിന്നുകൊണ്ട് ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത സഭാ സമാധാനത്തിനായി ആദ്ധ്യാത്മിക രംഗത്തെ അതിസാഹസികമായ സമാധാനനീക്കം നടത്തി രണ്ട് വിഭാഗവും തമ്മിൽ നടന്ന തർക്കം തീർക്കാൻ ആലുവയിൽ വച്ചാണ് സംഭാഷണങ്ങൾ നടത്തിയത്. തൃക്കുന്നത്ത് സെമിനാരിയിൽ പാത്രിയർക്കീസ് ഭാഗത്തെ മെത്രാൻമാരും, യു.സി കോളജിൽ കാതോലിക്കാ ബാവയും കൂടെയുള്ള മെത്രാന്മാരും സമ്മേളിച്ചു. അന്ത്യോഖ്യൻ വിഭാഗത്തിനു ക്ഷീണം വരാത്ത വിധത്തിൽ ആലോചനകൾ പുരോഗമിച്ചു.

പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പട്ടത്വത്തിന് പൂർണ്ണതയില്ലെന്ന് അന്ത്യോഖ്യൻ വിഭാഗത്തിലെ ഒരു കൂട്ടരുടെ നിലപാടിനെ മുൻനിർത്തി ഒരു പ്രത്യേക പ്രാർത്ഥന നടത്തി കാതോലിക്കാ ബാവായുടെ പട്ടത്വത്തിലെ കുറവ് പരിഹരിക്കാമെന്നുള്ള നിർദ്ദേശം അവസാനം ഉരുത്തിരിഞ്ഞു. ഔഗേൻ മാർ തിമോത്തിയോസിന്റെ അഭ്യർത്ഥനയും, ബുദ്ധിപരമായ നീക്കങ്ങളും കൊണ്ടാണ് ഓർത്തഡോക്സ് കാതോലിക്കാ ബാവ അത്തരത്തിൽ ഒരൊത്തുതീർപ്പിനു സമ്മതിച്ചത്. ഔഗേൻ മാർ തിമോത്തിയോസിന്റെ ആത്മാർത്ഥത നിറഞ്ഞ നീക്കങ്ങളിൽ കാതോലിക്കാ ബാവ സന്തുഷ്ടനായി, വിട്ടുവീഴ്ക്കു തയ്യാറായി ബാവാ തിരുമേനി തൃക്കുന്നത്ത് സെമിനാരിയിൽ എത്തി എന്നാൽ ബാവ തൃക്കുന്നത്ത് എത്തിയപ്പോഴേക്കും മാർ യൂലിയോസ് സ്ഥലം വിട്ടിരുന്നു. പൗലോസ് മാർ അത്താനാസ്യോസ് ഒറ്റയ്ക്ക് സ്വീകരണ പ്രാർത്ഥന ചൊല്ലാനും തയ്യാറായില്ല.

താൻ നേതൃത്വം നൽകിയ സമാധാനശ്രമം വിജയത്തിന്റെ വക്കിൽ എത്തിയശേഷം 'ചുണ്ടിനും കപ്പിനും' ഇടയിൽ തെറ്റിപ്പോയതിൽ ഔഗേൻ മാർ തിമോത്തിയോസ് ദുഃഖിതനായിരുന്നു.

വിവിധ സ്ഥലങ്ങളിൽ രണ്ടായിരത്തിലേറെ പേർക്ക് സ്ഥിരമായി ഭക്ഷണം നൽകുന്നു. ഇതിൽ കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ വിവിധ ആശുപത്രികളിലെ ഉച്ചഭക്ഷണ പദ്ധതിയും, നന്തൻകോട് ഇടവകയുടെ തെരുവോര വാസികൾക്കുള്ള അത്താഴസദ്യയും ശ്രദ്ധേയമാണ്.

സഭയിൽ പത്തിലേറെ സേവനവിഭാഗങ്ങൾ പ്രവർത്തിക്കുന്നു. അനേകം പേർക്ക് ഭവനസഹായം, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം, വിവാഹസഹായം എന്നിവയുടെ പ്രയോജനം ലഭിക്കുന്നു.

30 ലേറെ പ്രസിദ്ധീകരണങ്ങൾ സഭയിലുണ്ട്. മലങ്കരസഭാ മാസിക, മലങ്കര സഭാ പത്രിക എന്നിവയൊക്കെ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളാണ്. പത്തിലേറെ ഇന്റർനെറ്റ് പ്രസിദ്ധീകരണങ്ങൾ ഉണ്ട്. കാതോലിക്കേറ്റ് ന്യൂസ് സഭയുടെ ഔദ്യോഗിക ഇന്റർനെറ്റ് പ്രസിദ്ധീകരണം ഗ്രീഗോറിയൻ ടിവി, റേഡിയോ എന്നിവ പരുമല കേന്ദ്രമാക്കി പ്രവർത്തിക്കുന്നു.

വിശ്വാസികൾ സഭയുടെ സമ്പത്താണ്. അവരെ സഭാകാര്യങ്ങളിൽ നിന്നും നേതൃത്വനിരയിൽ നിന്നും അകറ്റിയാൽ തിരികെ കൊണ്ടുവരിക അസാദ്ധ്യമാണ്

വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ ലിറ്റർജിക്കൽ മ്യൂസിക്കൽ വിഭാഗം (ശ്രുതി) പ്രവർത്തിക്കുന്നു. ശ്രുതിയുടെ അംഗീകാരമുള്ള 60 ലേറെ ഗായക സംഘങ്ങൾ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

സഭയുടെ സിവിൽ സർവ്വീസ് അക്കാദമി തിരുവനന്തപുരത്തു പ്രവർത്തിക്കുന്നു. ഒട്ടേറെ പേർക്ക് സിവിൽ സർവ്വീസിൽ പ്രവേശിക്കുവാൻ ഈ സ്ഥാപനം ഉപയോഗപ്പെടുത്തുന്നു.

മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിലായി ഇടവകകളുടെയും, ഭദ്രാസനങ്ങളുടെയും,സഭയുടെയും ഉടമസ്ഥതയിലുള്ള 120 ഷോപ്പിങ് കോംപ്ലെക്സുകൾ നിലവിലുണ്ട്. പല കേന്ദ്രങ്ങളിലായി 6 ബുക്ക് ഷോപ്പുകൾ പ്രവർത്തിക്കുന്നു. സഭയുടെ വിവിധ പ്രസിദ്ധീകരണങ്ങൾ ഇവിടെനിന്നും ലഭിക്കുന്നു. 5 ഓഫ്സെറ്റ് പ്രിന്റിങ് യൂണിറ്റുകൾ വിവിധ സ്ഥലങ്ങളിലുണ്ട്. ആശുപത്രികളുടെ ആംബുലൻസ് സർവ്വീസുകൾ കൂടാതെ 7 സ്ഥലങ്ങളിൽ ഇടവകകളുടെ ഉടമസ്ഥതയിൽ ആംബുലൻസ് സർവ്വീസുകൾ നിലവിലുണ്ട്.

കോട്ടയം പഴയസെമിനാരിയോടനുബന്ധിച്ചു സഭയുടെ ചരിത്ര മ്യൂസിയം പ്രവർത്തിക്കുന്നു. പരുമലയിലും ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ ആഗ്രഹിക്കുന്നു. 2 പുരാതന ചെപ്പേടുകൾ ദേവലോകത്ത് സൂക്ഷിച്ചിരിക്കുന്നു.

സഭയിൽ ഒട്ടേറെ ധ്യാനകേന്ദ്രങ്ങൾ നിലവിലുണ്ട്. ആയിരക്കണക്കിനു വിശ്വാസികൾ ധ്യാനങ്ങളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നു. പത്തോളം ധ്യാനകേന്ദ്രങ്ങൾ ശ്രദ്ധേയമാണ്. 5 ക്യാംപ് സെന്ററുകൾ സഭയിൽ പ്രവർത്തിക്കുന്നു. 8 സ്ഥലങ്ങളിൽ ഗസ്റ്റ് ഹൗസുകൾ നിലവിലുണ്ട്.

സഭയിലെ മിക്ക ആത്മീയ പ്രസ്ഥാനങ്ങൾക്കും ആസ്ഥാനമന്ദിരമുണ്ട്. എം.ജി.ഒ.സി.എം. ന് കോട്ടയത്തും, ഒ.സി.വൈ.എം ന് കോട്ടയത്തും, സൺഡേ സ്കൂൾ പ്രസ്ഥാനത്തിന് ഞാലിയാകുഴിയിലും, മർത്തമറിയം സമാജത്തിന് കോട്ടയത്തും ആസ്ഥാനമന്ദിരങ്ങൾ പ്രവർത്തിക്കുന്നു. സഭയിൽ വിവിധ സ്ഥലങ്ങളിലായി 5 സ്റ്റുഡന്റ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു. 8 സ്ഥലത്ത് നിർമ്മാണഘട്ടത്തിലാണ്. അഞ്ചിലേറെ സ്ഥലങ്ങളിൽ യൂത്ത് സെന്ററുകളുടെ നിർമ്മാണം പരിഗണനയിലാണ്. പത്തിലേറെ സ്ഥലങ്ങളിൽ കാതോലിക്കേറ്റ് സെന്ററുകളും പ്രവർത്തിക്കുന്നു.

ഇതിൽ മിക്കതും കഴിഞ്ഞ നൂറ്റാണ്ടിലെ നേട്ടങ്ങളാണ്. സഭ ഇനിയും ബഹുദൂരം മുന്നോട്ടു മുന്നേറണം. ഒട്ടേറെ രംഗങ്ങളിൽ സഭയ്ക്ക് വിജയം കൈവരിക്കേണ്ടതുണ്ട്. 1982 ൽ കാതോലിക്കേറ്റിന്റെ സപ്തതി ആഘോഷങ്ങൾക്കു ശേഷം അടുത്ത 10 വർഷങ്ങൾ പല രംഗത്തും നാം മുന്നേറി പ. ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവായുടെ നേതൃത്വത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ ആ കാലയളവിൽ നാം കൈവരിച്ചു. അതുപോലെ ഇനിയുള്ള 10 വർഷങ്ങൾ ശതാബ്ദിയുടെ അലയടികൾ തുടരണം. സഭയുടെ ഏറ്റവും വലിയ സ്വത്ത് വിശ്വാസികളുടെ സമൂഹമാണ്. വിശ്വാസികളെ പൂർണ്ണമായി സഭാ കാര്യങ്ങളിൽ പങ്കെടുപ്പിക്കുക എന്നുള്ളതാണ് സഭയുടെ ഏറ്റവും വലിയ ദൗത്യം. GM

വിഷമവൃത്തത്തിലായ തിരുമേനി ഉടൻ തന്നെ കണ്ടനാട് പള്ളി പ്രതിപുരുഷയോഗം വിളിച്ചു. അദ്ദേഹം സമാധാനശ്രമങ്ങളെപ്പറ്റിയും പാത്രിയർക്കീസ് വിഭാഗത്തിന്റെ "ചതിയെപ്പറ്റിയും" കണ്ടനാട് പള്ളി പ്രതിപുരുഷ യോഗത്തിൽ വിവരിച്ചു. സഭയുടെ പുരോഗതിക്കും സ്വാതന്ത്ര്യത്തിനും കാതോലിക്കാ സിംഹാസനം കൂടിയേ തീരൂ എന്നദ്ദേഹം യോഗത്തിൽ സമർത്ഥിച്ചു. 1942 ഒക്ടോബർ 7 ന് ഭദ്രാസനവും ഔഗേൻ തിരുമേനിയും കാതോലിക്കേറ്റിന്റെ കൊടിക്കീഴിൽ വന്നു. ബഹുഭൂരിപക്ഷം പള്ളികളും ഓർത്തഡോക്സ് പക്ഷത്തായെങ്കിലും കാലക്രമേണ കുറേ പള്ളികൾ മറുപക്ഷത്തേക്കു ചാടി

കാതോലിക്കേറ്റിന്റെ കീഴിൽ വന്നശേഷം മൂവാറ്റുപുഴയിലെ ഒരു ഷെഡ്ഡിലാണ് തിരുമേനി താമസിച്ചിരുന്നത്. പർണ്ണശാലയിൽ ഉപവാസത്തിലും ധ്യാനത്തിലും അദ്ദേഹം മുഴുകി

പാത്രിയർക്കീസ് വിഭാഗത്തിന്റെ പ്രലോഭനങ്ങളിലും, കള്ള പ്രചാരണങ്ങളിലും കുടുങ്ങി, കുറെ പള്ളികൾ മറുകണ്ടം ചാടി ചുരുക്കം ചില പള്ളികളേ തിരുമേനിയെ സഹായിച്ചിരുന്നുള്ളു. യാമപ്രാർത്ഥനകളിലും, നോമ്പിലും, ഉപവാസത്തിലും നിന്നു വ്രതനിഷ്ഠനായ തിരുമേനിയെ ദൃഢനിശ്ചയത്തിൽനിന്നു മാറ്റാൻ ആർക്കും കഴിഞ്ഞില്ല. ഒരിക്കൽ തന്റെ മാതൃസഹോദരീ പുത്രനായ വയലിപ്പറമ്പിൽ മാർ ഗ്രിഗോറിയോസ് മൂവാറ്റുപുഴയിൽ വന്ന് വളരെയേറെ വാഗ്ദാനങ്ങൾ നൽകി അദ്ദേഹത്തെ മറുപക്ഷത്തേക്ക് കൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും തിരുമേനി വഴങ്ങിയില്ല. തന്റെ വിശ്വാസത്തിൽ അദ്ദേഹം അടിയുറച്ചു നിന്നു.

മാനുഷിക മൂല്യങ്ങൾക്ക് അന്യനും മലങ്കരയിലെ പിളർപ്പിന്റെ കപ്പിത്താനുമായിരുന്ന മറുവിഭാഗത്തിലെ യൂലിയോസിനു പിടികിട്ടാതിരുന്ന രണ്ടു മേൽപ്പട്ടക്കാരായിരുന്നു മാർ തിമോത്തിയോസും കൊച്ചി ഇടവകയുടെ പൗലോസ് മാർ സേവേറിയോസും.

1958 നു ശേഷമാണ് മാർ സേവേറിയോസ് കാതോലിക്കേറ്റിനു കീഴിൽ വന്നത്. കത്തോലിക്കാ സഭയിൽനിന്ന് ബനഡിക്ട് മാർ ഗ്രിഗോറിയോസും സഭാ പരിവർത്തനം നടത്താൻ തിമോത്തിയോസിനെ പ്രലോഭിപ്പിച്ചെങ്കിലും അദ്ദേഹം ഓർത്തഡോക്സ് സഭ വിട്ടുപോയില്ല. ഇന്ത്യയിലെ സഭ സ്ഥാപിച്ചത് സെന്റ് തോമസാണെന്നും, ഭരണാധികാരം കാതോലിക്കാ വിഭാഗത്തിനാണെന്നും വിശ്വസിച്ചിരുന്ന അദ്ദേഹം 1599 ലെ ഉദയംപേരൂർ സുന്നദോസ് വരെ മലങ്കരയിൽ ഒറ്റ ക്രൈസ്തവ സഭയെ ഉണ്ടായിരുന്നുള്ളുവെന്നു തറപ്പിച്ചു പറയുമായിരുന്നു. മലങ്കരയിൽ സഭ സ്ഥാപിച്ചത് മാർത്തോമ്മാ ശ്ലീഹായാണെന്നും ഇതര സഭകൾക്ക് ആ സഭയിന്മേൽ അധികാരം ഇല്ലെന്നും കിഴക്കിന്റെ അപ്പസ്തോലനും, പ്രഥമ മെത്രാനും മാർത്തോമ്മയാണെന്നും വിശ്വസിക്കയും ചെയ്തുവന്ന മാർ തിമോത്തിയോസ് റോമാസഭയുടെ നാണയങ്ങളും, സ്ഥാനമാനങ്ങളും തൃണവൽഗണിച്ച് ഓർത്തഡോക്സ് സഭയിൽ ഉറച്ചുനിന്നു. സത്യവിശ്വാസവും തത്വങ്ങളും മിന്നുന്ന നശ്വരമായ നാണയങ്ങളുടെ മുമ്പിൽ കൂടുതൽ ശോഭിക്കുമെന്നു സ്വയം കാണിച്ചുകൊടുത്ത തിരുമേനി കൂടുതൽ വെട്ടിത്തിളങ്ങുകയാണു ചെയ്തത്.

ഓർത്തഡോക്സ് പക്ഷം (കാതോലിക്കേറ്റ്) വളരുന്ന പ്രതീതി വന്നപ്പോൾ പാത്രിയർക്കീസ് വിഭാഗം പണ്ടുമുതലേ ആക്രമണങ്ങളും കൊലപാതകങ്ങളും അഴിച്ചുവിട്ടിരുന്നു. 1912 ൽ അവർ ആനപാപ്പിയെ വധിച്ചു. ആനപാപ്പിവധം മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും കാതോലിക്കേറ്റിന്റെ അധികാരപോഷണത്തിനും പരോക്ഷമായി വഴിയൊരുക്കി ഏതാണ്ട് ഒരു ദശാബ്ദം മുമ്പ് (അടുത്തയിടെ) മലങ്കര വർഗ്ഗീസിനെ പാത്രിയർക്കീസ് വിഭാഗം കൊലപ്പെടുത്തി കോട്ടയത്തും, പെരുമ്പാവൂരും പാത്രിയർക്കീസ് വിഭാഗത്തിന്റെ ക്വട്ടേഷൻ സംഘമാണ് ആക്രമണവും, കൊലപാതകവും നടത്തിയത്.

വട്ടശ്ശേരിൽ തിരുമേനിയെ കൊല്ലാൻ ക്വട്ടേഷൻ സംഘത്തെ അയച്ചെങ്കിലും തിരുമേനിയുടെ മുട്ടിന്മേൽ കിടന്ന പാതിരാ പ്രാർത്ഥനകണ്ട് മനംനൊന്ത ക്വട്ടേഷൻ സംഘം ഒളിച്ചോടുകയാണുണ്ടായത്. ഇതേപോലെ ഔഗേൻ മാർ തിമോത്തിയോസിനെ ആക്രമിക്കാനും മർദ്ദിക്കാനും പാത്രിയർക്കീസ് വിഭാഗം മുതിർന്നു.

മലങ്കരസഭാഭാസുരനായ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയേക്കാൾ പ്രയാസങ്ങളും പീഡനങ്ങളും, 'പലവട്ടം' പട്ടിണിയും തിമോത്തിയോസ് തിരുമേനിക്ക് സഹിക്കേണ്ടിവന്നിട്ടുണ്ട്. ചിലപ്പോൾ ഒരു നേരം മാത്രം കഞ്ഞികുടിച്ചും അദ്ദേഹം ദിവസം തള്ളിനീക്കിയിരുന്നു.

ഒരു കഷ്ടാനുഭവ ആഴ്ചയിൽ പിറവം വലിയപള്ളി സന്ദർശിക്കാനും പ്രാർത്ഥിക്കാനും ചെന്ന തിരുമേനിയെ പള്ളിയിലെ പാത്രിയർക്കീസ് വിഭാഗം അർദ്ധരാത്രി ഉപദ്രവിച്ചു. ആ 'ഇരുട്ടറ' പ്രയോഗം ഔഗേൻ ബാവായെ ഒരു സഹദായുടെ പദവിയിലേക്കാണ് എത്തിച്ചത്.

1942 ൽ കണ്ടനാട് പള്ളി പ്രതിപുരുഷ യോഗം തിരുമേനി വിളിച്ചുകൂട്ടി യോഗ തീരുമാനപ്രകാരം ഔഗേൻ മാർ തിമോത്തിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയെ സ്വീകരിച്ചതിനെത്തുടർന്നുള്ള പെസഹാ വ്യാഴാഴ്ച രാത്രിയാണ് യേശുക്രിസ്തുവിനെപ്പോലെ തിമോത്തിയോസ് മെത്രാപ്പോലീത്തയും സ്വന്തം ജനങ്ങളാൽ അധിക്ഷേപിക്കപ്പെടുകയും കയ്യേറ്റം ചെയ്യപ്പെടുകയും ചെയ്തത്. കണ്ടനാട് ഭദ്രാസനം വക പിറവം സെമിനാരിയിലാണ് അന്നു മെത്രാപ്പോലീത്താ താമസിച്ചത്. പെസഹാ ശുശ്രൂഷകൾ സെമിനാരിയിൽ നടത്തിയശേഷം തിരുമേനി വിശ്രമിക്കയായിരുന്നു.

കക്ഷിവഴക്കിന്റെ ശക്തി കൂടിവന്ന ഘട്ടത്തിൽ പിറവത്തെ ചില പ്രമുഖ വ്യക്തികൾ ഓർത്തഡോക്സ് പക്ഷത്തും മറ്റു ചിലരും പാഴൂർ-കക്കാട്ടുകര പ്രമാണിമാരും പാത്രിയർക്കീസ് പക്ഷത്തും നിന്ന് പള്ളിക്കാര്യങ്ങൾ അവരവർക്കിഷ്ടമുള്ള രീതിയിൽ തിരിച്ചുവിടാൻ ശ്രമിക്കുകയായിരുന്നു. പാത്രിയർക്കീസ് പക്ഷത്തെ വികാരിയും ട്രസ്റ്റിയുമാണ് പള്ളിയുടെ ഭരണം നിർവ്വഹിച്ചിരുന്നത്. ഈ പശ്ചാത്തലത്തിലാണ് സെമിനാരിയിൽ താമസിച്ചുകൊണ്ടിരുന്ന മെത്രാപ്പോലീത്തയെ പള്ളിയിലേക്കു കൊണ്ടുവരാൻ മെത്രാൻ കക്ഷി ശ്രമിച്ചത്. തിരുമേനിയുടെ കൂടെ കാതോലിക്കാ പക്ഷത്തെ രണ്ടു വൈദികരും ഏതാനും ശെമ്മാശന്മാരും ഉണ്ടായിരുന്നു. സെമിനാരിയിൽനിന്നും പള്ളിയിലേക്ക് അര കിലോമീറ്ററിലധികം ദൂരം. മെഴുകുതിരി കത്തിച്ചുപിടിച്ച് സണ്ടേസ്കൂൾ കുട്ടികളും മറ്റും പള്ളിയിലേക്കുള്ള റോഡിന്റെ ഇരുവശവും അണിനിരന്നുനിന്നു. ആഘോഷസമിതിയുടെ ഉചിതമായ സ്വീകരണം തിരുമേനിക്കു ലഭിച്ചു. ലുത്തിനിയായിലും, പ്രാർത്ഥനയിലും സന്ധ്യാനമസ്കാരത്തിലും പങ്കെടുത്തശേഷം മിക്കവരും അവരവരുടെ ഭവനങ്ങളിലേക്കുപോയി

തിരുമേനിക്കു നൽകിയ സ്വീകരണത്തിൽ പാത്രിയർക്കീസുകാർ പങ്കെടുത്തില്ല. തിരുമേനി ഉറങ്ങാൻ കിടന്നു. പ്രശാന്തമായ രാത്രി മൂവാറ്റുപുഴ ആറിന്റെ വിരിമാറിൽനിന്നു പൊങ്ങിയ തണുത്ത ഇളംതെന്നൽ പള്ളിപ്പുരയിടത്തിലെ തെങ്ങിൻതോപ്പിനെതഴുകി കടന്നുപോയി. കഷ്ടാനുഭവ ആഴ്ച ആയതിനാൽ ഒട്ടധികം ഭക്തജനങ്ങൾ വരാന്തയിലും പള്ളിയകത്തും മറ്റും ധ്യാനനിരതരായും ഉറങ്ങിയും കഴിഞ്ഞിരുന്നു.

'ഓശാനയെ' അനുസ്മരിപ്പിക്കുന്ന തിരുമേനിയുടെ പള്ളി പ്രവേശനം ഒട്ടും ഇഷ്ടപ്പെടാത്ത പാത്രിയർക്കീസ് അനുഭാവികൾ രാത്രിയിൽ പാഴൂർ, കക്കാട് കരകളിൽ കയറിയിറങ്ങി പള്ളിയിൽ കള്ളൻ കേറി എന്നു വിളിച്ചു കൂവി ചില തടിയന്മാർ പള്ളിയെ ലക്ഷ്യമാക്കി ഓടി മെത്രാപ്പോലീത്ത മുടക്കിയതു മൂലം റീത്തിൽ പോയ ഒരു യുവ വൈദികൻ തന്റെ വൈരാഗ്യം തീർക്കാൻ പാത്രിയർക്കീസ് ഗുണ്ടകളുടെ കൂടെ കൂടി ടൗൺ ഷാപ്പുടമയായ ഒരു പള്ളി പ്രമാണി ഷാപ്പിൽനിന്ന് 'മാട്ടം' കണക്കിന് കള്ള് കൊണ്ടുവന്ന് മുട്ടാളന്മാർക്ക് വിതരണം ചെയ്തു. ആവശ്യംപോലെ ഭക്ഷണവും.

തിരുമേനിയെ 'കുടിയിറക്കാൻ വന്ന' സംഘത്തിൽ പെട്ട ചിലർ പാഴൂരിലെ ഒരു വീട്ടിൽനിന്ന് വെട്ടിയെടുത്തതും ഒടിയാത്തതുമായ കാപ്പിവടികളും കരുതിയിരുന്നു.

കുറ്റാകുറ്റിരുട്ടത്ത് സംഘം പള്ളിയിൽ എത്തിയപ്പോൾ അവിടെ എല്ലാവരും സുഖസുഷുപ്തിയിലായിരുന്നു. പള്ളിയിൽ ഭജനക്കാർക്ക് വേണ്ടി വച്ചിരുന്ന 'പെട്രോമാക്സ്' അവർ ആദ്യം തല്ലിത്തകർത്തു. മെത്രാപ്പോലീത്ത ഉറങ്ങിക്കിടന്ന മുറിക്കടുത്ത് കൊച്ചച്ചനും ശെമ്മാശന്മാരും ഉറങ്ങിക്കിടക്കയായിരുന്നു. ശെമ്മാശന്മാരുടെയും അച്ചന്റെയും വയറ്റത്ത് കരുത്തരായ മല്ലന്മാർ ചവിട്ടി കയ്യിൽ കുറുവടി, ടോർച്ച് ലൈറ്റ് തുടങ്ങിയവയുമായി 15 പേരടങ്ങുന്ന മുട്ടാളൻ സംഘം അച്ചന്റെയും ശെമ്മാശന്മാരുടെയും വായ പൊത്തിക്കളഞ്ഞു. പരിസരം മുഴുവൻ മദ്യത്തിന്റെ നാറ്റം. നാറുന്നതെറിവിളിച്ചുകൊണ്ടാണാക്രമണം. കതക് ചവിട്ടിപ്പൊളിക്കാൻ ശ്രമം.

ശാന്തനായി തിരുമേനി കതകു തുറന്നു. ഉറക്കത്തിൽ പോലും തലയിൽനിന്നും മാറ്റാറില്ലാത്ത മസനപസ്സയുടെ പുറകോട്ടുള്ള ഭാഗം തലയിലേക്കു മടക്കിയിട്ടുണ്ട്. "മക്കളെ നിങ്ങൾക്കിഷ്ടമില്ലെങ്കിൽ നാം പൊയ്ക്കൊള്ളാം" എന്നു പറഞ്ഞ് പുറത്തേക്കിറങ്ങി വരാന്തയിൽനിന്ന് പുറത്തേക്കിറങ്ങിയപ്പോൾ ഒരു കറുത്ത തടിയൻ കയ്യിൽ ഇരുന്ന വടികൊണ്ട് തിരുമേനിയുടെ പുറത്ത് ആഞ്ഞടിച്ചു, അടികൊണ്ട തിരു

മേനി തിരിഞ്ഞുനിന്നു. തന്റെ തലയ്ക്ക് അടിയേൽക്കാതിരിക്കാൻ രണ്ടു കയ്യും ഉയർത്തിപ്പിടിച്ച് പുറകോട്ടു നടന്നു. കിഴക്കുവശത്തുള്ള കൽപ്പടവ് വരെയും പുറകോട്ടു നടന്നു അവിടെ ചെന്ന് തിരിഞ്ഞു നടന്നു. വടി കൊണ്ട് തിരുമേനിക്ക് പിന്നെയും അടികിട്ടി തിരുമേനിയെ അവർ പിറകെ നടന്ന് മർദ്ദിച്ചു. പള്ളിയിലെ കൂട്ടമണി കേട്ടുണർന്ന സ്ത്രീകൾ കൂട്ടക്കരച്ചിലായി ശാന്തനായ തിരുമേനി അക്ഷോഭ്യനായി നടന്നു. കണ്ണിൽനിന്ന് ഒരു തുള്ളി കണ്ണുനീർപോലും വീണില്ല. സെമിനാരി പടിക്കൽ എത്തിയപ്പോൾ അവർ തിരുമേനിയെ സെമിനാരിയിലേക്ക് കേറ്റി വിട്ടു. "ഇടയനെവിട്ട് ആടുകൾ ചിതറിപ്പോയതുപോലെ" ആ രാത്രിയിൽ തിരുമേനിക്കും അനുഭവമുണ്ടായി

തിരുമേനിയുടെ വലത്തെ തോൾ ഭാഗം മുതൽ ഇടത്തെ ആറാമ്മാലിവരെ കരിനീലിച്ച് അടിയുടെ പാട് 'തെണർത്ത്' കിടന്നിരുന്നു. പിന്നെ മരുന്നുകൾ ചെയ്തിട്ടാണ് തിരുമേനി ഉയിർപ്പുവരെ ശുശ്രൂഷകൾ നടത്തിയത്.

തിരുമേനിയെ മർദ്ദിച്ചവരെ തിരുമേനി കണ്ടറിഞ്ഞിരുന്നു. നാൽപതോളം പേരുള്ള ക്വട്ടേഷൻ സംഘമാണ് തിരുമേനിയെയും കൂടെയുള്ളവരെയും മർദ്ദിച്ചത്. തിരുമേനിക്ക് ഇത്താക്ക് വൈദ്യനാണ് പിന്നീട് ചികിത്സ നൽകിയത്. കായകൽപ ചികിത്സ നടത്തി വൈദ്യൻ തിരുമേനിക്ക് ആരോഗ്യം വീണ്ടെടുത്തു കൊടുത്തു.

ഏതാനും ദിവസം തിരുമേനിക്ക് അസഹനീയമായ വേദന ഉണ്ടായിരുന്നു. ദുഃഖവെള്ളി ശുശ്രൂഷയ്ക്ക് പങ്കെടുക്കാൻ വന്നവരെല്ലാം തിരുമേനിയുടെ വേദനയിൽ പങ്കുകൊണ്ടു. ദുഃഖവെള്ളിയാഴ്ച അദ്ദേഹം പള്ളിയിൽ ചെയ്ത പ്രസംഗത്തിൽ ഈ സംഭവത്തെപ്പറ്റി ഒന്നും പരാമർശിച്ചിരുന്നില്ലെന്നത് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. പോലീസ് കേസെടുത്തെങ്കിലും ആരൊക്കെയോ ഇടപെട്ട് കേസ് തേച്ചുമാച്ചുകളയുകയാണുണ്ടായത്. കേസെടുക്കുന്നതിൽ തിരുമേനിക്കും താൽപര്യമില്ലായിരുന്നു.

ദൈവത്തിന്റെ അഭിഷിക്തനായ മെത്രാപ്പോലീത്തയെ മർദ്ദിക്കുന്നതിനും അധിക്ഷേപിക്കുന്നതിനും കൂട്ടുനിന്നവർക്കെല്ലാം തക്കതായ ശിക്ഷ മുകളിൽനിന്നു കിട്ടി കാപ്പിവടി വെട്ടിയെടുത്ത പാഴൂരുള്ള വീട്ടിലെ ഉടമയുടെ ഏകപുത്രൻ മുറ്റത്തുനിന്നു താഴേക്കു പിറ്റേദിവസം തന്നെ വീണ് വടി മുറിച്ചെടുത്ത കാപ്പികുറ്റി വയറ്റിൽകൊണ്ട് മുറിവുണങ്ങാതെ ആ പയ്യൻ ആശുപത്രിയിൽ കിടന്നു മരിച്ചു. വടി പ്രയോഗിച്ച ആളിന്റെ മർമ്മഭാഗത്ത് പഴുപ്പ് പ്രത്യക്ഷപ്പെട്ടു. അയാളും കുടുംബവും കഷ്ടപ്പെട്ടു. വർഷങ്ങളായിട്ടും പഴുപ്പ് മാറിയില്ല. വേദനയിൽ പുളഞ്ഞ അയാളും കുടുംബവും തിരുമേനിയെ വന്ന് കണ്ട് മാപ്പിരന്നു. അതിനു ശേഷം മുറിവുണങ്ങി രക്ഷപ്പെട്ടു. റീത്തിൽ ചേർന്ന വൈദികനും ആക്രമണത്തിന് നേതൃത്വം കൊടുത്ത ചിലർക്കും അംഗവൈകല്യം സംഭവിച്ച കുട്ടികളുണ്ടായി ആ സംഘത്തിലുണ്ടായിരുന്ന എല്ലാവർക്കും പലവിധ ശിക്ഷകൾ കിട്ടിയതായും നാട്ടുകാർ പറയുന്നു. ചിലർക്ക് ഭ്രാന്ത് പോലും പിടിപെട്ടു.

ഈ സംഭവം നടന്നതിന്റെ പിറ്റേദിവസംതന്നെ ഈ തല്ലിയവൻ തൃക്കുന്നത്ത് സെമിനാരിയിൽ എത്തി അത്തനാസിയോസിനോട് തിരുമേനിയെ അടിച്ച വിവരം പറഞ്ഞപ്പോൾ "യഹോവയുടെ അഭിഷിക്തനെ കൈവച്ചവൻ എന്റെ മുറിയും, സെമിനാരി കോമ്പൗണ്ടും വിട്ട് പുറത്തുപോകണം" എന്ന് പറഞ്ഞു. ഈ സംഭവം ഔഗേൻ ബാവയെ ഒരു സഹൃദയാക്കിമാറ്റിയെന്ന് തന്നെ പറയാം.

മലങ്കരയിലെ നാലാമത്തെ കാതോലിക്ക ആയ പ. ഔഗേൻ പ്രഥമൻ ബാവയുടെ മൂലതറവാട് തുരുത്തിയിൽ കുടുംബം ആണ്. ചോറ്റാകുളത്തിൽ തുരുത്തിയിൽ ഏബ്രഹാം കത്തനാരുടെയും പുത്തൻകുരിശിലെ പുരാതനകുടുംബമായ മാളിയേക്കൽ അന്നാമ്മയുടെയും ദ്വിതീയ പുത്രനായിട്ടാണ് അദ്ദേഹം ജനിച്ചത്. മത്തായി എന്നായിരുന്നു പേര്. സാജൻ പീറ്റർ ഐ.എ.എസ്. തിരുമേനിയുടെ കുടുംബാംഗമാണ്. മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻ തിരുമേനിയുടെ ഉറ്റസുഹൃത്തായിരുന്നു.

ബാല്യകാല വിദ്യാഭ്യാസത്തിനു ശേഷം പാമ്പാക്കുട സെമിനാരിയിൽ ചേർന്ന് കോനാട്ട് മാത്തൻ കോർ എപ്പിസ്കോപ്പയുടെ ശിഷ്യനായി മലയാളത്തിലും സുറിയാനിയിലും പാണ്ഡിത്യം നേടി കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രപ്പോലീത്തയിൽനിന്ന് ശെമ്മാശൻ പട്ടം ലഭിച്ചു. കോട്ടയം എം.ഡി ഹൈസ്കൂളിൽനിന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം പൂർത്തിയാക്കി അബ്ദുൽ മശിഹാ പാത്രിയർക്കീസിന്റെ കൂടെ താമസിച്ച് സുറിയാനിയിൽ പാണ്ഡിത്യം നേടിയിട്ടുണ്ട്. അന്ത്യോഖ്യയിൽ വച്ചുതന്നെ അദ്ദേഹത്തിനു റമ്പാൻ പട്ടം ലഭിച്ചു.

അന്ത്യോഖ്യയിൽനിന്ന് മലങ്കരയിലെത്തിയ റമ്പാൻ സുവിശേഷ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വടകര പള്ളിയിലും സമീപ പ്രദേശങ്ങളിലുമാണ് സുവിശേഷ പ്രവർത്തനം നടത്തിയത്. നിരവധി സ്കൂളുകൾ അദ്ദേഹം സ്ഥാപിച്ചു.

കണ്ടനാട് ഭദ്രാസനഇടവകയുടെ താൽപര്യപ്രകാരം യരുശലേമിലെ മാർ മർക്കോസിന്റെ ആശ്രമപ്പള്ളിയിൽ വച്ച് 1927 ൽ ഔഗേൻ റമ്പാച്ചനെ തിമോത്തിയോസെന്ന പേരിൽ മഞ്ഞനിക്കരയിൽ കബറടങ്ങിയ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മെത്രാനാക്കി

മൂന്നാമത്തെ കാതോലിക്കാ ബസേലിയോസ് ഗീവർഗീസ് ദ്വിതീയന് പ്രായാധിക്യം മൂലം മലങ്കര അസോസിയേഷൻ 1962 മേയ് 17 ന് നിരണത്ത് കൂടി കണ്ടനാട് ഭദ്രാസന സീനിയർ മെത്രാപ്പോലീത്തയായിരുന്ന ഔഗേൻ മാർ തിമോത്തിയോസിനെ നിയുക്ത കാതോലിക്കയായി തെരഞ്ഞെടുത്തു. അന്ന് മാർ തിമോത്തിയോസിനെ അനുമോദിച്ചുകൊണ്ട് കാതോലിക്കാ ബാവ (കുറിച്ചി ബാവ) ചെയ്ത പ്രസംഗത്തിൽ ഔഗേനെ വിനയം കൂടിപ്പോയി എന്നു പറഞ്ഞിരുന്നു. 1964 മേയ് 22 ന് ഔഗേൻ ബാവയെ കാതോലിക്കയാക്കി ഉയർത്തി

1964 ഡിസംബറിൽ ബോംബെയിൽ എത്തിയ പരിശുദ്ധ പോൾ ആറാമൻ മാർപാപ്പയുമായി ഔഗേൻ ബാവാ സംഭാഷണങ്ങൾ നടത്തിയിരുന്നു. എത്യോപ്യൻ ചക്രവർത്തിയായിരുന്ന ഹെയ്‌ലിസെലാസിയുടെ പരിശ്രമഫലമായി 1965 ജനുവരിയിൽ ആഡിസ് അബാബയിൽ ചേർന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭാ തലവന്മാരുടെ സുന്നഹദോസിൽ ഓർത്തഡോക്സ് സഭാ തലവൻ എന്ന നിലയിൽ അദ്ദേഹം സംബന്ധിച്ചിട്ടുണ്ട്.

ഔഗേൻ ബാവയുടെ ഭരണകാലത്താണ് സഭയ്ക്ക് പല പുരോഗതികളും ഉണ്ടായത്. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി, വൈദിക കോളജ്, സ്റ്റുഡന്റ്സ് സെന്ററുകൾ, പുതിയ നിരവധി കോളജുകൾ, ഹൈസ്കൂളുകൾ, അനാഥ മന്ദിരങ്ങൾ എന്നിവയെല്ലാം സഭയിൽ അതിവേഗം ഉണ്ടായി സഭാ സമാധാനത്തിന്റെ ഫലമായാണിതെല്ലാം ഉണ്ടായത്. **1970 ൽ സെന്റ് തോമസിന്റെ സ്ഥാനത്തെപ്പറ്റി 203-ാം നമ്പർ കൽപ്പന യാക്കോബ് തൃതീയൻ പാത്രിയർക്കീസ് അയച്ചത് സഭയിൽ പിന്നെയും ഭിന്നിപ്പിന്റെ സ്വരം ഉയർത്തി.**

ചില പൊട്ടലും ചീറ്റലും ഉണ്ടായെങ്കിലും പ്രശാന്തമായ ഒരു ജീവിതസായാഹ്നത്തിലാണ് ഔഗേൻ ബാവ കടന്നുപോയത്. ഓട്ടം തികച്ച് വിശ്വാസം കാത്ത്, നീതിയുടെ കിരീടം പ്രാപിക്കാൻ പറന്നുപോയ പുണ്യാത്മാക്കളുടെ നിരയിൽ ഔഗേൻ ബാവായ്ക്കും ഒരു സ്ഥാനം ഉണ്ടായിരിക്കുമെന്നുറപ്പ്. 1975 ഫെബ്രുവരി 16 ന് അഞ്ചു മെത്രാന്മാരെ ബാവ നിരണത്ത് വാഴിച്ച ശേഷം 1975 ഡിസംബർ എട്ടിന് കാലം ചെയ്തു. കാതോലിക്കേറ്റ് അരമനച്ചാപ്പലിൽ ഭൗതികദേഹം സംസ്കരിച്ചു. ആയിരക്കണക്കിനാളുകൾ സംസ്കാര ചടങ്ങിൽ പങ്കെടുത്തു.

ലളിതജീവിതം നയിച്ച വിനയാന്വിതനായിരുന്നു ഔഗേൻ ബാവ തിരുമേനി.

സഭാ സ്വാതന്ത്ര്യം അനുസ്യൂതമായി പരിരക്ഷിക്കയും എല്ലാ തത്വസംഹിതകളെയും കാറ്റിൽപറത്തിക്കൊണ്ടുള്ള അന്ത്യോഖ്യൻ കടന്നാക്രമണങ്ങളെ എന്നത്തേക്കുമായി കടലിനക്കരെ ഒതുക്കി നിർത്തുകയും സഭാ ശരീരത്തിലെ ഒരു മുള്ള് പോലെ മാറിയ അന്ത്യോഖ്യൻ ബന്ധം അവസാനിപ്പിക്കയും ചെയ്ത പരിശുദ്ധ ഔഗേൻ ബാവയ്ക്ക് ലഭിച്ച ഹൃദയസ്പർശമായ അന്തിമോപചാരം മലങ്കരയുടെ സംരക്ഷകന് ലഭിച്ച അഭിവാദ്യം തന്നെയാണെന്നു നിസ്സംശയം പറയാം.

GM

VI th Death Anniversary
(Left us on 17-01-2007)

Mrs. Aleyamma John
(KUNJAMMA)
(Retd. Teacher Govt. H.S. for Girls, Adoor)
MOLETHU, ADOOR
Fontly Remembered by:
John Varghese Molethu
& Children

\nbahmgN A«nadn¡m³ A\phZn¡cpX

▪ ജസ്റ്റിസ് കെ. ജോൺ മാത്യു



പാർലമെന്ററി ജനാധിപത്യം, പ്രായപൂർത്തി വോട്ടവകാശം മുതലായവപോലെതന്നെ നിയമവാഴ്ച എന്നതും ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനതത്വമാണ്. ജനങ്ങളെ പുരോഗതിയിലേക്ക് നയിക്കുവാനും തർക്കങ്ങൾ പരിഹരിക്കാനും മറ്റും ഉപകരിക്കുന്ന നിരവധി നിയമങ്ങൾ നിലവിലുണ്ട്. വ്യക്തികൾ തമ്മിലും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിലുമുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി കോടതികൾ മുതലായ സംവിധാനങ്ങളും ഇന്ത്യയുടെ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമങ്ങൾ നിർമ്മിച്ചതുകൊണ്ടോ കോടതികൾ ഉത്തരവുകൾ പുറപ്പെടുവിച്ചതുകൊണ്ടോ തർക്കപരിഹാരം പൂർണ്ണമാകുന്നില്ല. ആ ഉത്തരവുകൾ നടപ്പാക്കുക കൂടി വേണം. അല്ലെങ്കിൽ നിയമങ്ങൾ നിരർത്ഥകമാവും. ഭരണഘടന നിലവിൽ വന്ന ആദ്യ ദശകങ്ങളിൽ കോടതിവിധികൾക്കും നിയമവാഴ്ചയ്ക്കുമുണ്ടായിരുന്ന അലംഘനീയത കുറഞ്ഞുവരുന്നതായി പലപ്പോഴും സംശയം തോന്നാറുണ്ട്. രാഷ്ട്രീയവും മറ്റുമായ കാരണങ്ങളാൽ കോടതിവിധികൾ നടപ്പാക്കുന്നത് തടസപ്പെടുന്നുണ്ടെന്നും അത് നിയമവാഴ്ചയെ പ്രതികൂലമായി സ്വാധീനിക്കുന്നുണ്ടെന്നുമുള്ള സംശയം ജനങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. കോടതിവിധികൾ നടപ്പാക്കുന്നതിനുള്ള ഇച്ഛാശക്തി ഭരണകർത്താക്കൾ കാണിക്കുന്നില്ലെങ്കിൽ നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യത ഇല്ലാതാകും എന്നതിന് സംശയമില്ല.

സഭാ സംബന്ധമായ പ്രധാനപ്പെട്ട രണ്ടു കേസുകൾ മാത്രം എടുക്കാം. 10-03-1938 ൽ പാത്രിയർക്കീസ് വിഭാഗം കൊടുത്ത അന്യായത്തിന്മേലുള്ള അവസാനവിധി സുപ്രീംകോടതി പുറപ്പെടുവിച്ചത് 12-09-1958 ലാണ്. സുപ്രീംകോടതി ആ അന്യായം തള്ളിയതിനെതുടർന്നുണ്ടായ രാജി ആലോചനകൾ അവസാനിച്ചത് 16-12-1958 ൽ ഇരുവിഭാഗവും പരസ്പരം സ്വീകരിച്ച തർക്കങ്ങൾ രാജിയായിക്കൊണ്ടാണ്. പിന്നീട് പാത്രിയർക്കീസ് ബാവാ ഔഗേൻ ബാവായുടെ കാതോലിക്കാ സ്ഥാനാരോഹണം നടത്തിയ സുന്നഹദോസിന്റെ അദ്ധ്യക്ഷസ്ഥാനം വഹിക്കുകയും ചെയ്തു. ഉദ്ദേശം 14 വർഷം നീണ്ടുനിന്ന സഭാ സമാധാനം ഇല്ലാതായത് പാത്രിയർക്കീസ് ബാവ സമാധാനവ്യവസ്ഥകളും സഭാ ഭരണഘടനയും ലംഘിച്ച് മെത്രാൻമാരെ വാഴിച്ച് മലങ്കരസഭയിൽ ഇടപെട്ടപ്പോഴാണ്. ഇതേത്തുടർന്ന് ഈ മെത്രാൻമാർക്കും മറ്റും എതിരായി ഓർത്തഡോക്സ് സഭ കൊടുത്ത പ്രധാനഅന്യായം 1974 ജൂൺ 27-ാം തീയതി ആയിരുന്നു. ഈ കേസിന്റെ അവസാനവിധി സുപ്രീംകോടതി പുറപ്പെടുവിച്ചത് 1995 ജൂൺ 20-ാം തീയതി ആയിരുന്നു. സഭാ ഭരണഘടനപ്രകാരം എല്ലാ പള്ളികളും സ്ഥാപനങ്ങളും ഭരിക്കപ്പെടണമെന്നും മറ്റുമാണ് സുപ്രീംകോടതി വിധിച്ചിരിക്കുന്നത്.

ഈ വിധിക്ക് ആസ്പദമായ കേരള ഹൈക്കോടതിവിധിയിൽ 1958 ലെ പരസ്പര സ്വീകരണത്തിനു ശേഷം സഭാ ഭരണഘടനയ്ക്കെതിരായി പാത്രിയർക്കീസ് ബാവാ വാഴിച്ച മെത്രാൻന്മാർ ഭരണഘടനപ്രകാരമല്ല വാഴിക്കപ്പെട്ടതെന്നു പ്രഖ്യാപിക്കുകയും അവരെ മലങ്കര സഭയുടെ പള്ളികളിൽ കർമ്മങ്ങൾ ചെയ്യുന്നതിൽ നിന്നും നിരോധിക്കുകയും ചെയ്തിരുന്നു. ഈ വിധി സ്റ്റേ ചെയ്യുന്ന കാര്യം പരിഗണനയിൽ വന്നപ്പോൾ സുപ്രീംകോടതി നൽകിയ ഉത്തരവിന് വലിയ പ്രാധാന്യം ഉണ്ട്. **സ്റ്റേ നൽകുന്നതിനുള്ള വ്യവസ്ഥയായി സഭാ ഭരണഘടന അനുസരിച്ചുകൊള്ളാമെന്നു സത്യവാങ്മൂലങ്ങൾ നൽകിയാൽ ആ മെത്രാന്മാർക്ക് തൽസ്ഥാനങ്ങളിൽ തുടരാമെന്നായിരുന്നു സുപ്രീംകോടതിയുടെ ഉത്തരവ്.** പുതുതായി തെരഞ്ഞെടുക്കുന്ന സഭാ മാനേജിംഗ് കമ്മറ്റിക്ക് ഈ മെത്രാന്മാരുടെ സ്ഥാനത്തെയും മറ്റു കാര്യങ്ങളെയും പറ്റി തീരുമാനിക്കാമെന്നും അതുവരെയാണ് സ്റ്റേ ഉത്തരവിന്റെ കാലാവധിയെന്നും സുപ്രീംകോടതി വ്യവസ്ഥ ചെയ്തിരുന്നു. പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാൻമാർ (അന്നത്തെ ശ്രേഷ്ഠ കാതോലിക്കാ ഉൾപ്പെടെ) ഇപ്രകാരം സത്യവാങ്മൂലങ്ങൾ ഹാജരാക്കിയാണ് തൽസ്ഥാനങ്ങളിൽ തുടർന്നത്. സഭാ ഭരണഘടന അംഗീകരിക്കാൻ വിസമ്മതിച്ച പാത്രിയർക്കീസ് വിഭാഗം മെത്രാന്മാർക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റി ഭദ്രാസനഭരണം നൽകിയില്ല. അതോടുകൂടി അവർക്കെതിരെയുള്ള വിധിയും നിരോധന ഉത്തരവും വീണ്ടും പ്രാബല്യത്തിൽ നിലനിൽക്കുന്നു. ആ നിലയ്ക്ക് അവർക്ക് സഭയിലെ ഒരു പള്ളിയിലും ആരാധന നടത്തുവാൻ പാടില്ല. സാധാരണജനങ്ങൾക്ക് ഏതു പള്ളിയിലും പ്രവേശിച്ച് ആരാധനയിൽ പങ്കുകൊള്ളുന്നതിന് തടസ്സമൊന്നുമില്ല. സഭയും കോടതിയും അംഗീകരിക്കുന്ന പുരോഹിതരുടെ കാർമികത്വത്തിലുള്ള ആരാധനയിൽ അവർക്കും സംബന്ധിക്കാം.

> **“ ഒരു രാജ്യത്തിലെ പൗരന്മാർ പരസ്പരം നീതി ചെയ്യുമെന്നുള്ള പ്രതിജ്ഞയാണ് നിയമം ”**
>
> **അരിസ്റ്റോട്ടിൽ**

ഇന്ത്യൻ ഭരണഘടന അനുസരിച്ച് സുപ്രീംകോടതി വിധി രാജ്യത്തെ നിയമമാണ്. അത് അനുസരിക്കുന്നതിന് എല്ലാവർക്കും ബാധ്യതയുമുണ്ട്. എന്നിരുന്നാലും സഭാ കേസുകളിലെ വിധികളെ അനുസരിക്കാതിരിക്കാനുള്ള മാർഗ്ഗം എന്ന നിലയിലാണ് 2002 ൽ പാത്രിയർക്കീസ് വിഭാഗം പുതിയ ഒരു ഭരണഘടന നിർമ്മിച്ചത്. അതു ഫലപ്രദമാകാതിരുന്നതിനാലാണ്, ജനഹിത പരിശോധനനടത്തണം, മദ്ധ്യസ്ഥ തീരുമാനത്തിനു വിടണം, പള്ളികളിൽ ആരാധനാ സ്വാതന്ത്ര്യം അനുവദിക്കണം എന്നീ തർക്കങ്ങൾ ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്.

> **ജുഡീഷ്യറി ജനാധിപത്യ വ്യവസ്ഥയുടെ ഭാഗമാണ്.**

തർക്കങ്ങൾ രമ്യമായി പരിഹരിക്കുന്നതാണ് എറ്റവും അഭികാമ്യം എന്നതിൽ സംശയമില്ല. 1995 ലെ വിധിയിലും സുപ്രീംകോടതി ഇക്കാര്യം പരിഗണിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇരുവിഭാഗത്തിന്റെയും അഭിപ്രായങ്ങൾ പരിഗണിച്ച് ഇടവകാംഗങ്ങളുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായി അസ്സോസിയേഷനിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കത്തക്കവണ്ണം സഭാഭരണഘടന ഭേദഗതി ചെയ്തു. ഇരുവിഭാഗത്തിന്റെയും സമ്മതത്തോടുകൂടി സമ്മേളനനടത്തിപ്പിനെപ്പറ്റി നിർദ്ദേശങ്ങൾ നൽകുകയും, സമ്മേളനം നീതിപൂർവ്വമായി നടക്കുന്നു എന്ന് ഉറപ്പാക്കുവാനായി ഒരു മുൻ ചീഫ് ജസ്റ്റിസിനെ നിരീക്ഷകനായി നിയമിക്കുകയും ചെയ്തു. **2002 ൽ പരുമലയിൽ ചേർന്ന സമ്മേളനം ജനഹിത പരിശോധനതന്നെ ആയിരുന്നു. സുപ്രീംകോടതിയുടെ നിയന്ത്രണത്തിൽ നടന്ന ആ യോഗത്തിലുണ്ടായ തീരുമാനം പാത്രിയർക്കീസ് വിഭാഗം അംഗീകരിക്കാതെ വീണ്ടും ജനഹിത പരിശോധന ആവശ്യപ്പെടുന്നത് സുപ്രീംകോടതിയെ അവിശ്വസിക്കുന്നതിന് തുല്യമാണ്.** സുപ്രീംകോടതിവിധിമാനിക്കാതെ തർക്കങ്ങൾ മദ്ധ്യസ്ഥന്മാരുടെ തീർപ്പിനു വിടണമെന്ന വാദവും അങ്ങനെയുള്ളതാണ്. ആരാധനാ സ്വാതന്ത്ര്യം എന്ന ആവശ്യത്തിനും യാതൊരു നിയമപ്രാബല്യവുമില്ല. കോടതി അയോഗ്യരെന്നു കണ്ട മെത്രാൻമാർ ആരാധനാ സ്വാതന്ത്ര്യം എന്ന മറയിൽ കോടതി വിധി ലംഘിക്കുന്നതിനുള്ള ശ്രമം മാത്രമാണ് ഈ ആവശ്യം. ഇതും അനുവദിക്കാവുന്നതല്ല. സുപ്രീംകോടതിയേക്കാൾ ഉന്നതമാണ് മറ്റേതെങ്കിലും സംവിധാനമെന്നുള്ള വിധത്തിലുള്ള പ്രവർത്തനം തീർത്തും അംഗീകരിക്കാനാവില്ല. അതു ഭരണഘടനാലംഘനമാണ്.

ഇംഗ്ലണ്ടിലെ രാജാവായിരുന്ന ജയിംസ് ഒന്നാമൻ പണ്ടു പറഞ്ഞു ‘ഞാൻ നിയമത്തിന് താഴെയാണെന്നു പറയുന്നത് രാജ്യദ്രോഹമാണ്” എന്ന്. ഈ പ്രസ്താവനയെപ്പറ്റി ഇംഗ്ലണ്ടിലെ ചീഫ് ജസ്റ്റിസായിരുന്ന സർ എഡ്വേർഡ് കോക്ക് പറഞ്ഞ (വീണ്ടും വീണ്ടും ഉദ്ധരിക്കപ്പെടുന്ന) വാചകം സുപ്രസിദ്ധമാണ്. “രാജാവ് ഒരു മനുഷ്യന്റെയും താഴെയല്ല. പക്ഷേ അദ്ദേഹം ദൈവത്തിനും നിയമത്തിനും താഴെയാണ്” ഈ വാചകം ഇന്ത്യൻ സുപ്രീംകോടതിയുടെ ഒരു വിധിന്യായത്തിൽ അടുത്തയിടെ പരാമർശിക്കുകയുണ്ടായി (T.N. Godavarman Thirumulpad Vs. Ashok Khor-AIR 2006 S.C. 2007-2006 5) S.C.C.I) ആ കേസിൽ സുപ്രീംകോടതിവിധി ലംഘിച്ചു എന്നു കണ്ട മഹാരാഷ്ട്ര മന്ത്രിയെയും വനംവകുപ്പു സെക്രട്ടറിയെയും ജയിൽ ശിക്ഷയ്ക്ക് വിധിച്ചു. നിയമവാഴ്ചയുടെ പ്രാധാന്യത്തെപ്പറ്റി ആ വിധിന്യായത്തിൽ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. സുപ്രീംകോടതി വിധി ലംഘിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് താൽക്കാലികമായ ചില നേട്ടങ്ങൾ ലഭിച്ചേക്കാമെങ്കിലും താമസംവിനാ നിയമത്തിന്റെ നീണ്ട കൈകൾ അവരെ പിടികൂടുമെന്നതിന് സംശയമില്ല. **GM**

കേരള ഹൈക്കോടതിയിൽ ദീർഘകാലം ന്യായാധിപനായിരുന്നു ലേഖകൻ.

ആരാധനാ സ്വാതന്ത്ര്യം

■ ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

മലങ്കരസഭാ പ്രശ്നത്തിൽ പാത്രിയർക്കീസ് വിഭാഗം കാട്ടിക്കൂട്ടുന്ന എല്ലാ നിയമലംഘനങ്ങളെയും അക്രമങ്ങളെയും സാധൂകരിക്കുവാൻ ഉപയോഗിക്കുന്ന ഒരു പദമായി പരിണമിച്ചിരിക്കുന്നു 'ആരാധനാ സ്വാതന്ത്ര്യം'. പള്ളികളിൽ അതിക്രമിച്ചുകടന്ന് ബഹളമുണ്ടാക്കി പൂട്ടിച്ചതിനുശേഷം ആരാധനാ സ്വതന്ത്ര്യത്തിനായി മുറവിളികൂട്ടുന്നത് അവരുടെ പതിവായിതീർന്നിരിക്കുന്നു.

കുറിഞ്ഞി പള്ളിയിൽ ആർ.ഡി.ഒ.യുടെ ഉത്തരവനുസരിച്ച് കുർബാനയർപ്പിക്കുവാൻ ചെന്ന കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയെ തടഞ്ഞ് സംഘർഷമുണ്ടാക്കി പള്ളിയിൽ ആരാധനതടസപ്പെടുത്തിയ ശേഷം അവരുടെ സഭാ തലവൻ പ്രസംഗിക്കുന്നതുകേട്ടു. "പത്തു പള്ളികൾ "മെത്രാൻ കക്ഷികൾ" (ഈ പ്രയോഗം കേട്ടപ്പോൾ അദ്ദേഹം 1958 ന് മുൻപാണ് ഇപ്പഴും ജീവിക്കുന്നത് എന്നു തോന്നിപ്പോയി) പൂട്ടിച്ചു, നമുക്ക് ആരാധനാസ്വാതന്ത്ര്യം വേണം". ഇതു കേൾക്കുമ്പോൾ കാര്യങ്ങൾ അത്ര കൃത്യമായി മനസിലാക്കിയിട്ടില്ലാത്ത മാദ്ധ്യമ പ്രവർത്തകരും സാധാരാണ ജനങ്ങളും പലപ്പോഴും തെറ്റിധരിപ്പിക്കപ്പെടുന്നുണ്ട്.

എന്താണ് ആരാധനാസ്വാതന്ത്ര്യം? വഴിയരുകിൽ കാണുന്ന ഏതൊരു ആരാധനാലയത്തിലും ഏതൊരാൾക്കും കയറി ആരാധിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടോ? അവരവർക്ക് ഇഷ്ടമുള്ള പൂജാരികളെയോ പുരോഹിതന്മാരെയോ കൊണ്ടുവന്ന് ഏതൊരു ആരാധനാലയത്തിലും കയറ്റി കർമ്മങ്ങൾ നടത്തുവാൻ ആർക്കും അവകാശമുണ്ടോ? ഉത്തരം ഇല്ല എന്നുതന്നെ. എല്ലാമതങ്ങൾക്കും ആരാധനാലയങ്ങൾക്കും അവരവർ നിർണ്ണയിക്കുന്ന അതിർവരമ്പുകളുണ്ട്. അവയെ ലംഘിക്കുവാൻ ആർക്കും അധികാരമില്ല. അന്യമതസ്ഥർക്ക് പ്രവേശനം അനുവദിക്കുന്ന സ്ഥലങ്ങളും അനുവദിക്കാത്ത സ്ഥലങ്ങളുമുണ്ട്. ഏതൊരു ആരാധനാ സ്ഥലത്തും അധികാരപ്പെട്ടവർ ചുമതലപ്പെടുത്തുന്ന കാർമ്മികനോ, അദ്ദേഹം അനുവദിക്കുന്നവർക്കോ മാത്രമേ കർമ്മങ്ങൾക്കു നേതൃത്വം കൊടുക്കാൻ അനുവാദമുള്ളു. അനേക ദേശങ്ങളിൽ നിന്നും തീർത്ഥാടകർ എത്തുന്ന സ്ഥലമാണ് ശബരിമല. എന്നാൽ അവിടെ ഔദ്യോഗികമായി ചുമലത ലഭിച്ചിട്ടുള്ള പൂജാരിക്കുമാത്രമേ അവിടെ കർമ്മങ്ങൾ നടത്താനാവൂ. ആരാധനാ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഓരോരുത്തർ അവരവർക്കിഷ്ടമുള്ള കാർമ്മികരെ കൊണ്ടുവന്നു പൂജകൾ നടത്താൻ ശ്രമിച്ചാൽ അത് അനുവദിക്കുമോ?



ശബരിമലയിൽ വിശ്വാസമുള്ള ആർക്കും പോകാം. എന്നാൽ, അവിടെ പൂജാദികർമ്മങ്ങൾ ചെയ്യുന്നതിന് നിയമപ്രകാരം ചുമതലയുള്ള കാർമ്മികന് മാത്രമേ അധികാരമുള്ളൂ.

ഇതുതന്നെയാണ് സഭയുടെ പ്രശ്നത്തിലും ബാധകമായിട്ടുള്ള നിയമം. ഒരു ദേവാലയത്തിൽ ആരാധനനടത്തുവാനും ഭരണം നടത്തുവാനും അവകാശമുള്ളവർ അതുനടത്തണം. അവകാശം ആർക്ക് എന്നതിനെ സംബന്ധിച്ച് തർക്കമുള്ളപ്പോൾ അതു പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ നമ്മുടെ നാട്ടിലുണ്ട്. ആ വ്യവസ്ഥകളെ ആശ്രയിക്കാതെ കൈയൂക്കുകൊണ്ടു കാര്യം സാധിക്കാമെന്ന വിചാരത്തിൽ അക്രമങ്ങൾ അഴിച്ചുവിടുമ്പോഴാണ് ആരാധന തടസപ്പെടുന്നത്. **പാത്രിയർക്കീസ് വിഭാഗത്തിലെ സാധാരണ വിശ്വാസികൾ ആരാധനയിൽ സംബന്ധിക്കുന്നത് ഓർത്തഡോക്സ് സഭ ഒരിക്കലും തടഞ്ഞിട്ടില്ല.**

തങ്ങൾക്ക് അധികാരമില്ലാത്ത സ്ഥാനത്ത് നുഴഞ്ഞുകയറി അരാജകത്വം സൃഷ്ടിക്കുന്നതിന് ആരാധനാ സ്വാതന്ത്ര്യമെന്നല്ല വിളിക്കേണ്ടത്, ക്രമസമാധാന പ്രശ്നമെന്നാണ്.

എന്നാൽ അവകാശമില്ലാത്ത പുരോഹിതന്മാർ അവകാശമില്ലാത്ത സ്ഥലങ്ങളിൽ അനധികൃതമായി കടന്നു കയറുന്നതിനെയാണ് സഭ എതിർക്കുന്നത്.

ആലുവാ തൃക്കുന്നത്തു സെമിനാരി ചാപ്പലിലെ പ്രശ്നത്തിലും സാധാരണ ജനങ്ങൾ കബറിങ്കൽ വന്നു പ്രാർത്ഥിച്ചു പോകുന്നതിന് ഓർത്തഡോക്സ് സഭ യാതൊരു വിലക്കും കൽപ്പിച്ചിട്ടില്ല. എന്നാൽ അവകാശമില്ലാത്ത കാർമ്മികരെ പ്രവേശിപ്പിക്കാൻ ശ്രമിക്കുന്നത് സഭ എതിർക്കുന്നു, കാരണം അത് അവകാശം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമമാണ്. അഥവാ മറ്റു കാർമ്മികരെ പ്രവേശിപ്പിക്കണമെങ്കിൽ നിയമപരമായി ആ സ്ഥാപനത്തിന്റെ അവകാശിയെന്ന് കോടതി കണ്ടെത്തിയിട്ടുള്ള ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസനാധിപന്റെ സമ്മതം ഉണ്ടായിരിക്കണം. പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർ അഭി തിരുമേനിയോട് രേഖാമൂലം ആവശ്യപ്പെടുമ്പോൾ ഉചിതമായ തീരുമാനമെടുക്കും.

മാമലശേരി പള്ളിയാണ് മറ്റൊരു ഉദാഹരണം. 1995 നുശേഷം അവിടെയുണ്ടായിരുന്ന ഇരുകക്ഷികളും 1934ലെ ഭരണഘടനഅനുസരിച്ച് പള്ളി ഭരിക്കപ്പെടണമെന്ന് സംയുക്തമായി തീരുമാനമെടുത്ത് അതനുസരിച്ച് അടുത്തകാലംവരെ പ്രശ്നങ്ങളില്ലാതെ പോയിരുന്നു. കോടതി ഉത്തരവനുസരിച്ച് ഒരു റിസീവർ ഭരണം നടത്തുന്നു. അവിടെ അനാവശ്യമായി കുത്തിത്തിരിപ്പുണ്ടാക്കി ഒരു വിഭാഗത്തെ വേർതിരിച്ച് ആരാധനാസ്വാതന്ത്ര്യത്തിന്റെ പേരിൽ നിയമപരമായി യാതൊരു അവകാശവുമില്ലാത്ത ഒരു വൈദികനെ പ്രവേശിപ്പിക്കുവാനുള്ള പരിശ്രമമാണ് ഇപ്പോൾ നടക്കുന്നത്. അതിന്റെ പേരിൽ പാത്രിയർക്കീസ് വിഭാഗം കഴിഞ്ഞ മേയ് മാസം മുതൽ അവിടെ കുത്തിയിരുപ്പു നടത്തുന്നു, ആരാധന മുടക്കുന്നു. അവിടെ നിയമിതരായിരുന്ന വൈദികർ ഇത്രയും കാലം ആരാധന നടത്തുകയും അതിൽ ഇടവകയിലെ എല്ലാ ജനങ്ങളും കക്ഷിഭേദമില്ലാതെ സംബന്ധിക്കയും ചെയ്തിരുന്നു. ഇന്നും ഈ വിഘടിത സംഘം അവിടെനിന്നു മാറിയാൽ വൈദികർ കുർബാന അർപ്പിക്കുകയും എല്ലാവർക്കും ആരാധിക്കയും ചെയ്യാം. പക്ഷെ യാതൊരു ന്യായീകരണവുമില്ലാതെ ഒരു സംഘം അക്രമികൾ അവിടെ തമ്പടിച്ച് ആരാധന മുടക്കുന്നു, എന്നിട്ട് അതിന് ആരാധനാ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടമെന്ന് വിളിക്കുന്നു. ഇത് എന്തുനീതി!? GM

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മ പെരുന്നാൾ ആചരിച്ചു

പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഓർമ്മയും ശ്രാദ്ധപ്പെരുന്നാളും വിപുലമായി ആചരിച്ചു. മലങ്കരയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ തീർത്ഥാടകരുടെ സംഗമത്തിൽ ആയിരക്കണക്കിനു ഭക്തജനങ്ങളാണ് പങ്കെടുത്തത്. ഫെബ്രുവരി 22, 23 തീയതികളിൽ പഴയ സെമിനാരിയിലാണ് പെരുന്നാൾ ചടങ്ങുകൾ നടന്നത്. പരിശുദ്ധ കാതോലിക്ക ബാവാമാരും ഒട്ടുമിക്ക മെത്രാപ്പോലീത്തമാരും രണ്ടു ദിവസമായി നടന്ന പെരുനാളിൽ പങ്കെടുത്തു.

കോട്ടയം ചെറിയ പള്ളിയിലും പഴയ സെമിനാരിയിലും നമസ്കാരങ്ങളും പ്രാർത്ഥനകളും അനുസ്മരണ സമ്മേളനങ്ങളും നടന്നിരുന്നു.

ജീവകാരുണ്യം

കെ.ടി മാത്യു, എക്സ്. എം.എൽ.സി

കേരളത്തിൽ അന്ധ- ബധിര- മൂക വിദ്യാലയം ആദ്യമായി സ്ഥാപിച്ച മഹാനുഭാവൻ

■ ജോബ് സ്രായിൽ

കേരളത്തിൽ അന്ധ-ബധിര-മൂക വിദ്യാലയം ഒന്നും തന്നെ ഇല്ലാതിരുന്ന കാലം. കേരളത്തിൽ നിന്ന് ഇത്തരത്തിലുള്ള കുട്ടികളെ തമിഴ്നാട്ടിലുള്ള പാളയംകോട്ട് താമസിപ്പിച്ച് പഠിപ്പിക്കുകയായിരുന്നു ചെയ്തിരുന്നത്. 1934 ൽ ആണ് കെടി മാത്യു കുന്നംകുളത്ത് ആദ്യമായി അന്ധ-ബധിര-മൂക വിദ്യാലയം സ്ഥാപിച്ചത്. കണ്ണുകാണാൻ വയ്യാത്ത കുട്ടികളെയാണ് ആദ്യം ചേർത്തിരുന്നത്. മറ്റ് അവശതയനുഭവിക്കുന്ന കുട്ടികളെയും പിന്നീട് ചേർത്തു. കുന്നംകുളം തെക്കെ അങ്ങാടിക്ക് പടിഞ്ഞാറ് ഭാഗത്തുള്ള വിശാലമായ പറമ്പ് കുന്നംകുളം വൈ.ഡബ്ല്യു.സി എയ്ക്കു വേണ്ടി മാത്യു മുൻകൈ എടുത്ത് തീറുവാങ്ങിയിരുന്നു. മാത്യുവിന്റെ ഭാര്യ മാത്തിരിയും വൈ.ഡബ്ല്യു.സിഎ പ്രവർത്തനങ്ങളിൽ തൽപ്പരയായിരുന്നു. വൈ.ഡബ്ല്യു.സിഎ. കെട്ടിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. 1901 ലെ സെൻസസ് പ്രകാരം പതിനായിരം പേരിൽ 886 പേർ കണ്ണുകാണാൻ പാടില്ലാത്തവരും 549 പേർ ചെവി കേൾക്കാൻ കഴിയാത്തവരും സംസാരിക്കാൻ കഴിയാത്തവരുമായിരുന്നു.

വിവിധ കാരണങ്ങൾകൊണ്ടും രോഗങ്ങൾകൊണ്ടും ജന്മനാൽ തന്നെയും ഈ രോഗത്തിന് കീഴ്പ്പെട്ട കുട്ടികളെ സഹായിക്കണമെന്നുള്ള വ്യഗ്രത മാത്യുവിനുണ്ടായത് സ്വന്തം മകളുടെ കാര്യത്തിൽ നിന്നു തന്നെയാണ്. 1920 ൽ മാത്യുവിന് ജനിച്ച പെൺകുട്ടി സുന്ദരിക്കുട്ടിയായിരുന്നു. പക്ഷേ ജനിച്ച് ആഴ്ചകൾ കഴിഞ്ഞപ്പോൾ കുട്ടിക്ക് ചെവി കേൾക്കാൻ കഴിയുന്നില്ലന്ന സത്യം അഭിമുഖീകരിക്കേണ്ടിവന്നു. ദൈവവിധിയെന്ന് കരുതി മകളെ പൊന്നുപോലെ വളർത്തി അഞ്ചു വയസ്സായപ്പോൾ കുട്ടിയെ എവിടെ പഠിപ്പിക്കുമെന്ന വേവലാതിയായി അന്ന് കൊച്ചിരാജ്യത്ത് എന്നല്ല കേരളത്തിൽ ഒരിടത്തും ഇത്തരം കുട്ടികളെ പഠിപ്പിക്കുവാനുള്ള സ്കൂൾ ഉണ്ടായിരുന്നില്ല. തമിഴ്നാട്ടിലുള്ള പാളയംകോട്ടെന്ന സ്ഥലത്ത് ഇങ്ങനെയൊരു സ്കൂളുണ്ടെന്ന് അറിഞ്ഞപ്പോൾ മാത്യുവും ഭാര്യയും റോസിയെന്ന കുട്ടിയെ പാളയംകോട്ട് സ്കൂളിൽ കൊണ്ടുചെന്നാക്കി കുട്ടിയെ അവിടെ ഹോസ്റ്റലിൽ ഏൽപ്പിച്ച് പോന്നത് സഹിക്കാവുന്നതിനപ്പുറമായിരുന്നു. ഈ സംഭവം മാത്യുവിനെ ഇത്തരം കുട്ടികളുടെ കാര്യത്തെപ്പറ്റി ചിന്തിക്കാൻ ഇടവരുത്തി

കുന്നംകുളത്തും ചുറ്റുപാടുമുള്ള കുട്ടികൾക്ക് പാളയംകോട്ടേക്ക് പോകുവാനും ഹോസ്റ്റലിൽ നിന്ന് പഠിക്കാനും സാമ്പത്തിക ശേഷിയൊന്നുമില്ലായിരുന്നു. താരതമ്യേന ധനാഢ്യനായ താൻ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന് മാത്യുവിന് പൂർണ്ണബോദ്ധ്യമായി അക്കാലത്ത് കൊച്ചി സർക്കാർ പാളയംകോട്ട് പോയി പഠിക്കുന്ന കുട്ടികൾക്ക് ഒരു ചെറിയ തുക സഹായധനമായി നൽകിയിരുന്നു. അന്ന് കൊച്ചി സ്റ്റേറ്റ് കൗൺസിലിലെ പ്രമുഖ അംഗമെന്ന നിലയ്ക്ക് ഗവൺമെന്റിന്റെ ശ്രദ്ധ അന്ധ-ബധിര-മൂക വിദ്യാലയം ആരംഭിക്കുന്നതിലേക്ക് ആകർഷിക്കാൻ മാത്യുവിന് കഴിഞ്ഞു. പാളയംകോട്ടെ പഠനം തമിഴ് ഭാഷയിലായതിനാൽ അതും കുട്ടികൾക്ക് ഏറെ ബുദ്ധിമുട്ടായിരുന്നു. ഇക്കാരണങ്ങളെല്ലാംകൊണ്ട് മലയാള ഭാഷയിൽ പഠനം നടത്താൻ സാധ്യമാകുന്ന ഇത്തരത്തിലുള്ള ഒരു സ്കൂൾ തുടങ്ങണമെന്ന മോഹം മാത്യുവിന് കലശലായി അനുഭവപ്പെട്ടു.



ദൈവംതന്ന കഴിവും സമ്പത്തും കുടുംബവും എല്ലാം സഹമനുഷ്യരുടെ നന്മയ്ക്കായി വിനിയോഗിച്ച സഭാംഗമായ കെ.ടി മാത്യുവിന്റെ ത്യാഗജീവിതം എക്കാലത്തും സ്മരിക്കപ്പെടും.

അങ്ങനെയാണ് കേരളത്തിൽ ആദ്യമായി അന്ധ-ബധിര-മൂക വിദ്യാലയം മാത്യു സ്വന്തമായി തുടങ്ങിയത്. എന്നാൽ സ്കൂളിൽ പഠിപ്പിക്കാൻ സേവനസന്നദ്ധതയുള്ള അദ്ധ്യാപകരെയും അനുയോജ്യ യോഗ്യതയുള്ളവരെയും കിട്ടാനില്ലായിരുന്നു. ആ സമയത്ത് കുന്നംകുളത്ത് തന്നെയുള്ള കുത്തൂർ കെ.ഐ. പാവു എന്നയാൾ കുട്ടികളെ പഠിപ്പിക്കാൻ തയ്യാറായി മുന്നോട്ടുവന്നു. പാവുവിനെ പാളയംകോട്ടുള്ള വിദ്യാലയത്തിൽ ട്രെയിനിങ് കഴിപ്പിച്ച് കൊണ്ടുവന്നു. അങ്ങനെ സ്കൂൾ നടത്തിപ്പിന്റെ പ്രധാനകണ്ണി പാവുവായിത്തീർന്നു.

കുടുംബവും സമ്പത്തും എല്ലാം സ്ഥാപനത്തിന്

കുട്ടികൾക്ക് വിദ്യാഭ്യാസം മാത്രം കൊടുത്താൽ പോര. എന്തെങ്കിലും കൈത്തൊഴിൽ കൂടി പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയും മാത്യുവിന് മനസ്സിലായി ഇത്തരത്തിലുള്ള കുട്ടികളെ കൈത്തൊഴിൽ പഠിപ്പിക്കുന്നവർക്കും പ്രത്യേകം പരിശീലനം കൊടുത്തു. റോസിന് 15 വയസ്സായപ്പോൾ സിലോണിലെ "മൗണ്ട് ലെവിനിയ" സ്കൂളിലയച്ച് ഉന്നത പരിശീലനം കൊടുപ്പിച്ചു. അതിനു ശേഷം മദ്രാസിലെ ഒരു പ്രമുഖ ട്രെയിനിങ് സ്കൂളിൽനിന്ന് "മെത്തഡോളജി ഓഫ് ടീച്ചിങ്" പഠിപ്പിച്ചു. അഞ്ചു വർഷത്തെ പഠനത്തിനു ശേഷം റോസി കുന്നംകുളത്ത് സ്വന്തം അപ്പൻ തുടങ്ങിയ സ്കൂളിൽ അദ്ധ്യാപികയായി സേവനം തുടങ്ങി തയ്യലിൽ നിപുണയായായിരുന്ന മാത്യുവിന്റെ ഭാര്യ തയ്യൽ അദ്ധ്യാപികയായി സ്കൂളിൽ ചേർന്ന് സൗജന്യമായി സേവനം ചെയ്തു. പഠിക്കാൻ മിടുക്കനായിരുന്ന ബെന്നിയെന്ന അന്ധ വിദ്യാർത്ഥി പഠനം പൂർത്തിയാക്കി മദ്രാസിൽ പോയി ട്രെയിനിങ് കഴിഞ്ഞ് കുന്നംകുളത്തെ സ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. മാത്യുവിന്റെ രണ്ട് ഇളയ സഹോദരന്മാരായ ജോർജ്, ജോബ് എന്നിവരെ സിലോണിലെ "മൗണ്ട് ലെവിനിയ" സ്കൂളിലേക്ക് അയച്ച് പഠിപ്പിച്ച്, രണ്ടു പേരും തിരിച്ച് വന്ന് മാത്യുവിന്റെ സ്കൂളിൽ അദ്ധ്യാപകരായി കെ.ഐ. പാവുവിന്റെ മകൻ കെ.പി ഇട്ട്യേരയും ഇതുപോലെ സ്കൂളിൽ അദ്ധ്യാപകനായി കുന്നംകുളത്തുകാരൻ വറതപ്പൻ ഭാഗവതരെ പാട്ടു പഠിപ്പിക്കാനും നിയമിച്ചു. ധാരാളം നെൽവയലുണ്ടായിരുന്ന മാത്യുവിന്റെ സ്വന്തം പാടത്ത് വിളഞ്ഞ നെല്ല് കുത്തി അരിയാക്കി സ്വന്തം സ്കൂളിലെ കുട്ടികൾക്ക് ഭക്ഷണത്തിനായി വിനിയോഗിച്ചുവന്നു. അന്ന് സാധാരണ സർക്കാർ സ്കൂളിലെ അദ്ധ്യാപകർക്ക് കൊടുക്കുന്ന ശമ്പളത്തേക്കാളും കൂടുതൽ തുക മാത്യു സ്വന്തം സ്കൂളിലെ അദ്ധ്യാപകർക്ക് ശമ്പളമായി നൽകിയിരുന്നു.

സ്ഥാപനം വളരുന്നു, ഒപ്പം അംഗീകാരവും

രാമവർമ്മ മഹാരാജാവിന്റെ ഏകമകനായിരുന്ന റാവു സാഹിബ് എ.എൻ. മേനോൻ മാത്യുവിന്റെ ജീവകാരുണ്യപരമായ പ്രവർത്തനങ്ങളെ ആവോളം സഹായിച്ചു. സ്കൂളിലെ കുട്ടികൾക്ക് പഠനസഹായം നൽകാനും പുതിയ കെട്ടിടങ്ങൾ പണിയാനും അദ്ധ്യാപകർക്ക് കൂടുതൽ ശമ്പളം നൽകാനും സർക്കാരിൽനിന്നും ചിലപ്പോൾ സ്വന്തമായും മേനോൻ സഹായം നൽകിയിരുന്നു. കേരളത്തിലെ ഏക അന്ധ-ബധിര-മൂക വിദ്യാലയം തന്റെ ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത് എന്നതിൽ മേനോൻ ഏറെ അഭിമാനം കൊണ്ടിരുന്നു.

1945 ൽ വിലപിടിച്ച ഒരു പൂർണ്ണ 'ബൈബിൾ" അന്ധന്മാർക്ക് വായിക്കാൻ ബ്രെയിലി ലിപിയിലുള്ളത് സ്കൂളിലേക്ക് വാങ്ങിച്ചു. ബ്രെയിലി ലിപിയിലുള്ള ടൈപ്പ്റൈറ്റിങ് മെഷീനും വാങ്ങി അന്നത്തെ കാലത്ത് ഇത്തരത്തിലുള്ള കുട്ടികളെ സ്കൂളിൽ ഏൽപ്പിക്കാൻ രക്ഷാകർത്താക്കൾക്ക് ഏറെ പ്രയാസമായിരുന്നു. എന്നാൽ ക്രമേണ ഇവ മാറിവന്നു. സ്കൂൾ നന്നായി പ്രവർത്തിച്ചുതുടങ്ങിയപ്പോൾ പല വിശിഷ്ടാതിഥികളും സ്കൂൾ സന്ദർശിച്ചിരുന്നു. രാമവർമ്മ മഹാരാജാവിന്റെ നേത്യാരമ്മ കുറുപ്പത്ത് പാറുക്കുട്ടി അമ്മ മഹാരാജാവ് തിരുമനസ്സിന്റെ പാരിതോഷികം മാത്യുവിനെ ഏൽപ്പിച്ചു. ദിവാൻ ഡിക്സൻ, ദിവാൻ സർ ജോർജ്ജ് ബോഗ്, ഐ.എൻ. മേനോൻ എന്നിവർ സ്കൂൾ സന്ദർശിച്ച് മാത്യുവിനെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോന്നു.

1938 ൽ പരിശുദ്ധ കാതോലിക്ക ബാവ മാർ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ തിരുമേനി കുരിയാക്കോസ് റമ്പാനുമൊന്നിച്ച് സ്കൂൾ സന്ദർശിച്ച് കുട്ടികളുമൊന്നിച്ച് ഗ്രൂപ്പ് ഫോട്ടോ എടുത്തു. മദ്രാസ് സംസ്ഥാനത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഡോ. പി സുബ്ബരായൻ, പ്രൊഫസർ സിജെ. വർക്കി എന്നിവരും സ്കൂൾ സന്ദർശിച്ചിട്ടുണ്ട്. ഡോ. സുബ്ബരായന്റെ നിര്യാണശേഷം സിജെ. വർക്കി വിദ്യാഭ്യാസമന്ത്രിയായി അന്ന് ബ്രിട്ടീഷ് മലബാറിൽപെട്ട കോട്ടപ്പടിയിലെ പുരാതന കത്തോലിക്കാ കുടുംബാംഗമായിരുന്ന വർക്കിക്ക് അന്നത്തെ കാലത്ത് മാർപാപ്പയിൽ നിന്ന് ഷെവലിയാർ പദവി കിട്ടിയിരുന്നു. അദ്ദേഹവും ഈ സ്കൂളിന്റെ നടത്തിപ്പിന് ഏറെ സഹായിച്ചു. ഇ.എം.എസ്. മുഖ്യമന്ത്രിയെന്ന നിലയിൽ സ്കൂൾ സന്ദർശിച്ചിട്ടുണ്ട്. ഈ സ്കൂൾ കൂടുതൽ സൗകര്യാർത്ഥം എറണാകുളത്തേക്കും പിന്നീട് തൃശൂരിലേക്കും മാറ്റി സ്ഥാപിക്കപ്പെട്ടു. അസുഖം

പടിപ്പെട്ട് കടപ്പിലായ മാത്യുവിന്റെ മരണശേഷം ഭാര്യ മാത്തിരി സ്കൂൾ ഭരണം നടത്താൻ തുടങ്ങി ഭാരിച്ച ഭരണ നിർവ്വഹണം മാത്തിരിക്ക് പ്രയാസമുണ്ടാക്കിതുടങ്ങി ഇക്കാരണത്താൽ 1948 ൽ ഉപകരണങ്ങളും എല്ലാം അടക്കം സ്കൂൾ സർക്കാരിന് വിട്ടുകൊടുത്തു. കാരണം പിൻഗാമിയായ മകൻ ജോണിന് 12 വയസ്സേ ആയിട്ടുണ്ടായിരുന്നുള്ളൂ. ജോൺ 1955 ൽ മദ്രാസ് ഗിണ്ടി എൻജിനീയറിങ് കോളജിൽനിന്ന് ടെലികമ്യൂണിക്കേഷൻ എൻജിനീയറിങ്ങിൽ ബിഇ. പാസ്സായി, 1957 ൽ എൻജിനീയറിങ്ങിൽ മാസ്റ്റേഴ്സ് ബിരുദം നേടി, 1982 ൽ ലണ്ടനിൽ ഇലക്ട്രിക്കൽ എൻജിനീയറിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഫെല്ലോ ആയി കേരളത്തിനകത്തും ഇന്ത്യയ്ക്ക് പുറത്തും നിരവധി എൻജിനീയറിങ് സ്ഥാപനങ്ങളിൽ അദ്ധ്യാപകനായ ജോൺ കോതമംഗലം മാർ അത്തനേഷ്യസ് എൻജിനീയറിങ് കോളജ് പ്രിൻസിപ്പൽ, ബഹറിനിൽ ഉന്നത എൻജിനീയറിങ് കോളജ് സ്ഥാപനങ്ങളിൽ ഉയർന്ന ഭരണാധികാരി എന്നീ പ്രവർത്തനങ്ങൾക്കു ശേഷം ഇപ്പോൾ എറണാകുളം കലൂർ ദേശാഭിമാനി റോഡിലെ വീട്ടിൽ ഭാര്യ ലീലയോടൊപ്പം വിശ്രമജീവിതം നയിക്കുന്നു.

കുന്നംകുളം ബോയ്സ് ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന ചീരൻ സിടി മാത്യു, മാത്യുവിന്റെ ഉറ്റസുഹൃത്തായിരുന്നു. കുന്നംകുളം ബോയ്സ് ഹൈസ്കൂളിനോടനുബന്ധമായി ഈ സ്കൂൾ മാറ്റി പ്രവർത്തിക്കാൻ ഹെഡ്മാസ്റ്റർ സിടി മാത്യുവും നന്നായി പ്രവർത്തിച്ചു.

സർക്കാർ ഏറ്റെടുത്ത ശേഷം പതിമൂന്ന് വർഷം കുന്നംകുളം ബോയ്സ് ഹൈസ്കൂളിന്റെ ഭാഗമായിതന്നെ തുടർന്നു. 1961 ൽ സ്കൂൾ സ്വതന്ത്ര സ്ഥാപനമായി പ്രവർത്തനം തുടങ്ങി ആദ്യത്തെ ഹെഡ്മാസ്റ്ററായി, സ്ഥാപകൻ കെ.ടി മാത്യുവിന്റെ സഹോദരൻ കെ.ടി ജോർജ് നിയമിതനായി കഴിഞ്ഞ 50 ലധികം വർഷങ്ങൾക്കുള്ളിൽ അതിവേഗം പുരോഗമിച്ചു. പുതിയ കെട്ടിടങ്ങൾ പണിയിച്ചു. ഉപകരണങ്ങളും സാമഗ്രികളും വാങ്ങി സംസ്ഥാനത്തെ പ്രധാനസ്കൂളായിതുടരുകയാണ്.

1994 ൽ ബ്ലൈൻഡ് സ്കൂളും ബധിര-മൂക വിദ്യാലയവും വേർതിരിച്ച് പ്രവർത്തനം തുടങ്ങി ഇപ്പോൾ ബ്ലൈൻഡ് സ്കൂളിന്റെ ഹെഡ്മാസ്റ്റർ കെ.എം. അബ്ദുൾ ഹക്കീമാണ്. 1-ാം ക്ലാസ്സു മുതൽ 7-ാം ക്ലാസ്സു വരെ കുട്ടികളെ ഇവിടെ പഠിപ്പിക്കുന്നു. ഈ സ്കൂളിൽ പഠിച്ചാണ് ചിറ്റാട്ടുകര സ്വദേശിനി ജിമ്പി ജോസ് പാസ്സായതും പിന്നീട് കോഴിക്കോട് യൂണിവേഴ്സിറ്റി എം.എ. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയതും. ബധിര വിദ്യാലയത്തിന്റെ പ്രിൻസിപ്പൽ ആയി ഇ.കെ.സുജാത സേവനം ചെയ്യുന്നു. ഇവിടെ ഒന്നാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയും വിഎച്ച്.എസ്.സിയും പഠിപ്പിക്കുന്നു.

കേരളത്തിലെ ആദ്യത്തെ അന്ധ-ബധിര-മൂക വിദ്യാലയത്തിന്റെ സ്ഥാപകനായ കെ.ടി മാത്യു കുന്നംകുളത്തുനിന്ന് ആദ്യമായി എം.എൽ.സിയായി അക്കാലത്ത് കേരളം സംയോജിക്കപ്പെട്ടിട്ടില്ലായിരുന്നു. തുടർച്ചയായി നാലു തവണ കുന്നംകുളത്തുനിന്ന് എം.എൽ.സി ആയിരുന്ന മാത്യുവിന്റെ പേരിലുള്ള റെക്കോർഡ് ഇതുവരെയും തകർക്കപ്പെട്ടിട്ടില്ല. കൊച്ചി നിയമസഭയുടെ ഡപ്യൂട്ടി പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട മാത്യു ആദ്യത്തെ ക്രിസ്ത്യൻ ഡപ്യൂട്ടി പ്രസിഡന്റ് ആയിരുന്നു.

കുന്നംകുളം കോലാടി തറവാട്ടിൽ 1895 ൽ താവു - ഇളച്ചാർ ദമ്പതികളുടെ രണ്ടാമത്തെ മകനായി മാത്യു ജനിച്ചു. മാത്യുവിന്റെ മക്കൾ റോസി, ലീല, ജോൺ, ശാന്ത, റാണി എന്നിവരാണ്. സഹോദരങ്ങൾ ഇട്ടൂപ്പ്, ചെറുച്ചി, കുഞ്ഞാറം, ചുമ്മാർ, ജോർജ്ജ്, ജോബ് എന്നിവർ. 1946 മാർച്ച് 17 നു മാത്യു മരിച്ചപ്പോൾ തനിക്കുണ്ടായിരുന്ന ഭൗതിക സ്വത്തുക്കളേക്കാൾ വലിയൊരു സമ്പാദ്യമായി ഈ അന്ധ-ബധിര-മൂക വിദ്യാലയം നാടിന് വലിയൊരു മുതൽക്കൂട്ടായി സമർപ്പിച്ചത് വർഷം ഇത്ര കഴിഞ്ഞിട്ടും നാട്ടുകാരും സുഹൃത്തുക്കളും സർക്കാരും നന്ദിയോടെ സ്മരിക്കുന്നുണ്ട്. വർഷങ്ങൾക്കു മുമ്പ് തന്നെ ബിഎ.ബിഎൽ. ബിരുദധാരിയായ മാത്യു എത്ര ഉന്നതങ്ങളിലെത്തിയിട്ടും അദ്ദേഹത്തിൽ നിറഞ്ഞുനിന്ന സാധുക്കളോടുള്ള ദയാനുകമ്പയും സ്നേഹവും എക്കാലവും സ്മരിക്കപ്പെടും.

കെ.ടി മാത്യുവിനെക്കുറിച്ച് പ്രസിദ്ധ എഴുത്തുകാരനും ചരിത്രഗവേഷകനും സഭാ പണ്ഡിതനുമായ അഡ്വ. ഡോ. പിസി മാത്യു പുലിക്കോട്ടിൽ എഴുതിയ ഗ്രന്ഥത്തിൽ മാത്യുവിന്റെ ജീവിതത്തിൽ നിറഞ്ഞുനിന്നിരുന്ന വിനയവും സ്നേഹവും നേതൃത്വപാടവവും വിസ്തരിച്ച് എഴുതിയിട്ടുണ്ട്. ഈ പുസ്തകത്തെ അഭിനന്ദിച്ച് പരിശുദ്ധ പൗലൂസ് ദ്വിതീയൻ കാതോലിക്ക ബാവ എഴുതിയ ആശംസയും മറ്റൊരു സഭാ പണ്ഡിതനായ ഫാ. ജോസഫ് ചീരൻ എഴുതിയ അവതാരികയും പുസ്തകത്തിന്റെ മഹിമ വർദ്ധിപ്പിക്കുന്നു. GM

ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതാറുള്ള ലേഖകൻ കുന്നംകുളം ഭദ്രാസനത്തിലെ കാട്ടുകാമ്പാൽ മാർ ഇഗ്നാത്തിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

MATRIMONIAL

marry2love.com

Orthodox parents residing in Kunnamkulam invite proposals for son 33/175/M.Com ,ACS employed in Kochi with TRACO cable Co. from parents of fair looking girls.

E-mail : greevasjob@yahoo.com
Mob : 9895803846

Orthodox parents residing in Kochi invite proposals for daughter 24/166/B.Tech employed in Kochi from parents of professionally qualified boys.

E-mail : njohnjoy@gmail.com
Mob : 9446715960, 0484-2333468

Orthodox parents invite proposals for daughter 25/160/B.Arch presently employed at Kochi from parents of professionally qualified boys.

E-mail : lizalex123@gmail.com
Mob : 9447056626

Orthodox parents residing in Kochi invite proposal for daughter 24/169/LLB presently doing LLM from parents of God fearing and professionally qualified boys.

E-mail : sales@talcokerala.com
Mob : 9388640690

Orthodox parents invite proposals for daughter 27/167/M.S. working as Software Engineer, MNC Bangalore from parents of professionally qualified boys with clean habits.

E-mail : kpaulmathew@gmail.com
Mob : 8086498957

ഓർത്തഡോക്സ് വിവാഹ പരസ്യങ്ങൾ സൗജന്യമായി നൽകുന്നതിന്:
പിഐ. ബാബു (മാർക്കറ്റിങ് മാനേജർ)
Mob : 94461 35081, E-mail : pulikotilib@yahoo.com

GEORGIAN MIRROR
മലങ്കരയുടെ സത്യദർശനം

സത്യവിശ്വാസം, ചരിത്രം, പാരമ്പര്യം, പ്രയോഗിക ക്രിസ്തീയദർശനം എന്നിവ പുതിയ തലമുറക്ക് ലളിതഭാഷയിൽ പകർന്നു നൽകുന്ന മലങ്കര ഓർത്തഡോക്സ് സഭയിലെ ഉത്തമ പ്രസിദ്ധീകരണം!

വരിസംഖ്യ : 1 വർഷം (4 കോപ്പികൾ തപാലിൽ) ₹ 200/-
3 വർഷം - ₹ 500/-
വൈദികർക്ക്: 1 വർഷം ₹ 130/- (80 + 50 പോസ്റ്റേജ്)
3 വർഷം - ₹ 350/-

Account No.: 61730201000662
Union Bank of India, Palarivattom

നേരിട്ട് അക്കൗണ്ടിൽ പണമടയ്ക്കുന്നവർ സർക്കുലേഷൻ മാനേജരെ ഫോണിൽ ബന്ധപ്പെടുക:

For Subscription & Copies : Circulation Manager, Mob : 94478 19048
For Advertisements : Marketing Manager, Mob : 9446135081
St. George Orthodox Valiyapally,
Palarivattom, Kochi - 682 025.
Phone : 0484-2346096, e-mail: gmirror2009@yahoo.com

കുടുംബ കൂട്ടായ്മ വേണം

ജോർജിയൻ മിറർ ഒക്ടോബർ-ഡിസംബർ ലക്കത്തിൽ സഭയുടെ ഭാവി എന്തായിരിക്കണം, എങ്ങനെ ആയിരിക്കണം, അതിനു വേണ്ടി എന്തൊക്കെ ചെയ്യണം എന്നുള്ളതിനെയൊക്കെ പ്രതിപാദിച്ചു അലക്സ് കുര്യന്റെ ലേഖനം കണ്ടു. സഭാംഗങ്ങളിൽ ഓരോ തലത്തിലുള്ളവരെയും എങ്ങനെയൊക്കെ സംഘടിപ്പിക്കാം, ഉപയോഗപ്പെടുത്താം എന്നൊക്കെ സവിസ്തരം വിശദീകരിച്ചു കണ്ടു. എന്നാൽ സഭയും ഇടവകകളും കുറേശ്ശെയായിട്ടെങ്കിലും അഭിമുഖീകരിക്കുന്ന സഭാംഗങ്ങളുടെ 'കൊഴിഞ്ഞുപോക്ക്' ലേഖകന്റെ ശ്രദ്ധയിൽ പെടാഞ്ഞിട്ടോ അതിനെപ്പറ്റിഓർക്കാഞ്ഞിട്ടോ ഒന്നും പരാമർശിച്ചു കണ്ടില്ല.

കുലീനഓർത്തഡോക്സ് സഭാംഗങ്ങൾ കുടുംബത്തോടെ സഭ മാറുന്ന പ്രവണത പലയിടത്തും കണ്ടുവരുന്നു. ഇതെങ്ങനെ സംഭവിച്ചു എന്നന്വേഷിച്ചപ്പോഴാണ് സാഹചര്യം വ്യക്തമാകുന്നത്. വിടുതൽ സഭ, പെന്തക്കോസ്തുകാർ എന്നിവരുടെയൊക്കെ 'ആക്രമണ'മാണ് ഈ കൊഴിഞ്ഞുപോക്കിന് കാരണമെന്നാണ് മനസ്സിലാകുന്നത് – ആക്രമണം കായികമല്ല മാനസികമാണ്. പ്രത്യേകിച്ച് കിടപ്പു രോഗികളുള്ള, അതായത് ദീർഘകാലം രോഗാവസ്ഥയിൽ കഴിയുന്നവരുള്ള, വീടുകളിൽ സംഘം ചേർന്ന് അവർ കയറിചെന്ന് പാട്ടും പ്രാർത്ഥനയുമായി രോഗിക്കും വീട്ടുകാർക്കും സ്വല്പം ആശ്വാസം പകരുന്നു. മനോവിഷമത്തിലുള്ള ആർക്കും ആശ്വാസത്തിന്റെ വചനങ്ങൾ അൽപമെങ്കിലും ആശ്വാസകരമായിരിക്കും. തുടർന്ന് ഈ സംഘങ്ങൾ ഇടയ്ക്കിടെ അവിടെ സന്ദർശിച്ച് രോഗിയുടെയും വീട്ടുകാരുടെയും മനസ്സിനെ സ്വാധീനിച്ച് കീഴ്പ്പെടുത്തുന്നു. തുടർച്ചയായ അവരുടെ സന്ദർശനം സഭാ മാറ്റത്തിലേക്ക് വഴി തുറക്കുന്നു. കാരണം വീട്ടുകാരുടെയും രോഗിയുടെയും മനസ്സിനെ തണുപ്പിക്കാൻ, ആശ്വസിപ്പിക്കാൻ സ്വസഭയിൽനിന്ന് ആരും തിരിഞ്ഞുനോക്കുന്നില്ല. വല്ലപ്പോഴും യാദൃച്ഛികമായി ഇടവക വികാരി ഒന്ന് എത്തിനോക്കിയാലായി ഈ നിലപാടിന് മാറ്റം വരേണ്ടതാണ്.

ഇത് പരിഹരിക്കുന്നതിന് എന്തുചെയ്യണം?

ഇടവകയിൽ കുടുംബ കൂട്ടായ്മ സംഘടിപ്പിക്കണം. മുൻപ് പറഞ്ഞപോലെയുള്ള വീടുകളിൽ സംഘത്തിലെ നാലോ, അഞ്ചോ പേർ പറ്റുമെങ്കിൽ വികാരിയുമായി ചെന്ന് സാന്ത്വനചികിത്സ, പാട്ട്, പ്രാർത്ഥന മുതലായവയുമായി രോഗിയേയും കുടുംബത്തേയും ആശ്വസിപ്പിക്കാവുന്നതാണ്. രോഗാവസ്ഥ മൂലം ഏകാന്തതയിൽ കഴിയുന്ന രോഗിക്ക് തീർച്ചയായും അതൊരാശ്വാസമായിരിക്കും. ആ ആശ്വാസം കുടുംബാംഗങ്ങളിലേക്കും ക്രമേണ പകർത്തിയാൽ സഭേതരമായ സംഘടനകളുടെ സന്ദർശനത്തിന് അതൊരു തടയായിരിക്കും.

മരണവീടുകളിലും അതുപോലെ വിഷമാവസ്ഥയിലുള്ള വീടുകളിലും ആവശ്യാനുസരണം ഈ സംഘത്തിന് സന്ദർശിച്ച് ആശ്വാസവചനങ്ങൾ പങ്കിടാവുന്നതാണ്. കായികമായോ സാമ്പത്തികമായോ ഉള്ള ആശ്വാസമോ സഹായമോ സാധ്യമല്ലെങ്കിൽ തന്നെയും സാന്ത്വനചികിത്സ ഇതുമൂലം നടക്കും. ഇതര സഭകളിൽനിന്നുള്ള ആക്രമണത്തിനും സഭാംഗങ്ങളുടെ കൊഴിഞ്ഞുപോക്കിനും ഇതൊരു പ്രതിവിധിയാകും സംശയമില്ല.

മാർത്തോമ്മാ സഭയിലുള്ള സന്നദ്ധ സുവിശേഷസംഘം ഏറെക്കുറെ ഇതുപോലുള്ള സേവനമാണ് ചെയ്യുന്നതെന്നു മനസ്സിലാക്കുന്നു. അതുപോലെ കോഴിക്കോട് ബാസൽ മിഷൻ സഭയിൽ കുടുംബ കൂട്ടായ്മ പ്രവർത്തിക്കുന്നതായി എന്റെ ഒരു വല്യപ്പനിലൂടെ ഞാൻ അറിയാനിടയായിട്ടുണ്ട്.

ഇത്തരം പ്രവർത്തനങ്ങളിലൂടെ നമ്മുടെ സഭിലെ കൂട്ടായ്മ പ്രവർത്തനങ്ങൾ ഒന്നുകൂടി ഊട്ടിയുറപ്പിക്കാൻ നമുക്ക് ഒത്തൊരുമിച്ചു ശ്രമിച്ചു കൂടേ?

എം.എസ്. മാത്യു,
മുതുകുളം ഹൗസ്, കോട്ടപ്പടി, തൃശൂർ–680505

ഏറ്റവും നല്ല പ്രസിദ്ധീകരണം

മാസിക ക്രമമായി അയച്ചുതരുന്നതിന് നന്ദി മലങ്കരയിൽ ഇറങ്ങുന്ന ഏറ്റവും നല്ല മാസിക ഇതാണെന്ന് പറയുന്നതിൽ ഒരു സംശയവുമില്ല. പ്രവർത്തകരെ അഭിനന്ദിക്കുന്നു. പോയിന്റ് സൈസ് അൽപംകൂടി വലിപ്പപ്പെടുത്തിയാൽ പ്രായമുള്ളവർക്കും മറ്റും വായിക്കുന്നതിന് എളുപ്പമായിരിക്കും.

തോമസ് ജേക്കബ്ബ്
സീനിയർ അസിസ്റ്റന്റ് എഡിറ്റർ
'The Hindu', തിരുവനന്തപുരം

ആത്മീയ കോളനികൾ അവസാനിക്കും

ആത്മീയ കോളനിക്കാരും ദേശീയവാദികളും തമ്മിലുള്ള അന്തിമമായ പോരാട്ടമാണ് യഥാർത്ഥത്തിൽ ഇന്നു മലങ്കരയിൽ നടക്കുന്നത്. ഇതു വേണ്ടവിധം പൊതുസമൂഹത്തിൽ അവതരിപ്പിക്കാൻ സഭയ്ക്ക് നിർഭാഗ്യവശാൽ കഴിഞ്ഞിട്ടില്ല. ഇവിടെ ഒരു പ്രധാനചോദ്യം ഉയരുന്നത്, വിദേശ കോളനിക്കാർക്ക് എതിരായ പോരാട്ടത്തിൽ നമ്മുടെ പത്രമാധ്യമങ്ങൾ ആരുടെ പക്ഷത്താണ്?

രാഷ്ട്രീയ കോളനികൾ കഴിഞ്ഞ നൂറ്റാണ്ടിൽ ഔദ്യോഗികമായി അവസാനിച്ചു. എന്നാൽ ഇന്ന് വിദേശികൾ അവരുടെ ദുസ്വാധീനം തുടരുന്നത് ആത്മീയ കോളനികളിലൂടെയാണ്. രാഷ്ട്രീയ കോളനികളേക്കാൾ അനേകമടങ്ങ് അപകടകരമാണ് ആത്മീയ കോളനികൾ.

കോളനികൾക്കെതിരായ ദേശീയവാദികളുടെ പോരാട്ടം ഒരു രാജ്യത്തും പരാജയപ്പെട്ടിട്ടില്ല. മലങ്കരസഭയിലെ ഈ പോരാട്ടത്തിലും ദേശീയവാദികളും സമാധാനപ്രിയരുമായ തോമാ ശ്ലീഹായുടെ വിശ്വാസിസമൂഹം വിജയിക്കുകതന്നെ ചെയ്യും.

കെ.സി.ബി. മാത്യു
പത്തനംതിട്ട

പരുമല എം.ഒ.സി ബുക്ക്സ്റ്റാൾ

പരുമലയിലെ സഭയുടെ ബുക്ക് സ്റ്റാളിനെപ്പറ്റിയുള്ള പരാമർശം (അലക്സ് കുര്യൻ, ജോർജിയൻ മിറർ ഒക്ടോ–ഡിസം. 2012) ശ്രദ്ധിച്ചു. എല്ലാ അവധിക്കും കേരളത്തിൽ വരുമ്പോൾ പരുമല എം.ഒ.സി പുസ്തകശാല സന്ദർശിക്കാറുണ്ട്. അതിന്റെ അപര്യാപ്തത ശ്രദ്ധിച്ചിട്ടുണ്ട്. സഭയുടെ ഏറ്റവും പ്രധാനകേന്ദ്രമായ പരുമലയിൽ ഇങ്ങനെ ഒരു പുസ്തകശാല മതിയോ? അതും വിശ്വാസികൾ എത്താൻ പ്രയാസമായ ഒരു മൂലയിൽ ഒരു ടോയിലറ്റിനു സമീപം. പരുമല തിരുമേനി ഇന്നു ജീവിച്ചിരുന്നെങ്കിൽ പരുമലയിൽ ഏറ്റവും വിശാലമായ ഒരു പുസ്തകശാല ആളുകൾക്ക് ഏറ്റവും എളുപ്പത്തിൽ ചെല്ലാവുന്ന സ്ഥലത്തുതന്നെ സ്ഥാപിച്ചേനെ. സഭയുടെ പുസ്തകങ്ങൾ അച്ചടിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും ഒരു നല്ല പ്രസ്സും ഉണ്ടാകുമായിരുന്നു. എന്തുകൊണ്ടാണ് ഇത്തരം കാര്യങ്ങളിൽ സഭയ്ക്ക് താല്പര്യം ഇല്ലാതെ പോകുന്നത്? വേണ്ട മാർഗ്ഗനിർദ്ദേശം നേതൃത്വം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

സൂസൻ ജോർജ് ഫിലിപ്പ്
ചിക്കാഗോ

സഭാ നേതാക്കളുടെ നിലവാരം

ഒരുകാലത്ത് ജനാധിപത്യത്തിന് വെളിച്ചം പകർന്നിരുന്നത് ക്രിസ്തീയസഭയാണ്. മാറ്റത്തിന്റെ കാറ്റ് ജനാധിപത്യത്തിൽ അടിക്കുമ്പോൾ ക്രിസ്തീയസഭകൾ അവിടെനിന്നും പാഠങ്ങൾ ഉൾക്കൊള്ളുമോ? നമ്മുടെ പ്രതിനിധികൾ തങ്ങളുടെ നിലവാരം ഉയർത്താൻ പരിശ്രമിക്കുന്നുണ്ടോ?

എഡിറ്റർ, ജോർജിയൻ മിറർ

ജനപ്രതിനിധികൾക്കും 'കഴിവുപരിശോധന' അത്യാവശ്യ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യഭരണ രാഷ്ട്രമാണല്ലോ ഇന്ത്യ. ജനാധിപത്യത്തിന്റെ ആവശ്യകതയും അതിന്റെ പ്രായോഗികതയും ശരിയായി മനസ്സിലാക്കിയിട്ടുള്ളവർ തന്നെ അധികാര സ്ഥാനങ്ങളിൽ എത്തേണ്ടതുണ്ട്. അത് എം.എൽ.എ. ആയാലും എം.പിആയാലും മന്ത്രിയായാലും. ചില നേതാക്കന്മാരുടെ അഭിപ്രായപ്രകടനങ്ങൾ ശ്രദ്ധിച്ചാൽ ഇവിടെ 'ജനാധിപത്യ ഭരണമാണോ നടക്കുന്നത്' എന്നു തോന്നിപ്പോകും. എന്തും വിളിച്ചുപറയുന്ന ജനപ്രതിനിധികളെ തിരഞ്ഞെടുത്തുവിടുന്നത്, അവർ പ്രതിനിധീകരിക്കുന്ന മണ്ഡലങ്ങളിലെ ആവശ്യങ്ങൾ അവതരിപ്പിച്ച് അതു സാധ്യമാക്കാനാണ്. ജനാധിപത്യം എന്താണെന്നും എന്തിനു വേണ്ടിയാണെന്നും ശരിയായ ബോധ്യമുള്ളവർ തന്നെ നേതൃസ്ഥാനത്തു വരണം.

'നെറ്റ്'. 'സെറ്റ്', 'ടെറ്റ്' ഇവ നിർബന്ധമാക്കിയിട്ടുള്ള തസ്തികകൾ പോലെതന്നെ എം.എൽ.എ.മാർക്കും എം.പിമാർക്കും മന്ത്രിമാർക്കും 'കഴിവുപരിശോധന' (എലിജിബിലിറ്റി ടെസ്റ്റ്) നടത്തേണ്ടത് അത്യാവശ്യമാണ്. ഇത്തരം ടെസ്റ്റുകൾ പാസായിട്ടുള്ളവർ മാത്രം തിരഞ്ഞെടുപ്പു പത്രിക കൊടുക്കട്ടെ.

കോടതിവിധികളെ 'പുല്ലുപോലെ' കാണുന്ന രാഷ്ട്രീയക്കണ്ണ് ജനാധിപത്യത്തിൽ വേണ്ടേ വേണ്ട. തെറ്റു ചെയ്യുന്നവരെ തെറ്റിന്റെ സ്വഭാവമനുസരിച്ച് ശിക്ഷിക്കേണ്ടതു രാജ്യത്തിന്റെ നന്മയ്ക്ക് ആവശ്യമാണ്.

തോമസ് കിടങ്ങിൽ
കോന്നി

കത്തുകൾ, മലയാള മനോരമ 29–11–2012